കായംകുളം ഫീലിപ്പോസ് റമ്പാൻ

ജീവിതവും സംഭാവനയും

(Malayalam)

Kayamkulam Philipose Ramban:
Jeevithavum Sambavanayum
(Study)
Publisher
Dr. Zacharias Mar Aprem Metropolitan
Editor
Dr. M. Kurian Thomas
Editorial Board
Rev. Fr. Thomas Mathew, Rev. Fr. P. G. Kurian
Prof. D. K. John, Dr. Varghese Perayil, Prof. Jose V. Koshy
First Published: Sept. 25, 2012; Copies: 1500
Cover Design, Typesetting & Printing
Sophia Print House, Kottayam
Rs. 100/-

കായംകുളം ഫീലിപ്പോസ് റമ്പാൻ

ജീവിതവും സംഭാവനയും

എഡിറ്റർ

ഡോ. എം. കുര്യൻ തോമസ്

ശ്രേയസ്

അടൂർ–കടമ്പനാട് ഭദ്രാസനം

2012

ഡോ. എം കുര്യൻ തോമസ്

1964 ഡിസംബർ 25-ന് കോട്ടയം ജില്ലയിൽ അരീപ്പറമ്പ് മേലേടത്ത് എം. റ്റി. കുര്യൻ കത്തനാരുടേയും മറിയാമ്മയുടേയും പുത്രനായി ജനിച്ചു. ഫിസിക്സിൽ ബിരുദവും, ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തര ബിരുദവും, മാർക്കറ്റിംഗ് മാനേജ്മെന്റിൽ ബിരുദാനന്തര ഡിപ്ലോമായും.

മഹാത്മാഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് സോഷ്യൽ സയൻസിൽ 18-ാം നൂറ്റാണ്ടിലെ കേരള ക്രൈസ്തവരുടെ സ്വത്വബോധത്തെപ്പറ്റി ഡോ. എം. ആർ. രാഘവവാര്യരുടെ മേൽനോട്ടത്തിൽ നടത്തിയ ഗവേഷണത്തിന് 2008-ൽ ഡോക്ടറേറ്റ്.

1990 മുതൽ അഡ്വർടൈസിംഗ് ബിസിനസിൽ. നൂറിലധികം ടെലിവിഷൻ പരിപാടികൾ സംവിധാനം ചെയ്തു.

2000-ൽ മലയാള ഭാഷയിലെ ആദ്യ ചരിത്രഗ്രന്ഥമായ *നിരണം ഗ്രന്ഥവരി* എഡിറ്റു ചെയ്തു പ്രസിദ്ധീകരിച്ചു. പ. പരുമല തിരുമേനിയുടെ *ഊർശ്ലേം യാത്രാവിവരണം*, കാരുചിറ ഗീവർഗീസ് ശെമ്മാശന്റെ *കൊളംബ് യാത്ര*, പ. പരുമല തിരുമേനിയുടെ *എഴുത്തുകൾ*, പ. ബസേലിയോസ് ഗീവർഗീസ് പ്രഥമന്റെ *സഭാജീവിത നാൾവഴി* തുടങ്ങിയവയ്ക്ക് പഠനക്കുറിപ്പുകൾ തയാറാക്കി. നൂറ്റമ്പതോളം ചരിത്ര ലേഖനങ്ങളുടെ കർത്താവ്.

ഇതര കൃതികൾ: *നസ്രാണി പഠനങ്ങൾ* (2006), *മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീദ്* (2008), *കർമ്മശേഷിയുടെ കാതൽ* (2008), *പത്രോസ് പാത്രിയർക്കീസിന്റെ പരിഷ്ക്കാരങ്ങൾ* (2011), *The Indian Way of Christanity* (2012).

ഭാര്യ: ജയ. *മക്കൾ*: കുറിയാക്കോസ്, യാക്കോബ്

വിലാസം:
പി. ബി. നമ്പർ 64
കോട്ടയം - 686001
drmkurianthomas@gmail.com

അവതാരിക

വി. വേദപുസ്തകം മലയാള ഭാഷയിലേക്ക് വിവർത്തനം ചെയ്ത വന്ദ്യ ദിവ്യശ്രീ കായംകുളം ഫീലിപ്പോസ് റമ്പാന്റെ ചരമ ദ്വിശാത്ബ്ദി സ്മാരക ഗ്രന്ഥം പ്രസിദ്ധീകരിക്കുകയാണ്. മലയാള ഭാഷയ്ക്കും, കേരളത്തിലെ വിവിധ മതവിശ്വാസികൾക്കും പ്രത്യേകിച്ച് ക്രൈസ്തവർക്കും ലഭിച്ച അസുലഭ നിധിയാണ് റമ്പാൻ വിവർത്തനം ചെയ്ത വി. വേപുസ്തകം.

വി. വേദപുസ്തകത്തിലെ നാലു സുവിശേഷങ്ങൾ മാത്രമേ ഈ തർജ്ജിമയിൽ ഉൾപ്പെട്ടിട്ടുള്ളു എങ്കിലും വേദപുസ്തക പരിഭാഷ എന്ന സാർവലൗകിക ഉദ്യമത്തിൽ പങ്കാളിയായി, വി. വേദപുസ്തക മലയാള പരിഭാഷാ പദ്ധതിക്ക് നാന്ദി കുറിക്കുകയായിരുന്നു അദ്ദേഹം. പിന്നീട് വി. വേദപുസ്തകത്തിന്റെ പൂർണ്ണ രൂപത്തിലുള്ള വിവർത്തനങ്ങൾ മലയാളഭാഷയ്ക്ക് ലഭ്യമായിട്ടുണ്ട്. കായംകുളം ഫീലിപ്പോസ് റമ്പാന്റെ വിവർത്തനം, മദ്രണം ചെയ്യപ്പെട്ട പ്രഥമ മലയാള വിവർത്തനം എന്ന നിലയിൽ ശ്രദ്ധിക്കപ്പെട്ടിരിക്കുന്നു.

തർജ്ജിമകൾ ഏറെ ശ്രമകരങ്ങളാണ്; സ്വതന്ത്രമായ തനതു ചിന്തകളുടെ ആവിഷ്ക്കാരം തർജ്ജിമകളെ അപേക്ഷിച്ച് താരതമ്യേന എളുപ്പമാണ്. വിവർത്തനത്തിൽ, വിവർത്തകൻ, വിവർത്തനം ചെയ്യപ്പെടേണ്ട ഗ്രന്ഥത്തിന്റെ സാംസ്കാരികവും, ആദ്ധ്യാത്മികവുമായ ഭൂമികയെ വേണ്ടതുപോലെ സാംശീകരിക്കുകയും, മൊഴിമാറ്റം ചെയ്യപ്പെടേണ്ട ഭാഷാപശ്ചാത്തലത്തിലേക്ക് സന്നിവേശിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. കേവലം ആശയലോകം ഗ്രഹിക്കുക മാത്രമല്ല വിവർത്തനത്തിൽ നടക്കുന്നത് എന്നർത്ഥം.

ഇതൊരു ശ്രമകരമായ പദ്ധതിയാണ്. സ്ഥലകാല മതസാംസ്കാരിക അതിരുകളെ മറികടക്കുന്നവിധമുള്ള മാനസിക വ്യാപാരം സിദ്ധിച്ചവർക്കേ സാർവ്വത്രിക പ്രാധാന്യമുള്ളതും, അതിഭൗതിക അർത്ഥതലങ്ങളോടു കൂടിയതുമായ വിശ്വസാഹിത്യ- മതഗ്രന്ഥങ്ങളുടെ മൊഴിമാറ്റം നിർവ്വഹിക്കുവാൻ കഴിയൂ. ഇവിടെ വിവർത്തകൻ സർവ്വ പ്രപഞ്ചത്തിലും വ്യാപരിക്കുന്ന അഭൗമികമായ വിശുദ്ധ ബോധത്തിന്റെ ഭാഗമാകുകയാണ്. അത്യുദാത്തമായ ഒരാത്മിയാനുഭൂതികൂടിയാണിത്.

അതുകൊണ്ട് തർജ്ജിമകൾ കേവലം ഭാഷാന്തരങ്ങൾ അല്ല; ഒന്നിനോടൊന്ന് ഇണങ്ങുന്നവിധം രണ്ടു ഭാഷാപാരമ്പര്യങ്ങളിലെ അക്ഷരങ്ങൾ ചേർത്തുവയ്ക്കുന്ന പദ്ധതിയുമല്ല; മറിച്ച് സാർവ്വത്രികവും അനുസ്യൂതവും വിശുദ്ധവുമായ ഒരു ബോധത്തിലേക്കുള്ള പ്രവേശനമാണത്. കഠിനമായ തപസ്യയിലൂടെ അഗ്നിശുദ്ധി പ്രാപിച്ച തിളക്കമാർന്ന

പുണ്യസൂരികൾക്കേ ഈ സൗഭാഗ്യം കൈവരിക്കുവാൻ സാധിക്കൂ. കായംകുളം ഫീലിപ്പോസ് റമ്പാൻ അത്തരമൊരു പൂർവ്വസൂരിയാണ്. അദ്ദേഹത്തിന്റെ മഹത്തായ ഉദ്യമത്തിന്റെ വിവിധ അർത്ഥതലങ്ങൾ ചർച്ച ചെയ്യുകയാണ് ഈ ഗ്രന്ഥത്തിലെ ലേഖനങ്ങൾ.

ഭാഗ്യവാനായ ഫീലിപ്പോസ് റമ്പാനെക്കുറിച്ച് അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന അടൂർ - കടമ്പനാട് ഭദ്രാസനത്തിൽ നിന്ന് ഇപ്രകാരമൊരു പഠനഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ സാധിച്ചതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്.

സർവ്വലോകത്തിനും മംഗളം ഭവിക്കട്ടെ

ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ

അടൂർ
20-9-2012

വാങ്മുഖം

മലങ്കര നസ്രാണികൾക്കു മാത്രമല്ല, മലയാള ഭാഷയ്ക്കും അതുല്യമായ സംഭാവന നൽകിയ അപൂർവ വ്യക്തിത്വമായിരുന്നു കായംകുളം ഫീലിപ്പോസ് റമ്പാൻ. താൻ നടത്തിയ നാലു സുവിശേഷങ്ങളുടെ മലയാള പരിഭാഷ വിശുദ്ധ വേദത്തെ സ്വഭാഷയിൽ മലയാളികൾക്ക് പരിചയപ്പെടുത്തുക മാത്രമല്ല ചെയ്തത്. അത് മലയാള ഗദ്യത്തിൽ ഒരു പുതു സരണി വെട്ടിത്തുറക്കുകയും അച്ചടി എന്ന മാധ്യമത്തെ കേരളത്തിൽ ജനകീയമാക്കുന്നതിന് വഴിതുറക്കുകയും ചെയ്തു.

എന്നാൽ ഒരു പാശ്ചാത്യനോ പാശ്ചാത്യ അനുകൂലിയോ അല്ലാത്തതിനാൽ കായംകുളം ഫീലിപ്പോസ് റമ്പാനും അദ്ദേഹത്തിന്റെ യത്നവും ആദ്യകാലംമുതലേ തമസ്ക്കരിക്കപ്പെട്ടു. അപകടകരമായ പ്രാദേശിക വാദം വളർത്താൻ വികലചരിത്രം സൃഷ്ടിക്കുന്ന ചിലർ കഴിഞ്ഞ പതിറ്റാണ്ടിൽ ഈ തമസ്ക്കരണ പ്രക്രിയ പുനഃരാരംഭിച്ചു. ഒരു യാഥാർത്ഥ സന്യാസിയും അവധൂതനുമായ കായംകുളം ഫീലിപ്പോസ് റമ്പാന് ആ തമസ്ക്കരണവും അവഗണനയും വിഷയമാവില്ല. പക്ഷേ, അദ്ദേഹത്തിന്റെ യശ്ശസ് ഉയർത്തിപ്പിടിക്കാൻ ബാദ്ധ്യതയുള്ളവർ ഈ അവഗണന കണ്ടില്ലെന്നു നടിച്ച് നിശബ്ദത പാലിച്ചു. മറ്റു ചിലർ കായംകുളം ഫീലിപ്പോസ് റമ്പാന്റെ സംഭാവന പുതിയ അവകാശവാദികൾക്ക് വീതംവെച്ചു നൽകി പ്രശ്നം തീർക്കുക എന്ന വിചിത്രമായ നിർദ്ദേശത്തിന്റെ അപ്പോസ്തോലന്മാരായി. കായംകുളം ഫീലിപ്പോസ് റമ്പാൻ പരിഭാഷപ്പെടുത്തിയ മലയാള ഭാഷയിലെ പ്രഥമ മുദ്രിത ബൈബിളിന്റെയും അദ്ദേഹത്തിന്റെ ദേഹവിയോഗത്തിന്റേയും ദ്വിശതാബ്ദി വർഷത്തിലെ സ്ഥിതിയാണിത്.

കായംകുളം ഫീലിപ്പോസ് റമ്പാന്റെ ദേഹവിയോഗ ദ്വിശതാബ്ദിയോടനുബന്ധിച്ച് ഒരു സ്മാരകഗ്രന്ഥം പ്രസിദ്ധീകരിക്കണമെന്ന് നി.വ.ദി.ശ്രീ. ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ ആവശ്യപ്പെട്ടപ്പോൾ അതിന്റെ പ്രായോഗികതയെപ്പറ്റി കടുത്ത സന്ദേഹമുണ്ടായിരുന്നു. കാരണം, മലങ്കരയിൽ പിതാക്കന്മാരെപ്പറ്റിയുള്ള പഠനശാഖയുടെ കുലപതിയായ ഡോ. സാമുവൽ ചന്ദനപ്പള്ളി ഒരു ലഘുകൃതിയിൽ മാത്രം ഒതുക്കാൻ നിർബന്ധിതനായ കായംകുളം ഫീലിപ്പോസ് റമ്പാനെപ്പറ്റി ഒരു പഠനഗ്രന്ഥം യാഥാർത്ഥ്യമാകുമോ എന്ന സംശയം ആർക്കുമുണ്ടാകാം.

കായംകുളം ഫീലിപ്പോസ് റമ്പാനെക്കുറിച്ച് ഒരു പഠനഗ്രന്ഥം പ്രസിദ്ധീകരിക്കണമെന്ന് പ്രൊഫ. ഡി. കെ. ജോൺ നിരന്തരമായി

നിർബന്ധിച്ചതോടെ ഈ പദ്ധതിക്കു ജീവൻ വെച്ചു. ഒരു നിയോഗം പോലെ കായംകുളം ഫീലിപ്പോസ് റമ്പാനെപ്പറ്റിയുള്ള വായിമൊഴിവഴക്കങ്ങൾ അദ്ദേഹം ശേഖരിച്ചുതന്നതോടെ സ്മാരകഗ്രന്ഥം യാഥാർഥ്യമാകുമെന്ന അവസ്ഥ സംജാതമായി. ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ സഹായഹസ്തവുമായി എത്തുകയും പല അനുബന്ധ രേഖകളും ശേഖരിക്കുകയും ചെയ്തതോടെ പ്രവർത്തനം ത്വരിതഗതിയിലായി. പ്രമുഖ ഗവേഷകർ പഠനങ്ങൾ പരിമിതമായ സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചുതന്നു എന്നതും സ്മരണീയമാണ്.

അമൂല്യമായ കോനാട്ടു ഗ്രന്ഥശേഖരത്തിൽ നിന്നും കായംകുളം ഫീലിപ്പോസ് റമ്പാന്റെ അപ്രകാശിത സുറിയാനി കവിതകൾ കണ്ടെടുത്തുതന്ന ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, അതു മലയാളത്തിലേയ്ക്കു മൊഴിമാറ്റം നടത്തിയ ഫാ. സഖറിയാ നൈനാൻ ചിറത്തലാട്ട് (സഖേർ), ഫാ. മാത്യു വർഗീസ് അടൂർ എന്നിവർ, 1811-ലെ മുദ്രിത സുവിശേഷങ്ങളുടെ ഡിജിറ്റൽ കോപ്പി ലഭ്യമാക്കിയ ജേക്കബ് വർഗീസ് മന്നാകുഴിയിൽ, അനുബന്ധ രേഖകളിൽ പലതും കണ്ടെടുത്ത വർഗീസ് ജോൺ തോട്ടപ്പുഴ, ഡോ. സിബി തരകൻ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു. കായംകുളം മണങ്ങനഴികത്ത് റോയിയുടെയും കുടുംബത്തിന്റെയും സഹായവും പ്രത്യേകം സ്മരണീയമാണ്.

ഇതിന്റെ കമ്പോസിംഗ്, പ്രൂഫ് റീഡിംഗ്, പ്രസിദ്ധീകരണം ഇവയുടെ ചുമതല ഏറ്റെടുത്ത് നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ച സോഫിയാ പ്രിന്റ് ഹൗസിന്റെ ഭാരവാഹിയും യുവ ഗവേഷകനുമായ ജോയ്സ് തോട്ടയ്ക്കാടിന്റെ സേവനം അതുല്യമാണ്.

രണ്ടു ശതാബ്ദക്കാലത്തെ തമസ്ക്കരണത്തിനു ശേഷം സമ്പാദിക്കുന്ന വായ്മൊഴി വഴക്കങ്ങൾക്കുണ്ടാകാവുന്ന പൊരുത്തക്കേടുകൾ ഈ കൃതിയിലെ ശേഖരത്തിനുമുണ്ട്. എന്നാൽ പ്രാദേശിക സംസ്കൃതിയിൽ പാടിപ്പതിഞ്ഞ അവയെ അടിസ്ഥാനരഹിതം എന്നു തള്ളിക്കളയാനാവില്ല. ഒരു ജനതയുടെ വിശ്വാസം എന്ന നിലയിൽ അതിലെ നെല്ലും പതിരും വേർതിരിക്കേണ്ട കാര്യവുമില്ല. പ്രത്യേകിച്ചും ചരിത്രപരമായും രേഖാധിഷ്ഠിതവുമായി തെളിയിക്കപ്പെട്ട കായംകുളം ഫീലിപ്പോസ് റമ്പാന്റെ സംഭാവനകളെ ഇവ ഒരു തരത്തിലും ബാധിക്കാത്ത സാഹചര്യത്തിൽ.

കായംകുളം ഫീലിപ്പോസ് റമ്പാനെപ്പറ്റിയുള്ള ഒരു സമ്പൂർണ്ണ പഠന കൃതിയല്ല ഇത്. 1811-ലെ മലയാള സുവിശേഷം, അതിന്റെ ലിപിമാറ്റം, സുറിയാനി-മലയാള വ്യാകരണ നിയമമനുസരിച്ചുള്ള പഠനങ്ങൾ, വിവിധ ബൈബിൾ പരിഭാഷകളുമായുള്ള താരതമ്യപഠനം, മലയാള ഗദ്യത്തിന്റെ വികാസപരിണാമങ്ങളിൽ 1811-ലെ ബൈബിൾ പരിഭാഷയുടെ സ്ഥാനം

മുതലായവ ഉൾപ്പെടുത്തിയ ഗഹനമായ ഒരു ഗവേഷണ ഗ്രന്ഥം ഉടനെ പ്രസിദ്ധീകരിക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ കായംകുളം ഫീലിപ്പോസ് റമ്പാനോടുള്ള കടപ്പാട് ഒരു പരിധി വരെയെങ്കിലും പൂർത്തീകരിക്കാനാവൂ.

കായംകുളം ഫീലിപ്പോസ് റമ്പാൻ: ജീവിതവും സംഭാവനയും എന്ന ഈ ചെറുഗ്രന്ഥം ആ മഹത് വ്യക്തിത്വത്തിലേയ്ക്കു വെളിച്ചം വീശുന്ന ചെറുകൈത്തിരി ആകുമെങ്കിൽ ഞങ്ങൾ കൃതാർത്ഥരായി.

ഡോ. എം. കുര്യൻ തോമസ്

ഉള്ളടക്കം

അവതാരിക: ഡോ. സഖറിയാസ് മാർ അപ്രേം 5

വാങ്മുഖം: ഡോ. എം കുര്യൻ തോമസ് 7

ഭാഗം ഒന്ന്: വ്യക്തിയും കാലവും

പുനർനിർണ്ണയത്തിന്റെ മുന്നോടി
ഡോ. എം കുര്യൻ തോമസ് 14

കായംകുളം ഫീലിപ്പോസ് റമ്പാൻ ചരിത്രത്താളുകളിൽ
വർഗീസ് ജോൺ തോട്ടപ്പുഴ 35

കായംകുളം ഫീലിപ്പോസ് റമ്പാന്റെ സുറിയാനി മെമ്രാകൾ
ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് 49

കായംകുളം ഫീലിപ്പോസ് റമ്പാൻ: കാലവും ജീവിതവും
ഫാ. മാത്യു വർഗ്ഗീസ് അടൂർ 52

ഭാഗം രണ്ട്: വിവർത്തന പാഠങ്ങൾ

1811-ലെ ഏവൻഗേലിയോൻ പരിഭാഷ
ഡോ. സിബി തരകൻ 58

മലയാള ഭാഷയിൽ അച്ചടിച്ച ഒന്നാമത്തെ വേദപുസ്തകം
മൂക്കഞ്ചേരിൽ പത്രോസ് റമ്പാൻ 69

കായംകുളം ഫിലിപ്പോസ് റമ്പാനും ബൈബിൾ പരിഭാഷയും
വി. കെ. തമ്പി അടൂർ 72

പരിഭാഷകൻ ഫീലിപ്പോസ് റമ്പാൻ തന്നെ
ഡോ. എം കുര്യൻ തോമസ് 76

പ്രഥമ മുദ്രിത മലയാള ബൈബിൾ വിവർത്തകൻ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ 80

ഭാഗം മൂന്ന്: വിവർത്തന വിശകലനം

രചനയുടെ രഹസ്യതന്ത്രികൾ
ഡോ. സാമുവൽ ചന്ദനപ്പള്ളി 97

മലയാള വിവർത്തനശാഖയിലെ മുന്നോടി
ഫാ. ഡോ. കെ. എം. ജോർജ് 101

മിഷണറി ഗദ്യത്തിൽനിന്നും വിഭിന്നമായ ഭാഷാശൈലി
പ്രീത് ചന്ദനപ്പള്ളി 104

പ്രാചീന മലയാള ഗദ്യവും മലങ്കര നസ്രാണികളും
ഡോ. ജേക്കബ് മണ്ണുംമൂട് 107

വേദപുസ്തക മൊഴിമാറ്റവും പൊരുളിന്റെ പാഠഭേദങ്ങളും
ലെജു പി. തോമസ് 112

ഭാഗം നാല്: വ്യക്തിപ്രഭാവം

കണ്ണംകോട് പള്ളിയും കായംകുളം ഫീലിപ്പോസ് റമ്പാനും
പ്രൊഫ. ഡി. കെ. ജോൺ 118
കായംകുളം ഫീലിപ്പോസ് റമ്പാൻ: പ്രഥമ ബൈബിൾ വിവർത്തകൻ
പ്രൊഫ. ജോസ് വി. കോശി 124
കായംകുളം ഫീലിപ്പോസ് റമ്പാനും ബൈബിൾ വിവർത്തനവും
ഫാ. പി. ജി. കുര്യൻ 132
കായംകുളം ഫീലിപ്പോസ് റമ്പാനെ ആകർഷിച്ച കണ്ണകോട്ടുപള്ളി
കെ. ജെ. ജോൺ കാഞ്ഞിരക്കാട്ട് 135

ഭാഗം അഞ്ച്: അനുബന്ധം

സഹയാത്രികനു സ്നേഹപൂർവ്വം
പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ 140
ഫീലിപ്പോസ് റമ്പാന്റെ ഒരു കത്ത് 143
വി. ത്രിത്വം: ഫീലിപ്പോസ് റമ്പാൻ എഴുതിയ മെമ്രാ 146
വി. ത്രിത്വം: ഫീലിപ്പോസ് റമ്പാൻ എഴുതിയ മെമ്രാ 147



ഫീലിപ്പോസ് റമ്പാൻ വിവർത്തനം ചെയ്ത് 1811–ൽ അച്ചടിച്ച മലയാളം ഏവൻഗേലിയോന്റെ ഒരു പുറം.



ഭാഗം ഒന്ന്

വ്യക്തിയും കാലവും

കായംകുളം ഫീലിപ്പോസ് റമ്പാൻ: പുനർനിർണ്ണയത്തിന്റെ മുന്നോടി

ഡോ. എം കുര്യൻ തോമസ്

ആമുഖം

മലങ്കര നസ്രാണികളുടെ ചരിത്രത്തിൽ, ഇന്ത്യയിലെ ആദ്യത്തെ ദേശീയ സ്വാതന്ത്ര്യസമരമായ കൂനൻകുരിശു സത്യം നടന്ന പതിനേഴാം നൂറ്റാണ്ടിനു സമം കലുഷിതമായ കാലഘട്ടമാണ് അവരുടെ പുനർ നിർണ്ണയ പ്രക്രിയ നടന്ന പത്തൊമ്പതാം നൂറ്റാണ്ട്. പക്ഷേ, നസ്രാണി ചരിത്രത്തിൽ പതിനേഴാം നൂറ്റാണ്ടിനെ അപേക്ഷിച്ച് പത്തൊമ്പതാം നൂറ്റാണ്ടിന് ഒരു പ്രത്യേകത ഉണ്ട്. ഏതൊരു സമൂഹത്തിലും അതിന്റെ പുനർ നിർണ്ണയ പ്രക്രിയയുടെ ഭാഗമായി സ്വാഭാവികമായി സംഭവിക്കുന്ന ആഭ്യന്തര നവീകരണ പ്രക്രിയയെ തങ്ങളുടെ മാനദണ്ഡങ്ങൾക്കനുസരിച്ചു ക്രമീകരിക്കുന്ന ബാഹ്യനവീകരണമാക്കാൻ അപ്പോഴേക്കും ഇന്ത്യയിൽ രാഷ്ട്രീയ അധിനിവേശം ഉറപ്പിച്ച ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ആംഗ്ലിക്കൻ പ്രൊട്ടസ്റ്റന്റിസവും, ഒരിക്കൽ *സഹായത്തിന്റെ ദൗത്യ*വുമായെത്തി പിന്നീട് ഭരണാധികാരം അവകാശപ്പെട്ട പാശ്ചാത്യ സുറിയാനി സഭയും നടത്തിയ ശ്രമങ്ങളാണ് അത്. പരസ്പരവിരുദ്ധമായ ഈ ബാഹ്യ ഇടപെടലുകൾ നസ്രാണി സ്വത്വനിർണയത്തിൽ ഉളവാക്കിയ പ്രതികരണം നിരവധിയാണെന്ന് ഇന്നും അവസാനിക്കാത്ത പ്രശ്നങ്ങൾ തന്നെ തെളിവാണ്.

പ്രൊട്ടസ്റ്റന്റുകൾ *നവീകരണ*മെന്നും പാശ്ചാത്യ സുറിയാനിക്കാർ *മൗലികത*യെന്നും വിശേഷിപ്പിക്കുന്ന പത്തൊമ്പതാം നൂറ്റാണ്ടിലെ അനിവാര്യമായ പുനർനിർണ്ണയ പ്രക്രിയയ്ക്ക് പല കാരണങ്ങളുണ്ട്. പതിനെട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലെ രാഷ്ട്രീയ-സാമ്പത്തിക-മത പരിണാമങ്ങളാണ് ഒരു പുനർനിർണ്ണയം നസ്രാണികൾക്ക് അനിവാര്യമാക്കിയത്. പത്തൊമ്പതാം നൂറ്റാണ്ടു മുഴുവൻ നീണ്ട ഈ പുനർനിർണ്ണയ പ്രക്രിയയ്ക്ക് തുടക്കം കുറിച്ചത് വലിയ മാർ ദീവന്നാസ്യോസ് എന്ന ആറാം മാർത്തോമ്മാ, കായംകുളം ഫീലിപ്പോസ് റമ്പാൻ, പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ എന്നിവരാണ്.

പൊതുവേയുള്ള ധാരണ റവ. ക്ലോഡിയസ് ബുക്കാനൻ *മലയാളം വേദപുസ്തകം* എന്ന ആശയം മുമ്പോട്ടുവെച്ചു. ഉടനെതന്നെ കായംകുളം ഫീലിപ്പോസ് റമ്പാൻ നാലു സുവിശേഷങ്ങൾ പരിഭാഷപ്പെടുത്തി, കേണൽ മൺട്രോയുടെ സഹായ വാഗ്ദാനം ലഭിച്ച ഉടൻ ഇട്ടൂപ്പ് റമ്പാൻ

കോട്ടയം സെമിനാരി സ്ഥാപിച്ചു എന്നൊക്കെയാണ്. തികച്ചും വസ്തുതാവിരുദ്ധമായ ഒരു കാഴ്ച്ചപ്പാടാണിത്. ഇവയൊക്കെയും നസ്രാണികളുടെ പുനർനിർണ്ണയ പ്രക്രിയയുടെ ഭാഗവും സഭയുടെ തീരുമാനവുമായിരുന്നു. കായംകുളം ഫീലിപ്പോസ് റമ്പാൻ സുവിശേഷങ്ങൾ മലയാളത്തിലേയ്ക്കു പരിഭാഷപ്പെടുത്തി, പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ പഴയസെമിനാരി സ്ഥാപിച്ചു എന്നൊക്കെ പറയുന്നത് അവരുടെ വിശാലമായ സംഭാവനയെ ലഘൂകരിക്കുന്ന നടപടിയാണ്. യഥാർത്ഥത്തിൽ നസ്രാണികളുടെ നവീകരണ-പുനർനിർണ്ണയ പ്രക്രിയയ്ക്ക് ഉറച്ച അടിസ്ഥാനമിട്ട മഹാരഥന്മാരാണ് ഇരുവരും.

പശ്ചാത്തലം

പോർട്ടുഗീസുകാരുടെ വരവിനു മുമ്പ് നൂറ്റാണ്ടുകളിലൂടെ രൂപഭദ്രമായ ഒരു ജീവിത സംവിധാനമായിരുന്നു നസ്രാണികൾക്കുണ്ടായിരുന്നത്. വിശ്വാസവും, ആചാരവും കർമ്മങ്ങളും മാത്രമല്ല, ജീവിതശൈലിയും ഈ സംവിധാനത്തിന്റെ ഭാഗമായിരുന്നു. *മാർത്തോമ്മായുടെ മാർഗ്ഗം* എന്നാണ് നസ്രാണികൾ ഇതിനെ പേരിട്ടു വിളിച്ചത്. ഒന്നര നൂറ്റാണ്ടു കാലത്തെ റോമൻ കത്തോലിക്കാ സഹവാസവും വിശിഷ്യാ 1599-ലെ കുപ്രസിദ്ധമായ ഉദയംപേരൂർ സുന്നഹദോസും ഈ സംവിധാനത്തിൽ റോമൻ കലർപ്പുകൾ കൂട്ടിച്ചേർത്തു വികലമാക്കി.

1653-ലെ കൂനൻകുരിശുസത്യം റോമൻ കത്തോലിക്കാ നുകം എറിഞ്ഞുകളഞ്ഞെങ്കിലും അതിനപ്പുറമുള്ള മാറ്റങ്ങളൊന്നും നിലവിലിരുന്ന *മാർത്തോമ്മായുടെ മാർഗ്ഗ*ത്തിൽ സംഭവിച്ചില്ല. 1663-ൽ പറമ്പിൽ ചാണ്ടിയുടെ ചതി മൂലം നസ്രാണികളിലൊരുവിഭാഗം റോമൻ കത്തോലിക്കാ സഭയിൽ എത്തിപ്പെട്ടു. അടുത്ത ഒരു നൂറ്റാണ്ടിലധികം ഇരു വിഭാഗവും തമ്മിലുള്ള അന്തരം തുലോം പരിമിതമായിരുന്നു. ഒരു ഐക്യം ഇക്കാലത്തൊക്കെയും ഇരുവിഭാഗവും സ്വപ്നം കണ്ടിരുന്നു. ദേശീയ നേതൃത്വം ഉപേക്ഷിക്കാൻ നസ്രാണികളും അധികാരം വിട്ടുകൊടുക്കാൻ റോമും വിസമ്മതിച്ചതിനാലാണ് ഐക്യസ്വപ്നം യാഥാർത്ഥ്യമാകാതിരുന്നത്.

പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ തച്ചിൽ മാത്തുത്തരകനെ മുൻനിർത്തി റോമൻ കത്തോലിക്കാസഭ, വലിയ മാർ ദീവന്നാസ്യോസിനേയും അതുവഴി നസ്രാണികളേയും അടിമപ്പെടുത്താൻ നടത്തിയ ശ്രമം ഐക്യത്തിന്റെ വാതിൽ എന്നെന്നേക്കുമായി കൊട്ടിയടച്ചു. ഐക്യം എന്ന സ്വപ്നം പൊലിഞ്ഞതോടെ റോമൻ കത്തോലിക്കാസഭയിൽ ചേർന്ന നസ്രാണികളുമായി ആചാരഐക്യം തുടരേണ്ടത് അനാവശ്യമായി.

രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക പശ്ചാത്തലം

പതിനെട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ പ്രചണ്ഡമായ

രാഷ്ട്രീയ പരിവർത്തനങ്ങളാണ് കേരളത്തിൽ സംഭവിച്ചത്. അവയിൽ ഭൂരിഭാഗവും നസ്രാണികളെ പ്രതികൂലമായി ബാധിച്ചു. നസ്രാണികൾക്ക് നിർണായക സ്വാധീനമുണ്ടായിരുന്ന ചെറു നാട്ടുരാജ്യങ്ങളിൽ കൊച്ചി ഒഴികെയുള്ളവയെ കൂട്ടിച്ചേർത്ത് തിരുവിതാംകൂർ രൂപീകൃതമായി. തങ്ങൾക്ക് അന്യമായ തിരുവനന്തപുരം ഭരണസിരാകേന്ദ്രമായതോടെ നസ്രാണികളുടെ രാഷ്ട്രീയ സ്വാധീനം അസ്തമിച്ചു. തിരുവിതാംകൂർ മഹാരാജാക്കന്മാർ നസ്രാണികളോട് അനുകൂല മനോഭാവം പുലർത്തിയിരുന്നെങ്കിലും തിരുവനന്തപുരം കേന്ദ്രമായ പുതിയ ഭരണവ്യവസ്ഥയിലെ കടുത്ത അഴിമതിയും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവും നസ്രാണികളെ സാരമായി ബാധിച്ചു.

ഡച്ചുകാരെ കീഴടക്കി ബ്രിട്ടീഷ് സാമ്രാജ്യം കേരളതീരത്തു നിലയുറപ്പിച്ചത് അത്തരത്തിൽ നസ്രാണികളെ ബാധിച്ചില്ല. പക്ഷേ, തുടർന്നു വന്ന വേലുത്തമ്പി കലാപത്തിൽ ബ്രിട്ടീഷുകാർക്കെതിരെ ഉയർത്താൻ ശ്രമിച്ച വിരോധം, കേരളത്തിലെ ഒരു വിഭാഗത്തെ *ക്രിസ്ത്യാനികൾ* എന്ന നിലയിൽ നസ്രാണികൾക്കെതിരെ തിരിച്ചു. ഇതേ കാലത്തെ മൈസൂർ ആക്രമണങ്ങൾ നസ്രാണികളെ, പ്രത്യേകിച്ചും വടക്കൻ പ്രദേശങ്ങളിലെ നസ്രാണികളെ, തികച്ചും പ്രതികൂലമായി ബാധിച്ചു. ആ രാഷ്ട്രീയ സംഭവവികാസങ്ങളും അവയിൽനിന്നും ഉൽഭവിച്ച സാമൂഹിക-സാമ്പത്തിക പരിണാമങ്ങളും നസ്രാണികളിൽ ഒരു പുനർനിർണ്ണയം അനിവാര്യമാക്കി.

പാശ്ചാത്യ സുറിയാനി സ്വാധീനം

1665-ൽ യേറുശലേമിലെ സുറിയാനി പാത്രിയർക്കീസ് മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീദ് കേരളത്തിലെത്തുകയും മാർത്തോമ്മാ ഒന്നാമന്റെ മേല്പട്ടസ്ഥാനം ക്രമപ്പെടുത്തുകയും ചെയ്തതോടെ നസ്രാണികളുടെ അന്ത്യോഖ്യാബന്ധം ആരംഭിച്ചു. പക്ഷേ, അദ്ദേഹത്തിനു അന്നു നിലവിലിരുന്ന വ്യവസ്ഥിതിയിൽ ഒരു മാറ്റവും ഉണ്ടാക്കാൻ സാധിച്ചില്ല. തുടർന്ന് 1685-ൽ പ. യൽദോ ബസേലിയോസ് മഫ്രിയാനായോടൊപ്പം കേരളത്തിലെത്തിയ മാർ ഈവാനിയോസ് ഹദിയള്ള 1686-ൽ ചെങ്ങന്നൂരിൽ ഒരു *മലങ്കര പള്ളിയോഗം* വിളിച്ചുകൂട്ടി. അവിടെവെച്ച് അലക്സാൻഡ്രിയൻ വേദശാസ്ത്രം നസ്രാണികൾ അംഗീകരിച്ച് സത്യവിശ്വാസം പുനഃസ്ഥാപിച്ചു. പക്ഷേ, ആചാരങ്ങളും ആരാധനയും - പുളിപ്പുള്ള അപ്പത്തിന്റെ പുനഃസ്ഥാപനമൊഴികെ - മാറ്റമില്ലാതെ തുടർന്നു.

പതിനേഴാം നൂറ്റാണ്ടിൽ *സഹായത്തിന്റെ ദൗത്യ*വുമായെത്തിയ പാശ്ചാത്യ സുറിയാനിക്കാർ അടുത്ത നൂറ്റാണ്ടിൽ അധിനിവേശ ശക്തിയായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. ഭരണം പിടിക്കാനും, *എടത്തിലെ മര്യാദ* മാറ്റിമറിക്കാനുമുള്ള ശ്രമവുമായി ആദ്യമെത്തിയത് പതിനെട്ടാം

നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ *വിഗ്രഹഭംഞ്ജകനെന്നു* വിശേഷിപ്പിക്കപ്പെട്ട മാർ ഈവാനിയോസ് അരക്ചാഞ്ചിയാണ്. അദ്ദേഹം നാടുകടത്തപ്പെട്ടതിനെ ത്തുടർന്ന് ഇതേ ലക്ഷ്യവുമായി മാർ ബസേലിയോസ് ശക്രള്ള യുടെ നേതൃത്വത്തിൽ മഫ്രിയാനായും, മെത്രാപ്പോലീത്തായും, എപ്പിസ്ക്കോപ്പായുമടങ്ങുന്ന വൻ വൈദികസംഘം കേരളത്തിലെത്തി.

മാർ ഈവാനിയോസ് ഹദിയള്ള ഇട്ട പാശ്ചാത്യ സുറിയാനി സഭാവിജ്ഞാനീയ അടിസ്ഥാനത്തിൽ അന്നു നിലവിലിരുന്ന ലെത്തിനീകരിക്കപ്പെട്ട പൗരസ്ത്യ സുറിയാനി ആരാധനക്രമങ്ങൾ തുടരുന്നത് വളരെയധികം ആശയക്കുഴപ്പങ്ങൾ ഉണ്ടാക്കി. അദ്ദേഹത്തിന്റെ ശിഷ്യന്മാരിലൂടെ പാശ്ചാത്യ സുറിയാനിക്രമങ്ങളും ഉപയോഗത്തിലായിത്തുടങ്ങിയിരുന്നു. ഏകീകൃതമായ വൈദിക വിദ്യാഭ്യാസത്തിന്റെ അഭാവത്തിൽ വിവിധ മല്പാൻ ഭവനങ്ങളിൽ വിവിധ രീതിയിലുള്ള ആരാധനാ സംവിധാനങ്ങളാണ് പഠിപ്പിച്ചു വന്നത്. *വിഗ്രഹഭംഞ്ജകനായ* മാർ ഈവാനിയോസ് അരക്ചാഞ്ചിയുടേയും, മാർ ബസേലിയോസ് ശക്രള്ള പ്രഭൃതികളുടേയും പ്രവർത്തനങ്ങൾ മൂലം പാശ്ചാത്യ സുറിയാനി ക്രമങ്ങളുടെ സ്വാധീനവും പ്രചാരവും വർദ്ധിച്ചുകൊണ്ടിരുന്നു. പാശ്ചാത്യ സുറിയാനിക്രമങ്ങളുടെ പ്രചരണത്തോടൊപ്പം തങ്ങളുടെ അധികാരം ഉറപ്പിക്കാനുള്ള ശ്രമവും മാർ ബസേലിയോസ് ശക്രള്ള പ്രഭൃതികൾ നടത്തിവന്നിരുന്നു. ആരാധനക്രമങ്ങളിലെ ഈ വൈരുദ്ധ്യം സമൂഹത്തിന്റെ കെട്ടുറപ്പിനെ ബാധിക്കുന്നു എന്നു മനസിലാക്കിയ മാർത്തോമ്മാ ആറാമൻ 1769-ൽ മാവേലിക്കരയിൽ വിളിച്ചുചേർത്ത *മലങ്കര പള്ളിയോഗം*, വിവാഹം, മാമോദീസാ ഇവ ഒഴികെ മറ്റെല്ലാ കൂദാശകളും പാശ്ചാത്യ സുറിയാനിക്രമപ്രകാരം നടത്താൻ തീരുമാനിച്ചു. പിറ്റേവർഷം അദ്ദേഹം മാർ ദീവന്നാസ്യോസ് എന്ന പേരിൽ പാശ്ചാത്യ സുറിയാനിക്രമപ്രകാരം മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടതോടെ ഏകീകരണ പ്രക്രിയയിലേയ്ക്ക് ഒരു ചുവടു കൂടി മുന്നേറി. പിന്നീട് അദ്ദേഹം ചെങ്ങന്നൂർ വെച്ച് മാർ ഈവാനിയോസ് യൂഹാനോനിൽ നിന്ന് പാശ്ചാത്യ സുറിയാനിക്രമങ്ങളിൽ ഉപരിപഠനം നടത്തുകയും ചെയ്തു.

വലിയ മാർ ദീവന്നാസ്യോസ് ഭരണം ഉറപ്പിക്കുകയും തന്നോടൊപ്പമുണ്ടായിരുന്ന മാർ ഈവാനിയോസ് യൂഹാനോൻ ഉടമ്പടി അനുസരിച്ച് അദ്ദേഹത്തിന്റെ ഉപദേശകനായി മാറുകയും ചെയ്തതോടെ, മാർ ശക്രള്ളാ പ്രഭൃതികളിൽ ശേഷിച്ചിരുന്ന മാർ ഗ്രീഗോറിയോസ് ഭഗ്നാശനായി. തനിക്കു ഭരണം കിട്ടുകയില്ലെന്നുറപ്പായ അദ്ദേഹം തന്റെ ശിഷ്യനായ കാട്ടുമങ്ങാട്ടു കുര്യൻ കത്തനാരെ, മാർ കൂറിലോസ് എന്ന പേരിൽ മെത്രാപ്പോലീത്താ ആയി വാഴിച്ചു. പൂർണ്ണമായ പാശ്ചാത്യ സുറിയാനി ക്രമങ്ങളും സഭാവിജ്ഞാനീയവും നടപ്പാക്കുക എന്നതായിരുന്നു ലക്ഷ്യം.

സമാന്തര ഭരണകൂടം സൃഷ്ടിക്കാൻ ശ്രമിച്ച മാർ കൂറിലോസിനെ വലിയ മാർ ദീവന്നാസ്യോസ് *വടിയും മുടിയും വയ്പ്പിച്ച്* സ്ഥാനഭ്രഷ്ടനാക്കി. അതോടെ മാർ കൂറിലോസ് ബ്രിട്ടീഷ് മലബാറിലെത്തി താമസമാക്കി. മാർ ഗ്രീഗോറിയോസ് യൂഹാനോന്റെ ശിഷ്യനായ കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരെപ്പോലുള്ളവർ അവിടെ അദ്ദേഹത്തെ സഹായിക്കാനുണ്ടായിരുന്നു.

തിരുവിതാംകൂറിലും കൊച്ചിയിലും കാൽകുത്താനായില്ലെങ്കിലും വലിയ മാർ ദീവന്നാസ്യോസിനു തലവേദന സൃഷ്ടിക്കാൻ മാർ കൂറിലോസ് ആവുംമട്ടു ശ്രമിച്ചിരുന്നു. എന്നാൽ മാർ കൂറിലോസിൽ നിന്നും വൈദികസ്ഥാനം സ്വീകരിച്ചവരോട് കർശന നിലപാടാണ് വലിയ മാർ ദീവന്നാസ്യോസ് സ്വീകരിച്ചത്. സഭയുടെ കെട്ടുറപ്പു നിലനിർത്തുവാൻ ഇത് അനിവാര്യമായിരുന്നു. കാട്ടുമങ്ങാടന്മാരെയോ, അവരുടെ പിൻഗാമികളേയോ മലങ്കരയുടെ ഭരണസാരഥ്യത്തിൽ കൊണ്ടുവരാൻ താല്പര്യമുള്ള ഒരു വിഭാഗവും ഉണ്ടായിരുന്നു.

മാർ ഈവാനിയോസ് യൂഹാനോൻ

വലിയ മാർ ദീവന്നാസ്യോസുമായുള്ള ഉടമ്പടിപ്രകാരം പാശ്ചാത്യ സുറിയാനി മെത്രാൻ മാർ ഈവാനിയോസ് യൂഹാനോൻ ഭരണാവകാശവാദം വെടിഞ്ഞ് *ഗുരുവും ഉപദേശകനുമായി* മാവേലിക്കരെ താമസമാക്കി. ഇക്കാലത്താവണം സമീപസ്ഥമായ കായംകുളം മണങ്ങനഴിയേത്ത് കുടുംബാംഗമായ ഫീലിപ്പോസ്, മാർ ഈവാനിയോസിന്റെ ശിഷ്യനാകുന്നത്. ഒരുപക്ഷേ, അതിനു മുമ്പ് മാർ ഈവാനിയോസ് യൂഹാനോൻ കായംകുളത്തു താമസിക്കുമ്പോൾ തന്നെ ശിഷ്യത്വം സ്വീകരിച്ചിരിക്കാനും മതി. 1789-ൽ അദ്ദേഹം ചെങ്ങന്നൂർക്കു താമസം മാറ്റിയതോടെ ഫീലിപ്പോസ് കത്തനാർ അദ്ദേഹത്തോടൊപ്പം താമസമാക്കി. ആ ബന്ധം മാർ ഈവാനിയോസിന്റെ ജീവിതാവസാനം വരെ തുടർന്നു.

മണങ്ങനഴിയേത്ത് ഫീലിപ്പോസിന് ആരാണ് ശെമ്മാശ് - കത്തനാർ പട്ടങ്ങൾ നൽകിയതെന്ന് രേഖകളൊന്നുമില്ല. എന്നാൽ സഹപാഠിയും, വലിയ മാർ ദീവന്നാസ്യോസിന്റെ അനന്തരവനുമായ മാത്തൻ കത്തനാർക്ക് (പിന്നീട് എഴാം മാർത്തോമ്മാ) മാർ ഈവാനിയോസാണ് ഇവ രണ്ടും നൽകിയതെന്ന് *നിരണം ഗ്രന്ഥവരി.* സ്വാഭാവികമായും *ബാവായുടെ കൂടെനിന്ന പീലിപ്പോസ് കത്തനാർ* എന്നു *നിരണം ഗ്രന്ഥവരി* വിശേഷിപ്പിക്കുന്ന ഇദ്ദേഹത്തിനും മാർ ഈവാനിയോസു തന്നെയാകണം ശെമ്മാശ് - കത്തനാർ പട്ടങ്ങൾ നൽകിയത്. അദ്ദേഹത്തിന്റെ സന്തത സഹചാരിയായിരുന്നതിനാൽ ഇടവകഭരണത്തിൽ ഏർപ്പെടാനുള്ള സാദ്ധ്യത വിരളമാണ്.

മണങ്ങനഴിയേത്ത് ഫീലിപ്പോസു കത്തനാർക്ക് റമ്പാൻ സ്ഥാനം ലഭിച്ചതിനു വ്യക്തമായ രേഖകളുണ്ട്. 1794 മേടം ആറിനു പെസഹാ വ്യാഴാഴ്ച ചെങ്ങന്നൂർപള്ളിയിൽ വെച്ച് വലിയ മാർ ദീവന്നാസ്യോസ് ഇദ്ദേഹത്തേയും തന്റെ പിൻഗാമിയാകേണ്ട മാത്തൻ കത്തനാരേയും റമ്പാനാക്കി. പിറ്റേന്നു ഗുരുവായ മാർ ഈവാനിയോസ് കാലം ചെയ്തു. അതോടെ ശിഷ്യപ്രമുഖനായ ഫീലിപ്പോസ് റമ്പാൻ മല്പാൻ സ്ഥാനിയായി എന്നു പറയാം. ഇദ്ദേഹത്തിന്റെ ശിഷ്യരിൽ ഏറ്റവും പ്രശസ്തൻ ചേപ്പാട്ട് ഫീലിപ്പോസ് മാർ ദീവന്നാസ്യോസ് നാലാമനാണ്.

കായംകുളം ഫീലിപ്പോസ് റമ്പാൻ

പിന്നീടുള്ള ചരിത്രത്തിലെല്ലാം വലിയ മാർ ദീവന്നാസ്യോസിന്റെ സന്തത സഹചാരിയും കാര്യവിചാരകനുമായിയാണ് കായംകുളം ഫീലിപ്പോസ് റമ്പാനെ കാണുന്നത്. പിൻഗാമിയാകേണ്ട മാത്തൻ റമ്പാൻ ചിത്രത്തിലേ വരുന്നില്ല. എല്ലാ പ്രധാന സംഭവങ്ങളിലും വലിയ മാർ ദീവന്നാസ്യോസിന്റെ വലംകൈയായും പ്രതിനിധിയായും കാണുന്നത് കായംകുളം ഫീലിപ്പോസ് റമ്പാനെയാണ്. ഇത് അദ്ദേഹത്തിന്റെ കഴിവിന്റെ അംഗീകാരമായി കണക്കാക്കാം. റോമൻ കത്തോലിക്കാ സഭയിൽ ചേർക്കുവാനായി പട്ടണിക്കിട്ടു പീഡിപ്പിച്ചിട്ടും വഴങ്ങാതിരുന്ന വലിയ മാർ ദീവന്നാസ്യോസിനെ സമ്മർദ്ദത്തിലാക്കാൻ കണ്ട പുതിയ ഉപായം കായംകുളം ഫീലിപ്പോസ് റമ്പാനെയും പീഡനത്തിന് ഇരയാക്കുക എന്നതായിരുന്നു. അന്നത്തെ നസ്രാണികളുടെ ഇടയിലും വലിയ മാർ ദീവന്നാസ്യോസിന്റെയും മുമ്പിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന സ്ഥാനമാണ് ഈ നടപടി സ്പഷ്ടമാക്കുന്നത്.

ഭരിക്കുന്ന മെത്രാനോടുള്ള അന്ധമായ വിധേയത്വമായിരുന്നില്ല കായംകുളം ഫീലിപ്പോസ് റമ്പാന്റേത്. കുശാഗ്രബുദ്ധിയായ വലിയ മാർ ദീവന്നാസ്യോസിനോടൊപ്പം പൂർണ്ണമായി നിന്ന ഇദ്ദേഹത്തിന്റെ തുടർന്നുള്ള മെത്രാന്മാരോടുള്ള ബന്ധം സുഖകരമായിരുന്നില്ല. സഹപാഠിയായ ഏഴാം മാർതോമ്മായുമായി അദ്ദേഹം ഭരണമേറ്റ് ഒരു വർഷം തികഞ്ഞപ്പോൾ അഭിപ്രായഭിന്നത ഉണ്ടായി. എട്ടാം മാർത്തോമ്മായുടെ കാര്യവിചാരകനായി നിയമിക്കപ്പെട്ടെങ്കിലും പിന്നീട് അദ്ദേഹത്തിനെതിരെ പരാതിപ്പെടുന്നവരുടെ മുൻപന്തിയിൽ കായംകുളം ഫീലിപ്പോസ് റമ്പാനെയും കാണാം.

ഇതിനു വ്യക്തമായ കാരണങ്ങൾ ഉണ്ട്. ഒന്നാമതായി, വലിയ മാർ ദീവന്നാസ്യോസിനെപ്പോലെ പ്രഗൽഭനോ വ്യക്തിമാഹാൽമ്യമുള്ളവരോ ആയിരുന്നില്ല അദ്ദേഹത്തിന്റെ പിൻഗാമികൾ. ദീർഘകാലം ഭരിക്കുന്ന കുടുംബങ്ങൾക്കുണ്ടാകുന്ന ജീർണ്ണത അപ്പോഴേയ്ക്കും പകലോമറ്റ

ത്തേയും ബാധിച്ചിരുന്നു. ഈ നിലവാരത്തകർച്ചയുമായി ഒത്തുപോകുവാൻ കായംകുളം ഫീലിപ്പോസ് റമ്പാനെപ്പോലുള്ള ഒരു നിഷ്ക്കാമ പണ്ഡിതന് അസാദ്ധ്യമായിരുന്നു.

രണ്ടാമതായി ആരാധന-ആചാരങ്ങളിലെ വൈജാത്യമാണ്. മാർ ഈവാനിയോസ് യൂഹാനോന്റെ ശിഷ്യനായ കായംകുളം ഫീലിപ്പോസ് റമ്പാൻ പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിലാണ് പാണ്ഡിത്യം നേടിയത്. പകലോമറ്റം മെത്രാന്മാർ പൊതുവേ നാട്ടുനടപ്പ് (ലെത്തിനീകരിച്ച പൗരസ്ത്യക്രമങ്ങൾ) പിന്തുടരുന്നവരും. 1769-ലെ *പുതിയകാവ് പടിയോല* അനുസരിച്ച് വിവാഹം, മാമോദീസാ ഇവ ഒഴികെ മറ്റെല്ലാ ക്രമങ്ങളും പാശ്ചാത്യ സുറിയാനിയിലേയ്ക്കു മാറ്റേണ്ടിയിരുന്നു. എന്നാൽ ഈ പരിവർത്തനം ഉദ്ദേശിച്ചരീതിയിൽ നടന്നില്ല എന്നാണ് സമകാലിക രേഖകൾ നൽകുന്ന സൂചനകൾ.

അഞ്ചുമിങ്ങും രണ്ടജമാനന്മാരുള്ള അവസ്ഥ ഇടവകപ്പള്ളികളുടെ ഭരണം കുത്തഴിഞ്ഞതാക്കിയിരുന്നു. ദേവസ്വങ്ങൾ ബ്രഹ്മസ്വങ്ങളായതുപോലെ പള്ളിഭരണം ചില കത്തനാർമാരിലും പ്രമാണിമാരിലും ഒതുങ്ങി. അക്കാലത്ത് സാമൂഹികവ്യവസ്ഥയിൽ വന്ന മാറ്റം നസ്രാണികളുടെ പല ആചാരങ്ങളേയും അർത്ഥരഹിതമാക്കിയിരുന്നു. ഇവയ്ക്കൊരു മാറ്റം വരുവാൻ പണ്ഡിതനായ കായംകുളം ഫീലിപ്പോസ് റമ്പാൻ ആഗ്രഹിച്ചു എന്നു ചിന്തിക്കുന്നതിൽ യുക്തിഭംഗമില്ല. അതിനു അനുയോജ്യമായ ഒരു അവസരം വന്നുചേർന്നതാണ് 1809 ചിങ്ങം ഒന്നിന് കണ്ടനാട്ടു ചേർന്ന *മലങ്കര പള്ളിയോഗം.*

സമാനമനസ്ക്കരുടെ സംയോജനം

അക്കാലത്ത് ഇതേ ആശയഗതി വച്ചുപുലർത്തുന്ന മറ്റൊരു പ്രഗല്ഭനായിരുന്നു പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ. ശക്രള്ളാ മഫ്രിയാനായുടെ ശിഷ്യനായ ഇദ്ദേഹവും പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ പണ്ഡിതനായിരുന്നു. 1808-ൽ വലിയ മാർ ദീവന്നാസ്യോസ് കാലംചെയ്യുന്നതുവരെ ഇട്ടൂപ്പ് കത്തനാരും ഫീലിപ്പോസ് റമ്പാനും തമ്മിൽ ആശയവിനിമയം നടത്താൻ സാദ്ധ്യത തീരെ കുറവാണ്. അക്കാലത്തൊക്കെയും ഫീലിപ്പോസ് റമ്പാൻ വലിയ മാർ ദീവന്നാസ്യോസിന്റെ അന്തേവാസിയായിരുന്നു. കാട്ടുമങ്ങാടന്മാരോടുള്ള ആഭിമുഖ്യവും അവരിൽനിന്ന് റമ്പാൻ സ്ഥാനം സ്വീകരിക്കുകയും അതിന് വലിയ മാർ ദീവന്നാസ്യോസ് പ്രായശ്ചിത്തം ചെയ്യിച്ചതുമൂലമുള്ള പ്രശ്നങ്ങളും മൂലം ഇട്ടൂപ്പ് കത്തനാർ അവിടേയ്ക്ക് അധികം അടുക്കാൻ സാദ്ധ്യത ഇല്ല. മാത്രമല്ല, കുന്നംകുളത്ത് അദ്ദേഹത്തിന്റെ എതിർപക്ഷത്തുനിന്ന കിടങ്ങൻ ഗീവർഗീസ് കത്തനാർ (പിന്നീട് കിടങ്ങൻ മാർ പീലക്സീനോസ്) വലിയ മാർ

ദീവന്നാസ്യോസിന്റെ പക്ഷക്കാരനുമായിരുന്നു. ഇട്ടൂപ്പ് റമ്പാന്റെ ശിഷ്യനും ശെമ്മാശനുമായ ഇടവഴിക്കൽ ഫീലിപ്പോസ് കത്തനാർ, അദ്ദേഹത്തെപ്പറ്റി തന്റെ ചരമക്കുറിപ്പിൽ പറയുന്ന സ്വഭാവഗുണവും ഇട്ടൂപ്പ് കത്തനാർ അധികാരത്തിന്റെ അകത്തളങ്ങളിൽ കയറിയിറങ്ങാനുള്ള സാദ്ധ്യത ഇല്ലാതാക്കുന്നുണ്ട്. പിൽക്കാലത്ത് ഇട്ടൂപ്പ് റമ്പാൻ തന്നെ രേഖപ്പെടുത്തുന്ന ... *ഞാൻ ഉഴലുന്നതിനേക്കാൾ ചാട്ടുകുളങ്ങര തമ്പുരാനെപ്പെറ്റമ്മയുടെ പള്ളിമേൽ ശരണപ്പെടേണ്ടതത്രെ അകുന്നത്...* എന്ന പ്രസ്താവനയും, അവിടുത്തെ കൂറുമൽസരവും കുന്നംകുളത്തുനിന്നും അകന്നു നിൽക്കുന്നതിൽനിന്നും ഇട്ടൂപ്പ് കത്തനാരെ തടഞ്ഞിരുന്നു.

എട്ടാം മാർത്തോമ്മായുടെ മേല്പട്ടവാഴ്ചയിൽ ആരോപിക്കപ്പെട്ട ക്രമരാഹിത്യമാണ് 1809-ലെ കണ്ടനാടു യോഗം വിളിച്ചുചേർക്കാൻ കാരണമായി തീർന്നത്. സമാനമനസ്ക്കരായ ഫീലിപ്പോസ് റമ്പാനും ഇട്ടൂപ്പ് കത്തനാരും തങ്ങളുടെ ആശയങ്ങൾ ജനമദ്ധ്യത്തിൽ അവതരിപ്പിക്കുവാനും അംഗീകരിപ്പിക്കുവാനും ഒരവസരമായി കണ്ടനാടു യോഗത്തെ കണക്കാക്കി. ഈ ആശയപ്പൊരുത്തമാകാം അവരെ തമ്മിൽ അടുപ്പിച്ചത്. കാരണം പിൽക്കാല ചരിത്രത്തിൽ കണ്ടനാടു പള്ളിയോഗ നിശ്ചയങ്ങൾ നടപ്പാക്കാനുള്ള അക്ഷീണ യജ്ഞത്തിൽ ഇരുവരും തോളോടു തോൾ ചേർന്നു പ്രവർത്തിക്കുന്നതാണ് കാണുന്നത്.

തെക്കും വടക്കും അംഗീകാരവും ശിഷ്യസമ്പത്തുമുള്ള ഫീലിപ്പോസ് റമ്പാനും ഇട്ടൂപ്പ് കത്തനാരും യോജിച്ചപ്പോൾ നസ്രാണികളുടെ ആദ്യ ലിഘിത ഭരണഘടനയായ *കണ്ടനാടു പടിയോല* 1809-ൽ പിറവിയെടുത്തു. ഇതൊരു അടിച്ചേൽപ്പിച്ച നിയമാവലി അല്ലെന്നും ചർച്ച ചെയ്ത് സമവായത്തിലെത്തി പടിയോല എഴുതുന്ന തനത് നസ്രാണി രീതിയിലാണ് *കണ്ടനാട് പടിയോല* രൂപീകരിച്ചത് എന്നും അവിടെ ഉന്നയിച്ച എല്ലാ ആശയങ്ങളും നിയമമായില്ലെന്നും രേഖകളുണ്ട്. എട്ടാം മാർത്തോമ്മായുടെ മേല്പട്ടസ്ഥാനം അംഗീകരിച്ച കണ്ടനാടുയോഗം, ഫീലിപ്പോസ് റമ്പാനേയും; ഇട്ടൂപ്പ് കത്തനാരെ റമ്പാനാക്കി അദ്ദേഹത്തേയും മെത്രാന്റെ കാര്യവിചാരകരായി നിയമിച്ചു. *കണ്ടനാട് പടിയോല* നടപ്പാക്കുക എന്നതായിരുന്നു ഈ നിയമനത്തിന്റെ പിന്നിലെ ലക്ഷ്യം. ഇട്ടൂപ്പ് കത്തനാരെ റമ്പാനാക്കി എന്നതൊഴികെ യോഗനിശ്ചയങ്ങൾ നടപ്പാക്കുന്നതിന് യാതൊരു നടപടിയും പിന്നീട് എട്ടാം മാർത്തോമ്മാ സ്വീകരിച്ചില്ല.

കണ്ടനാട് പടിയോല

സമഗ്രമായ ഒരു ഭരണഘടനയായ 1809-ലെ *കണ്ടനാട് പടിയോല* മൂന്ന് പ്രധാന വസ്തുതകളിലാണ് ഊന്നൽ നൽകുന്നത്. അവ,

1. ആരാധനക്രമങ്ങളുടെ ഏകീകരണം. 2. ആചാരങ്ങളുടെ നവീകര

ണവും ഏകീകരണവും. 3. ഇടവക ഭരണത്തിന്റെ സുതാര്യത, ഭരണ ക്രമത്തിന്റെ ഏകീകരണം, ജനാധിപത്യം.

ഇവ ഓരോന്നും യാഥാർഥ്യമാക്കുന്നതിന് വിശദമായ നിയമാവലിയാണ് *കണ്ടനാടു പടിയോല* മുന്നോട്ടു വച്ചത്.

ആരാധനക്രമങ്ങളുടെ ഏകീകരണത്തിന് മൂന്നു പ്രധാന മാർഗ്ഗങ്ങ ളാണ് *കണ്ടനാടു പടിയോലയി*ൽ സ്വീകരിച്ചത്. അവ,

1. പാശ്ചാത്യ സുറിയാനിക്രമങ്ങളെ പൂർണ്ണമായി അംഗീകരിക്കുകയും മറ്റു ക്രമങ്ങളെ നിരാകരിക്കുകയും ചെയ്തു. 2. ആണ്ടുതക്സാ പകർപ്പെ ഴുതി പ്രചരിപ്പിക്കണം. 3. തെക്കും വടക്കും *പഠിത്തവീടുകൾ* സ്ഥാപിച്ച് വൈദിക വിദ്യാഭ്യാസം ഏകീകരിക്കണം.

ഇടവകഭരണമില്ലാത്ത ഫീലിപ്പോസ് റമ്പാന് ഇടവകപള്ളികളുടെ ഭരണ സുതാര്യതയ്ക്കായി പ്രത്യേകിച്ച് ഒന്നും ചെയ്യാനുണ്ടായിരുന്നില്ല. സാമൂഹിക ആചാരങ്ങളിലെ പരിണാമവും അടിച്ചേല്പിക്കാവുന്നതായി രുന്നില്ല. അതിനാൽ തനിക്ക് സാധിക്കുന്ന, കഴിവു തെളിയിച്ച, ആരാ ധനാ പാരമ്പര്യത്തിന്റെ ഏകീകരണം എന്ന ലക്ഷ്യപ്രാപ്തിയിൽ മാത്രം അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചു.

1809 മുതൽ 1812-ൽ താൻ മരിക്കുന്നതുവരെ ഫീലിപ്പോസ് റമ്പാൻ ചരിത്രത്താളുകളിൽ പ്രത്യക്ഷപ്പെടുന്നത് ഈ ലക്ഷ്യപ്രാപ്തിക്കായി, പ്രത്യേകിച്ചും *പഠിത്തവീടിന്റെ* സ്ഥാപനത്തിന്, അഹോരാത്രം പ്രയത്നി ക്കുന്നതായി മാത്രമാണ്. ഫീലിപ്പോസ് റമ്പാന്റെ മരണശേഷം പുലിക്കോ ട്ടിൽ ഇട്ടൂപ്പ് റമ്പാൻ ഏകനായി തുടർന്ന പരിശ്രമമാണ് പഴയസെമിനാരി സ്ഥാപനത്തിൽ കലാശിച്ചത്.

ഒരു വസ്തുത അംഗീകരിച്ചേ തീരൂ. എതിർപ്പുകൾ ഇല്ലാതെയല്ല *കണ്ട നാടു പടിയോല* അംഗീകരിക്കപ്പെട്ടത്. ഭരണസുതാര്യതയും, ജനാധിപ ത്യവും പോലെയുള്ള വിഷയങ്ങൾ കണ്ടനാട്ടു കൂടിയവരിൽ ഒരു വിഭാഗം കത്തനാർമാർക്കും പ്രമാണിമാർക്കുമെങ്കിലും അസ്വീകാര്യമായിരുന്നിരി ക്കണം. ആ സാഹചര്യത്തിൽ ആ പടിയോല പാസാക്കി എന്നത് കായം കുളം ഫീലിപ്പോസ് റമ്പാന്റെയും പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരുടേയും സംയുക്ത ശ്രമത്തിന്റെ വിജയമായി മാത്രം കാണണം. കാരണം ഇത്ര സമഗ്രവും, നസ്രാണി സമൂഹത്തിന്റെ ആത്മീയവും ലൗകികവുമായ വിഷയങ്ങളിൽ സമഗ്രമായ നവീകരണം കൊണ്ടുവരുന്നതുമായ നടപ ടികൾ അംഗീകരിപ്പിക്കാൻ യഥാക്രമം തെക്കും വടക്കും സ്വാധീനവും, അംഗീകാരവുമുള്ള, വിഷയങ്ങൾ അവതരിപ്പിക്കാനും വിശദീകരിക്കാനും തക്ക പാണ്ഡിത്യമുള്ള ഇവർ ഇരുവരുടേയും കൂട്ടായ ശ്രമത്തിനേ സാധിക്കൂ.

നവീകരണ ശില്പികൾ

നവീകരണം എന്നത് പാശ്ചാത്യ പ്രബുദ്ധതയുടെ സൃഷ്ടിയൊന്നുമല്ല. സ്വയംനിർണ്ണയം നടത്തുന്ന എതൊരു സമൂഹത്തിലും സ്വാഭാവികമായി സംഭവിക്കുന്നതാണ്. പത്തൊമ്പതാം നൂറ്റാണ്ടു മുഴുവൻ നസ്രാണികൾ നവീകരണപാതയിലായിരുന്നു. വലിയ മാർ ദീവന്നാസ്യോസ്, കായംകുളം ഫീലിപ്പോസ് റമ്പാൻ, പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ എന്നിവരാണ് ഈ നവീകരണ പ്രക്രിയയ്ക്ക് ആരംഭമിട്ടത്. നസ്രാണികളുടെ ആഭ്യന്തര നവീകരണ പ്രക്രിയയെ പാശ്ചാത്യവൽക്കരിക്കാൻ ബ്രിട്ടീഷ് ആംഗ്ലിക്കൻ പ്രൊട്ടസ്റ്റന്റുകളും, അന്ത്യോഖ്യാവൽക്കരിക്കാൻ പത്രോസ് തൃതീയൻ പാത്രിയർക്കീസ് അടക്കമുള്ള പാശ്ചാത്യ സുറിയാനിക്കാരും ശ്രമിച്ചതിന്റെ ഫലമാണ് നസ്രാണികൾക്കിടയിൽ ഉൾപ്പിരിവുകൾ ഉണ്ടായതും, ആഭ്യന്തര നവീകരണ പ്രക്രിയ ദുർബലമായതും. പക്ഷേ, ഇത് ഈ ആഭ്യന്തര നവീകരണ പ്രക്രിയയുടെ പ്രണേതാക്കളുടെ മഹത്വം ഇല്ലാതാക്കുന്നില്ല. ഈ വിഷയത്തിൽ സഭ നിശ്ചയിച്ചത് കായംകുളം ഫീലിപ്പോസ് റമ്പാൻ, പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ എന്നിവർ നടപ്പാക്കി എന്നതാണ് വസ്തുത. അവരുടെ മഹത്വവും അതുതന്നെയാണ്.

പാണ്ഡിത്യം

സുറിയാനി ക്രിസ്ത്യാനികൾക്കിടയിൽ സവിശേഷ വ്യക്തിത്വമുള്ള ഒരാൾ എന്നു തോമസ് വൈറ്റ് ഹൗസ് വിശേഷിപ്പിച്ച കായംകുളം ഫീലിപ്പോസ് റമ്പാൻ തികഞ്ഞ ഒരു സുറിയാനി - മലയാളം ഭാഷാ പണ്ഡിതനായിരുന്നു. അക്കാലത്തെ നാട്ടുനടപ്പനുസരിച്ച് തമിഴിലും അദ്ദേഹം വ്യുൽപ്പത്തി നേടിയിരിക്കണം. സുവിശേഷ പരിഭാഷ കൂടാതെ മറ്റെന്തെല്ലാം കൃതികൾ അദ്ദേഹത്തിന്റേതായുണ്ട് എന്ന് ഇന്ന് കണ്ടെത്തുവാൻ സാധിക്കുന്നില്ല.

കായംകുളം ഫീലിപ്പോസ് റമ്പാൻ സുറിയാനി പണ്ഡിതനായിരുന്നു എന്ന് തെളിവുണ്ട്. 1808 ധനു അഞ്ചിന് നിരണത്തു ചേർന്ന *മലങ്കര പള്ളി യോഗ*ത്തിൽ *ഭ്രാന്തനായ* ദീയസ്ക്കോറോസ് എന്ന അന്ത്യോഖ്യൻ മെത്രാന്റെ എഴുത്തു വായിച്ച ഫീലിപ്പോസ് റമ്പാൻ അത് ... *സുറിയാനി വെപ്പിനു പോരായെന്നു പറഞ്ഞു...* എന്ന് *നിരണം ഗ്രന്ഥവരി* രേഖപ്പെടുത്തുന്നു. ദീർഘകാലം മാർ ഈവാനിയോസ് യൂഹാനോന്റെ ശിഷ്യനായിരുന്ന ഫീലിപ്പോസ് റമ്പാന്റെ സുറിയാനി ഭാഷാ പാണ്ഡിത്യത്തിനു ഇതു തെളിവായെടുക്കാം. അദ്ദേഹത്തിന്റെ നാല് സുറിയാനി കവിതകൾ പാമ്പാക്കുട കോനാട്ട് ലൈബ്രറിയിൽ ഉണ്ട്. അവയിൽ മൂന്നെണ്ണം മാർ അപ്രേമിന്റെ രീതിയിലും, ഒരെണ്ണം മാർ യാക്കോബിന്റെ രീതിയിലുമാണ്.

സുവിശേഷ പരിഭാഷ കൂടാതെ ഇതര മലയാളം കൃതികൾ

കായംകുളം ഫീലിപ്പോസ് റമ്പാൻ രചിച്ചിട്ടുണ്ടോ എന്നത് വിശദമായ പഠനം ആവശ്യമുള്ള ഒരു വിഷയമാണ്. 2000-ൽ മലയാള ഭാഷയിലെ ആദ്യ ചരിത്രഗ്രന്ഥമായ *നിരണം ഗ്രന്ഥവരി* പ്രസിദ്ധീകരണത്തിനായി ഈ ലേഖകൻ എഡിറ്റു ചെയ്യുമ്പോൾ, അതിന്റെ ഭാഗമായ *ചുരുക്കത്തിൽ വിശ്വാസകാര്യങ്ങൾ, മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങൾ* ഇവയുടെ പരിഭാഷകൻ കായംകുളം ഫീലിപ്പോസ് റമ്പാൻ ആവാം എന്നൊരു സംശയം ഫാ. ഡോ. ബേബി വർഗീസ് ഉന്നയിച്ചിരുന്നു. ഇതിനെ സാധൂകരിക്കുന്നതോ, നിരാകരിക്കുന്നതോ ആയ ഒരു ലിഘിത തെളിവും ഇതുവരെ ലഭിച്ചിട്ടില്ലെങ്കിലും, പരിഭാഷകൻ ഫീലിപ്പോസ് റമ്പാനാണെന്നു സ്ഥാപിക്കാനുതകുന്ന അനേകം സാഹചര്യ തെളിവുകളുണ്ട്. അവയെ താഴെ പറയുംവിധം സംഗ്രഹിക്കാം.

1. കായംകുളം ഫീലിപ്പോസ് റമ്പാൻ കഴിവുറ്റ ഒരു മലയാളം - സുറിയാനി പണ്ഡിതനും, പരിഭാഷയിൽ കഴിവു തെളിയിച്ച വ്യക്തിയുമാണ്.

2. *നിരണം ഗ്രന്ഥവരി* ക്രോഡീകരിക്കപ്പെടുന്നത് കായംകുളം ഫീലിപ്പോസ് റമ്പാന്റെ കാലത്തോ, തൊട്ടു പിന്നാലെയോ ആണ്. ക്രോഡീകരണം നടന്നത് അദ്ദേഹത്തിന്റെ പ്രവർത്തന മേഖലയിലുമാണ്.

3. *ചുരുക്കത്തിൽ വിശ്വാസകാര്യങ്ങൾ,* പാശ്ചാത്യ സുറിയാനി സഭയുടെ വേദശാസ്ത്രവും സഭാവിജ്ഞാനീയവും വിശദമാക്കുന്ന ഒന്നാണ്. *മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങ*ളാകട്ടെ, റോമൻ കത്തോലിക്കാ സഭ അടിച്ചേൽപ്പിച്ചതും, പൗരസ്ത്യ പാരമ്പര്യത്തിനു വിരുദ്ധവുമായ ഏതാനും വിശ്വാസ - ആചാരങ്ങൾക്കെതിരായ വിശദീകരണങ്ങളുമാണ്.

4. 1769-ലെ *പുതിയകാവ് പടിയോല*, 1809-ലെ *കണ്ടനാട് പടിയോല* ഇവയുടെ പശ്ചാത്തലത്തിൽ പാശ്ചാത്യ സുറിയാനി ആരാധനക്രമം, സഭാവിജ്ഞാനീയം ഇവ പ്രചരിപ്പിക്കേണ്ടത് ആവശ്യമായിരുന്നു. കായംകുളം ഫീലിപ്പോസ് റമ്പാൻ ആ ചിന്താധാരയിൽ ഉൾപ്പെട്ട വ്യക്തിയായിരുന്നു.

5. നസ്രാണികളുടെ പുനർനിർണ്ണയ പ്രക്രിയ ആരംഭിച്ച അക്കാലം ഇത്തരമൊരു പരിഭാഷയ്ക്ക് അനുയോജ്യമായിരുന്നു. പ്രത്യേകിച്ചും റോമൻ കത്തോലിക്കാ വിശ്വാസം സ്വീകരിച്ച നസ്രാണികളുടെ മടങ്ങിവരവ് അസാദ്ധ്യമാണെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ. റോമൻ കത്തോലിക്കാ വിശ്വാസ സംഹിതയായി 1772-ൽ റോമിൽ മലയാളത്തിൽ അച്ചടിച്ച *സംക്ഷേപ വേദാർത്ഥം* ഇവിടെയെത്തുന്നതും ഇക്കാലത്താണെന്നത് പരിഗണിക്കണം.

6. റവ. ക്ലോഡിയസ് ബുക്കാനന്റെ കുറിപ്പുകൾപ്രകാരം അക്കാലത്തെ

നസ്രാണികൾ - വിശിഷ്യാ പുരോഹിതർ - മലയാളത്തിലുള്ള കൃതി കൾക്കായി പ്രതീക്ഷിക്കുന്നുണ്ടായിരുന്നു.

ഈ സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ, മറിച്ചൊരു തെളിവ് കിട്ടാത്തിടത്തോളം *ചുരുക്കത്തിൽ വിശ്വാസകാര്യങ്ങൾ, മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങൾ* എന്നിവയുടെ പരിഭാഷകൻ കായംകുളം ഫീലിപ്പോസ് റമ്പാൻ തന്നെയെന്ന് അനുമാനിക്കുന്നതിൽ യുക്തിരാഹിത്യമില്ല.

വേദപുസ്തക പരിഭാഷ

കായംകുളം ഫീലിപ്പോസ് റമ്പാന്റെ ഏറ്റവും ശ്രദ്ധേയമായ സംഭാവനയായി അറിയപ്പെടുന്നത് നാലു സുവിശേഷങ്ങളുടെ പരിഭാഷയാണ്. ഇതിനെക്കുറിച്ച് രണ്ടു തെറ്റിദ്ധാരണകളുണ്ട്. ഒന്നാമതായി, ഇതിനെ *ആദ്യ മലയാള പരിഭാഷ* എന്നു പരാമർശിക്കുന്നത് തികച്ചും തെറ്റാണ്. *ആദ്യ മുദ്രിത മലയാളം ബൈബിൾ* എന്നതാണ് ശരി. റവ. ക്ലോഡിയസ് ബുക്കാനന്റെ കുറിപ്പുകൾപ്രകാരം ഭാഗികമായെങ്കിലും സുവിശേഷങ്ങൾ മലയാളത്തിലേയ്ക്കു അതിനു മുമ്പുതന്നെ പരിഭാഷപ്പെടുത്തിയിരുന്നു. ചില ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ റവ. ക്ലോഡിയസ് ബുക്കാനന്റെ ആഗമനത്തിനു മുമ്പുതന്നെ ഫീലിപ്പോസ് റമ്പാന്റെ കൈവശം സുവിശേഷങ്ങളുടെ ഒരു തർജ്ജമ ഉണ്ടായിരുന്നു. മറ്റു ചില പരിഭാഷകൾ ഉണ്ടാകാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാവില്ല.

ഇവിടെ പരിഗണിക്കേണ്ട ഒരു വസ്തുത അത്തരം പരിഭാഷകൾക്ക് ഉപയോഗിച്ചിരുന്ന *ലിപി* എന്താണ് എന്നതാണ്. നസ്രാണികൾക്കിടയിൽ *ഗർശൂനി* - മലയാള ഭാഷ സുറിയാനി ലിപിയിൽ എഴുതുന്ന രീതി - അന്ന് പ്രചുരപ്രചാരത്തിലിരുന്നു. പതിനേഴാം നൂറ്റാണ്ടിൽ റോമൻ കത്തോലിക്കാ മിഷനറിമാരായി വന്ന മാറാനൈറ്റുകളാണ് ഈ രീതി നസ്രാണികൾക്കിടയിൽ പ്രചരിപ്പിച്ചത്. പതിനെട്ടാം നൂറ്റാണ്ടിൽ ഈ രീതിയിൽ രചനകൾ നടന്നുവന്നിരുന്നതായി രേഖകളുണ്ട്. കായംകുളം ഫീലിപ്പോസ് റമ്പാന്റെ തൊട്ടുപിന്നാലെ വരുന്ന കോനാട്ട് അബ്രഹാം മല്പാൻ ഒന്നാമൻ മലയാളത്തിൽ തയാറാക്കിയ ആണ്ടടക്കം ഞായറാഴ്ചകൾക്കും പെരുന്നാളുകൾക്കുമുള്ള വേദവായനാ പ്രസംഗങ്ങൾ സുറിയാനി ലിപിയിലാണ് രചിച്ചിരിക്കുന്നത്. ഈ ലിപിയിൽ വേദപുസ്തകത്തിന്റെ മലയാള പരിഭാഷ ഉണ്ടായിരുന്നോ എന്ന് ആരും ഇതുവരെ പഠനം നടത്തിയിട്ടില്ല.

മൂന്നു വസ്തുതകൾ ഇവിടെ പരിഗണിക്കണം. ഒന്നാമതായി, ഓർത്തഡോക്സ് പാരമ്പര്യപ്രകാരം വേദപുസ്തകം സഭാ നിയമവും ആരാധനാവൽസര ക്രമീകരണവുമനുസരിച്ച് *വായിച്ചു കേൾക്കേണ്ടതാണ്*, സ്വയം വായിക്കേണ്ടതല്ല. രണ്ടാമതായി, ഇപ്രകാരം വായിക്കുന്നത്

കത്തനാർമാരാണ്. അവർക്ക് സുറിയാനി ലിപികൾ പരിചിതവുമാണ്. മൂന്നാമതായി, ഇരുപതാം നൂറ്റാണ്ടിൽപ്പോലും നസ്രാണികൾക്കിടയിൽ നിലവിലിരുന്ന പവിത്രതാ സങ്കല്പം, വേദവും കൂദാശകളും ദേവഭാഷ യിൽ - സുറിയാനിയിൽ - ഒഴികെ എഴുതുന്നതും, വിശുദ്ധ സ്ഥലത്തു പ്രവേശിപ്പിക്കുന്നതും തടഞ്ഞിരുന്നു.

എന്നാൽ അക്കാലത്ത് മലയാളത്തിലുള്ള ആരാധനാഭാഗങ്ങൾ നസ്രാ ണികൾക്ക് അപരിചിതമല്ലായിരുന്നു. 1809-ലെ *കണ്ടനാടു പടിയോല*, *സ്വർ ഗസ്ഥനായ പിതാവേ...*, *കൃപ നിറഞ്ഞ മറിയമേ....* വിശ്വാസ പ്രമാണം, ഭവനങ്ങളിലെ പ്രഭാത-സന്ധ്യ നമസ്ക്കാരങ്ങൾ മുതലായവ മലയാള ത്തിലുണ്ടായിരുന്നതായി വ്യക്തമാക്കുന്നു. 1820-ൽ കോനാട്ട് അബ്രഹാം മല്പാൻ ഒന്നാമൻ കുർബാനക്രമവും നമസ്ക്കാരക്രമവും മലയാളത്തി ലേയ്ക്കു - മലയാള ലിപിയിൽത്തന്നെ - പരിഭാഷപ്പെടുത്തിയതിനെ ഈ പശ്ചാത്തലത്തിൽവേണം വിലയിരുത്താൻ.

ഈ സാഹചര്യത്തിൽ കൂദാശകൾക്ക് അത്യാവശ്യം വേണ്ട വേദവാ യനാഭാഗങ്ങൾ മലയാളത്തിലേയ്ക്കു പരിഭാഷപ്പെടുത്തി തക്സാകളിൽ സുറിയാനി ലിപിയിൽ എഴുതിച്ചേർത്തിരിക്കാനുള്ള സാദ്ധ്യത വിപുല മാണ്. അതേസമയം എവൻഗേലിയോൻ പൂർണ്ണരൂപത്തിൽ കാണാനുള്ള സാദ്ധ്യത തികച്ചും വിരളവുമാണ്. കാരണം കൂദാശാനുഷ്ടാനങ്ങൾക്ക് പൂർണ്ണരൂപത്തിലുള്ള സുവിശേഷങ്ങൾ അനാവശ്യമായിരുന്നു. പ്രായോ ഗിക ഉപയോഗമില്ലാത്ത ഒരു ഗ്രന്ഥം പകർത്തി എഴുതുക എന്ന ക്ലേശ കരമായ ഉദ്യമത്തിന് ആരും മുതിരുകയില്ല എന്നതാണ് അതിനു കാരണം. കായംകുളം ഫീലിപ്പോസ് റമ്പാന്റെ കൈവശം പരിഭാഷ ഉണ്ടായിരുന്നെ ങ്കിൽ അത് മഹാപണ്ഡിതനായ അദ്ദേഹത്തിന്റെ അക്കാദമിക് താത്പ ര്യംകൊണ്ടു മാത്രം പരിഭാഷ ചെയ്തതാവാം. പക്ഷേ, വേദപുസ്തക പരിഭാഷയെപ്പറ്റിയുള്ള *നിരണം ഗ്രന്ഥവരി*യിലെ പരാമർശനം അദ്ദേഹം പുതുതായി പരിഭാഷപ്പെടുത്തി എന്നു തന്നെയാണ്.

സായിപ്പിന്റെ വേദപുസ്തകം

കായംകുളം ഫീലിപ്പോസ് റമ്പാന്റെ സുവിശേഷ പരിഭാഷയെപ്പറ്റി യുള്ള രണ്ടാമത്തെ തെറ്റിദ്ധാരണ അതിന്റെ ഉപജ്ഞാതാവിനെപ്പറ്റിയാണ്. റവ. ക്ലോഡിയസ് *ബുക്കാനന്റെ സ്വന്തം സൃഷ്ടി* എന്ന നിലയിലാണ് പാശ്ചാത്യ, നാടൻ പ്രൊട്ടസ്റ്റന്റ് ലേഖകർ 1811-ലെ സുവിശേഷ പരിഭാ ഷയെ അവതരിപ്പിക്കുന്നത്. ഈ പ്രസ്താവനയെ വിശകലനം ചെയ്യേ ണ്ടിയിരിക്കുന്നു.

വലിയ മാർ ദീവന്നാസ്യോസിന്റെ കാലത്താണ് മലങ്കരസഭയുടെ ആംഗ്ലിക്കൻ ബന്ധം ആരംഭിക്കുന്നത്. റവ. കേറിന്റെയും, തുടർന്ന് റവ.

ക്ളോഡിയസ് ബുക്കാനന്റെയും സന്ദർശനവും, തിരുവിതാംകൂറിലെ ബ്രിട്ടീഷ് റസിഡന്റ് കേണൽ മക്കാളിയുടെ താൽപ്പര്യവുമാണ് ആംഗ്ലിക്കൻ ബന്ധത്തിന് ആരംഭമിട്ടത്. ഈ ബന്ധത്തിനു മുൻകൈ എടുത്തത് ബ്രിട്ടീഷുകാരാണ്. നസ്രാണികളുമായുള്ള ബന്ധം അന്ന് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന് അത്യന്താപേക്ഷിതമായിരുന്നു. അന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ നിഷേധിക്കുവാനാകുമായിരുന്നില്ലെങ്കിലും ഈ ബന്ധത്തിൽ വലിയ മാർ ദീവന്നാസ്യോസ് സംശയാലുവായിരുന്നു. റവ. ക്ളോഡിയസ് ബുക്കാനന്റെ ഐക്യകരാർ ഒപ്പിടാൻ അദ്ദേഹം വിസമ്മതിച്ചത് ഇതിന്റെ വ്യക്തമായ തെളിവാണ്. മാത്രമല്ല, വിശ്വാസ ഐക്യമില്ലാത്ത ഇരു സഭകൾ തമ്മിലുള്ള ഈ ബന്ധത്തിന്റെ അപകടത്തെക്കുറിച്ച് അദ്ദേഹം ബോധവാനുമായിരുന്നു. അതിനാലാണ് ... *നിരണത്തു വച്ച, മനുഷ്യരുടെ ചതിവും നേരുകേടും കൊണ്ടു യാക്കോബായെക്കാരന്നു പേരു പറയുന്നതല്ലാതെ പ്രവൃത്തി ഇല്ലായ്കയാൽ ഏറ്റം താമസം കൂടാതെ ഇംഗ്രേസു മാർഗം ആകുവാൻ എടവരുമെന്നും...* അദ്ദേഹം പ്രസ്താവിച്ചത്. ഈയൊരു സാഹചര്യത്തിൽ നിബന്ധനകൾ കൂടാതെ *വേദപരിഭാഷ* എന്ന ബ്രിട്ടീഷ് ആശയം അദ്ദേഹം അംഗീകരിച്ചു എന്നും ആ ചുമതല ബുക്കാനനെ ഏല്പിച്ചു എന്നും വിശ്വസിക്കാൻ പ്രയാസമാണ്.

*നിരണം ഗ്രന്ഥവരി*യിലെ പ്രസക്ത ഭാഗം ഇതു ശരിവയ്ക്കുന്നു. "... *പൊസ്തകം പൊരുൾ തിരിച്ച മലയാൺമയിൽ എഴുതിക്കണമെന്നു പലപ്പോഴും പറയുകയും എഴുത്തു വരികയും ചെയ്തതിന്ന, തഞ്ചാവൂർ നിന്നും പഴമയും പുതുമയും തമിഴിൽ അച്ചടിച്ച പുസ്തകം വരുത്തി, ആയതും സുറിയാനിയിൽ ഇവിടെ എഴുതിയിട്ടുള്ള പുസ്തകങ്ങളും കൂട്ടി നോക്കണമെന്നും, ആയ്തിന പൊരുൾ തിരിക്കുന്നവർക്കും എഴുത്തുകാർക്കും ശമ്പളം കൊടുക്കാമെന്നും പറഞ്ഞാറെ, ആയതു വേണ്ടായെന്നും ഇവിടെത്തന്നെ പൊരുൾ തിരിപ്പിച്ച എഴുതിക്കാമെന്നും പറഞ്ഞതിന്റെശേഷം കൊച്ചിയിൽ നിന്നും തിമ്മപ്പൻപിള്ള എന്ന ഒരു ചെട്ടിയെ ശമ്പളവും കൊടുത്ത് കണ്ടനാട്ടിന്നു പറഞ്ഞയച്ചു...*" ഇതിൽനിന്നും തുടർച്ചയായ സമ്മർദ്ദങ്ങൾക്കു ശേഷമാണ് വലിയ മാർ ദീവന്നാസ്യോസ് തയാറായതെന്നു വ്യക്തമാകുന്നു.

അതേപോലെ വാസ്തവ വിരുദ്ധവും അടിസ്ഥാനരഹിതവുമായ ഒരു നിഗമനമാണ് വലിയ മാർ ദീവന്നാസ്യോസിനെക്കൂടാതെ കായംകുളം ഫീലിപ്പോസ് റമ്പാൻ തുടങ്ങിയവരുമായി ബുക്കാനൻ വേദപുസ്തക പരിഭാഷയുടെ സാദ്ധ്യതകൾ ചർച്ച ചെയ്തു എന്നത്. അന്നത്തെ സംവിധാനത്തിൽ അത് അസാദ്ധ്യമായിരുന്നു. സഭാദ്ധ്യക്ഷനായ വലിയ മാർ ദീവന്നാസ്യോസിന്റെ അറിവും സമ്മതവും കൂടാതെ അത്തരമൊരു

നടപടിക്ക് ഒരുത്തരും തുനിയുകയില്ലായിരുന്നു. മാത്രമല്ല വലിയ മാർ ദീവന്നാസ്യോസിനെ കാണും മുമ്പ് ബുക്കാനൻ സംസാരിച്ച കത്തനാരന്മാർ വേദപുസ്തക പകർപ്പ് ലഭിക്കാനുള്ള തീവ്രമായ ആഗ്രഹം പ്രകടിപ്പിച്ചതല്ലാതെ മറ്റു വാഗ്ദാനങ്ങളൊന്നും നൽകിയതായി അദ്ദേഹം രേഖപ്പെടുത്തുന്നില്ല. മുകളിൽ സൂചിപ്പിച്ചതുപോലെ ബൈബിൾ പരിഭാഷ, സെമിനാരി സ്ഥാപനം ഇവയിൽ കായംകുളം ഫീലിപ്പോസ് റമ്പാൻ, പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ എന്നിവർ സ്വന്തമായി മുന്നിട്ടിറങ്ങുകയല്ല, സഭയുടെ തീരുമാനം നടപ്പാക്കുക മാത്രമാണ് ചെയ്തത്.

ആംഗ്ലിക്കൻ സഹവാസത്തെക്കുറിച്ച് റമ്പാന്മാർ ഇരുവരും സംശയാലുക്കളായിരുന്നുവെന്ന് പിൽക്കാല തെളിവുകളുണ്ട്. *കണ്ടനാടു പടിയോല*പ്രകാരം ആണ്ടു തക്സാ *എഴുതി പകർത്തി* പ്രചരിപ്പിക്കാൻ നടപടി എടുക്കുന്നില്ലായെന്നാണ് പിൽക്കാലത്ത് അവർ പരാതിപ്പെടുന്നത്. അത് അച്ചടിക്കുന്നതിനെപ്പറ്റി പൂർണ്ണമായും നിശബ്ദത പാലിക്കുകയാണ്. അച്ചടിച്ച സുവിശേഷം കൈപ്പറ്റി ഒരു വർഷം കഴിഞ്ഞാണ് ഫീലിപ്പോസ് റമ്പാൻ ദിവംഗതനാകുന്നത് എന്ന വസ്തുതയും പരിഗണിക്കണം. തന്നെ കണ്ണംകോട്ടു രോഗക്കിടക്കയിൽ സന്ദർശിച്ച സഹപാഠി റാന്നി പുരയ്ക്കൽ തോമ്മാ കത്തനാർക്ക് ഫീലിപ്പോസ് റമ്പാൻ സമ്മാനിച്ച സുവിശേഷം ആ കുടുംബത്തിൽ ഇന്നും സൂക്ഷിച്ചിട്ടുണ്ട്. പിന്നീട് സെമിനാരിയിൽ *ഭിന്നമതാനുയായി* എന്ന നിലയിൽ റവ. തോമസ് നോർട്ടനെ താമസിപ്പിക്കാൻ വിസമ്മതിച്ച ഇട്ടൂപ്പ് റമ്പാന്റെ നടപടിയും ഇതോടൊപ്പം പരിഗണിച്ചാൽ അവർ ബുക്കാനനുമായി ചർച്ചചെയ്യാൻ സാദ്ധ്യത ഒട്ടുമില്ല.

എന്നാൽ അച്ചടി എന്ന മാധ്യമം നസ്രാണികൾക്ക് പരിചയപ്പെടുത്തിയത് ബുക്കാനനാണെന്നത് വാസ്തവമാണ്. താൻ സംവേദിച്ച കത്തനാർമാർ അച്ചടിച്ച ഗ്രന്ഥങ്ങൾ അതിനു മുമ്പ് കണ്ടിട്ടുണ്ടായിരുന്നില്ലായെന്ന് ബുക്കാനൻ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു പക്ഷേ വലിയ മാർ ദീവന്നാസ്യോസ് പോലും അച്ചടിച്ച ഒരു കൃതി ആദ്യമായി കാണുന്നത് ബുക്കാനന്റെ കൈയിലാവാനും സാദ്ധ്യതയുണ്ട്. എന്നാൽ നവീനമായ ഈ മാധ്യമത്തിന്റെ അനന്തസാദ്ധ്യതകൾ കുശാഗ്രബുദ്ധിയായ അദ്ദേഹത്തിനു മനസിലായി. ആ അവസരം മുതലാക്കുവാനും, ഐക്യകരാർ ഒപ്പിടുവാൻ വിസമ്മതിച്ചതിൽ ബ്രിട്ടീഷുകാർക്കുള്ള മുഷിച്ചിൽ അതുവഴി ഒരു പരിധിവരെയെങ്കിലും ഒഴിവാക്കുവാനും അദ്ദേഹം തീരുമാനിച്ചു എന്നു ചിന്തിക്കുന്നതിൽ തെറ്റില്ല. അങ്ങനെയാണ് തന്റെ മേൽനോട്ടത്തിൽ തന്റെ വിശ്വസ്തനും ബഹുഭാഷാ പണ്ഡിതനുമായ കായംകുളം ഫീലിപ്പോസ് റമ്പാനെ പരിഭാഷ ഏൽപ്പിക്കുന്നത്.

നസ്രാണിയും വേദപുസ്തക പരിഭാഷയും

വേദപുസ്തക പരിഭാഷ എന്ന പ്രകിയയെപ്പറ്റി പാശ്ചാത്യരുടെയും നസ്രാണികളുടേയും കാഴ്ച്ചപ്പാട് തികച്ചും വ്യത്യസ്തമാണ്. ഭാഷാ - വേദശാസ്ത്ര വിദഗ്ദരുടെ ഒരു കമ്മിറ്റി രൂപീകരിച്ച്, വിവിധ മൂലഭാഷാ പകർപ്പുകളുമായി താരതമ്യം ചെയ്ത് പരിഭാഷപ്പെടുത്തുക എന്നതാണ് പാശ്ചാത്യശൈലി. മലയാള പരിഭാഷയ്ക്ക് ബുക്കാനൻ വിഭാവനം ചെയ്തത് ഇത്തരമൊരു സംവിധാനമാണ്. എന്നാൽ നസ്രാണികളുടെ ശൈലി തികച്ചും വിഭിന്നമാണ്. മൽപ്പാന്മാർ ഒറ്റയ്ക്കു പരിഭാഷ ചെയ്യുക എന്ന രീതിയാണ് സമീപകാലം വരെയും നസ്രാണികൾ അവലംബിച്ചു വന്നിരുന്നത്. അതൊരു ദീർഘകാല പരിപാടിയും അല്ലായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ, കാരുചിറ ഗീവർഗീസ് റമ്പാൻ (പിന്നീട് മലങ്കരയിലെ രണ്ടാം കാതോലിക്കാ), ഇരുപതാം നൂറ്റാണ്ടിൽ മലങ്കര മല്പാന്മാരായ കോനാട്ട് മാത്തൻ കത്തനാർ, കോനാട്ട് ഏബ്രഹാം കത്തനാർ എന്നിവർ വേദപുസ്തക ഭാഗങ്ങൾ പരിഭാഷപ്പെടുത്തിയത് ഒറ്റയ്ക്കാണ്. സമീപകാലത്ത് പ്ശീത്താ മുഴുവനും കണിയാമ്പറമ്പിൽ കുര്യൻ കോർഎപ്പിസ്ക്കോപ്പാ ഭാഷാന്തരം ചെയ്തതും ഏകനായാണ്. ആരാധനക്രമങ്ങളുടെ കാര്യത്തിൽ ഈ സ്ഥിതിക്കു മാറ്റം വന്നത് മലങ്കര മല്പാന്മാരായ വട്ടശ്ശേരിൽ ഗീവർഗീസ് കത്തനാർ, കോനാട്ട് മാത്തൻ കത്തനാർ എന്നിവർ സംയുക്തമായി തയാറാക്കിയ 'ക്യംന്താ നമസ്ക്കാരം, വി. കുർബാനക്രമം' ഇവയുടെ പരിഭാഷയ്ക്ക് ഭാഷാശുദ്ധി വരുത്താൻ കവികളായ കണ്ടത്തിൽ വർഗീസ് മാപ്പിള, കൊട്ടാരത്തിൽ ശങ്കുണ്ണി എന്നിവരെ ചുമതലപ്പെടുത്തിയതോടെയാണ്.

ഈ പശ്ചാത്തലത്തിൽ പരിശോധിച്ചാൽ വലിയ മാർ ദീവന്നാസ്യോസ് കായംകുളം ഫീലിപ്പോസ് റമ്പാനെ പരിഭാഷ ഏൽപ്പിക്കുമ്പോൾ അതിനായി ഒരു വിദഗ്ദ സംഘമൊന്നും രൂപീകരിക്കാൻ ഇടയില്ല. റമ്പാൻ അന്ന് അദ്ദേഹത്തോടൊപ്പം കണ്ടനാട്ട് താമസിക്കുകയാണ്. അതിനാൽ തന്റെ അന്തേവാസികളെ റമ്പാനെ സഹായിക്കാൻ വലിയ മാർ ദീവന്നാസ്യോസ് ചുമതലപ്പെടുത്തി, അല്ലെങ്കിൽ സന്തത സഹചാരികളുടെ സഹായം റമ്പാൻ സ്വീകരിച്ചു എന്നു വരാം. അതിനപ്പുറം സൂക്ഷ്മപരിശോധന, ഒരു പക്ഷേ വലിയ മാർ ദീവന്നാസ്യോസിന്റെ ഒഴികെ, നടന്നിട്ടില്ല.

*നിരണം ഗ്രന്ഥവരി*യിലെ പരിഭാഷയുടെ വിവരണം ഇത് വ്യക്തമാക്കുന്നുണ്ട്. "... *റമ്പാൻ പൊരുൾ തിരിച്ചെഴുതുവാനായിട്ട് കുംഭ മാസം 18-നു മുതൽക്ക എഴുതിത്തുടങ്ങി. ഏവൻഗേലിയോൻ പുസ്തകം മത്തായി ശ്ലീഹായുടെ അറിയിപ്പ പൊരുൾ തിരിച്ച് എഴുതിയതിൽ പിന്നെ*

യത്രേ തമിഴ് പുസ്തകവും ആളും വന്നൊള്ളു. റമ്പാനത്രെ കടുദാസിൽ എഴുതുന്നത്. തിമ്മപ്പൻപിള്ള ഓലയിലെഴുതുകയും, തമിഴു കൊച്ചിട്ടി നോക്കുകയും എട്ടുനാളൊരിക്കൽ ഇത്രയെഴുതി എന്ന കൊച്ചിയിൽ എഴുത്തു ചെല്ലത്തക്കവണ്ണം ചട്ടംകെട്ടീട്ടത്രെ ബുക്കാനൻ പോയത. ഏവൻഗേലിയോൻ പ്രെക്കുസെസും പൊരുൾ തിരിച്ചതിന്റെ ശേഷം, ആയതു വങ്കാളത്തു കൊണ്ടുചെല്ലത്തക്കവണ്ണം എഴുതിവരികകൊണ്ടു തിമ്മപ്പൻപിള്ള കൊണ്ടുപോയി. ..."

മുകളിൽ ഉദ്ധരിച്ച ഭാഗം ഫീലിപ്പോസ് റമ്പാൻ അപ്പോസ്തോല പ്രവൃത്തികളും തർജ്ജമ ചെയ്തിരുന്നു എന്നു വ്യക്തമാക്കുന്നു. അച്ചടിക്കാത്ത ആ ഭാഗത്തിന്റെ ഗതി ആർക്കുമറിയില്ല. ഒരു പക്ഷേ ഇംഗ്ലണ്ടിലെ ബുക്കാനൻ ശേഖരത്തിൽ കാണുമായിരിക്കും. അന്വേഷിക്കേണ്ടിയിരിക്കുന്നു.

സഹായികൾ

മുകളിൽ ഉദ്ധരിച്ച ഭാഗം വേദപുസ്തക പരിഭാഷയിൽ കായംകുളം ഫീലിപ്പോസ് റമ്പാന് സഹായികൾ ഉണ്ടായിരുന്നു എന്നു വ്യക്തമാക്കുന്നു. ഇവിടെ പരാമർശിക്കുന്ന മാവേലിക്കര വലിയ പെരുമ്പിഴ കൊച്ചിട്ടി തരകൻ വലിയ മാർ ദീവന്നാസ്യോസിന്റെ വിശ്വസ്ത സഹയാത്രികനായിരുന്ന ഒരു നസ്രാണി പ്രമാണിയായിരുവെന്ന് ഇതര പരാമർശനങ്ങളുണ്ട്. അതേപോലെ അദ്ദേഹത്തിന്റെ മറ്റ് രണ്ട് സഹചാരികളായിരുന്നു അങ്കമാലി ചക്കരയകത്തൂട്ട് ഇട്ടൂപ്പ് കത്തനാരും, മുളന്തുരുത്തി കാട്ടുമങ്ങാട്ട് ഇട്ടിയവിരാ കത്തനാരും. ഇവരിൽ കാട്ടുമങ്ങാട്ട് ഇട്ടിയവിരാ കത്തനാർ ഒരു സുറിയാനി പണ്ഡിതനായിരുന്നു. അദ്ദേഹത്തെ വേദപുസ്തക പരിഭാഷയിൽ ഉൾപ്പെടുത്താൻ ബുക്കാനന് താല്പര്യമുണ്ടായിരുന്നു. ഇട്ടൂപ്പു കത്തനാർ ഇതിൽ വിമുഖനും. അദ്ദേഹത്തിന്റെ സുറിയാനി ഭാഷാ പ്രാവീണ്യത്തെപ്പറ്റിയും ബുക്കാനന്റെ താല്പര്യത്തെപ്പറ്റിയും *നിരണം ഗ്രന്ഥവരി*യിലെ പരാമർശനം താഴെ പറയുംപ്രകാരമാണ്.

"... *ഇങ്ങനെയിരിക്കുമ്പോൾ ചെങ്ങന്നൂർ ഇരുന്ന തോകൽക്കടുദാസുള്ള പഴമ പുസ്തകം ആളയച്ചു വരുത്തികൊടുത്തയച്ചാറെ, അറിയുന്നതിൽ ഒരു പട്ടക്കാരെ അയയ്ക്കണമെന്നും എഴുതി വരികകൊണ്ട കാട്ടുമങ്ങാട്ട് ഇട്ടിയവിരക്കത്തനാരെ പറഞ്ഞയച്ചു. അയാൾ ചെല്ലുന്നതിന് മുമ്പു ബാവായെ* (പരദേശി മാർ ദീയസ്ക്കോറോസ്) *ക്കാണിച്ച. ബായെനെക്കു നടപ്പില്ലാഴികകൊണ്ട ഒരു തങ്കരൂപായും കൊടുത്ത പറഞ്ഞയച്ചു. കാട്ടുമങ്ങാടൻ ചെന്നാറെ നല്ലവണ്ണം വായിച്ചു. അയാളെക്കൂടെ വങ്കാളത്തിനു കൊണ്ടുപോകണമെന്നു സിദ്ധാന്തമായിട്ടു പറഞ്ഞപ്പോൾ, ഞാൻ ചെന്ന മെത്രാപൌലിത്തായെ ബോധിപ്പിച്ചും കൊണ്ട കൊടങ്ങല്ലൂർ വരാമെന്നും*

പറഞ്ഞു പോരികയും ചെയ്തു. ... മകരമാസം 28 നു ബുക്കാനൻ കപ്പൽ കരേറി. കൊടുങ്ങല്ലൂർ ചെന്ന ഇട്ടിയവിരാ കത്തനാരെ അയയ്ക്കണമെന്നു എഴുതി വന്നു. ആയാൾ ഒളിച്ചു പോയി എന്നും, ഇനിയും പട്ടക്കാർക്ക ടുത്ത പ്രവൃത്തി ഒന്നും അയാളെക്കൊണ്ട് ചെയ്യിക്കയില്ലായെന്നും, നേരു കേട അയാൾ ചെയ്തതിന്ന അവസ്ഥപോലെ വിചാരിക്കുമെന്നും മറു പടി കൊടുത്തയച്ചാറെ, കപ്പൽ ഇപ്പോൾ നീക്കുമെന്നും, കത്തനാരോട ഒന്നും ചെയ്യരുതെന്നും, വിലക്കെരുതെന്നും ഏറ്റം കാര്യമായിട്ടും ഗുണ ദോഷമായിട്ടും കൊടുങ്ങല്ലൂർ നിന്ന് എഴുതി വന്നു. ...”

ഇതിനുശേഷമാണ് പരിഭാഷ നടത്താൻ വലിയ മാർ ദീവന്നാസ്യോ സിന്റെമേൽ തുടർച്ചയായി സമ്മർദ്ദം ചെലുത്തുന്നത്. ഇത് വ്യക്തമാക്കുന്ന വസ്തുത, മലയാളവും സുറിയാനിയും അറിയാവുന്ന ഒരാളെ കൽക്ക ട്ടായിൽ എത്തിച്ച്, പരിഭാഷ തന്റെ മേൽനോട്ടത്തിൽ നടത്തുക എന്നതാ യിരുന്നു ബുക്കാനന്റെ ആത്യന്തിക ലക്ഷ്യം. അതു പരാജയപ്പെട്ടതിനാ ലാണ് വീണ്ടും വലിയ മാർ ദീവന്നാസ്യോസിനെ ആശ്രയിച്ചത്.

കൊച്ചിട്ടി തരകനോടൊപ്പം ചക്കരയകത്തൂട്ട് ഇട്ടൂപ്പ് കത്തനാരോ, കാട്ടു മങ്ങാട്ട് ഇട്ടിയവിരാ കത്തനാരോ ഫീലിപ്പോസ് റമ്പാനെ പരിഭാഷയിൽ സഹായിച്ചിരിക്കാം. അവരെല്ലാം വലിയ മാർ ദീവന്നാസ്യോസിന്റെ അന്തേ വാസികളായിരുന്നു. ഏതായാലും ഏഴു മാസം കൊണ്ട് കായംകുളം ഫീലിപ്പോസ് റമ്പാൻ പരിഭാഷ പൂർത്തീകരിച്ച് കൽക്കട്ടായ്ക്ക് കൊടു ത്തുവിട്ടു.

സംഭാവന

കായംകുളം ഫീലിപ്പോസ് റമ്പാൻ മലങ്കര നസ്രാണികൾക്കു നൽ കിയ സംഭാവനകളിൽ രണ്ടാം സ്ഥാനം മാത്രമേ സുവിശേഷ പരിഭാ ഷയ്ക്ക് ഈ ലേഖകൻ നൽകുന്നുള്ളു. കാരണം അത് സഭയുടെ തീരു മാനം തന്റെ കഴിവനുസരിച്ചു നടപ്പിലാക്കുക എന്ന കൃത്യം മാത്രമായി രുന്നു. എന്നാൽ ഈ പരിഭാഷയുടെ പിന്നാലെ 1820 മുതൽ ആരാധനാ ക്രമ പരിഭാഷ ആരംഭിച്ചു എന്ന വസ്തുത തികച്ചും പ്രാധാന്യമുള്ളതാണ്.

കായംകുളം ഫീലിപ്പോസ് റമ്പാന്റെ സംഭാവനകളിൽ പ്രഥമ സ്ഥാനം 1809-ലെ *കണ്ടനാട് പടിയോല*യുടെ രൂപീകരണത്തിൽ അദ്ദേഹത്തിന്റെ നേതൃത്വവും, മലങ്കരയിലെ ആരാധനക്രമങ്ങളുടെ ഏകീകരണത്തിനുള്ള അക്ഷീണ പരിശ്രമവുമാണ്. മരണംവരെയും ഏകീകൃത ആരാധനക്രമ ങ്ങൾക്കുള്ള ഏറ്റവും നല്ല ഉപാധിയായ കേന്ദ്രീകൃത വൈദിക വിദ്യാഭ്യാ സത്തിനും അതിനുള്ള ഉപകരണമായ സെമിനാരി സ്ഥാപനത്തിനുമുള്ള നിരന്തര പ്രയത്നത്തിൽ മുഴുകിയിരിക്കുകയായിരുന്നു അദ്ദേഹം. ഈ യജ്ഞം പൂർത്തിയാവാൻ പിന്നീട് ഒരു നൂറ്റാണ്ടിലധികം വേണ്ടിവന്നു

എന്നതിനാൽ അദ്ദേഹത്തിന്റെ യത്നം വിഫലമായി എന്നു പറയാനാവില്ല.

മലയാള ഗദ്യം

കായംകുളം ഫീലിപ്പോസ് റമ്പാന്റെ സംഭാവനകളിൽ ശ്രദ്ധിക്കപ്പെടാതെപോയ ഒന്നുണ്ട്. അത് മലയാള ഗദ്യസാഹിത്യത്തിന് അദ്ദേഹം നൽകിയ സംഭാവനയാണ്. മലയാളത്തിലെ പദ്യസാഹിത്യം നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ വികസിച്ചുവെങ്കിലും ആധുനിക മലയാള ഗദ്യം പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ സംഭാവനയെന്നാണ് കണക്കാക്കുന്നത്. എന്നാൽ അവർ ചിത്രത്തിൽ പ്രവേശിക്കുന്നതിനു മുമ്പ് വിരചിതമായ *നിരണം ഗ്രന്ഥവരി*, അതേ കാലത്തെതന്നെ കായംകുളം ഫീലിപ്പോസ് റമ്പാന്റെ സുവിശേഷ തർജ്ജമ ഇവയെ ഗൗരവപൂർവം സാഹിത്യ ചരിത്രകാരന്മാർ പരിഗണിച്ചിട്ടില്ല. യാതൊരു പാശ്ചാത്യ സ്വാധീനമോ, ആ രീതിയിലുള്ള വിദ്യാഭ്യാസമോ, പാശ്ചാത്യ ഗദ്യസാഹിത്യത്തോടു പരിചയമോ ഇല്ലാത്ത നസ്രാണികൾ എഴുതിയ ഈ കൃതികൾ മിഷനറി - ഇതര മലയാള ഗദ്യത്തിന്റെ പുർവരശ്മികളായിത്തന്നെ പരിഗണിക്കപ്പെടേണ്ടതാണ്.

ഏതാണ്ട് ഇതേ കാലത്തു തന്നെ എഴുതപ്പെട്ട പാറേമ്മാക്കൽ തൊമ്മൻ കത്തനാരുടെ *വർത്തമാനപ്പുസ്തക*ത്തിന്റെ ഏറ്റവും വലിയ പരിമതി, അതിലെ വികൃതമാക്കപ്പെട്ട പാശ്ചാത്യ പദങ്ങളുടെ അതിപ്രസരമാണ്. ഫീലിപ്പോസ് റമ്പാന്റെ സുവിശേഷ തർജ്ജമ, *നിരണം ഗ്രന്ഥവരി* എന്നിവയിൽ പരകീയ പദങ്ങൾ ഇല്ലെന്നല്ല. പക്ഷേ, അവ സുറിയാനി മാത്രമാണ്. *ബാവാ, റൂഹാ* മുതലായ ഈ പദങ്ങളാകട്ടെ, അതേ രൂപത്തിൽ അന്നും ഇന്നും നസ്രാണികൾ ഉപയോഗിക്കുന്നതിനാൽ അവർക്ക് അപരിചിതങ്ങളല്ല താനും. ഈ വിഷയത്തിൽ ഗൗരവമായ ഭാഷാ പഠനം നടക്കേണ്ടിയിരിക്കുന്നു.

ഫീലിപ്പോസ് റമ്പാന്റെ സുവിശേഷ തർജ്ജമയിലെ സുറിയാനി വ്യാകരണത്തിന്റെ അതിപ്രസരം ഒരു പോരായ്മയായി പലരും ചൂണ്ടിക്കാട്ടുന്നുണ്ട്. മുകളിൽ സൂചിപ്പിച്ചതുപോലെ ആരാധനയിൽ വായിച്ചു കേൾക്കേണ്ട ഒന്നായി ആണ് ഓർത്തഡോക്സ് വിശ്വാസം വി. വേദത്തെ പരിഗണിക്കുന്നത്. അതാകട്ടെ സംഗീതാത്മകമായ ഒരു അവതരണവുമാണ്. ഉദാഹരണത്തിന് അന്നും ഇന്നും *കുർബാന ചൊല്ലുക* എന്നാണ് പറയുക. ആ താളാത്മകതയിൽനിന്നു വിഭിന്നമായ ഒന്ന് ഉൾക്കൊള്ളുവാൻ സമൂഹത്തിന് ബുദ്ധിമുട്ടുണ്ടാകും. അതിനാൽ പാടിപ്പതിഞ്ഞ അതേ ചട്ടക്കൂടിൽ പരിഭാഷയെ ക്രമപ്പെടുത്തിയതിൽ ഫീലിപ്പോസ് റമ്പാനെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ബ്രിട്ടീഷ് മിഷനറിമാർ വിഭാവനം ചെയ്തതു

പോലെ സുവിശേഷീകരണത്തിനല്ല റമ്പാൻ വിശുദ്ധ ഗ്രന്ഥം പരിഭാഷപ്പെടുത്തിയത്, നസ്രാണികളുടെ ഉപയോഗത്തിനായിരുന്നു.

രണ്ടാമതായി, ഗദ്യ വ്യാകരണം താരതമ്യം ചെയ്യുവാൻ മലയാളത്തിൽ അന്ന് എന്തുണ്ടായിരുന്നു എന്ന വസ്തുതയും കണക്കിലെടുക്കണം. അക്കാലത്തെ അറിയപ്പെടുന്ന ഏക ഇതര മലയാള ഗദ്യകൃതി *വെള്ളയുടെ ചരിത്ര*മാണ്. അതാകട്ടെ റമ്പാൻ കാണുന്ന പ്രശ്നവുമില്ല. ഫീലിപ്പോസ് റമ്പാന് പരിചിതമായ ഏക ഗദ്യശൈലി സുറിയാനി മാത്രമായിരുന്നു. അതിന്റെ സ്വാധീനം അദ്ദേഹത്തിന്റെ രചനകളിൽ കടന്നുകൂടിയതിൽ അത്ഭുതമില്ല.

മൂന്നാമതായി, പദത്തിനു പദം, വാക്കിനു വാക്ക്, അക്ഷരത്തിന് അക്ഷരം എന്നത് ഏതാണ്ട് ഇന്നും ആരാധനാ സാഹിത്യ പരിഭാഷയിൽ നസ്രാണികൾ നിർബന്ധമായും അനുവർത്തിക്കുന്ന രീതിയാണ്. ആ നിബന്ധനയിൽനിന്നു പുറത്തുവരിക ഫീലിപ്പോസ് റമ്പാന് അസാദ്ധ്യമായിരുന്നു. അദ്ദേഹം തന്നെ പരിഭാഷപ്പെടുത്തിയതെന്ന് വിശ്വസിക്കപ്പെടുന്ന ഇതര കൃതികളിൽ സുറിയാനി വ്യാകരണ സ്വാധീനം ഇത്രയധികമില്ല എന്നത് ഈ വാദം ശരിവയ്ക്കുന്നു.

ലിപി വിന്യാസം

ഫീലിപ്പോസ് റമ്പാന്റെ സുവിശേഷ പരിഭാഷ കണ്ടിട്ടുള്ളവർ ശ്രദ്ധിക്കുന്ന ഒന്നാണ് അതിലെ ചതുരവടിവിലുള്ള അക്ഷരങ്ങൾ. ഇന്ന് ഏതാണ്ട് അപ്രത്യക്ഷമായ ഈ ലിപിവിന്യാസം ഒരു കാലത്ത് കേരളത്തിൽ പ്രചുരപ്രചാരത്തിലിരുന്ന ഓലയിൽ നാരായം കൊണ്ട് എഴുതുന്ന ശൈലിയാണ്. നാരായംകൊണ്ട് വളവുകൾ കോറുക ക്ഷിപ്രസാദ്ധ്യമല്ല. അതിനാൽ കോണുകൾ ഉള്ള അക്ഷരശൈലി രൂപപ്പെട്ടു. ഫീലിപ്പോസ് റമ്പാനും സഹപ്രവർത്തകർക്കും പരിചിതമായ ഏക മലയാള ലിപിവിന്യാസം ഇതു മാത്രമായിരുന്നു. മാധ്യമം ഓലയിൽനിന്നും കടലാസിലേയ്ക്കും, രചനോപകരണം നാരായത്തിൽനിന്നും മഷി, തൂവൽ ഇവയിലേയ്ക്കും മാറിയിട്ടും, രണ്ടാമത്തെ രീതിയിൽ കൂടുതൽ സുഗമമായ രചനയ്ക്കുതകുന്ന കോണുകൾക്കു പകരം വളവുകളുള്ള ലിപി റമ്പാന്റെ പരിഭാഷയുടെ കാലത്ത് വികസിച്ചിരുന്നില്ല. കടലാസ് ദുർലഭമായിരുന്ന അക്കാലത്ത് അത്തരം ലിപിയുടെ ആവശ്യവും ഇല്ലായിരുന്നു.

ഉപസംഹാരം

മലയാള പരിഭാഷയും അച്ചടിയും, സെമിനാരിയും ആധുനിക വിദ്യാഭ്യാസവും, *കണ്ടനാടു പടിയോല* നിശ്ചയങ്ങൾ ഇവയിൽ പാദമുറപ്പിച്ചാണ് പത്തൊമ്പതാം നൂറ്റാണ്ടിലെ നസ്രാണി പുനർനിർണ്ണയ പ്രക്രിയ മുന്നേ

റിയത്. ആ പുനർനിർണ്ണയ പ്രക്രിയയിൽ നിന്നാണ് ആധുനിക നസ്രാണി രൂപംകൊള്ളുന്നത്. ഈ മൂന്ന് അടിസ്ഥാനങ്ങളുടേയും അതുല്യമായ പിന്നിലെ പങ്ക് കായംകുളം ഫീലിപ്പോസ് റമ്പാനെ ആധുനിക നസ്രാണി സമൂഹം സമൂഹത്തിന്റെ പിതൃസ്ഥാനികളിലൊരാളാക്കുന്നു എന്നത് നിസംശയമാണ്.

എന്നാൽ അർഹിക്കുന്ന ബഹുമാനം അദ്ദേഹത്തിനു ഇന്നു ലഭിക്കുന്നില്ല എന്നത് ഖേദകരമായ ഒരു സത്യമാണ്. 1835-ൽ യാത്രാ സൗകര്യം പരിമിതമായിരുന്ന കാലത്ത് മലങ്കര മെത്രാപ്പോലീത്തായായിരുന്നു കണ്ണംകോട്ടെത്തി അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാൾ നടത്തിയത്. അവിടെ നിന്നും താഴോട്ടാണ് അദ്ദേഹത്തിന്റെ സ്മരണ *വളർന്നത്*. അതോടൊപ്പം വിവിധ തലങ്ങളിലെ തമസ്ക്കരണവും. വിവിധ നാടുകളിൽ തനത് ഭാഷകളിൽ വേദം എത്തിച്ചവരെ പരിശുദ്ധന്മാരുടെ ഗണത്തിൽ ഉൾപ്പെടുത്തിയപ്പോഴാണ് ഫീലിപ്പോസ് റമ്പാനോടുള്ള ഈ അവഗണനയും തമസ്ക്കരണവുമെന്നത് ഭീകരമായ യാഥാർത്ഥ്യമാണ്.

നസ്രാണികൾക്കു മാത്രമല്ല, മലയാള ഭാഷയ്ക്കും, കേരള സംസ്ക്കാരത്തിനും അതുല്യമായ സംഭാവന നൽകിയ കായംകുളം ഫീലിപ്പോസ് റമ്പാന് വർത്തമാനകാലത്ത് പരിമിതമായ തോതിലെങ്കിലും ഒരു ഗുരുവന്ദന നടത്തിയത് ഡോ. സാമുവൽ ചന്ദനപ്പള്ളി മാത്രമാണ്. ചുരുങ്ങിയ സമയത്തിനുള്ളിൽ പരിമിതികൾക്കുള്ളിൽനിന്ന് അദ്ദേഹം രചിച്ച് 1997-ൽ പ്രസിദ്ധീകരിച്ച *കായംകുളം ഫീലിപ്പോസ് റമ്പാൻ: പ്രഥമ ബൈബിൾ വിവർത്തകൻ* എന്ന ലഘു കൃതി മാത്രമാണ് റമ്പാന്റെ സംഭാവനകളെപ്പറ്റിയുള്ള ഏക പഠനം.

ഋഷിപ്രോക്തനായ ഒരു യഥാർത്ഥ അവധൂതനായിരുന്നു കായംകുളം ഫീലിപ്പോസ് റമ്പാൻ. സ്വന്തം ജീവചരിത്രമോ, സ്മാരകങ്ങളോ, ഭൗതിക സമ്പാദ്യങ്ങളോ ശേഷിപ്പിക്കാതെ കടന്നുപോയ ഒരു സർവസംഗപരിത്യാഗി. പക്ഷേ, അദ്ദേഹം പോലുമറിയാതെ അദ്ദേഹം ശേഷിപ്പിച്ച ചില തിരുശേഷിപ്പുകളുണ്ട്. സമൂഹത്തിനായുള്ള അദ്ദേഹത്തിന്റെ സേവനങ്ങളാണ് അവ. ചരിത്രത്തിൽ പതിച്ച മായാത്ത മുദ്രകളാണ് ആ മഹാ സംഭാവനകൾ.

❑

കായംകുളം ഫീലിപ്പോസ് റമ്പാൻ ചരിത്രത്താളുകളിൽ

വർഗീസ് ജോൺ തോട്ടപ്പുഴ

വിവിധ ചരിത്ര കൃതികളിൽ കായംകുളം പീലിപ്പോസ് റമ്പാനെപ്പറ്റിയുള്ള പരമർശനങ്ങൾ കാലാനുക്രമമായി ഉദ്ധരിക്കുകയാണ്. ഇവയിൽ കാലികമായ തുടർച്ച പലയിടത്തും ഉണ്ടാവുകയില്ല. പല കൃതികളും ഉദ്ധരിക്കാൻ സാധിച്ചിട്ടുമില്ല.

റമ്പാൻ സ്ഥാനത്തേയ്ക്ക്

.... ഇങ്ങനെയിരിക്കുമ്പോൾ മിശിഹാകാലം 1794-ൽ കൊല്ലം 969-ാമാണ്ട് മേടമാസം 7 നു മാറിവാനിയോസ് എപ്പിസ്ക്കോപ്പാ കാലം ചെയ്ത് ചെങ്ങന്നൂർ തെക്കെകപറുങ്കൽ അടങ്ങുകയും ചെയ്തു. ഇദ്ദേഹം കാലം ചെയ്തതിന് തലേദിവസം പിസാ ആയിരുന്നു. അന്ന് അച്ചന്റെ അനന്തരവൻ മാത്തൻ കത്തനാർക്കും ബാബായുടെ കൂടെ നിന്ന പീലിപ്പോസ് കത്തനാർക്കും മെത്രാപോലിത്താ കുറുവാന ചൊല്ലി റമ്പസുഖം കൊടുത്തു. അവർ രണ്ടുപേരെയും നല്ലവണ്ണം ബാബാ കാൺകയും ചെയ്തു. അദ്ദേഹത്തിന്റെ കർമ്മങ്ങളും വേണ്ടും വണ്ണം കഴിച്ചു... (*നിരണം ഗ്രന്ഥവരി,* ഡോ. എം. കുര്യൻ തോമസ്, 2000, പേജ് 97, 98).

... ഇതിനിടയിൽ മാർ ഈവാന്യുസ എപ്പിസ്കോപ്പാ തന്റെ കൂടെ പാർത്തിരുന്ന കായംകുളത്തുകാരൻ പീലിപ്പൊസ കത്തനാർക്കും മാർ ദീവന്നാസ്യോസിന്റെ അനന്തരവൻ മാത്തൻ കത്തനാർക്കും റെമ്പത്വം കൊടുത്ത 1794ൽ ചെങ്ങന്നൂർ വച്ചു മരിച്ചു. ... (*ഒരു പ്രകരണം,* റെവറണ്ട ജി. കുര്യൻ പാദ്രി, 1872, പേജ് 66, 67).

... ഇതിനിടയിൽ മാർ ഇവാനിയോസ് എപ്പിസ്ക്കോപ്പാ തന്റെ ഒരുമിച്ചുനിന്നിരുന്ന കായംകുളത്തുകാരൻ പീലിപ്പോസ് കത്തനാർക്കും മെത്രാപ്പോലീത്തായുടെ അനന്തിരവൻ മാത്തൻ കത്തനാർക്കും റമ്പത്വം കൊടുത്തു. 1794-ന് കൊല്ലം 959 മേടം 7-ന് എപ്പിസ്ക്കോപ്പായും പെസഹായക്ക് തലേദിവസം മരിച്ച് ചെങ്ങന്നൂർ അടക്കപ്പെട്ടു. പിന്നീട് 1796-ന് കൊല്ലം 971-മേടം 24-ന് മാത്തൻ റമ്പാനെ എപ്പിസ്ക്കോപ്പാ സ്ഥാനത്തിൽ ചെങ്ങന്നൂർ വച്ച് മാർ ദീവന്ന്യാസിയോസ് മെത്രാപ്പോലീത്താ കഴലപ്പെടുത്തി. ... (*മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം,* പുകടിയിൽ ഇട്ടൂപ്പ് റൈട്ടർ, 1869, മൂന്നാം പതിപ്പ്, മോർ ആദായി സ്റ്റഡി സെന്റർ, 2004 പേജ് 162-163).

തച്ചിൽ മാത്തു തരകനുമായി ചർച്ച

... അതിൽ പിന്നെ തരകന്റെ ബുദ്ധി കടുത്തതല്ലാതെ ഒട്ടും കുറവില്ല. മെത്രാനെ ചെന്ന് കാണണമെന്നു ദിവൻജി അങ്ങൂന്ന് പറഞ്ഞിട്ടും കേട്ടില്ല. അതിൽ പിന്നെ തരകൻ വന്നുകണ്ടില്ല. ഇതു കാരണാൽ പലകൂട്ടം ചെലവും പ്രയത്നവും വേണ്ടിവന്നു. 29 ന് അസ്തമിച്ചു കാര്യക്കാർ പറ കകൊണ്ട് തരിയതു പല്ലക്കു കൊണ്ടുവന്നു. 12 മണിക്ക് പഴയങ്ങാടിയിൽ വന്ന് വള്ളം കരേറി നിരണത്തിനു പോരികയും ചെയ്തു. അവിടെ വന്ന കോപ്പുകളിൽ ഏതാനും മുറിയിലിട്ടേച്ച് പോന്നു. നിരണത്തടുത്തു. പീലി പ്പോസു റമ്പാച്ചനും മറ്റും പിന്നാലെ വന്നു (*നിരണം ഗ്രന്ഥവരി,* പേജ് 100).

പീഡനം

മേശെക്കു വയ്ക്കുന്ന വെൺമണി വർക്കിയെയും, സാധനം എഴുത്തു ശ്രാപിക്കൽ കൊച്ചുവറുക്കി മുതൽപേരെയും കൂട്ടിക്കൊണ്ടു ചെന്ന് പിടി ച്ചുകെട്ടി അടിപ്പിച്ചു. പിള്ളേരെയും പുത്തൻകാവിൽ നിന്നും വന്നതിൽ രണ്ടുമൂന്നു പേരെയും വിലങ്ങിട്ടു. പിന്നെയും പലകൂട്ടം ഞെരുക്കങ്ങൾ കത്തങ്ങളോടും പിള്ളേരോടും ചെയ്വാൻ തുടങ്ങുക കൊണ്ടും പീലി പ്പോസ് റമ്പാനെ വരുത്തി ഞെരുക്കം ചെയ്യണമെന്ന് പറകകൊണ്ടും, പുത്തൻകാവിൽ 16 വീട്ടിലും ചെങ്ങന്നൂർ 4 വീട്ടിലും പൂട്ടിക്കെട്ടി കാവൽ പാർക്കകൊണ്ടും, പുറമെനിന്നു വന്നിട്ടുള്ള കത്തങ്ങളും മാപ്പിളമാരും ചെങ്ങന്നൂരുള്ള മാപ്പിളമാരും ഒളിച്ചുപോകകൊണ്ടും, മതുക്കത്തൊട്ടും മാളികയിലോട്ടും ഒരുത്തരും കടക്കരുതെന്ന് ചട്ടം കെട്ടിയിരിക്കകൊണ്ടും, ഈ ദിവസത്തിൽ കഞ്ഞി കുടിയ്ക്കാകകൊണ്ടും കറുപ്പു തിന്നായ്ക യാലും പാരം വിശന്ന് മനസ്സു മുട്ടുകകൊണ്ടും, ജാതിയിലൊരുത്തരെ കാൺമാനിടവരാതെ ഏറിയ ഞെരുക്കം ചെയ്യിച്ച് നാണക്കേടു വരുത്ത ണമെന്നു ശത്രുക്കൾ നിശ്ചയിച്ചു തുടങ്ങിയിരിക്കകൊണ്ടും, കാരണവൻമാ രുടെ കാലത്തിലും 65 വയസ്സിന്നകവും ഇതിൽ വണ്ണമുള്ള ബുദ്ധിമുട്ടിന്നു സംഗതി വന്നിട്ടില്ലെന്നും, കത്തങ്ങളെയും മാപ്പിളമാരെയും പിള്ളേരെയും മതുക്കകത്തു കരേറ്റാതെ പാർക്കയാൽ പാരം വിശപ്പും ദാഹവും ഉണ്ടായി (*നിരണം ഗ്രന്ഥവരി,* പേജ് 103).

ദീയസ്കോറോസ്

... അവിടെ നിന്നും വീണ്ടും കണ്ടനാട്ടു വന്നു പാർക്കുമ്പോൾ മിശി ഹാകാലം 1806 ചെന്ന കൊല്ലം 981–മാണ്ടു കന്നിമാസം 18 ന് തിങ്കളാഴ്ച ദീയസ്ക്കോറോസാ മെത്രാപോലിത്തായും അന്തോനിയോസ് എന്ന ചെമ്മാശും കൂടെ കൊച്ചിയിൽ വന്നിറങ്ങി. മാത്തൂത്തരകന്റെ അനുജൻ മൽപാൻ ചെന്നു കണ്ടാറെ, അവരുടെ ആള് അല്ലാഴികകൊണ്ട്, 3 രൂപായും കൊടുത്ത് വൈപ്പിൽ കുഞ്ഞിചാക്കോയുടെ വീട്ടിൽ ഇറക്കിച്ചു.

അവിടെ നിന്നും എഴുതി വന്നാറെ പീലിപ്പോസ് റമ്പാനെയും വട ക്കെത്തലയും ഏതാനുംപേരെയും അയച്ചു അവരെ കണ്ട ഉടൻ റമ്പാന്റെ തലയിൽ കിടന്ന മദൗപ്പിസ എടുത്തുകൊണ്ട് സങ്കടം പറഞ്ഞ് വാങ്ങിച്ചു. റമ്പാൻ കണ്ടനാട്ടു വന്ന്. പിന്നെയും ആളയപ്പാൻ വിചാരിച്ചിരിക്കുമ്പോൾ മക്കാളിയെ കാൺമാൻ കൊല്ലത്തു ചെല്ലണമെന്നു ദളവാ അങ്ങത്തെ സാധനം വന്നു... (*നിരണം ഗ്രന്ഥവരി*, പേജ് 110).

കേണൽ മെക്കാളെയുമായി കൂടിക്കാഴ്ച

... മീന മാസം 28-ന് പുസ്തകങ്ങളും പഴമ എഴുതിയതും കൊടുത്ത യക്കണമെന്നു എഴുത്തു വന്നു. അന്നു പിസായും ദുഃഖവെള്ളിയാഴ്ചയും ആകകൊണ്ട് ചനിയാഴ്ച മറുപടി കൊടുത്തയച്ചു.

മേടമാസം 12-ന് ഒറയിത്തായും, ബെസമൌത്തായും, സ്പറുമൽ ത്തയും, നിവ്യൂസായും, ഏവൻഗെലിയും, എംകറുത്തായും, പ്രക്കുസെ സും, ഗെലിയാനായും ഇങ്ങനെ എട്ടു പൊസ്തകവും, പഴമ എഴുതിയതും കൂടെ പീലിപ്പോസു റമ്പാനും അങ്കമാലി ഇടുപ്പു കത്തനാരും പോഞ്ഞി ക്കര കൊണ്ട് ചെന്നുകൊടുത്തു. പഴയ കൂറ്റുകാരോട് വാങ്ങിച്ച പുസ്തകം ഇവരെ കാണിച്ചു. അവരു കൊടുത്ത തിൽ സ്പറുമെൽക്കെ എന്ന പുസ്തകം ഇല്ല. ഇതൊക്കെയും നോക്കട്ടെയെന്നും, നാലു തിയതിക്കകം ഞാൻ കണ്ടനാട്ടു മെത്രാപൌലിത്തായെക്കാൺമാൻ വരുന്നൂയെന്നും പറ ഞ്ഞയക്കയും ചെയ്തു.... (*നിരണം ഗ്രന്ഥവരി*, പേജ് 111)

.... 1807-ൽ ഡോ. ബുക്കാനൻ വീണ്ടും ദീവന്നാസിയോസിനെ സന്ദർ ശിച്ചപ്പോൾ കായംകുളം പീലിപ്പോസ് റമ്പാനാൽ മലയാളത്തിലേക്ക് പരി ഭാഷപ്പെടുത്തിയ സുറിയാനി സുവിശേഷങ്ങളുടെ ഒരു പ്രതി ബോംബേ യ്ക്ക് തന്നോടൊപ്പം കൊണ്ടുപോകുകയും 1811ൽ കുരിയർ പ്രസിൽ അച്ച ടിപ്പിച്ച് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ... (*ഇന്ത്യയിലെ സുറിയാനി സഭാചരിത്രം*, ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ്, പേജ് 237).

മട്ടാഞ്ചേരി മുറി

... ബാവാ ആഞ്ഞൂർ ചെന്നാറെ മട്ടാഞ്ചേരിമുറിയുടെ കാർയ്യം കൊണ്ടു അവർ തമ്മിൽ പിണങ്ങി. ബാവാ കണ്ടനാട്ടുവന്ന് മുറിയുടെ കടുദാസും കണക്കുകളും കൊടുത്തു. അതുകൊണ്ട് കൊച്ചിയിൽ കോട്ടയിൽ പ്ലവർ സായിപിന്റെ അടുക്കൽ ബോധിപ്പിച്ച് കാട്ടുമങ്ങാട്ടു ഇളയ ദേഹത്തെയും വരുത്തി കാര്യം കേട്ടാറെ മാർത്തോമാൻ മെത്രാന്റെ കടുദാസു മുദ്രിയ ഇട്ടു വരണമെന്നു കൽപന വരികകൊണ്ട് കടുദാസും കൊടുത്ത് പീലി പ്പോസു റമ്പാനും കൊച്ചിട്ടിയും ഇട്ടുപ്പുകത്തനാരും കൂടെ പോയി. കൊച്ചി

പ്പാർത്ത് കാര്യം കേട്ട് കാട്ടുമങ്ങാടനു സംഗതി ഇല്ലെന്നു വിധിച്ചു. അപ്രകാരം കടുദാസും തന്നു. ഇക്കടുദാസൊക്കെയും ബാവയുടെ കൈലത്രെ ഇരിക്കുന്നത്.... (*നിരണം ഗ്രന്ഥവരി*, പേജ് 111).

മലയാളം ബൈബിൾ

പൊസ്തകം പൊരുൾ തിരിച്ച് മലയാൺമയിൽ എഴുതിക്കണമെന്നു പലപ്പോഴും പറയുകയും എഴുത്തു വരികയും ചെയ്തതിന്ന്, തഞ്ചാവൂർ നിന്നും പഴമയും പുതുമയും തമിഴിൽ അച്ചടിച്ച പുസ്തകം വരുത്തി, ആയതും സുറിയാനിയിൽ ഇവിടെ എഴുതിയിട്ടുള്ള പുസ്തകങ്ങളും കൂട്ടി നോക്കണമെന്നും, ആയതിന് പൊരുൾ തിരിക്കുന്നവർക്കും എഴുത്തുകാർക്കും ശമ്പളം കൊടുക്കാമെന്നും പറഞ്ഞാറെ, ആയതു വേണ്ടായെന്നും ഇവിടെത്തന്നെ പൊരുൾ തിരിപ്പിച്ച് എഴുതിക്കാമെന്നും പറഞ്ഞതിന്റെശേഷം കൊച്ചിയിൽ നിന്നും തിമ്മപ്പൻ പിള്ള എന്ന ഒരു ചെട്ടിയെ ശമ്പളവും കൊടുത്ത് കണ്ടനാട്ടിന്നു പറഞ്ഞയച്ചു.

റമ്പാൻ പൊരുൾ തിരിച്ചെഴുതുവാനായിട്ട് കുംഭ മാസം 18 ന് മുതൽക്ക് എഴുതിത്തുടങ്ങി. ഏവൻഗേലിയോൻ പുസ്തകം മത്തായി ശ്ലീഹായുടെ അറിയിപ്പ് പൊരുൾ തിരിച്ച് എഴുതിയതിൽ പിന്നെയത്ര തമിഴ് പുസ്തകവും ആളും വന്നൊള്ളു. റമ്പാനത്രെ കടുദാസിൽ എഴുതുന്നത്. തിമ്മപ്പൻപിള്ള ഓലയിലെഴുതുകയും തമിഴ്, കൊച്ചിട്ടി നോക്കുകയും എട്ടു നാളൊരിക്കൽ ഇത്രയെഴുതി എന്ന് കൊച്ചിയിൽ എഴുത്തു ചെല്ലത്തക്കവണ്ണം ചട്ടംകെട്ടീട്ടത്രെ ബുക്കാനൻ പോയത്. ഏവൻഗേലിയോൻ പ്രെക്കുസെസും പൊരുൾ തിരിച്ചതിന്റെ ശേഷം, ആയതു വങ്കാളത്തു കൊണ്ടു ചെല്ലത്തക്കവണ്ണം എഴുതിവരികകൊണ്ടു തിമ്മപ്പൻപിള്ള കൊണ്ടുപോയി (*നിരണം ഗ്രന്ഥവരി*, പേജ് 113, 114).

... വിശുദ്ധവേദപരിഭാഷയെ സംബന്ധിച്ചു ശക്ത്യാനുസരണം വേണ്ടതു ചെയ്യാമെന്ന് മാർ ദീവന്നാസ്യോസ് പ്രതിജ്ഞ ചെയ്യുകയും അതിനെ അദ്ദേഹം യഥാശക്തി പാലിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ കായങ്കുളത്തു ഫീലിപ്പോസു റമ്പാനാൽ മലയാളത്തിലേക്കു ഭാഷാന്തരം ചെയ്യപ്പെട്ട നാലു സുവിശേഷങ്ങൾ പിന്നീട് ബോമ്പയിൽ അച്ചടിപ്പിച്ചു സുറിയാനിപ്പള്ളികളിൽ പ്രചരിപ്പിക്കുകയുണ്ടായി (*മാർ തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻ സഭ,* രണ്ടാം പതിപ്പ്, ഇ. എം. ഫീലിപ്പോസ്, 1951, പേജ് 193).

....(ബുക്കാനൻ) സഹസ്രവർഷത്തിലധികം പഴക്കമുള്ള തുകൽ കടലാസിൽ എഴുതിയ പഴമയും പുതുമയുമായുള്ള വേദവാക്യത്തിന്റെ പുസ്തകം താൻ കണ്ടനാട്ടു നിന്നു ദീവന്നാസ്യൊസ മെത്രാനൊടു വാങ്ങിച്ചുകൊണ്ടുപോയി അച്ചടിപ്പിച്ച സുറിയാനിക്കാർക്കു കൊടുത്തതും

കൂടാതെ സ്വഭാഷയിൽ പീലിപ്പൊസ റെമ്പാൻ തർജ്ജമ ചെയ്ത നാല ഏവൻഗേലിയൊനും മെൽപ്രകാരം തന്നെ ചെയ്യിപ്പിച്ചു കൊടുത്തു... (*ഒരു പ്രകരണം,* റെവറണ്ട ജി. കുര്യൻ പാദ്രി, 1872, പേജ്, 67).

... 46-ാം ലെക്കത്തിൽ പറയുമ്മണ്ണം ബൂക്കാനാൻ സായ്പ കണ്ട സമയം പറഞ്ഞതുപൊലെ, സുറിയാനിയിൽ നിന്നും ഏവൻഗെലി കായം കുളത്തുകാരൻ പീലിപ്പൊസ റമ്പച്ചനെ കൊണ്ടു പൊരുൾ തിരിപ്പിച്ചു കൊടുത്തയച്ചിരുന്നതു മലയാളത്തിൽ അച്ചടിപ്പിച്ചു 985-ാമാണ്ട വന്നു ചെർന്നതു പള്ളികൾക്കു തൊമ്മൻ മെത്രാൻ കൊടുക്കയും ചെയ്തു. ഏവൻഗെലി പൊരുൾ തിരിച്ചവനും, മാർ ൦രംവാന്യൊസ ബാവായുടെ ശിഷ്യനും ആയിരുന്ന പീലിപ്പൊസ റമ്പാൻ 986 മാണ്ട തുലാമാസം 26-നു മരിച്ചു കണ്ണൻകൊട്ടു പള്ളിയിൽ അടങ്ങി. ... (*ഇടവഴീക്കൽ ഫീലിപ്പോസ് കശീശായുടെ ഡയറി,* കൈയ്യെഴുത്ത്).

1794 വരെ, ... ഈയാണ്ടിൽ കായംകുളത്തുനിന്നുള്ള പീലിപ്പോസിനും ദീവന്നാസിയോസ് ഒന്നാമന്റെ കുടുംബത്തിൽ നിന്നുള്ള മാത്തൻ എന്ന യാൾക്കും ദയറാ വസ്ത്രം നൽകി....... പീലിപ്പോസ് റമ്പാനാകട്ടെ, നാലു സുവിശേഷങ്ങൾ സുറിയാനിയിൽ നിന്നും മലയാളത്തിലേക്ക് നാം പിന്നീട് കാണുന്നതു പോലെ തർജ്ജമ ചെയ്തു. 1814-ന് മുമ്പ് അദ്ദേഹം അന്തരിച്ചു ... (*ഇന്ത്യയിലെ സുറിയാനി സഭാചരിത്രം*, ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ്, പേജ് 224).

നിരണം യോഗം

... ബാവായുടെ എഴുത്തു വാക്കിലേറ്റമായിട്ടു പലതുമെഴുതിയിരിക്കു ന്നതു തുമ്പമൺ ഉള്ളതിൽ ഒരു മാപ്പിള കൊണ്ടുവന്ന് പീലിപ്പോസു റമ്പാൻ കണ്ടാറെ, സുറിയാനി വൈപ്പിന് പോരായെന്നു പറഞ്ഞു. ഇതിന് മറുപടി എഴുതുകയും, ആദേഹത്തെ അനുസരിക്കയും വേണ്ടായെന്ന് പള്ളിക്കാര നിശ്ചയിച്ചശേഷം, കാര്യങ്ങൾ വടക്കുപിറത്തുള്ള പള്ളിക്കാ രുടെ കൂടെ വന്നിട്ട് അറുവിക്കാമെന്നും നിശ്ചയിച്ച് എല്ലാപേരും പിരിഞ്ഞു. ....(*നിരണം ഗ്രന്ഥവരി*, പേജ് 116, 117).

മാർ ദീവന്നാസ്യോസിന്റെ അന്ത്യം

... അവസാന നാളുകളിൽ, സുവിശേഷങ്ങൾ മലയാളത്തിലേക്ക് പരി ഭാഷപ്പെടുത്തുന്നതിൽ വ്യാപൃതനായിരുന്നു അദ്ദേഹം (വലിയ മാർ ദീവ ന്നാസിയോസ്). തീക്ഷ്ണവാനായ കായംകുളം പീലിപ്പോസ് റമ്പാനെ ആ ജോലി ഏറ്റെടുക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. ദീവന്നാസി യോസിന്റെ മേൽനോട്ടത്തിൽ പീലിപ്പോസ് (റമ്പാൻ) ആ കർത്തവ്യം തുടർന്നു. ഡോ. ബുക്കാനൻ ബോംബെയിൽ അത് അച്ചടിപ്പിച്ച് സുറി

യാനിക്കാരുടെ ഇടയിൽ വിതരണം ചെയ്തു. ... (*ഇന്ത്യയിലെ സുറിയാനി സഭാചരിത്രം*, ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ്, പേജ് 242).

... 27 ന് വെള്ളിയാഴ്ച തേവലക്കര മൂത്ത വൈദ്യൻ വന്നു. അന്നു തന്നെ ദേശക്കാരുടെ പേർക്കു എടുത്തു കൊടുത്ത് രണ്ടുപേരെ കടമറ്റത്തിന്നയച്ചു. ഇനിയും വേണ്ടുന്നത് എത്തിക്കതന്നെയെന്നുറച്ച്, പീലിപ്പോസു റംപാശ്ചൻ കുപ്പായമിട്ട് ഉപ്പ്രിശ്മാ എത്തിക്കുമ്പോൾ 25 കത്തങ്ങൾകൂടെ ഒണ്ടായിരുന്നു. മിശിഹാ കാലം 1808 ൽ കൊല്ലം 983-ാ മാണ്ടു മീനമാസം 27-നു വെള്ളിയാഴ്ചനാൾ വല്യനുയമ്പിന്റെ നാല്പതാം ദിവസം ഇരുപത്തിരണ്ടര നാഴിക പുലർന്നപ്പോൾ മെഴുകുതിരികളും കത്തിച്ച് റമ്പാച്ചൻ സൈത്തും പൂശി വഴിക്കാലായും എത്തിച്ചു. കാലം ചെയ്തതിന്റെ ശേഷം ഉടൻ തന്നെ മുഖവും കൈയും കാലും കഴുകിച്ച്, കുപ്പായങ്ങളും ഇടുവിച്ച്, മുടിയും വച്ച്, സ്ലീവായും വടിയും പിടിപ്പിച്ച്, ധൂമവും വച്ച്, കസറമേൽ ഇരുത്തി. റംപാനും ശേഷം പട്ടക്കാരും പൊസ്തകം ചൊല്ലിത്തുടങ്ങി. ചനിയാഴ്ച 22-ന് മാളികയിൽ നിന്നും താഴെയിറങ്ങി.

രായും പകലും ഒറക്കൊഴിച്ചാലാലയും ഉത്സാഹത്താലയും പുന്നത്ര കുർയ്യൻ കത്തനാരു ഈ ശുദ്ധമാകപ്പെട്ടവനു വേണ്ടി ഏറിയ ചിറ്റാണ്മ ചെയ്തു. ഇതുകേട്ട് ബാവാ വല്യപെരുമ്പിഴ വന്നിരുന്നുംകൊണ്ടുഇങ്ങോട്ടുവരെട്ടെയെന്നു ആളയച്ചാറെ, വരണ്ടായെന്നു എല്ലാപേരും കൂടെ പറഞ്ഞയച്ചു. എന്നാറെ നാലു നാഴികപ്പകലെ ബാവായും കരിങ്ങാട്ടിൽ ചെമ്മാശും കൂടെ വന്ന് മദുബഹായിൽ കരേറിയിരുന്നു. വൈദ്യനെയും വല്യപെരുമ്പിഴയും വിളിച്ച് പലതും പറകയും, തെക്കെ വാതുക്കൽ മാപ്പിളമാരു കൂട്ടംകൂടി നിക്കെയും.

ഇങ്ങനെ കാൺകകൊണ്ടും നിരണത്തു രണ്ടു കവറ് ഒണ്ടായിരിക്കകൊണ്ടും, പുത്തൻകാവിനു കൊണ്ടുപോകെയെന്നുറച്ച് കവറു പണിത ആശാരിമാർക്കു മൂന്നുപേർക്കു 10-ചക്രവും സമ്മാനം 40 ചക്രവും, സ്ലീവാ മരം കൊണ്ട് തീർത്തതിനു 4 ചക്രവും, കാസായും പീലാസായും മെഴുകുകൊണ്ടു തീർത്തതിനു 4-ചക്രവും, ഇതൊക്കെയും നിരണത്തുകാരു കൊടുത്ത് പുത്തൻകാവിൽ നിന്നും വള്ളം വരുത്തി. മുണ്ടുമുറികളൊക്കെയും കൂടിയ ദേശക്കാരു വച്ചു പൂട്ടി മുദ്രിയ ഇടുവിച്ചു, വള്ളം കരേറ്റുവാൻ തുടങ്ങിയപ്പോൾ കൈമുത്തിക്കുന്നതിനു ബാവാ വന്ന് സ്ലീവാ എടുക്കകൊണ്ടു കൂടിയ കത്തങ്ങൾ വാങ്ങിക്കയും ചെയ്തു അന്നേരം തന്നെ ആ ദേഹം പുതിയകാവിനു പോയി.

കബറടക്കം

റംപാനും കൊച്ചിട്ടിയും നാലു കത്തങ്ങളും കൂടെ വള്ളത്തിൽക്കരേറി. പുത്തൻകാവിൽച്ചെന്ന് പിറ്റെദിവസം 27-നു ഒശാന ഞായറാഴ്ച ആക കൊണ്ടു കുരുത്തോല കൊടുത്ത് അടച്ചുതുറപ്പും കഴിച്ച് കുറുവാന കഴി ഞ്ഞശേഷം ഇരുപത്തിരണ്ടരക്കു കപറിലിറക്കി. പുത്തൻകാവിൽക്കാരുടെ പേർക്കു കൂടിയ ആളുകൾക്കു കഞ്ഞികൊടുത്തു. 30-ന് തിങ്കളാഴ്ച പത്തു നാഴിക രാച്ചെന്നപ്പോൾ ചെറിയച്ചനും, അയിപ്പു, കത്തനാരും തൊമ്മൻ കത്തനാരും വന്നു. 31-ന് ചൊവ്വാഴ്ച ഇരുപത്തിരണ്ടരയ്ക്കു കവറടയ്കുകയും ചെയ്തു. അന്നു കാലത്ത് ഇട്ടിയവിരാ കത്തനാരു പുത്തൻ കുറുവാന ചൊല്ലി. തൊമ്മൻ കത്തനാർ ചൊല്ലിയത്രെ അട ക്കിയത്. മേടമാസം 12-ന് പുതുഞായറാഴ്ച പുലകുളി കഴിക്കയെന്നു നിശ്ചയിച്ചു. പുത്തൻകാവിൽപ്പള്ളിക്കാർ 500 പറ അരിയും, കോട്ടയം മുതൽ ചാത്തന്നൂ വരെയുള്ള പള്ളിക്കാർക്കു അഞ്ഞൂറു രാശിക്കു കോപ്പു കൾക്കും വരിയിട്ട് സാധനവും എഴുതി. ഒപ്പിട്ടില്ലാ... (*നിരണം ഗ്രന്ഥവരി*, പേജ് 117, 118).

ദീയസ്കോറോസും ദളവയും

ഇതിന്റെ ശേഷം 83-ാമാണ്ട് ഇടവമാസം മുതൽക്കു ദളവായും മക്കാ ളിയും തമ്മിൽ നീരസം ഉറച്ചതു കാരണാൽ ഇക്കൂട്ടത്തിന്നു വെള്ളക്കാ രുമായിട്ടു ഒത്താശ ഉണ്ടെന്നും കുപ്പിണിയെ വരുത്തിയെന്നും ബാബാ ദളവായുടെ അടുക്കൽച്ചെന്ന് സങ്കടം പറകയും, ചെറിയച്ചൻ പട്ടം കൊടു ത്തതു കാരണാൽ കത്തങ്ങളും മാപ്പിളമാരും ഒന്നിനൊന്നായിട്ടു ദളവായെ ബോധിപ്പിക്കകൊണ്ടും, റമ്പാച്ചനു പള്ളികളിൽനിന്നും വരിയിട്ടു പണം പിരിച്ചു കൊടുത്തൂയെന്നും, ഇതൊക്കെയും വല്യപെരുമ്പിഴയും കുഞ്ഞാ ണ്ടിത്തരകനും കൊച്ചിട്ടിയും ചെയ്തിരിക്കകൊണ്ടു എല്ലാപേരെയും വരു ത്തണമെന്നും ഉത്തരവായി മാവേലിക്കര വല്യയജമാനനു എഴുതിവരി കകൊണ്ടു റമ്പാനും, കൊച്ചിട്ടിയും, വല്യപെരുമ്പിഴയും, നിരണം, ചെങ്ങു ന്നൂര്, പുത്തൻകാവ്, പുതിയകാവ് ഇന്നാലു പള്ളിത്തലെക്കാരും ചെല്ല ത്തക്കവണ്ണം ആളു വരികകൊണ്ടു 84-ാ മാണ്ടു തുലാമാസത്തിൽ ആല പ്പിഴെക്കൊണ്ടുപോയി... (*നിരണം ഗ്രന്ഥവരി*, പേജ് 119).

റമ്പാനും വേലുത്തമ്പിയും

... ദളവായുടെ പെട്ടകങ്ങൾ മക്കാളി ശോധന ചെയ്യിച്ച് 3000 പുവിരാ കന്റെ കടുദാസു എടുത്തുംകൊണ്ട് തങ്കച്ചേരി വന്ന് മെത്രാനിരിക്കുന്ന പുത്തൻകാവിൽ ആളയച്ചാറെ, പീലിപ്പോസു റംപാനും കൊച്ചിട്ടിയും കൂടെപോയി. കടുദാസും അവരുടെ പറ്റിൽ കൊടുത്ത് വർത്തമാനങ്ങളും പറഞ്ഞയക്കയും ചെയ്തു... (*നിരണം ഗ്രന്ഥവരി*, പേജ് 120).

ഏഴാം മാർത്തോമ്മായുടെ അന്ത്യം

... മാർ ദീവന്നാസ്യോസ് ബിഷപ്പിന്റെ അനന്തരവൻ മാർത്തോമ്മൻ ബിഷപ്പിന് (ഏഴാം മാർത്തോമ്മാ) രോഗം പിടിച്ച് പരവശമായപ്പോൾ തന്റെ അടുക്കൽ ഉണ്ടായിരുന്ന ചിലർ, 'ഇനി കടമറ്റത്ത് തൊമ്മൻ കത്തനാരെ വരുത്തി ഈ സ്ഥാനം കൊടുക്കണ'മെന്ന് ചിന്തിച്ചത് ദീനത്തിൽ കിട ക്കുന്ന ബിഷപ്പ് കേട്ടപ്പോൾ അരിശപ്പെടുകയും 'അയാൾ ഈ സ്ഥാന ത്തിന് തെരഞ്ഞെടുപ്പാൻ യോഗ്യന'ല്ലെന്ന് കല്പിക്കുകയും ചെയ്തു. നാലഞ്ചു ദിവസം കഴിഞ്ഞ് മെത്രാന് ദീനം കൂടുതലായി ബോധക്കേ ടായി കിടക്കുമ്പോൾ ചക്കരയകത്തൂട്ട് ഇട്ടൂപ്പ് കത്തനാർ (അങ്കമാലി) മുതൽപേർ രഹസ്യമായി മേലെഴുതിയ തൊമ്മൻ കത്തനാരെ വരുത്തി: 'ഇനി നമുക്കൊരു വേദത്തലവൻ വേണമല്ലോ. ഇയാളെ ഇപ്പോൾ മാർത്തോമ്മാ മെത്രാൻ എന്ന് പേർ വിളിക്കാഞ്ഞാൽ പലകൂട്ടം വൈഷമ്യം ഉണ്ട്' എന്ന് പറഞ്ഞതിനെ ആ ശേഖരത്തിലുള്ളവർ അനുസരിക്കുകയും അതിലേക്കു വേണ്ടുന്ന വട്ടംകൂട്ടുന്നതിനെ കണ്ട് കോനാട്ട് മല്പാനും മറ്റ് കത്തങ്ങളും കൂടെ 'ഈ കാര്യം ഒരു പ്രകാരവും ചെയ്തുകൂടാ' എന്ന് പ്രസ്താവിച്ചുകൊണ്ടിരിക്കുമ്പോൾ, സിദ്ധാന്തികളുടെ കൗശല ത്താൽ ആളുകൾ വന്ന്, 'അയ്യോ ബിഷപ്പ് മരിപ്പാറായി, വേഗത്തിൽ എല്ലാ വരും വരുവിൻ' എന്ന് വ്യസനധ്യൃതിയോടെ പറയുന്ന സ്വരം കേട്ട് മുറി ത്തട്ടേൽ നിന്ന് എല്ലാവരും ചമയപ്പുരയിൽ ചെല്ലുമ്പോൾ ഇട്ടൂപ്പ് കത്ത നാർ മുതൽപേർ തൊമ്മൻ കത്തനാരെ മെത്രാന്റെ ചമയങ്ങൾ ഇടുവിച്ച് മെത്രാന്റെ വിരലിൽ കിടന്ന വാഴ്ച മോതിരം ഊരിയെടുത്ത് അയാളുടെ വിരലിന്മേൽ ഇടുവിക്കുകയും പട്ടം കൊടുക്കയും 'സൈത്ത് റൂശ്മാ ചെയ്യാൻ വരട്ടെ' എന്ന് പറയുകയും ചെയ്തുകൊണ്ട് കട്ടിലിന്റെ അരികെ മുട്ടുകുത്തിച്ച് ബിഷപ്പിന്റെ കൈ ചക്കരയകത്തൂട്ട് ഇട്ടൂപ്പ് കത്തനാർ എടുത്ത് അദ്ദേഹത്തിന്റെ തലമേൽ വയ്ക്കുകയും ചിലർ വടിയും മുടിയും സ്ലീബായും കൊടുത്ത് ഏതാനും മൊഴികൾ ചൊല്ലി മാർത്തോമ്മാ എപ്പി സ്ക്കോപ്പാ എന്ന് സ്ഥാനപ്പേർ വിളിക്കുകയും വലതുകൈ മുത്തുവാൻ സംഗതിയാകാതെ ഇടതുകൈ മുത്തി മുട്ടിന്മേൽ നിന്ന് എഴുന്നേൽക്കു കയും ചെയ്തു. 'എന്തുകൊണ്ട് ഇപ്രകാരം ചെയ്യിക്കുന്നു' എന്ന് പീലി പ്പോസ് റമ്പാൻ മുതൽപേരോട് കൂടിയ ജനങ്ങളിൽ ചിലർ ചോദിച്ചാറെ, 'തന്റെയും മറ്റും ആലോചന കേൾക്കാതെ തന്നിഷ്ടമായി പ്രവർത്തി ക്കുന്നു' എന്ന് അത്രേ മറുപടി പറഞ്ഞത്. ബിഷപ്പുമാർ ശുദ്ധമാന കുർബ്ബാന ചൊല്ലുമ്പോൾ, കൂടെ മെത്രാന് സ്ഥാനം കൊടുക്കുകയും വാഴിക്കുന്ന മൊഴികൾ ചൊല്ലി ഈ സ്ഥാനം തികക്കേണ്ടതുമായിരിക്കു മ്പോൾ അതിന് സംഗതി വരാതെ ഇരിക്കുന്ന മുറയിൽ ഈ ആളിന്റെ സ്ഥാനം പുസ്തകവിധിയാൽ ശരിയല്ലാത്തതും അതിനാൽ അംഗീകരി

ക്കപ്പെടാവുന്നതുമല്ല എന്ന പ്രസ്താവം നീളേ പരക്കുന്നു.' (*മലയാള ത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം*, ഇട്ടൂപ്പ് റൈട്ടർ, പുറം 168.)

കണ്ടനാടു പടിയോല

... ഇതിനിടയിൽ ബാബായുടെ ചെന്മാശു വന്നു സൌത്താത്തിക്കോൻ ഇവിടെ ഇരുന്നതു കണ്ട് പകർത്തി അയാൾ കൊണ്ടു വന്നൂയെന്നും പറഞ്ഞ് കൊച്ചിയിൽചെന്ന് കപ്പൽ കരേറി പരദേശത്തിനുപോകയും ചെയ്തു. 84 -ാമാണ്ടു അച്ചന്റെ ഒരാണ്ടു വിടുകെക്കു പുത്തൻകാവിൽ വച്ചു പീലിപ്പോസു റംപാൻ മുതൽപേരും ചെറിയച്ചനുമായിട്ടു കുറ ഞ്ഞൊരു വഴക്കുണ്ടായി. ഇടവമാസത്തിൽ അദേഹം കണ്ടനാട്ടിനു പോയി. ദീനംവിശ്രമിച്ച് മിഥുനമാസം 22-ന് കാലം ചെയ്തു. തൊമ്മൻ കത്തനാരെ വരുത്തി സ്ഥാനം കൊടുത്ത് എല്ലാപേരും കൂടെ കാലം ചെയ്ത ദേഹത്തെ കോലഞ്ചേരിക്കൊണ്ടു ചെന്നു കവറടക്കി. പുലകു ളിയും കഴിച്ച്, നാൽപതാംദിവസം കണ്ടനാട്ടു വച്ച് കഴിക്കയെന്നു നിശ്ച യിച്ച്, പള്ളിക്കാരെ ഒക്കെയും അവിട വരുത്തി. കുന്നംകുളങ്ങരെ പുലി ക്കോട്ടിൽ ഇട്ടുപ്പു കത്തനാരു തൊമ്മൻ മെത്രാശ്ചനോടു റമ്പസുഖവും ഏറ്റ് അയാളുടെ അനന്തിരവൻ ഇട്ടുപ്പിനു പട്ടവും കൊടുപ്പിച്ച് യാക്കോ ബായെക്കാരുടെ മർയ്യാദപോലെ ഒക്കെയും നടന്നുകൊള്ളത്തക്കവണ്ണം എല്ലാ കാർയ്യങ്ങൾക്കും ഒരു പടിയോലയും എഴുതിവച്ച് 85-ാമാണ്ടു ചിങ്ങ മാസം മുതൽ ഒരു സംവത്സരം ഒരു വിധത്തിൽ നടന്നു. ... (*നിരണം ഗ്ര ന്ഥവരി*, പേജ് 120)

... മരിച്ചുപോയ മെത്രാന്റെ നാല്പതാം ദിവസത്തിന് പള്ളിക്കാർ എല്ലാ വരും കണ്ടനാട്ട് കൂടത്തക്കവണ്ണം സാധനം ചെന്നിരുന്നപ്രകാരം കൂടിയ പള്ളിക്കാരെക്കൊണ്ട് കൊല്ലം 985-ാമത് ചിങ്ങമാസം 1-ന് ഒരു പടിയോല എഴുതി ഒപ്പിട്ട് വാങ്ങിയും കൊണ്ട് മെത്രാന്റെ സ്ഥാനം നടത്തിത്തുട ങ്ങി...(*മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം*, ഇട്ടൂപ്പ് റൈട്ടർ, പേജ് 174)

... അപ്പോൾ കൂടിയവരെല്ലാം ഈ പടിയോലയിൽ ഒപ്പിട്ടുകൊടുത്ത ശേഷം മെത്രാനെ മോതിരം ഇടുവിച്ചു കുന്നംകുളങ്ങരക്കാരൻ പുലിക്കോ ട്ടിൽ ഇട്ടൂപ്പ് കത്തനാർക്ക് റമ്പത്വം കൊടുത്ത് ആ ദേഹത്തെയും കായം കുളത്തുകാരൻ ഫീലിപ്പോസ് റമ്പാനെയും മേലിൽ മെത്രാന്റെ കൂടെ കാര്യവിചാരത്തിനായി നിശ്ചയിച്ചും വച്ച് യോഗം പിരികയും ചെയ്തു. അതുപ്രകാരം 15-ന് ഞായറാഴ്ച പുലിക്കോട്ട് ഇട്ടൂപ്പ് കത്തനാർക്ക് റമ്പ ത്വവും മെത്രാന്റെ അനന്തിരവന് ശെമ്മാശ് പട്ടവും കൊടുത്തു. ഇട്ടൂപ്പ് റ മ്പാനും ഫീലിപ്പോസ് റമ്പാനും ഒന്നര സംവത്സരത്തോളം മെത്രാനോട്

ഒരുമിച്ച് കാര്യങ്ങളെ അന്വേഷിച്ചുവന്നു. പിന്നെ ചില സംഗതിവശാൽ നിരപ്പില്ലാതെ തീർന്നു ... (*മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം*, ഇട്ടൂപ്പ് റൈറ്റർ, പേജ് 176)

മെത്രാനും റമ്പാന്മാരും

... ഇദ്ദേഹത്തിന്റെ പ്രധാന എതിരാളികൾ തന്റെ ആലോചനക്കാരായി നിയമിക്കപ്പെട്ടിരുന്ന പീലിപ്പൊസു റംബാനും പുലിക്കോട്ടു ഇട്ടൂപ്പു റംബാനും ആയിരുന്നു... (*പ്രകരണം,* റെവറണ്ട കുരുവിള കുരുവിള പാദ്രി, 1872, പേജ് 83).

... എട്ടാം മാർ തോമായുടെ പ്രതിപക്ഷത്തുണ്ടായിരുന്ന നേതാക്കന്മാരുടെ കൂട്ടത്തിൽ, വലിയ മാർ ദീവന്നാസ്യോസ് റമ്പാൻസ്ഥാനം കൊടുത്ത് കൂടെ താമസിപ്പിച്ചിരുന്ന കായംകുളം പീലിപ്പോസു റമ്പാനും, കുന്ദംകുളങ്ങര പുലിക്കോട്ടിൽ ഇട്ടൂപ്പു മല്പാനും പ്രധാനന്മാരായിരുന്നു. ഏഴാം മാർ തോമായുടെ പുലകുളി - നാല്പതാം ദിവസം - അടിയന്തിരം അദ്ദേഹം അന്ത്യവിശ്രമം ചെയ്യുന്ന കോലഞ്ചേരിൽ പള്ളിയിൽ വച്ചല്ല, മരണം അടഞ്ഞ കണ്ടനാട്ടുവച്ചാണ് നടത്തിയത്. പുതിയ മെത്രാൻ എട്ടാം മാർ തോമായുടെ കല്പന അനുസരിച്ച് അടിയന്തിരത്തിൽ സംബന്ധിക്കാൻ ചെന്ന ആളുകൾ, ഒരു യോഗം കൂടി മേൽ നടപടികൾ സംബന്ധിച്ച് ഒരു പടിയോല എഴുതി. അങ്കമാലി തുടങ്ങി 54 പള്ളിക്കാർ അതിൽ ഒപ്പിട്ടു. 985 ചിങ്ങം 1-ാം തീയതി നടന്ന ആ യോഗം മെത്രാന്റെ സ്ഥാനാരോഹണം സംബന്ധിച്ച് ഉണ്ടായ അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞൊതുക്കി യോജിച്ചു മുമ്പോട്ടു പോകുന്നതിനായി, കായങ്കുളം പീലിപ്പോസ് റമ്പാനെയും, കുന്ദങ്കുളം ഇട്ടൂപ്പു കത്തനാരെ റമ്പാനാക്കി അദ്ദേഹത്തെയും മെത്രാന്റെ "കാര്യവിചാരക്കാരായി" നിയമിക്കുകയും മെത്രാനെ "മോതിരം ഇടുവിച്ച്" ഔപചാരികമായി സ്വീകരിക്കുകയും ചെയ്തു.

വൈദിക സ്ഥാനാർത്ഥികളെ സുറിയാനിയും മറ്റും പഠിപ്പിക്കുന്നതിനും അഭ്യസനം നൽകുന്നതിനും, തെക്കും വടക്കും ഓരോ പഠിത്തവീടുകൾ ഉണ്ടാക്കണമെന്നും, വിവരമുള്ള വൈദികരെ അവിടെ മല്പാന്മാരായി നിയമിക്കണമെന്നും മല്പാന്മാരുടെയും വിദ്യാർത്ഥികളുടെയും ചെലവു പള്ളികളിൽനിന്നു വരിപ്പണം പിരിച്ച് നടത്തണമെന്നും ഉള്ള അതിപ്രധാനമായ ഒരു നിശ്ചയവും കണ്ടനാട്ടു ചേർന്ന യോഗം ചെയ്തു.. ... (*മലങ്കര നസ്രാണികൾ*, വാല്യം മൂന്ന്, ഇസ്സഡ്. എം. പാറേട്ട്, കോട്ടയം, 1976, പേജ് 90-91)

... ഇതിമ്മണ്ണം പടിയോലയും എഴുതിവച്ച, മെത്രാനെ മോതിരവും ഇടുവിച്ച, ഐമോസ്യമായി കുന്നംകുളങ്ങര പുലിക്കോട്ടിൽ യൗസേപ്പ കശ്ശീശായ്ക്ക് റമ്പസുഖം കൊടുത്ത പീലിപ്പോസു റമ്പാനും ഇവർ രണ്ടു

പേരും മെത്രാന്റെ അടുക്കൽ പാർക്കത്തക്കവണ്ണവും പറഞ്ഞുവച്ച ഐമോസ്യമായി പിരികയും ചെയ്തു. മ്ശിഹാകാലം 1809-ാം ആണ്ട ചിങ്ങമാസം 15-നു ഞായറാഴ്ച പുലിക്കോട്ടിൽ യൗസേപ്പ് കശ്ശീശായ്ക്ക് റമ്പസുഖവും, അദ്ദേഹത്തിന്റെ അനന്തിരവനു ശെമ്മാശുപട്ടവും, കുറു പ്പംപടിക്കൽ അമ്മുറിയിൽ പൗലൂസ് ശെമ്മാശിനു കത്തനാർ പട്ടവും കൊടുത്തു. മാർത്തോമ്മാ മെത്രാനും റമ്പാന്മാർ രണ്ടുപേരും സൊരു മിച്ച് പാർക്കത്തക്കവണ്ണവും പറഞ്ഞ ബോധിച്ച യോഗക്കാർ പിരികയും ചെയ്തു.

ഇങ്ങനെ പാർത്തുവരുമ്പോൾ, പുലിക്കോട്ടു റമ്പാൻ കുന്നംകുളങ്ങ രയ്ക്ക് പോയി കിടങ്ങൻ കശ്ശീശായുമായിട്ട് പിണങ്ങി. കിടങ്ങൻ കശ്ശീ ശായോടു റമ്പാൻ ചെയ്തിരിക്കുന്ന നേരുകേട ഒക്കെയും കശ്ശീശാ മെത്രാന്റെ അടുക്കൽ സങ്കടം ബോധിപ്പിച്ചു. മെത്രാനും കശ്ശീശായും കൂടി കുറുപ്പംപടി പള്ളിയിൽ വന്നതിന്റെ ശേഷം, റമ്പാൻ കണ്ടനാട്ടു പള്ളിയിൽ എത്തിയപ്രകാരം കേൾക്കകൊണ്ടും, പീലിപ്പോസു റമ്പാനും പുലിക്കോട്ട് റമ്പാനും കുറുപ്പംപടിക്കൽ പള്ളിയിൽ എത്തത്തക്കവണ്ണം മാർത്തോമ്മാ മെത്രാൻ സാധനം കൊടുത്തയച്ചാറെ, പുലിക്കോട്ടിൽ റമ്പാൻ വരാതെയും പീലിപ്പോസ് റമ്പാൻ പള്ളിയിൽ വരികയും ചെയ്തു.

പുലിക്കോട്ടിൽ റമ്പാൻ സാധനം മറുത്ത പാർത്തുംകൊണ്ട കണ്ട നാട്ടു പള്ളിക്കാരെയും, മുളന്തുരുത്തി പള്ളിക്കാരെയും, കരിങ്ങാശ്ര പള്ളി ക്കാരെയും, നടമേൽ പള്ളിക്കാരെയും, കോലഞ്ചേരി പള്ളിക്കാരിൽ പാലാൽ കൊച്ചിട്ടനെയും, ഇത്രയും എടവകക്കാരെ സ്വാധീനം ആക്കി യുംകൊണ്ട അന്നു നാടുവാഴുന്ന മൺറോ ധ്വര അവർകളുടെ അടുക്കൽ ചെന്നു കണ്ടു ധ്വരയോട, മെത്രാന സ്ഥാനം തികഞ്ഞിട്ടില്ലെന്നും ഉള്ള ദൂഷ്യങ്ങളൊക്കെയും ഒന്നിനൊന്നായി ബോധിപ്പിച്ച ശട്ടംകെട്ടിയും കൊണ്ട തിരിച്ചു കണ്ടനാട്ടുവന്നു.

പള്ളിപ്രത്തുകാരൻ ചെറിയാൻ കുരിയതിനെ ഉടനായി കുറുപ്പംപടി ക്കൽ അയച്ച പീലിപ്പോസു റമ്പാനോട പറഞ്ഞു ബോധിപ്പിച്ച റമ്പാ നെയും കണ്ടനാട്ടു കൊണ്ടുപോയി. റമ്പാന്മാർ രണ്ടുപേരും മേലെഴുതിയ പള്ളിക്കാരും കൂടി ആലുവായിൽ മൺറോ ധ്വര അവർകളുടെ അടുക്കൽ എത്തിയപ്രകാരം കേൾക്ക കൊണ്ട് മൺറോ ധ്വരയും മെത്രാനുമായി കാണണമെന്നും മെത്രാൻ നിശ്ചയിച്ച, അങ്കമാലിയിൽ ചക്കരയകത്തൂട്ടു ഇട്ടൂപ്പ് കശീശായെയും കിടങ്ങൻ കശീശായെയും ധ്വരയുടെ അടുക്കൽ അയച്ചു.

അവർ ചെന്നു ധ്വരയെ കണ്ടു ബോധിപ്പിച്ചാറെ, മെത്രാൻ വരത്തക്ക വണ്ണം കല്പന ഉണ്ടാകകൊണ്ടു കൊല്ലം 86-ാമാണ്ടു കുംഭമാസം 27-നു

ധ്വരയുമായി കൂടിക്കാഴ്ച കഴിഞ്ഞാറെ, റമ്പാന്മാർ രണ്ടുപേരും ധ്വരയുടെ ബംഗ്ലാവിൽ ഉണ്ടായിരിക്കകൊണ്ടു റമ്പാന്മാർ രണ്ടുപേരെയും കൂടെ അയക്കണമെന്നു ധ്വരയോടു ബോധിപ്പിച്ചാറെ, ഉടനെ അയക്കാമെന്നു കല്പന ഉണ്ടായതല്ലാതെ അയച്ചതുമില്ല. പിന്നത്തേതിൽ ആ വഴക്കുസംഗതി ആയിട്ടു 86-ാമാണ്ടു മുതൽ 90-ാം ആണ്ടു വരെയും നെലക്കാമുക്കു മുതൽ നാലുദേശം വരെയും ധ്വരയുടെ അടുക്കൽ രണ്ടു പക്ഷത്തിലും ഉള്ള ആളുകളും റമ്പാനുംകൂടി നടന്നുകേട്ടു. അങ്ങനെ ഇരിക്കുമ്പോൾ പീലിപ്പോസ് റമ്പാൻ കഴിഞ്ഞ് കണ്ണംകൊട്ടു പള്ളിയിൽ അടങ്ങി. ...(*കരവട്ടു വീട്ടിൽ ശെമവോൻ മാർ ദീവന്നാസിയോസിന്റെ നാളാഗമം*, കൈയെഴുത്ത്).

... എന്നാൽ മെത്രാപ്പോലീത്താ പടിയോലയിൽ പറയുന്ന കാര്യങ്ങളിൽ താല്പര്യം വയ്ക്കാതെയും അന്ത്യോഖ്യായ്ക്ക് സാധനം അയക്കുന്നതിന് ഉത്സാഹിക്കാതെയും ചക്കര അകത്ത് ഇട്ടൂപ്പ് കത്തനാരുടെ ദുരാലോചന നിമിത്തം നൂതനമായി ചിലതൊക്കെയും നടത്തുവാൻ ആരംഭിക്കുകയാൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനും പീലിപ്പോസ് റമ്പാനും ഏതാനും ചില പള്ളിക്കാരും കൂടെ മെത്രാൻ പ്രവൃത്തിക്കുന്നത് ശരിയല്ലെന്ന് പ്രസ്താവം തുടങ്ങുകകൊണ്ട് മെത്രാനും ഇവരും രണ്ടുപക്ഷമായി തീർന്നു... (*മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം*, ഇട്ടൂപ്പ് റൈട്ടർ, പേജ് 176-177)

... പഠിത്വവീട് തീർപ്പിച്ച് അതിൽ പീലിപ്പോസ് റമ്പാനെ ആക്കി ഒരു പള്ളിക്ക് ഒരു കത്തനാരെയും ഒരു ശെമ്മാശനെയും ഒരു പൈതലിനെയും വീതം എങ്കിലും വരുത്തി പഠിത്വം തുടങ്ങേണ്ടത് ആവശ്യം എന്നും ആണ്ട് തക്സാ പുസ്തകം എഴുതി പരത്തുന്നതിന് ഒട്ടും താമസിച്ചുകൂടാ എന്നും പഠിത്വവീട് പണിക്ക് മുതൽ ഏതാനും ഇപ്പോൾ തയ്യാറുണ്ടെന്നു വരികിൽ രണ്ടുനാലുമാസത്തിനകം പണി തീർത്ത് പഠിത്വം തുടങ്ങാമെന്നും... അത്രെ ... (ഇട്ടൂപ്പ് റമ്പാൻ എട്ടാം മാർതോമ്മാ മെത്രാന് അയച്ച എഴുത്തിലെ താല്പര്യം - *മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം*, ഇട്ടൂപ്പ് റൈട്ടർ, പേജ് 180)

... എന്റെ കാരണവൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കായംകുളത്തുകാരൻ പീലിപ്പോസ് കത്തനാർക്ക് റമ്പത്വം കൊടുത്തു കൂടെ പാർപ്പിച്ചിരിക്കുകയും 983-ൽ കാരണവൻ കഴിഞ്ഞാറെ എന്റെ ജ്യേഷ്ഠൻ മാർ തോമ്മാ മെത്രാൻ കാര്യം വിചാരക്കയും 984 മിഥുനം വരെ അദ്ദേഹവും കഴിഞ്ഞുപോകയാൽ അനന്തരത്വം മുറയ്ക്ക് ഞാൻ ആ സ്ഥാനത്തിൽ കയറുകയും 985-ാമാണ്ട് ചിങ്ങത്തിൽ കുന്നംകുളങ്ങരെക്കാരൻ ഇട്ടൂപ്പ് കത്തനാർക്ക് റമ്പാന്റെ സ്ഥാനം ഞാനും കൊടുത്തു റമ്പാന്മാരെ ഇരുവരെയും നാം ചെറുപ്പമാകയാൽ ആലോചനയ്ക്കായി നമ്മുടെ

അടുക്കൽ പാർപ്പിക്കയും ചെയ്തിരിക്കുമ്പോൾ ഇട്ടൂപ്പ് റമ്പാൻ പീലിപ്പോസ് റമ്പാനെയും രണ്ടു മൂന്നു പള്ളിക്കാരെയും സ്വാധീനപ്പെടുത്തി കീഴ്മര്യാദയ്ക്ക് വിരോധമായി ചില മുറകൾ നടത്തുകയും ജനങ്ങളെ ഓരോ തരത്തിൽ പറഞ്ഞു വിഘടിപ്പിച്ചു കലഹം ഉണ്ടാക്കുവാൻ ശ്രമിക്കയും ചെയ്തുവരുന്നതിനാൽ സങ്കടമായിട്ട് തീർന്നിരിക്കുന്നു എന്നും ഇവരെ മെത്രാന്റെ വരുതി കെട്ട് നടപ്പാൻ തക്കവണ്ണം അമർച്ച വരുത്തി തരുന്നതിന് കല്പന ഉണ്ടാകണമെന്നും മറ്റും മെത്രാനും ഹർജ്ജികൾ ബോധിപ്പിച്ചാറെ വേദമര്യാദ ഇടപെട്ട് കാര്യങ്ങൾ കൊണ്ട് ഇരുഭാഗക്കാരും തമ്മിൽ നിരപ്പായി പോകുന്നതിനു കൂടി ആലോചിച്ചു നിരപ്പാകുന്ന വിവരത്തിന് സായ്പ് അവർകളെ അറിയിക്കണമെന്ന് കല്പിച്ച് യാത്ര പറഞ്ഞ് എല്ലാവരെയും അയച്ചു.

എന്നാൽ നിരപ്പിനുള്ള വഴി ഇരുഭാഗക്കാർക്കും ചിന്തിക്കാതെ ഓരോ പ്രകാരത്തിൽ പിന്നെയും ബോധിപ്പിച്ചു വരുന്ന മദ്ധ്യേ ജാതിമര്യാദ കൊണ്ട് വിചാരിച്ച് ഒരു സ്ഥിതി നിശ്ചയിപ്പാൻ വേണ്ടി സായ്പ് അവർകളുടെ കല്പന പ്രകാരം 986-ാമാണ്ട് മിഥുനമാസത്തിൽ മെത്രാനും പള്ളിക്കാരും റമ്പാന്മാരും ആ ശേഖരത്തിലുള്ളവരും മാവേലിക്കരെ കൂടി. ... (മാർത്തോമ്മാ എട്ടാമൻ കേണൽ മൺറോയ്ക്ക് അയച്ച എഴുത്തിലെ താല്പര്യം - *മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം*, ഇട്ടൂപ്പ് റൈട്ടർ, പേജ് 181-182)

... സഭയുടെ ഭരണത്തിൽ, കായംകുളം പീലിപ്പോസ് റമ്പാനും കുന്നംകുളം പുലിക്കോട്ടിൽ ജോസഫ് റമ്പാനും (മാർ) തോമാ എട്ടാമനെ സഹായിച്ചുകൊണ്ടിരുന്നു. .... തോമായുടെ അലസതയിൽ നിരാശരായ ജോസഫും പിലിപ്പോസും തോമായെ കൈവിട്ട് രണ്ട് എതിർസംഘങ്ങളായി പിരിഞ്ഞു. ... (*ഇന്ത്യയിലെ സുറിയാനി സഭാചരിത്രം*, ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ്, പേജ് 246)

മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം തുടർന്നുള്ള 11 പേജുകളിൽ (182 - 192) റമ്പാന്മാർക്ക് കേണൽ മൺറോ അയച്ച കല്പനയുടെ പകർപ്പ്, റമ്പാന്മാർ മുഖാന്തരം കേണൽ മൺറോയെ ബോധിപ്പിച്ച ഹർജിയിലെ താല്പര്യം, മെത്രാന്റെ പക്ഷത്തിലെ പള്ളിക്കാർ കേണൽ മൺറോയെ ബോധിപ്പിച്ച ഹർജി പകർപ്പ്, യൗസേഫ് റമ്പാനും ഫീലിപ്പോസ് റമ്പാനും കൂടി കേണൽ മൺറോയ്ക്ക് എഴുതിയ കത്ത് തുടങ്ങിയവ വിശദമായി വിവരിക്കുന്നു. (*വിസ്തരഭയത്താൽ അവ ഒഴിവാക്കുന്നു*)

ഫീലിപ്പോസ് റമ്പാന്റെ അന്ത്യം

... പിന്നത്തേതിൽ ഇട്ടൂപ്പു റമ്പാനും കിടങ്ങൻ കത്തനാരും തമ്മിലുള്ള

വിപദുകൊണ്ടു, ഇട്ടൂപ്പുറമ്പാൻ മെത്രാശ്ചനോടു പിണക്കമായി. കണ്ട നാട്ടു, മുളന്തുരുത്തി, കരിങ്ങൊച്ചിറ, നടമേൽ ഇങ്ങനെ നാലാറുപള്ളി ക്കാരെക്കൂട്ടി ഏറിയ വഴക്കായിട്ടു രണ്ടു പക്ഷത്തിൽ ആളുകളും കൂടി. പീലിപ്പോസു റമ്പാനയും ഇട്ടൂപ്പു റമ്പാൻ കൂട്ടി. പട കഴിഞ്ഞതിന്റെ ശേഷം രാജ്യവിചാരം മണ്രോൽ സായിപിനു ആകകൊണ്ടു, രണ്ടു പക്ഷക്കാരും ആദേഹത്തിന്റെ അടുക്കൽച്ചെന്ന് ആലുവാ മുതൽ മാവേലിക്കര, നിലെ ക്കാമുക്കു, കൊല്ലംവരയും കാർയ്യം കേൾക്കുകയും വിസ്തരിക്കയും ചെയ്തുവരുമ്പോൾ 87-ാ മാണ്ടു തുലാമാസം 28 ന് പീലിപ്പോസ് റമ്പാൻ കഴിഞ്ഞ് കണ്ണംകോട്ടു പള്ളിയിലടക്കി ... (*നിരണം ഗ്രന്ഥവരി*, പേജ് 120)

ഉപസംഹാരം

ഈ വിവരണങ്ങൾ തമ്മിൽ പലയിടത്തും പൊരുത്തക്കേടുകളുണ്ട്. എങ്കിലും അവ തിരുത്താൻ ശ്രമിച്ചിട്ടില്ല. അദ്ദേഹം റമ്പാൻസ്ഥാനം ഏറ്റ തീയതി 1794 ഏപ്രിൽ 17-നു പെസഹാ വ്യാഴാഴ്ച എന്ന് കൃത്യമായി പറയാം. നിര്യാണ തീയതി 986 തുലാം 26, 987 തുലാം 28 എന്നും രണ്ടു വിധത്തിൽ കാണുന്നുണ്ട്. രണ്ടാമത്തേതാണ് (1811 നവംബർ 9) ശരി യെന്നു കരുതുന്നു. യൂറോപ്യരല്ലാത്ത ഗ്രന്ഥകർത്താക്കൾ കായംകുളം പീലിപ്പോസ് റമ്പാനേയും, അദ്ദേഹത്തിന്റെ ബൈബിളിന്റെ പരിഭാഷയേ യും, ആ കാലഘട്ടത്തേയും എങ്ങനെ കാണുന്നു എന്നറിവാൻ അവ യഥാതഥമായി ചേർത്തിരിക്കുകയാണ്.

ആധാര ഗ്രന്ഥങ്ങളും രേഖകളും

1 *നിരണം ഗ്രന്ഥവരി,* ഡോ. എം. കുര്യൻ തോമസ്, 2000
2 *ഇടവഴീക്കൽ ഫീലിപ്പോസ് കശീശായുടെ ഡയറി,* കൈയ്യെഴുത്ത്
3 *കരവട്ടുവീട്ടിൽ ശെമവോൻ മാർ ദീവന്നാസിയോസിന്റെ നാളാഗമം,* കൈയെഴു ത്ത്
4 *മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം*, പുകടിയിൽ ഇട്ടൂപ്പ് റൈട്ടർ, 1869, മൂന്നാം പതിപ്പ്, മോർ ആദായി സ്റ്റഡി സെന്റർ, 2004
5 *പ്രകരണം,* റെവറണ്ട കുരുവിള കുരുവിള പാദ്രി, 1872
6 *ഒരു പ്രകരണം,* റെവറണ്ട ജി. കുര്യൻ പാദ്രി, 1872
7 *മാർ തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻ സഭ,* രണ്ടാം പതിപ്പ്, ഇ.എം. ഫീലിപ്പോസ്, 1951
8 *ഇന്ത്യയിലെ സുറിയാനി സഭാചരിത്രം*, അന്ത്യോഖ്യായുടെ പരിശുദ്ധ ഇഗ്നാത്തി യോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ 1952-നടുത്ത് അറബി യിൽ എഴുതിയത് - ഇംഗ്ളീഷ് പരിഭാഷ മത്തായി മൂസ - 2009, മലയാള പരി ഭാഷ ജേക്കബ് വർഗീസ് മന്നാക്കുഴിയിൽ - 2011
9 *മലങ്കര നസ്രാണികൾ*, വാല്യം മൂന്ന്, ഇസ്സഡ്. എം. പാറേട്ട്, കോട്ടയം, 1976.

❑

കായംകുളം ഫീലിപ്പോസ് റമ്പാന്റെ സുറിയാനി മെമ്രാകൾ

ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്

വൈവിദ്ധ്യമാർന്ന അനേകം കാര്യങ്ങളുടെ ഒരു സമാഹാരമാണ് കോനാട്ട് ഗ്രന്ഥപ്പുരയിൽ സൂക്ഷിച്ചിരിക്കുന്ന 154-ാം നമ്പർ സുറിയാനി കൈയെഴുത്തുപ്രതി. 17 സെന്റീമീറ്റർ നീളവും 10 സെന്റീമീറ്റർ വീതിയുമുള്ള 287-ഓളം താളുകൾ (folios) അടങ്ങിയ ഒരു കൈയെഴുത്തു പ്രതിയാണിത്. "ഇൻഡ്യയിലെ സുറിയാനിക്കാരുടെ മെത്രാനായിരുന്ന മാർ ഇവാനിയോസ്" രചിച്ച സഭയുടെ പാരമ്പര്യങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും സംബന്ധിക്കുന്ന വിവരണമാണ് ആദ്യഭാഗത്ത് നൽകിയിരിക്കുന്നത്. പോർട്ടുഗീസുകാരുടെ ആഗമനത്തോടെ റോമൻ കത്തോലിക്കാസഭ മലങ്കരയിൽ നടപ്പാക്കാൻ ശ്രമിച്ച ചില പാരമ്പര്യങ്ങൾക്കെതിരെയുള്ള പഠിപ്പിക്കൽ കൂടിയാണ് ഈ വിവരണം. തുടർന്ന് മാർ അപ്രേമിന്റെ ഉപദേശങ്ങൾ, മാർ യാക്കോബിന്റെ ഏതാനും മെമ്രാകൾ, ശക്രുള്ളാ മപ്രിയാനയുടെ വരവിന്റെ ചരിത്രം മുതലായ രേഖകളും ഈ കൈയെഴുത്തു പ്രതിയിൽ കാണാം.

കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ (1829 - 1885) ആണ് പുസ്തകം സമ്പാദിച്ചത്. പല ആളുകൾ പല കാലങ്ങളിൽ എഴുതിയ വിവരണങ്ങൾ പിന്നീട് ഒരുമിച്ചുകൂട്ടി കുത്തിക്കെട്ടിയതായി തോന്നുന്നു. അതിനാൽ കൈയെഴുത്തുപ്രതി ആരു പകർത്തി എന്നു പറയാൻ കഴിയുന്നില്ല. ചില ഭാഗങ്ങൾ മാർ യൂലിയോസ് തന്നെ എഴുതിയതാകാം.

ഈ കൂട്ടത്തിൽ 130-ാം താളു മുതൽ കാണുന്ന രേഖയാണ് ഈ ഗ്രന്ഥത്തിൽ തർജ്ജിമ ചെയ്ത് പ്രസിദ്ധീകരിക്കുന്നത്. "മലങ്കരയിലെ ഫീലിപ്പോസ് റമ്പാൻ മാർ അപ്രേമിന്റെ രാഗത്തിൽ രചിച്ച ലേഖനത്തിന്റെ പകർപ്പ്" എന്ന തലക്കെട്ടോടെയാണ് ഈ ഭാഗം ആരംഭിക്കുന്നത്. തുടർന്ന് "മറ്റൊരു ലേഖനത്തിന്റെ പകർപ്പ്" എന്ന തലക്കെട്ടോടെ മാർ യാക്കോബിന്റെ രാഗത്തിൽ ഒരു കവിത കാണുന്നു (137-ാം താളു മുതൽ). തുടർന്ന് 142-ാം താളു മുതൽ "മാർ യാക്കോബിന്റെ രാഗത്തിൽ മറ്റൊരു ലേഖനത്തിന്റെ പകർപ്പ്" എന്ന തലക്കെട്ടോടെ മൂന്നാമത് ഒരു കവിതയും കാണുന്നു. ഇവയിൽ ആദ്യ കവിത മാത്രമേ ഫീലിപ്പോസ് റമ്പാൻ രചിച്ചത് എന്ന് എടുത്തു പറയുന്നുള്ളു എങ്കിലും പിന്നാലെ വരുന്നവയും അദ്ദേഹത്തിന്റേതു തന്നെയെന്ന് അനുമാനിക്കാം. ലളിതമായ സുറിയാനി

ഭാഷയിൽ പ്രൗഢഗംഭീരമായി രചിക്കപ്പെട്ടിട്ടുള്ളവയാണ് മൂന്നു കവിതകളും.

വേദപുസ്തക വിവർത്തന രംഗത്ത് വലിയ ഒരു സംഭാവന നല്കിയിട്ടുള്ള ആളായിരുന്നല്ലോ ഫീലിപ്പോസ് റമ്പാൻ. 1811-ൽ പ്രസിദ്ധീകരിച്ച ആദ്യ മലയാള വേദപുസ്തകത്തിന്റെ വിവർത്തനം ആരംഭിക്കുന്നതിനു മുമ്പുതന്നെ ഫീലിപ്പോസ് റമ്പാൻ സ്വന്ത നിലയിൽ ഒരു വിവർത്തനം നടത്തിയിരുന്നിരിക്കണം. അത് പരിശോധിച്ച് അന്തിമരൂപത്തിൽ എത്തിക്കുകയായിരുന്നിരിക്കണം ഔദ്യോഗിക വിവർത്തന സംഘം ചെയ്തത്. സുറിയാനി വേദപുസ്തകം പോലും അതിന്റെ മുഴുവൻ രൂപത്തിൽ ദുർലഭമായിരുന്ന ഒരു കാലത്താണ് അദ്ദേഹം ജീവിച്ചിരുന്നത് എന്ന് ഓർക്കണം.

പാമ്പാക്കുട ഗ്രന്ഥശേഖരത്തിൽ പഴയനിയമം മുഴുവനും അടങ്ങുന്ന വേദപുസ്തകം ഇല്ലാതിരുന്നതിനാൽ കോനാട്ട് അബ്രഹാം മല്പാൻ ഒന്നാമൻ (1780–1865) ഫീലിപ്പോസ് റമ്പാന്റെ അടുക്കൽ ചെന്നു താമസിച്ച് വേദപുസ്തകം പകർത്തിയതായി ഒരു കഥയുണ്ട്. വായിക്കാനെന്ന വ്യാജേന റമ്പാന്റെ കൈയിൽ നിന്ന് പുസ്തകം കരസ്ഥമാക്കിയ മല്പാൻ, രാത്രികാലങ്ങളിൽ റമ്പാന്റെ കണ്ണുവെട്ടിച്ച് അതു പകർത്തുവാൻ ആരംഭിച്ചു. താമസിയാതെ തന്നെ മല്പാന്റെ "കള്ളക്കളി" റമ്പാൻ കണ്ടുപിടിച്ചു. എന്നാൽ ഭാഷയോടും വേദപുസ്തകത്തോടുമുള്ള അതിതാല്പര്യം കൊണ്ടാണല്ലോ ഇപ്രകാരം ചെയ്തത് എന്ന ബോദ്ധ്യം റമ്പാനെ സന്തോഷവാനാക്കി. പുസ്തകം പാമ്പാക്കുട കൊണ്ടുവന്ന് സൗകര്യപൂർവ്വം മുഴുവനും പകർത്തുവാൻ റമ്പാൻ അനുവദിക്കുകയും ചെയ്തു.

എന്നാൽ കോനാട്ട് മല്പാന്മാരിൽ വേദപുസ്തക തർജ്ജമയ്ക്ക് പ്രാധാന്യം നല്കിയത് മാത്തൻ കോറെപ്പിസ്ക്കോപ്പാ ആയിരുന്നു (1860–1927). വേദപുസ്തകം മുഴുവൻ തർജ്ജമ ചെയ്യണമെന്ന ആഗ്രഹത്തോടെ അദ്ദേഹം ആരംഭിച്ച ബ്രഹത് പദ്ധതി പൂർത്തീകരിക്കുവാൻ അദ്ദേഹത്തിനായില്ല. ആദ്യം മത്തായിയുടെ സുവിശേഷം മാത്രം പൂർത്തീകരിച്ച് 1908-ൽ അത് മലയാള മനോരമ പ്രസിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചു. പിന്നീട് പുതിയനിയമം മുഴുവനും തർജ്ജമ ചെയ്തിരുന്നു എങ്കിലും, അതു പ്രസിദ്ധീകരിച്ചത് അദ്ദേഹത്തിന്റെ കാലശേഷം സ്വപുത്രൻ കോനാട്ട് അബ്രഹാം മല്പാൻ ദ്വിതീയനും പ. ബസേലിയോസ് ഔഗേൻ കാതോലിക്കാബാവായും ചേർന്നാണ്. അദ്ദേഹം തർജ്ജമ ചെയ്ത അപ്പോക്രിഫാ ഗ്രന്ഥങ്ങൾ ഇന്നും പ്രസിദ്ധീകരിക്കപ്പെടാതെ അവശേഷിക്കുന്നു.

സുറിയാനി ഭാഷയ്ക്കും മലയാളത്തിലേക്കുള്ള വിവർത്തന സാഹിത്യത്തിനും വലിയ സംഭാവനകൾ നല്കിയിട്ടുള്ള ആളാണ് കായംകുളം ഫീലിപ്പോസ് റമ്പാൻ. അദ്ദേഹത്തെ മലങ്കരസഭയ്ക്ക് ഒരുനാളും വിസ്മരിക്കാനാവില്ല.

(മെമ്രാകളിൽ രണ്ടെണ്ണത്തിന്റെ ഗദ്യ പരിഭാഷ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട് - എഡിറ്റർ)

❑

ഫീലിപ്പോസ് റമ്പാന്റെ അന്ത്യവിശ്രമം: അടൂർ കണ്ണംകോട് കത്തീഡ്രൽ

കായംകുളം ഫീലിപ്പോസ് റമ്പാൻ: കാലവും ജീവിതവും

ഫാ. മാത്യു വർഗ്ഗീസ് അടൂർ

മലങ്കരസഭാചരിത്രം പോരാട്ടങ്ങളുടേയും വ്യവഹാരങ്ങളുടേയുമാണ്. ചരിത്രരചനാസംവിധാനങ്ങളോട് പാരമ്പര്യമായിട്ടുള്ള വിമുഖത മലങ്കര നസ്രാണിയുടെ ഭൂതകാല യാഥാർത്ഥ്യങ്ങളെ ഇരുളണിയിക്കുന്നു. ഇങ്ങനെ ചരിത്രധാരയിൽ അജ്ഞാതനായിതീർന്ന വ്യക്തിത്വമാണ് കായംകുളം ഫീലിപ്പോസ് റമ്പാനുള്ളത്. മലയാളഭാഷയിൽ ആദ്യമായി അച്ചടിച്ച വേദപുസ്തകം പരിഭാഷ ചെയ്ത ഫീലിപ്പോസ് റമ്പാന്റെ ജീവിതത്തെ സംബന്ധിച്ച് ദീർഘമായ ചരിത്രരേഖകൾ കണ്ടെടുക്കേണ്ടതാണ്.

കായംകുളം ഫീലിപ്പോസ് റമ്പാനെ സംബന്ധിച്ച് നാമമാത്രമായ വിവരങ്ങൾ പകർന്നുതരുന്നത് മലയാളത്തിലെ ആദ്യ ചരിത്രഗ്രന്ഥമായ *നിരണം ഗ്രന്ഥവരി*യിൽ നിന്നാണ്. അതും ഭാഗികമാണ്. മറ്റൊന്ന് ഫീലിപ്പോസ് റമ്പാച്ചന്റെ 185-ാം ചരമവാർഷികത്തോടനുബന്ധിച്ച് ഡോ. സാമുവൽ ചന്ദനപ്പള്ളി 1997-ൽ പ്രസിദ്ധീകരിച്ച 'കായംകുളം ഫീലിപ്പോസ് റമ്പാൻ പ്രഥമ ബൈബിൾ വിവർത്തകൻ' എന്ന ഗ്രന്ഥമാണ്.

ജീവിതം

കായംകുളം ഫീലിപ്പോസ് റമ്പാന്റെ ജനനം, വിദ്യാഭ്യാസം എന്നിവയെപ്പറ്റി കാര്യമായ വിവരങ്ങൾ ലഭ്യമല്ല. പുരാതന ക്രൈസ്തവ കേന്ദ്രമായിരുന്ന കായംകുളം ആയിരുന്നു അദ്ദേഹത്തിന്റെ സ്വദേശം. കായംകുളം മാർക്കറ്റ് റോഡിലുള്ള മണങ്ങനഴിയത്ത് കുടുംബത്തിലാണ് അദ്ദേഹത്തിന്റെ ജനനം. പിതാവ് ഫീലിപ്പോസും മാതാവ് കായംകുളം 'പൊൻവാണിഭ'ത്തിൽ കോശി തരകന്റെ പുത്രി ആച്ചിയമ്മയുമായിരുന്നു.

പതിനെട്ടാം നൂറ്റാണ്ടിലെ സാമൂഹികസ്ഥിതിയനുസരിച്ചുള്ള വിദ്യാഭ്യാസം അദ്ദേഹം നേടി എന്നനുമാനിക്കാം. വിജ്ഞാനസമ്പാദനത്തിലും, ബുദ്ധിശക്തിയിലും മികവും കാട്ടിയ ബാല്യകൗമാരമായിരുന്നു ഫീലിപ്പോസിനുണ്ടായിരുന്നത്. ആദ്ധ്യാത്മികനിറവ് അദ്ദേഹത്തിലുണ്ടായിരുന്നത് പരിപോഷിപ്പിക്കുവാൻ ശ്രമിച്ചിരുന്നു. വിദ്യാഭ്യാസാനന്തരം വൈദികവിദ്യാഭ്യാസത്തിനായി ഫീലിപ്പോസ് തയ്യാറായി. അക്കാലത്തെ സ്ഥിതിയനുസരിച്ച് മല്പാൻ പാഠശാലകളിൽ സുറിയാനിയും ആരാധനാവിജ്ഞാനീയവും അദ്ദേഹം കൈവശമാക്കി. സുറിയാനിഭാഷയിൽ ശ്രേഷ്ഠമായ ജ്ഞാനം സമ്പാദിക്കുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. പ്രമുഖരായ

സുറിയാനിഭാഷാ പണ്ഡിതന്മാരിൽ നിന്ന് അഭ്യസനം നേടി. അതോടൊപ്പം മലയാളം, തമിഴ്, സംസ്കൃത ഭാഷകളിലും അവഗാഹം നേടി. വേദപുസ്തകവും മറ്റ് ആരാധനാക്രമങ്ങളും പകർത്തിയെഴുതുക എന്നത് അക്കാലത്തെ മല്പാൻ വിദ്യാഭ്യാസത്തിന്റെ ഭാഗമായിരുന്നത് ഫീലിപ്പോസും നിർവഹിച്ചു. യഥാകാലം ശെമ്മാശ്, കശ്ശീശാ പട്ടങ്ങൾ സ്വീകരിച്ച ഫീലിപ്പോസ് സുറിയാനിഭാഷാ പണ്ഡിതൻ എന്ന ഖ്യാതി നേടുകയും ചെയ്തു.

ഫീലിപ്പോസ് കത്തനാരുടെ അസാധാരണമായ കഴിവും, അപാരമായ പാണ്ഡിത്യവും അനുഭവിച്ചറിഞ്ഞ ആറാം മാർത്തോമ്മാ അദ്ദേഹത്തെ 1794 ഏപ്രിൽ 18-ന് (969 മേടം ME) ആറാം മാർത്തോമ്മാ ചെങ്ങന്നൂർ പള്ളിയിൽ വച്ച് ഫീലിപ്പോസ് കത്തനാരെ റമ്പാൻ പദവിയിലേക്കുയർത്തി. പിൽക്കാലത്ത് ഏഴാം മാർത്തോമ്മാ ആയിത്തീർന്ന അനന്തിരവൻ മാത്തൻ കത്തനാരേയും അന്നുതന്നെ റമ്പാനാക്കി.

തുടർന്ന് സംഘർഷനിർഭരമായ സഭാന്തരീക്ഷത്തിലേക്ക് ഫീലിപ്പോസ് റമ്പാൻ പ്രവേശിച്ചു. ആറാം മാർത്തോമ്മായെ റോമൻ സഭാനുകത്തിൽ ബന്ധിക്കണമെന്ന ഉദ്ദേശ്യത്തോടെ തച്ചിൽ മാത്തുതരകൻ പീഡനമാരംഭിച്ചപ്പോൾ ഫീലിപ്പോസ് റമ്പാനെയും ഇത് സാരമായി ബാധിച്ചു. ഫീലിപ്പോസ് റമ്പാനെ പീഡിപ്പിക്കണമെന്ന് മാത്തുതരകൻ തീരുമാനിച്ചിരുന്നെങ്കിലും ചരിത്രനിയോഗംപോലെ അദ്ദേഹം രക്ഷപ്പെട്ടു. ഇതിനിടയിൽ ആറാം മാർത്തോമ്മാ 1796-ൽ (971 മേടം 24-ന്) ചെങ്ങന്നൂർ പള്ളിയിൽ വച്ച് അനന്തിരവനെ മാർത്തോമ്മാ എപ്പിസ്കോപ്പായായി വാഴിച്ചു. ഈ വാഴ്ചയിൽ ഫീലിപ്പോസ് റമ്പാൻ സഹകാർമ്മികനായിരുന്നു.

അക്കാലത്തെ സഭാനേതൃത്വത്തിൽ വ്യക്തിപ്രഭാവം കൊണ്ട് വ്യത്യസ്തനായിരുന്നു ഫീലിപ്പോസ് റമ്പാൻ. അക്കാരണംകൊണ്ട് രാജകീയ അംഗീകാരവും ആദരവും അദ്ദേഹത്തിന് ലഭിച്ചിരുന്നു. മാത്തുതരകന്റെ പീഡനം കഴിഞ്ഞ് 975-ാമാണ്ടിൽ തിരുവിതാംകൂർ മഹാരാജാവ് മോതിരം, വീരശൃംഘല, പല്ലക്ക് കേറുന്നതിനുള്ള നീട്ട് തുടങ്ങിയ ബഹുമതികൾ അദ്ദേഹത്തിനു നൽകിയത് ഇതിനു തെളിവാണ്.

1806-ൽ (981 കന്നി 18) പരദേശത്തു നിന്നു വന്ന ദീയസ്കോറോസ് എന്ന മെത്രാനെ സ്വീകരിക്കുവാനുള്ള നിയോഗം ലഭിച്ചത് ഫീലിപ്പോസ് റമ്പാനായിരുന്നു. സ്വീകരിപ്പാൻ ചെന്ന ഫീലിപ്പോസ് റമ്പാന്റെ മസ്നപ്സാ ദീയസ്കോറോസ് മെത്രാൻ സങ്കടം പറഞ്ഞ് വാങ്ങിച്ചു. തുടർന്ന് ദീയസ്കോറോസിന്റെ വിഭ്രാന്തികളെ സമചിത്തതയോടെ നേരിടുവാൻ റമ്പാച്ചനു കഴിഞ്ഞുവെന്നത് അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യം തന്നെ.

981 മീനം 28-ന് കേണൽ മെക്കാളെ ആറാം മാർത്തോമ്മായ്ക്ക് എഴുതിയ കത്തിൽ വേദപുസ്തകങ്ങളും പഴയനിയമപുസ്തകങ്ങളും

വേണമെന്ന് ആവശ്യപ്പെടുമ്പോൾ അവയുമായി ആറാം മാർത്തോമ്മാ യുടെ നിർദ്ദേശാനുസരണം മെക്കാളെയുടെ അടുത്ത്, പോഞ്ഞിക്കരയിൽ പോകുന്നത് ഫീലിപ്പോസ് റമ്പാനാണ്. അങ്കമാലി ഇട്ടൂപ്പ് കത്തനാരും അദ്ദേഹത്തെ അനുഗമിച്ചിരുന്നു. കൽക്കട്ട ഫോർട്ട് വില്യം കോളജ് വൈസ് പ്രിൻസിപ്പാളും, സുറിയാനി പണ്ഡിതനുമായിരുന്ന ഡോ. ക്ലോഡിയസ് ബുക്കാനന്റെ ആവശ്യപ്രകാരമാണ് ഈ പുസ്തകങ്ങൾ ആവശ്യപ്പെട്ടത്. ഉൽപ്പത്തി, പുറപ്പാട്, രാജാക്കന്മാർ, പ്രവാചകപുസ്തകങ്ങൾ, സുവിശേ ഷങ്ങൾ, ലേഖനങ്ങൾ, അപ്പോസ്തോല പ്രവൃത്തികൾ, വെളിപാട് എന്നീ എട്ട് പുസ്തകങ്ങൾ അവർ കൈമാറി. ഇപ്പോൾ കേംബ്രിഡ്ജ് യൂണിവേ ഴ്സിറ്റി ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്ന ഈ വേദപുസ്തക കൈയെ ഴുത്തുപ്രതികൾ ഫീലിപ്പോസ് റമ്പാൻ നൽകിയതാണ്. ഫീലിപ്പോസ് റമ്പാൻ നൽകിയ കൈയെഴുത്തു പ്രതികളെ ആധാരമാക്കി ബുക്കാനൻ 1816-ൽ പുതിയനിയമവും, 1823-ൽ പഴയനിയമവും ഇംഗ്ലണ്ടിൽ നിന്ന് സുറിയാനിയിൽ അച്ചടിപ്പിച്ച് പ്രസിദ്ധീകരിച്ചു.

ബുക്കാനൻ 1806-ൽ മടങ്ങിയതിനുശേഷം ഫീലിപ്പോസ് റമ്പാൻ തന്റെ ശ്രദ്ധ വേദപുസ്തക പരിഭാഷയിലേക്ക് തിരിച്ചു. തമിഴിൽ അച്ചടിപ്പിച്ച പഴയനിയമപുസ്തകവും സുറിയാനി വേദപുസ്തകവും ഉപയോഗിച്ചാണ് പരിഭാഷ നിർവഹിച്ചത്. കൊച്ചിയിൽ നിന്ന് തിമ്മപ്പൻപിള്ള എന്ന ഒരു ചെട്ടിയും ഈ പരിഭാഷയിൽ സഹകരിച്ചു. 981 കുഭം 18-ന് കണ്ടനാ ട്ടാണ് പരിഭാഷായജ്ഞം ആരംഭിച്ചത്. മത്തായിയുടെ സുവിശേഷ പരിഭാഷ നിർവഹിക്കപ്പെട്ടശേഷമാണ് തമിഴ് പുസ്തകം ലഭ്യമായത്. പരി ഭാഷ റമ്പാച്ചൻ കടലാസിൽ എഴുതുകയും തിമ്മപ്പൻപിള്ള ഓലയിലെ ഴുതുകയും തമിഴ് കൊച്ചിട്ടി എന്നയാൾ പരിശോധിക്കുകയും ചെയ്തു. 1807-ൽ പരിഭാഷ പൂർത്തീകരിച്ചെങ്കിലും 1811-ൽ ആണ് വേദപുസ്തകം അച്ചടിച്ചത്. ഫീലിപ്പോസ് റമ്പാൻ പരിഭാഷ നിർവഹിച്ചതുകൊണ്ട് റമ്പാൻ ബൈബിളെന്നും, ബോംബെ കൊറിയർ പ്രസ്സിൽ അച്ചടിച്ചതുകൊണ്ട് കുറിയർ ബൈബിളെന്നും ഇതറിയപ്പെട്ടു. ഈ പുസ്തകത്തിന്റെ കോപ്പി കൾ റസിഡന്റു മുഖാന്തിരം എല്ലാ സുറിയാനിപള്ളികളിലും പിന്നീട് അയ ച്ചുകൊടുക്കുകയുണ്ടായി. തർജ്ജിമയ്ക്കുവേണ്ടി ചെലവു ചെയ്തത് ബുക്കാനനും, അച്ചടി ചെലവു നിർവഹിച്ചത് ബ്രിട്ടീഷ് പാരദേശിക വേദ പുസ്തകസമൂഹവും മലയാള അക്ഷരം ആദ്യമായി കൊത്തിയുണ്ടാക്കി യത് സ്പെയിൻകാരനും ജസ്യൂട്ടുമായിരുന്ന ജോൺ ഗോൺസാൽവസ് ആയിരുന്നു.

ബൈബിൾ തർജ്ജമ കൂടാതെ സുറിയാനി ഭാഷയിലും റമ്പാച്ചൻ കൃതികൾ രചിച്ചു. അദ്ദേഹത്തിന്റെ സുറിയാനികവിതകൾ ഇന്നും പാമ്പാ ക്കുട ഗ്രന്ഥശേഖരത്തിൽ സൂക്ഷിച്ചിട്ടുണ്ട്. മാർ അപ്രേമിന്റെയും മാർ

യാക്കോബിന്റെയും കവിതാശൈലിയിൽ കവിതകൾ രചിച്ച ഫീലിപ്പോസ് റമ്പാൻ സുറിയാനി കാവ്യശൈലിയിൽ അഗ്രഗണ്യനാണെന്ന് നിസംശയം പറയാം. *നിരണം ഗ്രന്ഥവരി*യുടെ ചില ഭാഗങ്ങൾ, വിദേശ മെത്രാനായ ഈവാനിയോസ് യൂഹാനോന്റെ മെമ്റാകളുടെ പരിഭാഷ തുടങ്ങിയ വേദ ശാസ്ത്ര-സഭാചരിത്ര രചനകൾ നിർവഹിച്ചത് ഫീലിപ്പോസ് റമ്പാനാ ണെന്ന് വിശ്വസിക്കപ്പെടുന്നു.

തുടർന്നുള്ള ഫീലിപ്പോസ് റമ്പാന്റെ ജീവിതം സഭാനേതൃത്വത്തിൽ തഴക്കവും പഴക്കവും വന്ന ഒരു തപോധനന്റേതായിരുന്നു. ആറാം മാർ ത്തോമ്മായുടെ തൈലാഭിഷേകം, മരണം, ത്തിനുശേഷമുള്ള വിലാപ യാത്ര, കബറടക്കശുശ്രൂഷ (983 മീനം 29) എന്നിവയിലെല്ലാം, നേതൃത്വം നൽകിയതും മുഖ്യ കാർമ്മികത്വം വഹിച്ചതും ഫീലിപ്പോസ് റമ്പാനാണ്. ഇത് അദ്ദേഹത്തിന്റെ നേതൃത്വശൈലിയുടെ മകുടോദാഹരണമാണ്.

983 മീന മാസത്തിൽ ഏഴാം മാർത്തോമ്മാ സഭാനേതൃത്വമേറ്റെടുത്തു. ഹ്രസ്വകാലത്തെ ഭരണത്തിനുശേഷം 984 മിഥുനം 22-ന് അദ്ദേഹം കണ്ട നാട്ടു വച്ച് കാലം ചെയ്തു കോലഞ്ചേരിപള്ളിയിൽ അദ്ദേഹത്തെ കബറ ടക്കിയപ്പോൾ ഫീലിപ്പോസ് റമ്പാനും മുഖ്യ കാർമ്മികനായി ഉണ്ടായി രുന്നു. ഏഴാം മാർത്തോമ്മാ മരണശയ്യയിലായിരുന്നപ്പോൾ അനന്തിര വൻ തൊമ്മൻ കത്തനാരുടെ തലയിൽ കൈവയ്ക്കുകയും ചില പട്ടക്കാർ പ്രാർത്ഥന ചൊല്ലി മെത്രാന്റെ മുടി വയ്ക്കുകയുമായിരുന്നു എന്ന ആരോ പണം ഉണ്ടായി. ഈ സ്ഥാനദാനത്തെ സംബന്ധിച്ച് സഭയിൽ വളരെ വിവാദം ഉണ്ടായി. എട്ടാം മാർത്തോമ്മായുടെ സ്ഥാനം സാധുവല്ല എന്ന വാദം ശക്തമായിരുന്നു. ഈ വിഷയത്തെപ്പറ്റി ആലോചിക്കുവാൻ ഏഴാം മാർത്തോമ്മായുടെ നാല്പതാം അടിയന്തിരദിനം കണ്ടനാട്ടുവച്ച് ഒരു പള്ളി യോഗം കൂടി, പടിയോല എഴുതി. മലങ്കരസഭയുടെ ചരിത്രഗതിയെ മാറ്റി യെഴുതിയ തീരുമാനങ്ങൾ ഈ യോഗം കൈക്കൊണ്ടു. 1800 ചിങ്ങം 1-ന് കൂടിയ ഈ സമ്മേളനം എട്ടാം മാർത്തോമ്മായുടെ മെത്രാൻസ്ഥാനം അംഗീകരിച്ചു. കായംകുളം ഫീലിപ്പോസ് റമ്പാനെയും, പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരെ റമ്പാനാക്കി അദ്ദേഹത്തെയും മെത്രാന്റെ കാര്യവി ചാരകരായി നിയമിച്ചു. പഠിത്തവീടുകൾ സ്ഥാപിക്കുവാനുള്ള തീരുമാനം കൈക്കൊണ്ടു. ഇവിടുത്തെ ആരാധനയിലുണ്ടായിരുന്ന അവശേഷിച്ച കൽദായക്രമങ്ങളെ പുറംതള്ളി പകരം അന്ത്യോഖ്യൻ ക്രമം പൂർണ്ണ മായും ഔദ്യോഗികമായും അംഗീകരിക്കുകയും ചെയ്തു. 1800 ചിങ്ങം 15-ന് ഇട്ടൂപ്പ് കത്തനാർക്ക് റമ്പാൻ സ്ഥാനം നൽകി. ചരിത്രത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിയ ഈ തീരുമാനങ്ങളുടെ അണിയറ യിൽ കായംകുളം ഫീലിപ്പോസ് റമ്പാനുണ്ടായിരുന്നുവെന്നത് ക്രാന്ത ദർശിയായ ആ താപസന്റെ അദ്ധ്വാനത്തെ പ്രകാശിപ്പിക്കുന്നു.

എട്ടാം മാർത്തോമ്മായുടെ ആലോചനാസമിതിയിൽ റമ്പാൻ നിയമിതനായിരുന്നുവെങ്കിലും ദീർഘകാലം ആ പദവിയിൽ തുടർന്നതായി കാണുന്നില്ല. എട്ടാം മാർത്തോമ്മായുമായി പിന്നീടുണ്ടായ ഏതോ അഭിപ്രായ വ്യത്യാസമാണ് ഇതിനു കാരണം എന്നു കരുതുന്നവരുണ്ട്.

തുടർന്ന് കായംകുളം ഫീലിപ്പോസ് റമ്പാന്റെ ജീവിതവും പ്രവർത്തനങ്ങളും തെക്കൻ നാട്ടിലേക്ക് മാറ്റപ്പെട്ടു. അടൂർ കണ്ണംകോട് പള്ളി മേടയിൽ വിശ്രമജീവിതം നയിച്ചുവരവേ 987 തുലാമാസം 28-ാം തീയതി (1812 നവംബർ 13-ന്) നിര്യാതനായി. കണ്ണംകോട് മാർത്തോമ്മൻ പള്ളിയിൽ സംസ്കരിച്ചു. തുടർന്നുള്ള കാലയളവിൽ അദ്ദേഹത്തിന്റെ ചരമദിനം വിപുലമായി ആഘോഷിച്ചതായി തെളിവുകളുണ്ട്. 1826 നവംബർ 13-ലെ 14-ാം ശ്രാദ്ധപെരുന്നാളിൽ ചേപ്പാട് മാർ ദീവന്നാസിയോസ് പ്രധാന കാർമ്മികത്വം വഹിച്ചതായി *നിരണം ഗ്രന്ഥവരി*യിൽ രേഖപ്പെടുത്തിയിരിക്കുന്നു.

കാലഘട്ടത്തിന്റെ കുത്തൊഴുക്കിൽ അദ്ദേഹത്തിന്റെ സ്മരണയ്ക്ക് മങ്ങലേറ്റോ എന്ന് സംശയമുണ്ട്. പ്രഥമ മുദ്രിത ബൈബിൾ വിവർത്തകന്റെ ജീവിതവും ദർശനവും പുതിയ തലമുറയിൽ എത്തിക്കുവാൻ അദ്ദേഹം കബറടങ്ങിയ ഇടവകയ്ക്കും സഭയ്ക്കും ഉത്തരവാദിത്വമുണ്ട്. നിശയുടെ ഏകാന്തതയിൽ, തിരിവിളക്കിന്റെ അരണ്ട വെളിച്ചത്തിൽ സുറിയാനി വേദപുസ്തകത്തിന്റെ നിഴലും പൊരുളും തിരിച്ച് വചന പരിഭാഷ നിർവഹിച്ച കായംകുളം ഫീലിപ്പോസ് റമ്പാന്റെ ജീവിതവും സാക്ഷ്യവും മലയാള ഗദ്യചരിത്രത്തിലെ രജതരേഖയാണ്.

❑


THE

NEW TESTAMENT

OF

Our Lord and Saviour

JESUS CHRIST,

TRANSLATED INTO THE

MALAYALIM.

PART I·

CONTAINING THE FOUR GOSPELS.

BOMBAY:

PRINTED AT THE COURIER PRESS

1811.

ഭാഗം രണ്ട്

വിവർത്തന പാഠങ്ങൾ

1811–ലെ
ഏവൻഗേലിയോൻ പരിഭാഷ

ഡോ. സിബി തരകൻ

1811–ലെ ഏവൻഗേലിയോൻ പരിഭാഷയെ 'ബൈബിൾ പരിഭാഷ' എന്നാണ് ചരിത്രകാരന്മാർ പൊതുവെ വിശേഷിപ്പിക്കാറുള്ളത്. വി. മത്തായി, വി. മർക്കോസ്, വി. ലൂക്കോസ്, വി. യോഹന്നാൻ എന്നീ സുവിശേഷങ്ങൾ സുറിയാനിയിൽ നിന്ന് മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി എന്നത് അവിസ്മരണീയമായ ഒരു സംഭവമാണ്.

മുംബൈയിലെ കൂറിയർ പ്രസ്സിൽ മുദ്രണം ചെയ്യപ്പെടുകയും കൽക്കത്തായിലെ ബൈബിൾ സൊസൈറ്റിയിലൂടെ വിതരണം ചെയ്യപ്പെടുകയും ചെയ്ത ഏവൻഗേലിയോൻ പരിഭാഷ സമ്പൂർണ്ണ വേദപുസ്തക മൊഴിമാറ്റത്തിന് ഒരു മുന്നോടിയായിരുന്നു. പല ഭാഗങ്ങളായി സംവിധാനം ചെയ്യപ്പെട്ടിരുന്ന വിപുലമായ ബൈബിൾ പരിഭാഷയുടെ ഒന്നാം ഭാഗം എന്ന നിലയിലാവണം സി.എം.എസ്. മിഷണറിമാരും ചരിത്രകാരന്മാരും അതിനെ 'ബൈബിൾ പരിഭാഷ' എന്നു വിശേഷിപ്പിച്ചത്.

കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ അതിനെ 'റമ്പാൻ ബൈബിൾ' എന്ന് വിളിക്കുകയും ചെയ്തു. 2011–ൽ ഈ പ്രസിദ്ധീകരണത്തിന് 200 വയസ്സ് പൂർത്തിയായി.

'റമ്പാൻ ബൈബിൾ' കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകൾക്കിടയിൽ ഏറെ ചർച്ച ചെയ്യപ്പെടുകയുണ്ടായി. പരിഭാഷയുടെ പശ്ചാത്തലം, പരിഭാഷകർ, ഭാഷയുടെ പ്രത്യേകതകൾ, അതിന്റെ സംഘാടകർ, മുദ്രണത്തിന്റെ പ്രത്യേകതകൾ, സമൂഹത്തിൽ ചെലുത്തിയ സ്വാധീനം തുടങ്ങി വൈവിധ്യമാർന്ന വിഷയങ്ങളിലായി പ്രസ്തുത ഗ്രന്ഥം ചർച്ചാവിധേയമായിട്ടുണ്ട്. എന്നാൽ ചർച്ച ചെയ്യുന്തോറും നൂതനമായ വെളിപ്പെടുത്തലുകൾ നൽകിക്കൊണ്ട് 'റമ്പാൻ ബൈബിൾ' ഇന്നും ചരിത്രപഠിതാക്കളുടെ മനസ്സിൽ തെളിഞ്ഞു നിൽക്കുന്നു.

1811–ലെ ഏവൻഗേലിയോൻ പരിഭാഷയുടെ ചരിത്രപശ്ചാത്തലം നമുക്ക് ആദ്യമായി ലഭിക്കുന്നത് അതേ വർഷംതന്നെ പ്രസിദ്ധീകരിക്കപ്പെട്ട ഡോ. ക്ലോഡിയസ് ബുക്കാനന്റെ 'ക്രിസ്ത്യൻ റിസേർച്ചസ് ഇൻ ഏഷ്യ'[1] എന്ന ഗ്രന്ഥത്തിൽ നിന്നാണ്. ഡോ. ബുക്കാനന്റെ ജീവചരിത്രവും ആത്മകഥയുമെല്ലാം ഉൾക്കൊള്ളുന്ന 'മെമ്മോയേഴ്സ് ഓഫ് ബുക്കാനൻ'[2] എന്ന ഗ്രന്ഥത്തിൽ നിന്നും ഇതു സംബന്ധിച്ച് കൂടുതൽ

വിവരങ്ങൾ ലഭിക്കുന്നുണ്ട്. റവ. ഹ്യൂ പിയേഴ്സൺ രചിച്ച പ്രസ്തുത ഗ്രന്ഥം 1817-ൽ ലണ്ടനിൽ പ്രസിദ്ധീകരിച്ചു.

പരിഭാഷ സംബന്ധിച്ച് സമകാലികസാക്ഷ്യം നൽകുന്ന ഏക മലയാള കൃതി മാർത്തോമ്മാ മെത്രാന്മാരുടെ ഡയറിക്കുറിപ്പ് എന്നു വിശേഷിപ്പിക്കപ്പെടുന്ന 'നിരണം ഗ്രന്ഥവരി'[3]യാണ്. പില്ക്കാലത്ത് 'റമ്പാൻ ബൈബിളിനെ'ക്കുറിച്ച് പ്രസിദ്ധീകരിക്കപ്പെട്ട എല്ലാ രചനകളും ഈ ഗ്രന്ഥങ്ങളെ ആസ്പദമാക്കി ഉണ്ടായവയാണ്.

ആരാണ് 'റമ്പാൻ ബൈബി'ളിന്റെ പരിഭാഷകനായ ആ റമ്പാൻ? പലപ്പോഴും വിവാദങ്ങൾക്ക് തിരികൊളുത്തിയിട്ടുള്ള ഒരു ചോദ്യമാണിത്. ഡോ. ബുക്കാനന്റെ ഗ്രന്ഥമോ റവ. പിയേഴ്സൺന്റെ 'മെമ്മോയേഴ്സോ' ഈ ചോദ്യത്തിന് വ്യക്തമായ ഒരു മറുപടി നൽകുന്നില്ല. അവരുടെ കൃതികളിൽ ഒരു റമ്പാനെക്കുറിച്ചും പരാമർശമില്ല.

1806-ൽ ഡോ. ബുക്കാനൻ കേരളത്തിൽ വരികയും വിവിധ ദേവാലയങ്ങളും സഭാകേന്ദ്രങ്ങളും സന്ദർശിക്കുകയും ചെയ്തു. ഒക്ടോബർ 19-ന് തിരുവിതാംകൂർ മഹാരാജാവ് ബാലരാമവർമ്മയെ മുഖം കാണിച്ചുകൊണ്ടാണ് ബുക്കാനൻ കേരള സന്ദർശനത്തിന് തുടക്കം കുറിച്ചത്. സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രവും സാഹിത്യരചനകളും അന്വേഷിക്കുക, വേദപുസ്തക സംബന്ധമായ അവരുടെ രചനകൾ ശേഖരിക്കുക, അവർ ബുദ്ധിയുള്ളവരും സുറിയാനി വേദപുസ്തകവുമായി നല്ല അടുപ്പവുമുള്ളവരുമാണെങ്കിൽ അവരുടെ വേദപുസ്തകം സ്വന്തം ഭാഷയിലേക്ക് പരിഭാഷപ്പെടുത്തി തെക്കെ ഇൻഡ്യയെ 'പ്രകാശിപ്പിക്കുന്നതി'ന് അവരെ മുഖാന്തിരമാക്കുക എന്നിവയാണ് തന്റെ സന്ദർശനത്തിന്റെ ലക്ഷ്യം എന്ന് ബുക്കാനൻ പറയുന്നുണ്ട്.[4]

തിരുവിതാംകൂറിലെ ബ്രിട്ടീഷ് റസിഡണ്ടായിരുന്ന ലെഫ്റ്റനെന്റ് കേണൽ മക്കാളെയുടെ ശുപാർശകത്തുമായിട്ടാണ് ബുക്കാനൻ രാജാവിനെ മുഖംകാണിച്ചത്. സുറിയാനി ക്രിസ്ത്യാനികളുടെയും ഇംഗ്ലീഷുകാരുടെയും മത 'ശാസ്ത്രം' ഒന്നുതന്നെയാണെന്ന് അദ്ദേഹം രാജാവിനെ ബോധ്യപ്പെടുത്തി. കൈവശമുണ്ടായിരുന്ന സുറിയാനി പുതിയനിയമ പുസ്തകം രാജാവിനെ കാണിക്കുകയും ചെയ്തു.

ബുക്കാനന്റെ ദേവാലയ സന്ദർശനങ്ങളിൽ സുറിയാനി ക്രിസ്ത്യാനികളുടെ ദേവാലയങ്ങളും റോമൻ കത്തോലിക്കരുടെ ദേവാലയങ്ങളും ഉൾപ്പെട്ടിരുന്നു. മാവേലിക്കര, ചെങ്ങന്നൂർ എന്നിവിടങ്ങളിലെ പള്ളികളിൽ നടത്തിയ സന്ദർശനം 'ക്രിസ്ത്യൻ റിസേർച്ചസി'ലും 'മെമ്മോയേഴ്സി'ലും വളരെ പ്രാധാന്യത്തോടെ വിശദീകരിച്ചിട്ടുണ്ട്.

നാലു സുവിശേഷങ്ങളുടെ മൂലഭാഷയെക്കുറിച്ച് ബുക്കാനൻ മാവേലിക്കരപള്ളിയിൽ വച്ച് 'ബുദ്ധിമാനായ' ഒരു വൈദികനുമായി സംവദിച്ചു. പുതിയനിയമം ആദ്യം എഴുതപ്പെട്ടത് സുറിയാനിയിലായിരിക്കണമെന്നും പിന്നീട് വൈകാതെതന്നെ ഗ്രീക്കിലേക്ക് പരിഭാഷപ്പെടുത്തിയതാകാമെന്നും വൈദികൻ വാദിച്ചപ്പോൾ ബുക്കാനന് അത് ഏറെക്കുറെ അംഗീകരിക്കേണ്ടി വന്നു. അവിടെ തോമ്മാ (കല്ലറയ്ക്കൽ തോമ്മാ) എന്ന അൽമായ നേതാവ് മത്തായിയുടെ സുവിശേഷം തന്റെ കുട്ടികൾക്കായി സ്വയം പരിഭാഷപ്പെടുത്തിയതും ബുക്കാനനെ കാണിച്ചു. എന്നാൽ അതിൽ തെറ്റുകൾ ഉണ്ടായിരുന്നു. സുറിയാനി ബൈബിളും ഇംഗ്ലീഷ് ബൈബിളും തമ്മിൽ യോജിക്കുന്നുണ്ടോ എന്നറിയാൻ അവിടെ താരതമ്യ പരിശോധന നടത്തി.[5] മത്തായിയുടെ സുവിശേഷം 3-ാം അദ്ധ്യായം കിഴക്കൻ സുറിയാനിയിലും പടിഞ്ഞാറൻ സുറിയാനിയിലും ഇംഗ്ലീഷിലും വായിക്കുകയും അർത്ഥം വിശദമാക്കുകയും ചെയ്തു. യോന കശ്ശീശായാണ് സുറിയാനിഭാഗങ്ങൾ വായിച്ചത്. അവ പരസ്പരം യോജിക്കുന്നതായി എല്ലാവർക്കും ബോദ്ധ്യപ്പെട്ടു.

ചെങ്ങന്നൂർ പള്ളിയിൽ വച്ച് ബുക്കാനൻ വൈദികരും അൽമായരുമായി നടത്തിയ ചർച്ച വളരെ ശ്രദ്ധേയമാണ്. ചെങ്ങന്നൂർ പള്ളിയിൽ യേശു കശ്ശീശാ, സക്കറിയ കശ്ശീശാ, ഊറിയ കശ്ശീശാ, ജോഷ്വാ കശ്ശീശാ എന്നീ വൈദികരെയും രണ്ടു ശെമ്മാശന്മാരെയും അബ്രഹാം, തോമ്മാ, അലക്സന്ത്രയോസ് എന്നീ അൽമായ പ്രമുഖരെയും കണ്ടതായി അദ്ദേഹം പറയുന്നു. ഇടവകാംഗങ്ങളായ നിരവധി സ്ത്രീപുരുഷന്മാരും കുട്ടികളും അവിടെയുണ്ടായിരുന്നു.

സുറിയാനി പുതിയനിയമത്തിന്റെ അച്ചടിച്ച ഒരു കോപ്പി ബുക്കാനൻ അവരെ കാണിച്ചപ്പോൾ അവർ സന്തോഷിച്ചു; സമ്പൂർണ്ണ സുറിയാനി ബൈബിളിന്റെ അച്ചടിച്ച ഓരോ കോപ്പി ഓരോ പള്ളിയിലേക്കും ലഭിക്കാനുള്ള സാധ്യതയെക്കുറിച്ച് അവർ ബുക്കാനനോട് ചോദിച്ചു. പ്രവചനപുസ്തകങ്ങൾ തങ്ങളുടെ ഇടയിൽ കുറവാണെന്നും സുറിയാനി പണ്ഡിതഭാഷയും സഭയുടെ ഭാഷയുമാണെന്നും വേദപുസ്തകം ജനങ്ങൾക്ക് വ്യാഖ്യാനിച്ചുകൊടുക്കുന്നത് മലയാളത്തിലാണെന്നും സഖറിയാ കശ്ശീശാ പറഞ്ഞു. അപ്പോഴാണ് വേദപുസ്തക പരിഭാഷയെക്കുറിച്ച് ബുക്കാനൻ അവരോട് സംസാരിച്ചത്. ഒരു മലയാള പരിഭാഷ തയ്യാറാക്കിയാൽ അത് അച്ചടിച്ച് സഭയുടെ അമ്പത്തിയഞ്ച് പള്ളികളിലേക്കും ഒരു ചെറിയ വിലയ്ക്ക് വിതരണം ചെയ്യാം എന്ന് ബുക്കാനൻ ഉറപ്പു നൽകി. സുറിയാനിയും മലയാളവും നന്നായി കൈകാര്യം ചെയ്യാൻ കഴിവുള്ള വൈദികർ സഭയിൽ ഉള്ളതിനാൽ ഒരു പരിഭാഷ തയ്യാറാക്കാവുന്നതേയുള്ളു എന്ന് സഖറിയാ കശ്ശീശാ പറഞ്ഞു. അൽമായ പ്രമുഖ

നായ അബ്രഹാമും അതിനോട് യോജിച്ചു. ജനങ്ങൾ എല്ലാവരും സന്തോഷിച്ചു. സഭയുടെ ഇടയനായ വലിയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ കണ്ടനാട്ടു ചെന്ന് കാണുമ്പോൾ ഇക്കാര്യം ചർച്ച ചെയ്യുമെന്ന് ബുക്കാനൻ അവരോടു പറഞ്ഞു. നവംബർ 23-ന് അദ്ദേഹം വലിയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ കണ്ടനാട്ടുപള്ളിയിൽ സന്ദർശിച്ചു. വേദപുസ്തക പരിഭാഷ തന്റെ സന്ദർശനത്തിന്റെ ലക്ഷ്യമാണെന്നു പറഞ്ഞപ്പോൾ മെത്രാപ്പോലീത്താ അതിനോടു യോജിക്കുകയും തന്റെ നേതൃത്വത്തിൽ പണ്ഡിതന്മാരായ വൈദികർ അത് നിർവ്വഹിക്കുമെന്ന് ഉറപ്പിച്ചു പറയുകയും ചെയ്തു. ചെങ്ങന്നൂർ പള്ളി സന്ദർശിച്ച ശേഷം പതിമൂന്ന് ദിവസങ്ങൾ കഴിഞ്ഞാണ് ബുക്കാനൻ കണ്ടനാട്ട് വലിയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ സന്ദർശിക്കുന്നത്. ഇതിനിടയിൽ അദ്ദേഹം ചാലിശ്ശേരി, പുത്തൻകാവ്, മാരാമൺ, കോഴഞ്ചേരി, റാന്നി എന്നീ പള്ളികളും സന്ദർശിച്ചു. ബുക്കാനന്റെ സന്ദർശന വിവരം ഇതിനോടകം തന്നെ മാർ ദീവന്നാസ്യോസ് അറിഞ്ഞിരുന്നു. മലബാറിൽ (മലങ്കര) താൻ കണ്ടുമുട്ടിയ വൈദികസ്ഥാനികളിൽ വച്ച് ഏറ്റവും പണ്ഡിതനായിരുന്നു മെത്രാപ്പോലീത്താ എന്ന് ബുക്കാനൻ എഴുതിയിട്ടുണ്ട്. വേദപുസ്തക പരിഭാഷയെക്കുറിച്ച് പറഞ്ഞപ്പോൾ, “ഈ വിഷയം ഞാൻ നേരത്തെ തന്നെ പരിഗണിച്ചിരുന്നു; അതിന്റെ മേൽനോട്ടം ഞാൻ തന്നെ നടത്താമെന്നും എന്റെ സഹായത്തിന് വൈദികരിൽ ഏറ്റവും പണ്ഡിതരായവരെ വിളിക്കാമെന്നും തീരുമാനിച്ചിട്ടുണ്ട്. ഈ ഇരുണ്ട പ്രദേശത്തെ പ്രകാശിപ്പിക്കുന്ന പ്രവൃത്തിയായിരിക്കും അത്. ദൈവത്തിന്റെ അനുഗ്രഹം അതിനുണ്ടാകും”[6] എന്നാണ് മെത്രാപ്പോലീത്താ പറഞ്ഞത്.

1807 ഫെബ്രുവരി 6-ന് ബുക്കാനൻ കൽക്കത്തായിലേക്ക് തിരികെ പോകുംമുമ്പ് വിവർത്തനവുമായി ബന്ധപ്പെട്ട് ചില ക്രമീകരണങ്ങൾ ചെയ്തിരുന്നു. മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ രൂപീകരിച്ച പരിഭാഷാസംഘത്തിന് ശമ്പളം കൊടുക്കുവാനുള്ള പണം അദ്ദേഹം കേണൽ മെക്കാളെയെ ഏൽപിക്കുകയും പരിഭാഷയുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.[7] 1796-ൽ തമിഴിൽ പ്രസിദ്ധീകരിച്ച വേദപുസ്തകം പരിഭാഷകർക്ക് ഉപയോഗിക്കുന്നതിനുവേണ്ടി മെത്രാപ്പോലീത്തായ്ക്ക് എത്തിച്ചുകൊടുത്തു.

തമിഴ് പണ്ഡിതനായ തിമ്മപ്പാപിള്ള, ഹീബ്രു പണ്ഡിതനായ മോശ ഇസ്സാർഫതി, തഞ്ചാവൂരിലെ മിഷനറി ഷ്വാർട്ട്സിന്റെ സഹപ്രവർത്തകനും തിരുവനന്തപുരം സ്വദേശിയുമായിരുന്ന പാസ്കൽ എന്നിവരെ പരിഭാഷയിൽ സഹായിക്കുന്നതിനായി കണ്ടനാട്ടേക്ക് നിയോഗിച്ചു. ഇത്രയും പേരുകൾ മാത്രമേ ബുക്കാനൻ, പിയേഴ്സൺ എന്നിവരുടെ ഗ്രന്ഥങ്ങളിൽ കാണുന്നുള്ളു. തിമ്മപ്പാപിള്ളയുടെ ബന്ധുവായ ഒരു യുവാവ്,

മറ്റൊരു ബ്രാഹ്മണൻ എന്നിവരെക്കുറിച്ച് ബുക്കാനൻ പിന്നീട് മെക്കാളെയ്ക്ക് എഴുതിയ ഒരു കത്തിൽ പരാമർശമുണ്ടെങ്കിലും അവർ പരിഭാഷയുടെ ഏതെങ്കിലും ഘട്ടത്തിൽ സഹായിച്ചിരുന്നോ എന്ന് വ്യക്തമല്ല.

എന്നാൽ ആശ്ചര്യകരമെന്നു പറയട്ടെ, പരിഭാഷയിൽ ഏർപ്പെട്ട സുറിയാനി സഭാംഗങ്ങളുടെ പേരുകൾ ഈ പുസ്തകങ്ങളിൽ കാണുന്നില്ല. ബുക്കാനൻ കേരളത്തിലെ വിവിധ ദേവാലയങ്ങൾ സന്ദർശിച്ചപ്പോൾ കണ്ടുമുട്ടിയ വൈദികരുടെയും അൽമായപ്രമുഖരുടെയും പേരുകൾ മെമ്മോയേഴ്സിൽ ഉദ്ധരിച്ചിട്ടുള്ള അദ്ദേഹത്തിന്റെ കത്തുകളിൽ കാണാം.[8] എന്നാൽ വേദപുസ്തക പരിഭാഷ എന്ന മഹാദൗത്യത്തിന് മുന്നിട്ടിറങ്ങിയവരിൽ മാർ ദീവന്നാസ്യോസ് (ആറാം മാർത്തോമ്മാ) മെത്രാപ്പോലീത്തായുടെ പേരല്ലാതെ മറ്റൊരു വൈദികന്റെയും പേരുകൾ അദ്ദേഹത്തിന്റെ ഗ്രന്ഥത്തിലോ കത്തുകളിലോ കാണുന്നില്ല.

കേരളത്തിലെ സുറിയാനിസഭയെ എത്രയുംവേഗം ആംഗ്ലിക്കൻ സഭയിൽ ലയിപ്പിക്കാമെന്ന പ്രതീക്ഷയോടെ തന്റെ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ച ബുക്കാനന്, കണ്ടനാട്ടു വന്ന് മെത്രാപ്പോലീത്തായുമായി സംഭാഷണം നടത്തിയതോടെ അത് വിചാരിച്ചതുപോലെ അത്ര എളുപ്പമല്ല എന്ന് തോന്നിത്തുടങ്ങിയിരുന്നു.[9] അതല്ലേ ഈ അവഗണനയ്ക്കു കാരണം എന്നു തോന്നുന്നു.[10]

എന്നാൽ വലിയ മാർ ദീവന്നാസ്യോസിന്റെ കാലത്തുതന്നെ രചിക്കപ്പെട്ടുതുടങ്ങിയ 'നിരണം ഗ്രന്ഥവരി' എന്ന് പിൽക്കാലത്ത് വിളിക്കപ്പെട്ട ഡയറിക്കുറിപ്പുകളിൽ നിന്ന് പരിഭാഷകരെക്കുറിച്ച് ചില സൂചനകൾ ലഭിക്കുന്നുണ്ട്.

ബുക്കാനന്റെ കേരള സന്ദർശനം തുടങ്ങുന്നതിന് ആറു മാസം മുമ്പ് കായംകുളം ഫീലിപ്പോസ് റമ്പാൻ കണ്ടനാട്ടു നിന്ന് കൊല്ലത്തു ചെന്ന് റസിഡന്റ് മെക്കാളെയെ സന്ദർശിച്ചതായും തുടർന്ന് കൊ. വ. 981 (1806) മേടം 12-ന് പഴയനിയമത്തിലെയും പുതിയനിയമത്തിലെയും "... എട്ടു പുസ്തകവും, പഴമ എഴുതിയതും കൂടെ ഫീലിപ്പോസു റമ്പാനും അങ്കമാലി ഇട്ടൂപ്പു കത്തനാരും പോഞ്ഞിക്കരക്കൊണ്ടുചെന്നു ..." മെക്കാളെയ്ക്ക് നൽകിയതായും 'നിരണം ഗ്രന്ഥവരി'യിൽ കാണുന്നു.[11] ഈ രണ്ടു വൈദികശ്രേഷ്ഠരുമായിട്ടാകാം ഡോ. ബുക്കാനൻ മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം കണ്ടനാട്ടു വെച്ച് ചർച്ച നടത്തിയത്.

1807 ഫെബ്രുവരി 7-ന് ബുക്കാനൻ കൊടുങ്ങല്ലൂരിൽ നിന്ന് കപ്പലിൽ കൽക്കത്തായിലേക്ക് പോകുന്നതിന് ഏതാനും ദിവസങ്ങൾക്കു മുമ്പു തന്നെ[12] വേദപുസ്തക പരിഭാഷ ആരംഭിച്ചു എന്ന് മനസ്സിലാക്കാം.

നിരണം ഗ്രന്ഥവരി ഇങ്ങനെ തുടരുന്നു: "... റമ്പാൻ പൊരുൾ തിരിച്ചെഴുതുവാനായിട്ട് കുംഭം (കൊ. വ. 982) 18-ന് മുതൽക്ക് എഴുതിത്തുടങ്ങി. ഏവൻഗേലിയോൻ പുസ്തകം മത്തായി ശ്ലീഹായുടെ അറിയിപ്പും പൊരുൾ തിരിച്ച് എഴുതിയതിൽ പിന്നെയത്രെ തമിഴ് പുസ്തകവും ആളും വന്നൊള്ളു. റമ്പാനത്രെ കടുദാസിൽ എഴുതുന്നതു. തിമ്മപ്പൻപിള്ള ഓലയിലെഴുതുകയും തമിഴ് കൊച്ചിട്ടി നോക്കുകയും എട്ടുനാളൊരിക്കൽ ഇത്രയെഴുതി എന്ന് കൊച്ചിയിൽ എഴുത്തുചെല്ലത്തക്കവണ്ണം ചട്ടംകെട്ടിയത്രെ ബുക്കാനൻ പോയത്. ഏവൻഗേലിയോൻ പ്രൊക്കുസെസു പൊരുൾ തിരിച്ചതിന്റെ ശേഷം, ആയത് വങ്കാളത്ത കൊണ്ടുചെല്ലത്തക്കവണ്ണം[13] എഴുതിവരികകൊണ്ട് തിമ്മപ്പൻപിള്ള കൊണ്ടുപോയി.

*ഗ്രന്ഥവരി*യിലെ ഈ പ്രസ്താവന വെളിപ്പെടുത്തുന്നത് കായംകുളം ഫീലിപ്പോസ് റമ്പാന് ഈ പരിഭാഷയിൽ അദ്വിതീയമായ ഒരു പങ്ക് ഉണ്ടായിരുന്നു എന്നു തന്നെയാണ്.

കൊച്ചിട്ടി എന്ന അൽമായനും അതിൽ ഒരു മുഖ്യപങ്ക് വഹിച്ചു. അദ്ദേഹം വലിയ മാർ ദീവന്നാസ്യോസിന്റെയും ഫീലിപ്പോസ് റമ്പാന്റെയും കൂടെ പ്രവർത്തിച്ചിരുന്ന ഒരു അൽമായ പ്രമുഖനായിരുന്നു. മെത്രാപ്പോലീത്താ കൊ. വ. 983 (1808) മീനം 25-ന് കാലം ചെയ്തപ്പോൾ, ഫീലിപ്പോസ് റമ്പാനോടൊപ്പം കൊച്ചിട്ടിയും പുത്തൻകാവിലേക്ക് മെത്രാപ്പോലീത്തായുടെ മൃതദേഹവും വഹിച്ചുകൊണ്ടുപോയ വള്ളത്തിൽ അനുധാവനം ചെയ്തതായി *ഗ്രന്ഥവരി* സാക്ഷ്യപ്പെടുത്തുന്നു.[14] ഫീലിപ്പോസ് റമ്പാന്റെയും കൊച്ചിട്ടിയുടെയും പേരുകൾ ബുക്കാനൻ തന്റെ ഗ്രന്ഥത്തിലോ കത്തുകളിലോ പരാമർശിച്ചില്ലെങ്കിലും വിവർത്തനത്തിൽ അവരുടെ പങ്ക് *നിരണം ഗ്രന്ഥവരി*യിലൂടെ അനശ്വരമായി.

'ക്രിസ്ത്യൻ റിസേർച്ചസ് ഇൻ ഏഷ്യ', 'മെമ്മോയേഴ്സ് ഓഫ് ഡോ. ബുക്കാനൻ', 'നിരണം ഗ്രന്ഥവരി' എന്നീ ഗ്രന്ഥങ്ങളിൽ നിന്നും വേദപുസ്തക പരിഭാഷയ്ക്ക് നേതൃത്വം കൊടുക്കുകയും അതിൽ പങ്കാളികളാവുകയും ചെയ്തവരായി നമുക്ക് ലഭിക്കുന്നത് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (ആറാം മാർത്തോമ്മാ), കായംകുളം ഫീലിപ്പോസ് റമ്പാൻ, കൊച്ചിട്ടി, തിമ്മപ്പാപിള്ള, മോശ ഇസ്സാർഫതി, പാസ്കൽ എന്നീ പേരുകളാണ്. എങ്കിലും പരിഭാഷയിൽ ഫീലിപ്പോസ് റമ്പാനുണ്ടായിരുന്ന അദ്വിതീയമായ സ്ഥാനം മൂലം ആ പരിഭാഷയ്ക്ക് 'റമ്പാൻ ബൈബിൾ' എന്ന് പേരും ലഭിച്ചു.

എന്നാൽ ഈ പരിഭാഷയിൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാന് ഒരു മുഖ്യപങ്കുണ്ടായിരുന്നു എന്നൊരു വാദം അടുത്തകാലത്ത് ചിലർ ഉന്നയിച്ചിട്ടുണ്ട്. മുഖ്യമായും ഫാ. ഡോ. ജോസഫ് ചീരന്റെ രചനകളിലാണ്

ഈ അഭിപ്രായം കണ്ടിട്ടുള്ളത്. മലങ്കര സുറിയാനിസഭയിൽ പഴയകാലം മുതൽത്തന്നെയുള്ള 'തെക്ക്', 'വടക്ക്' വിഭാഗീയ ചിന്തകൾ ബൈബിൾ പരിഭാഷയിൽ ഇട്ടൂപ്പു റമ്പാനുള്ള സ്ഥാനത്തെ തമസ്ക്കരിച്ചിരിക്കുന്നു എന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ട്. അടുത്തകാലത്ത് അദ്ദേഹം പ്രസിദ്ധീകരിച്ച 'പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമനും 1811-ലെ മലയാളം ബൈബിളും'[15] എന്ന ലഘുഗ്രന്ഥത്തിലൂടെ തന്റെ വാദമുഖങ്ങളെ കൂടുതൽ വിശദമാക്കാൻ അദ്ദേഹം ശ്രമിക്കുന്നുണ്ട്. എന്നാൽ വിശ്വാസ്യമായ തെളിവുകളുടെ അഭാവം അദ്ദേഹത്തിന്റെ വാദങ്ങളെ ബലഹീനമാക്കുന്നു.

പുലിക്കോട്ടിൽ ഇട്ടൂപ്പു കത്തനാർ റമ്പാനായത് വേദപുസ്തക പരിഭാഷ കഴിഞ്ഞ് മൂന്നു വർഷങ്ങൾക്കു ശേഷമാണ്.[16] എട്ടാം മാർത്തോമ്മായാണ് അദ്ദേഹത്തിന് റമ്പാൻസ്ഥാനം നൽകിയത്. വൈകാതെ തന്നെ അദ്ദേഹം മെത്രാനെ സ്ഥാനഭ്രഷ്ടനാക്കാനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും റസിഡണ്ടായിരുന്ന കേണൽ മൺറോയുടെ അടുക്കൽ പരാതികൾ നൽകുകയുമാണ് ചെയ്തത്. അദ്ദേഹം റമ്പാനാകുന്നതിന് മൂന്നു വർഷം മുമ്പു നടന്ന ബൈബിൾ പരിഭാഷ, അദ്ദേഹത്തിന് പിന്നീട് ലഭിച്ച റമ്പാൻ പട്ടത്തിന്റെ പേരിൽ 'റമ്പാൻ ബൈബിൾ' എന്നു വിളിക്കപ്പെട്ടു എന്ന് ഫാ. ചീരൻ വാദിക്കുന്നതിൽ യുക്തിഭംഗമുണ്ട്.

എന്നാൽ 'റമ്പാൻ ബൈബിളി'ലെ ഭാഷ വികലമാണെന്നും അത് ഉദ്ദേശിച്ച ഫലം ചെയ്തില്ല എന്നും മൺറോയ്ക്ക് അഭിപ്രായമുണ്ടായിരുന്നു. പുതിയൊരു സമ്പൂർണ്ണ ബൈബിൾ പരിഭാഷ ആവശ്യമാണെന്ന് ബോധ്യമായ മൺറോ അതിനുള്ള ശ്രമങ്ങളിൽ ഏർപ്പെട്ടു.[17] 'റമ്പാൻ ബൈബിളി'ന്റെ പ്രസിദ്ധീകരണത്തിനു (1811) ശേഷം അഞ്ചു വർഷം കഴിഞ്ഞ് മെത്രാനായിത്തീർന്ന പുലിക്കോട്ടിൽ റമ്പാനെ അതിന്റെ ചുമതല ഏൽപിച്ചതായി കാണുന്നുണ്ട്. പക്ഷേ, അദ്ദേഹം ഒരു വർഷത്തിനുശേഷം കാലം ചെയ്തതുകൊണ്ട് റവ. ബഞ്ചമിൻ ബെയിലിയുടെ നേതൃത്വത്തിൽ പുതിയ പരിഭാഷ ആരംഭിക്കുകയും 1829-ൽ ഒന്നാം ഭാഗം പ്രസിദ്ധീകരിക്കുകയും ചെയ്തു.

ഫാ. ജോസഫ് ചീരന്റെ മേൽ സൂചിപ്പിച്ച ലഘു ഗ്രന്ഥം വായിച്ചപ്പോൾ, അദ്ദേഹം മേൽപ്പറഞ്ഞ രണ്ടു പരിഭാഷകളേയും ഒന്നായി പരിഗണിച്ചോ എന്ന സംശയമാണ് വായനക്കാരന് ഉണ്ടാവുക. അതുകൊണ്ടാണ് 1811-ൽ പ്രസിദ്ധീകരിച്ച റമ്പാൻ ബൈബിളിന്റെ പരിഭാഷയിൽ അതിനുശേഷം റമ്പാനായ ഇട്ടൂപ്പു കത്തനാർ ഒരു പങ്ക് വഹിച്ചു എന്ന് അദ്ദേഹം സമർത്ഥിക്കാൻ ശ്രമിക്കുന്നത്. പരിഭാഷാകർമ്മത്തിൽ അദ്ദേഹത്തിന് അല്പമെങ്കിലും പങ്കാളിത്തം ഉണ്ടായിരുന്നെങ്കിൽ അദ്ദേഹവുമായി ഗാഢബന്ധം

പുലർത്തിയിരുന്ന സി.എം.എസ്. മിഷനറിമാരും 19-ാം നൂറ്റാണ്ടിലെ ചരിത്രകാരന്മാരും അക്കാര്യം രേഖപ്പെടുത്തുമായിരുന്നു.

പാമ്പാക്കുട ചെറിയപള്ളിയിൽ സൂക്ഷിച്ചിരുന്ന 'റമ്പാൻ ബൈബി' ളിന്റെ ഒരു കോപ്പിയിൽ 19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന, സുറിയാനിപണ്ഡിതനും മല്പാനുമായിരുന്ന, പാലപ്പള്ളിൽ അബ്രഹാം കത്തനാർ ചുവന്ന മഷിയിൽ രേഖപ്പെടുത്തിയിരുന്ന ഒരു കുറിപ്പ് ഈ ലേഖകൻ കണ്ടിട്ടുണ്ട്. അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "കായംകുളത്തെ ഫീലിപ്പോസ് റമ്പാച്ചൻ പൊരുൾ തിരിച്ച ബുക്കാനൻ സായ്‌വ മുഖാന്തിരം ബോംബെയിൽ അച്ചടിക്കപ്പെട്ടത്." 'ഇട്ടൂപ്പു റമ്പാൻ' എന്നോ 'പുലിക്കോട്ടിൽ തിരുമേനി' എന്നോ എഴുതാതെ 'കായംകുളം ഫീലിപ്പോസ് റമ്പാൻ' എന്ന് എഴുതിയത് അക്കാര്യത്തിൽ അദ്ദേഹത്തിനു പാരമ്പര്യമായി അറിവുണ്ടായിരുന്നതുകൊണ്ടാണ്.

1873 മുതൽ 35 വർഷക്കാലം കേരളത്തിൽ മിഷനറിയായിരുന്ന റവ. ഡബ്ലിയു. ജെ. റിച്ചാർഡ്സ് 1908-ൽ പ്രസിദ്ധീകരിച്ച 'ഇന്ത്യൻ ക്രിസ്ത്യൻസ് ഓഫ് സെന്റ് തോമസ്' എന്ന ഗ്രന്ഥത്തിൽ ഈ പരിഭാഷയുടെ മുഖ്യപങ്ക് വഹിച്ചത് ഫീലിപ്പോസ് റമ്പാനാണെന്നും അദ്ദേഹം 140 വർഷം മുൻപ് (1768-ൽ) ശെമ്മാശനായിരുന്ന കാലത്ത് ഏവൻഗേലിയോൻ സുറിയാനിയിൽ പകർത്തി എഴുതിയിരുന്നുവെന്നും എഴുതിയിരിക്കുന്നു.[18] ഇംഗ്ലീഷുകാരനായ റവ. റിച്ചാർഡ്സ് 'തെക്കൻ' പക്ഷവാദിയും 'വടക്കൻ' വിരോധിയും ആയിരുന്നു എന്നു കരുതുക വയ്യ. സി.എം.എസ്. മിഷനറിമാരുമായി ഉറ്റബന്ധം പുലർത്തിയിരുന്ന ഇട്ടൂപ്പ് റമ്പാനെ സി.എം.എസ്. മിഷണറിയായിരുന്ന റവ. റിച്ചാർഡ്സ് അവഗണിക്കാനിടയില്ല.

ലഭ്യമായ തെളിവുകൾ വിരൽ ചൂണ്ടുന്നത് വേദപുസ്തക പരിഭാഷയിൽ കായംകുളം ഫീലിപ്പോസ് റമ്പാനുണ്ടായിരുന്ന അദ്വിതീയമായ സ്ഥാനത്തെക്കുറിച്ചു തന്നെയാണ്.[19] ഈ മഹത്തായ കർമ്മത്തിന് സഭാതലവനായിരുന്ന വലിയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ശക്തമായ നേതൃത്വം നൽകി.

കുറിപ്പുകൾ

1.Christian Researches in Asia: with notice of the Translations of the scriptures in to the oriental Languages എന്ന് പൂർണ്ണരൂപം. ഗ്രന്ഥകർത്താവായ റവ. ക്ലോഡിയസ് ബുക്കാനൻ ഡി. ഡി. കൽക്കത്തായിലെ ഫോർട്ട് വില്യം കോളജിന്റെ വൈസ് പ്രിൻസിപ്പലും (vice - provost) ഏഷ്യാറ്റിക് സൊസൈറ്റിയിൽ അംഗവും ആയിരുന്നു. 1811-ൽ ഈ ഗ്രന്ഥത്തിന്റെ ആദ്യപതിപ്പ് പുറത്തിറങ്ങി. ഒരു വർഷത്തിനുള്ളിൽത്തന്നെ അഞ്ച് എഡീഷനുകൾ ഇതിനുണ്ടായി. പ്രസിദ്ധീകരിച്ചത് ലണ്ടനിൽ.

2. Memoirs of the Life and writings of the Rev. Cladius Buchanan D.D. എന്ന് പൂർണ്ണരൂപം. ഡോ. ബുക്കാനന്റെ നിരവധി സ്വകാര്യ കത്തുകൾ ഉദ്ധരിച്ചു തയ്യാറാക്കിയ ഈ ഗ്രന്ഥത്തിന്റെ കർത്താവ് ഓക്സ്ഫോർഡിലെ സെന്റ് ജോൺസ് കോളജിൽ അദ്ധ്യാപകനായിരുന്ന റവ. ഹ്യൂ പിയേഴ്സൺ എം. എ. ആണ്. 1816-ൽ ഒന്നാം പതിപ്പ് പുറത്തിറങ്ങി. 1817-ൽ രണ്ടാം പതിപ്പും.

3. കയ്യെഴുത്തുപ്രതിയായി ചരിത്രപഠിതാക്കളുടെ ഇടയിൽ പ്രചരിച്ചിരുന്ന ഈ കൃതി 2000-ൽ ചരിത്രപണ്ഡിതനായ ഡോ. എം. കുര്യൻ തോമസ് പഠനക്കുറിപ്പുകളോടെ തയ്യാറാക്കിയത് സോഫിയാ ബുക്സ്, കോട്ടയം ആദ്യമായി അച്ചടിച്ച് പ്രസിദ്ധീകരിച്ചു.

4. Christian Researches in Asia (Vth Edition,1812), p. 110.

5. ബുക്കാനന്റെ കേരള സന്ദർശനവേളയിൽ വിവിധ ഭാഷകൾ സംസാരിക്കുന്ന സഹായികളെ ഒപ്പം കൂട്ടിയിരുന്നു. തഞ്ചാവൂരിൽ നിന്നും കൂടെ കൊണ്ടുവന്ന പാസ്കൽ എന്ന യുവാവായിരുന്നു അദ്ദേഹത്തിന്റെ മലയാള പരിഭാഷകൻ. പാസ്കൽ മുമ്പ് തിരുവിതാംകൂറിൽ ജീവിച്ചിരുന്ന ആളായിരുന്നു. പിന്നീട് ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തു.

6. Christian Researches in Asia (Vth Edition,1812), p. 127.

7. 1807 ജനുവരി 29-ന് മക്കാളെയ്ക്ക് എഴുതിയ കത്തിൽ തമിഴ് വേദപുസ്തകം കർണ്ണാട്ടിക്കിൽ നിന്ന് എത്തിയെന്നും അതുമായി പിറ്റേന്ന് മെത്രാപ്പോലീത്തായെ കാണാൻ പോകുന്നുണ്ടെന്നും അദ്ദേഹം മൂന്നു സുറിയാനി - മലയാളം പണ്ഡിതന്മാരുമായി ചേർന്ന് മലയാള പരിഭാഷ നടത്തിക്കൊണ്ടിരിക്കുകയാണെന്നും തമിഴു പുസ്തകം കാണാൻ അദ്ദേഹം ആഗ്രഹിക്കുന്നുവെന്നും പറയുന്നുണ്ട്. മെമ്മോയേഴ്സിൽ ഉദ്ധരിച്ചിരിക്കുന്ന കത്തിൽ നിന്ന്.

8. റാന്നിപള്ളിയിൽ ലൂക്കോസ് കശ്ശീശയും മത്തായി കശ്ശീശയും അബ്രഹാം, ഗീവറുഗീസ്, തോമ്മാ, ഫീലിപ്പോസ് എന്നീ അൽമായ പ്രമുഖർ, ചാലിശ്ശേരിയിൽ മാത്തു കശ്ശീശാ, പുത്തൻകാവിൽ അന്ത്രയോസ് കശ്ശീശാ, മാരാമണ്ണിൽ സഖറിയാ കശ്ശീശാ, നിരണത്ത് തോമ്മാ കശ്ശീശാ, അൽമായ പ്രമുഖൻ യാക്കോബ് തരകൻ.

9. മലങ്കരസഭയും ആംഗ്ലിക്കൻ സഭയും തമ്മിലുള്ള ഐക്യ (unity) ത്തെക്കുറിച്ച് സംസാരിക്കാൻ ബുക്കാനൻ താല്പര്യം പ്രകടിപ്പിച്ചു. അത്തരമൊരു വിഷയം ചർച്ച ചെയ്യാൻ അദ്ദേഹത്തെ സഭാധികാരികൾ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് മെത്രാപ്പോലീത്താ ആരാഞ്ഞു. ഔദ്യോഗികമായി ചുമതലപ്പെടുത്തിയിട്ടില്ലെങ്കിലും ഈ വിഷയം ആംഗ്ലിക്കൻ സഭാധികാരികൾക്ക് താല്പര്യമുള്ള വിഷയമായിരിക്കും എന്ന് ബുക്കാനൻ മറുപടി നൽകി. ഈ വിഷയം ചർച്ച ചെയ്യാൻ രണ്ട് വൈദികരെയാണ് മെത്രാപ്പോലീത്താ നിയോഗിച്ചത്. അവരുടെ പേരുകൾ പറയുന്നില്ലെങ്കിലും കായംകുളം ഫീലിപ്പോസ് റമ്പാൻ, അങ്കമാലി ഇട്ടൂപ്പ് കത്തനാർ എന്നിവരായിരിക്കാനാണ് സാധ്യത. 981 (1806) മേടം 12-ന് ഇരുവരും കണ്ടനാട്ടുനിന്ന് കൊച്ചിയിലേക്ക് മെക്കാളെയെക്കാണാൻ പോയതായി *നിരണം ഗ്രന്ഥവരി* സാക്ഷ്യപ്പെടുത്തുന്നു.

10. ചർച്ചയ്ക്കായി മെത്രാപ്പോലീത്തായെ കേണൽ മക്കാളെയും ബുക്കാനനും കൊച്ചി

യിലേക്ക് ക്ഷണിച്ചെങ്കിലും അദ്ദേഹം പോയില്ല. പകരം രണ്ടു വൈദികരെ യാണ് അയച്ചത്. അപ്പോസ്തോലിക കൈവെപ്പ് (Apostolic Ordination) ചർച്ച യുടെ ഒരു മുഖ്യ വിഷയമായിരുന്നു. മലങ്കരസുറിയാനിസഭയുടെ പൗരാണി കത്വവും കൈവെയ്പിന്റെ ശുദ്ധിയും അംഗീകരിക്കണം എന്ന നിർബന്ധം അവർക്കുണ്ടായിരുന്നു എന്ന് ബുക്കാനൻ രേഖപ്പെടുത്തുന്നു (പുറം 127). മാത്ര മല്ല ആംഗ്ലിക്കൻ സഭയ്ക്ക് കൈവെയ്പ്പിന്റെ പാരമ്പര്യം ലഭിച്ചത് കത്തോലി ക്കാസഭയിൽക്കൂടി ആയതിനാൽ അത് ശുദ്ധമല്ല എന്ന നിലപാടും വൈദി കർക്കുണ്ടായിരുന്നു. എന്നിരുന്നാലും ഇരുസഭകളുടെയും ഐക്യം ഇന്ത്യയിൽ ക്രിസ്തുമതത്തിന് പുരോഗതിയുണ്ടാക്കും എന്ന് മെത്രാപ്പോലീത്താ സമ്മതി ക്കുകയുണ്ടായി.

11. *നിരണം ഗ്രന്ഥവരി*, പുറം 111.
12. 1806 ഡിസംബർ ആദ്യ ആഴ്ചയിൽ ഉദയംപേരൂർ പള്ളി സന്ദർശിച്ചതിനുശേഷം ബുക്കാനനും മക്കാളെയും വലിയ മാർ ദീവന്നാസ്യോസിനെ സന്ദർശിക്കുക യുണ്ടായി. വേദപുസ്തക പരിഭാഷ ആരംഭിച്ചതായി അദ്ദേഹം ഇരുവരേയും അറിയിച്ചു എന്ന് മെമ്മോയേഴ്സിൽ രേഖപ്പെടുത്തിയിരിക്കുന്നു.
13. *നിരണം ഗ്രന്ഥവരി*, പുറം 114.
14. *നിരണം ഗ്രന്ഥവരി*, പുറം 118.
15. എം.ജെ.ഡി. പബ്ലിക്കേഷൻസ്, കുന്നംകുളം, 2011.
16. പുലിക്കോട്ടിൽ ഇട്ടൂപ്പു കത്തനാർ റമ്പാനായത് കൊ. വ. 985 (1810) ചിങ്ങം 15-ന് ഞായറാഴ്ചയാണെന്ന് പുകടിയിൽ ഇട്ടൂപ്പ് റൈട്ടർ പറയുന്നു (മലയാള ത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം (1869). മൂന്നാം പതിപ്പ് (2004), മോർ ആദായി സ്റ്റഡി സെന്റർ, ചീരഞ്ചിറ, പുറം 176). റമ്പാൻ ബൈബി ളിന്റെ പരിഭാഷ 1807 സെപ്റ്റംബറിനു മുമ്പു തന്നെ പൂർത്തിയായിരുന്നു.

മെക്കാളെയ്ക്ക് സെപ്റ്റംബർ 15-ന് ബുക്കാനൻ കൽക്കത്തയിൽ നിന്ന് എഴുതിയ കത്ത് മെമ്മോയേഴ്സിൽ ഉദ്ധരിച്ചിട്ടുണ്ട്: "കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കു ള്ളിൽ മലയാള പരിഭാഷയുടെ എട്ട് പായ്ക്കറ്റുകൾ എത്തി" എന്ന് അദ്ദേഹം എഴുതുന്നു. പരിഭാഷകരുടെ കണക്ക് താല്ക്കാലികമായി പണം കൊടുത്ത് തീർക്കാനും പരിഭാഷയുടെ കൃത്യത പരിശോധിച്ചശേഷം അപ്പോസ്തോലപ്ര വൃത്തികളുടെ വിവർത്തനം ആരംഭിക്കാമെന്നുമാണ് അദ്ദേഹം എഴുതിയത്.

17. Proceedings of Church Missionary Society 1819-20. The state of christianity in India (1822) എന്ന ഗ്രന്ഥത്തിൽ Abbe J. A. Duboi ഉദ്ധരിച്ചത് പുറം 148.
18. The Indian Christians of St. Thomas, The Rev. W. J. Richards, 1908, London, page 102.

"The translation, which was planned by Buchanan, in consultation with the Syrian Metropolitan, Mar Dionysius, was carried out ctrictly by Philippos, a kattanar or priest, who as decon, write out with his own hand the four gospels in syriac some hundred and fourty years ago. His name is reverend amongst his people as Ramban (or monk) philippose ..." page 148.

19. മാർതോമാശ്ലീഹായുടെ ഭാരതസഭ (1907) എന്ന പുസ്തകം എഴുതിയ സഭാചരിത്രപണ്ഡിതനായിരുന്ന ഇ. എം. ഫിലിപ്പും ഈ പാരമ്പര്യമാണ് ശരിവയ്ക്കുന്നത്. അദ്ദേഹം എഴുതുന്നു: "The four Gospels translated into malayalam (vernacular of malabar) under his (Mar Dionysius) direction by Ramban Philippose of Kayamkulam were afterwards printed at Bombay and circulated in the syrian churches." The Indian church of St. Thomas, E. M. Philip, 2nd edition (2002), Mar Adai study centre, Cheeranchira, page 168.

❑

സഹപാഠി: മാർത്തോമ്മാ ഏഴാമൻ മലങ്കര മെത്രാൻ

മലയാള ഭാഷയിൽ അച്ചടിച്ച ഒന്നാമത്തെ വേദപുസ്തകം

മൂക്കഞ്ചേരിൽ പത്രോസ് റമ്പാൻ*

സെറാംപുരു കോളജ് പുസ്തക സഞ്ചയത്തിൽ ഇന്ത്യയിൽ മറ്റധികം പുസ്തകസഞ്ചയങ്ങളിൽ ഇല്ലാത്തവയായ അനേകം പുരാതന ഗ്രന്ഥങ്ങൾ ഉണ്ട്. ക്രിസ്തീയ വേദപുസ്തകം 700 വിവിധ ഭാഷകളിൽ ആണല്ലോ തർജ്ജിമ ചെയ്തിട്ടുള്ളത്. ഈ തർജ്ജിമകളിൽ പകുതിയിൽ അധികവും പ്രസ്തുത പുസ്തകസഞ്ചയത്തിലുണ്ട്. വടക്കെ ഇന്ത്യയിലെ 40 ഭാഷകളിൽ വേദപുസ്തകം തർജ്ജിമ ചെയ്തതു കോളജ് സ്ഥാപകനായ വില്യം കേറിയെന്ന മിഷനറിശ്രേഷ്ഠനും അദ്ദേഹത്തിന്റെ രണ്ടു സ്നേഹിതന്മാരും കൂടിയാണെന്നു പറഞ്ഞാൽ ആരാണ് അത്ഭുതപ്പെടാത്തത്? മലയാളത്തിൽ നാലു സുവിശേഷങ്ങൾ അടങ്ങിയതും 1811-ൽ ബോംബെ കോറിയർ പ്രസ്സിൽ അച്ചടിച്ചതുമായ ഒരു ഗ്രന്ഥമാണു മലയാള ഭാഷയിൽ അച്ചടിച്ച ഒന്നാമത്തെ വേദപുസ്തകം. പുസ്തകത്തിനു യാതൊരു മുഖവുരയോ പ്രസ്താവനയോ ഇല്ലാത്തതുകൊണ്ട് അതിനെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ നിവൃത്തിയില്ല. ഏകദേശം ചതുരമായ അക്ഷരങ്ങൾകൊണ്ട് നിറഞ്ഞ പുസ്തകഭാഗങ്ങളിൽ നവീനരീതിയിലുള്ള പൂർണ്ണവിരാമമോ മറ്റേതെങ്കിലും ചിഹ്നമോ കാണ്മാനില്ല. ഭാഷയുടെ രീതി കാണിക്കുവാൻ താഴെ ഒരു ഭാഗം ഉദ്ധരിക്കുന്നു:

"നീ നമസ്ക്കരിക്കുന്നൂയെന്നുംപൊൾ മാനുഷ മക്കൾക്കു അവരെ കാണപ്പെടുവാൻ കൂട്ടങ്ങളിലും തെരുവുകളുടെ കൊണുകളിലും നിന്നു നമസ്ക്കരിപ്പാൻ സ്നേഹിക്കുന്നൂയെന്ന മവതക്കാരെപ്പോലെ നീയാകരുത. അവരുടെ കൂലി അവരു കൈക്കൊണ്ടുവെന്ന പട്ടാഴങ്ങ നിങ്ങളോട ഞാൻ ചൊല്ലുന്നു. ... അപ്പൊഴെയീവണ്ണം നിങ്ങൾ നമസ്ക്കരിപ്പിൻ. ആകാശത്തിലുള്ള ഞങ്ങളുടെ വാവാ, നിന്റെ തിരുനാമം ശുദ്ധമാകപ്പെടണം. നിന്റെ രാജിദം വരണം. നിന്റെ തിരുമനസ ആകാശത്തിലൊള്ള കണക്കെ അതിന്മണ്ണം ഭൂമിയിലുമാകണം. ഞങ്ങട ദിഷ്ടതിയുടെ അപ്പം ഇന്നും ഞങ്ങൾക്കു നീ തരികാ. ഞങ്ങട കടപ്പുകാരൊടു ഞങ്ങൾ പൊറുത്തുയെന്ന കണക്കെ അതിന്മണ്ണം ഞങ്ങടെ കടങ്ങളും ഞങ്ങട ദൊഷങ്ങളും ഞങ്ങളൊടും നീ പൊറുക്കാ. പരൂക്ഷെക്ക ഞങ്ങളെ നീ പൂകിക്കല്ലെ. പിന്ന്യൊ എന്നും എന്നന്നെക്കും രാജിതവും ശക്കുദിയും സ്തുതിയും നിനക്കൊള്ളതാകുന്നൂയെന്നതുകൊണ്ട തിന്മപെട്ടവനിൽ നിന്ന ഞങ്ങളെ നീ രക്ഷിക്കാ" (വായനാ സൗകര്യത്തിനുവേണ്ടി പൂർണ്ണവിരാമം ചേർത്തിരിക്കുന്നു - എഡിറ്റർ).

“യേശുതമ്പുരാൻ താൻ പുറപ്പെട്ടു പൊകുമ്പോൾ” എന്നതിലെ “താൻ”, “സ്ത്രീ അവൾ പറഞ്ഞു” എന്നതിലെ “അവൾ” മുതലായ പ്രയോഗങ്ങൾ ഗ്രീക്കിലും സുറിയാനിയിലും “ഹോ”, “ഹേ” എന്നും “ഹു”, “ഹി” എന്നും ഉള്ള പ്രയോഗങ്ങളുടെ ശരി തർജ്ജിമയാണ്.

പുസ്തകസഞ്ചയത്തിലെ പഴയ ലിസ്റ്റിൽ ഇപ്രകാരം എഴുതിക്കാണുന്നു: “മലയാള വേദപുസ്തകം - നാലു സുവിശേഷങ്ങൾ. തിമ്മപ്പപ്പിള്ളയും റമ്പാനും കൂടി തർജ്ജിമ ചെയ്തതു. മലയാളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ വക. ഫബ്രീഷ്യസ്സിന്റെ തമിഴു തർജ്ജിമയിൽ നിന്നു. ബോമ്പെ 1811.” ഈ ഫബ്രീഷ്യസ് “സന്യാസി അയ്യർ” എന്ന പേരിനാൽ പ്രസിദ്ധിനേടിയവനും 1742-ൽ തമിഴു രാജ്യങ്ങളിൽ സുവിശേഷവേല ആരംഭിച്ചവനുമായ ഡെന്മാർക്കിലെ ഒരു മിഷനറിവീരൻ ആയിരുന്നു. അദ്ദേഹത്തിന്റെ തമിഴു തർജ്ജിമ വളരെ വിശേഷവുമാണ്. എന്നാൽ മലയാളതർജ്ജിമ സുറിയാനി പ്ശീത്തൊ വേദപുസ്തകത്തോടു താരതമ്യപ്പെടുത്തി നോക്കിയതിൽ വാക്കിനു വാക്കായി തമ്മിൽ ഒത്തിരിക്കുന്നതായും പാശ്ചാത്യസ്പർശനം അശേഷം ഇല്ലാത്തതായും ബോദ്ധ്യപ്പെട്ടിരിക്കുന്നു. ഫബ്രീഷ്യസ് പാശ്ചാത്യഭാഷയായ ഡച്ചിൽ നിന്നായിരിക്കണമല്ലൊ തമിഴിലേക്കു വേദപുസ്തകം തർജ്ജിമ ചെയ്തത്. ഇതിൽ നിന്ന് അനുമാനിക്കേണ്ടതു റമ്പാൻ സുറിയാനിയിൽ നിന്ന് സുവിശേഷങ്ങൾ തർജ്ജിമ ചെയ്തു എന്നും ആ തർജ്ജിമയിൽ റമ്പാനെ സഹായിക്കുവാൻ തിമ്മപ്പപ്പിള്ള എന്ന പാണ്ടിത്തമിഴൻ തമിഴു വേദപുസ്തകത്തോടുകൂടി ഹാജരായിരുന്നു എന്നുമാണ്. തിമ്മപ്പപ്പിള്ള തഞ്ചാവൂരിലെ കീർത്തിപ്പെട്ട മിഷനറി ആയിരുന്ന ഷ്വാർട്സിന്റെ കൂടെ അഭ്യസിച്ച ഒരുപദേശി ആയിരുന്നു. കായങ്കുളത്തു മണങ്ങനഴിയം കുടുംബത്തിലെ ഒരംഗമായിരുന്നു പീലിപ്പോസ് റമ്പാൻ. പിന്നീട് മെത്രാപ്പോലീത്താ ആയ പുലിക്കോട്ടിൽ ഇട്ടൂപ്പു കത്തനാരും വേറൊരു കത്തനാരും ഭാഷാന്തരത്തിൽ റമ്പാനെ സഹായിച്ചു. തർജ്ജിമയ്ക്കു ചെലവു ചെയ്തതു ബുക്കാനൻ സായ്പും അച്ചടിച്ചെലവു വഹിച്ചതു ബ്രിട്ടീഷ് പാരദേശിക വേദപുസ്തകസമൂഹവുമാണ്. മലയാള അക്ഷരം ആദ്യം കൊത്തി വാർത്തുണ്ടാക്കിയതു സ്പെയിൻ രാജ്യക്കാരനും അന്മേനിയും ആയ ജോൺ ഗോൺസാൽവസ് എന്നു പേരുള്ള ഒരു യേശ്വിത്തൻ ആയിരുന്നു. ഇയാൾ 1587-ൽ കൊച്ചിയിൽ വച്ചു മലയാളത്തിൽ റോമൻ കത്തോലിക്കാ വിശ്വാസം അടങ്ങിയിരിക്കുന്നതും സെന്റ് ഫ്രാൻസിസ് സേവ്യർ പഠിപ്പിച്ചുവന്നതുമായ ഒരു ചോദ്യോത്തരപ്പുസ്തകം അച്ചടിപ്പിച്ചു. ഒന്നാമത്തെ മലയാള വേദപുസ്തകം അടിച്ചിരിക്കുന്ന അക്ഷരവും ഈ പുസ്തകത്തിന്റെ അക്ഷരവും ഒന്നുതന്നെയാകുന്നു. അതുകൊണ്ടു ബോമ്പെയിൽ കുറിയർ പ്രസ്സിൽ വിശുദ്ധ വേദം അച്ചടിച്ച മലയാള അക്ഷരം

ഗോൺസാൽവസിന്റെ അച്ചിൽ നിന്നു വാർത്തുണ്ടാക്കിയ അക്ഷരമാണെന്നും അതടിച്ച സമയത്ത് ഈ സമീപത്തെങ്ങും നല്ല പ്രസ്സില്ലാഞ്ഞിട്ടു ബോമ്പെ വരെ പോകേണ്ടി വന്നതാണെന്നും അനുമാനിക്കാം. ഒന്നാമത് അച്ചടിച്ച ഈ വിശുദ്ധ വേദത്തിന്റെ പ്രതികൾ റസിഡണ്ടു മുഖാന്തിരം എല്ലാ സുറിയാനിപ്പള്ളികളിലും അന്ന് അയച്ചുകൊടുക്കയുണ്ടായി.

വേദപുസ്തകം ഇന്ത്യൻ ഭാഷകളിലെല്ലാം തർജ്ജിമ ചെയ്തു പ്രചരിപ്പിക്കണമെന്നു വളരെ ആഗ്രഹിക്കുകയും ഈ ഉദ്ദേശ്യത്തോടെ ഇന്ത്യയിൽ പല ഭാഗങ്ങളിലും സഞ്ചരിക്കയും ചെയ്ത ഒരാളാണല്ലോ ഡോക്ടർ ബുക്കാനൻ. 1806-ൽ അദ്ദേഹം സുറിയാനിസഭയെ സന്ദർശിക്കുന്നതിനു മുമ്പുതന്നെ കായംകുളത്തെ റമ്പാന്റെ കയ്യിൽ ഏവൻഗേലിയോന്റെ ഒരു കയ്യെഴുത്തു തർജ്ജിമ ഉണ്ടായിരുന്നു. കണ്ടനാട്ടു വച്ചു മലങ്കര മെത്രാപ്പോലീത്തായും ആറാം മാർത്തോമ്മായുമായ വലിയ മാർ ദീവന്നാസ്യോസിനെ അദ്ദേഹം സന്ദർശിച്ചതിന്റെ ഫലമായിട്ടാണ് ഏവൻഗേലിയോൻ മലയാളത്തിൽ അച്ചടിക്കുന്നതിന് ഇടയായത്. ആ സന്ദർശനാവസരത്തിലാണ് എസ്ത്രങ്ങേലി അക്ഷരത്തിൽ തോലിൽ എഴുതപ്പെട്ട ഒരു വേദപുസ്തകം മെത്രാപ്പോലീത്താ സായ്പിനു സമ്മാനിച്ചത്. "ഇതു ഞങ്ങൾ ആയിരം കൊല്ലമായി സൂക്ഷിച്ചുവരുന്നു" എന്ന് അദ്ദേഹം പറഞ്ഞപ്പോൾ "ഇംഗ്ലണ്ട് ഇത് ഇനി ആയിരം കൊല്ലം സൂക്ഷിക്കു"മെന്നു സായ്പു മറുപടി പറഞ്ഞു. ഈ പുസ്തകം ഇപ്പോൾ കേംബ്രിഡ്ജ് പുസ്തകശാലയിൽ സൂക്ഷിച്ചിരിക്കുന്നു. പ്രൊഫസ്സർ ടി. വി. ജോൺ കത്തനാർ ഇത് അവിടെ വച്ചു തുറന്നു നോക്കുകയുണ്ടായി. "സുറിയാനി മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ സുവിശേഷങ്ങളുടെ ഒരു തർജ്ജിമ തയ്യാറായിവരുന്നു. അത് ഉടനെ ബോമ്പെയിൽ നിന്നിറങ്ങും" എന്ന് "ഏഷ്യായിലെ ക്രിസ്തീയാന്വേഷണങ്ങൾ" എന്ന തന്റെ പുസ്തകത്തിൽ ബുക്കാനൻ രേഖപ്പെടുത്തിയിട്ടുണ്ട്. ബോമ്പെയിൽ അച്ചടിച്ച പുസ്തകത്തിന്റെ ആദിയിൽ "ഭാഗം ഒന്ന്" എന്ന് എഴുതിയിരിക്കുന്നതിനാൽ നാലു സുവിശേഷങ്ങൾക്കു പുറമേയുള്ള പുതിയനിയമഭാഗങ്ങൾ രണ്ടാം ഭാഗമായി അച്ചടിപ്പിക്കുവാൻ പ്രസാധകന്മാർക്ക് ആലോചനയുണ്ടായിരുന്നു എന്ന് അനുമാനിക്കാവുന്നതാണ്. സുറിയാനിസഭ വകയായി നൂറു കൊല്ലം മുമ്പ് ഇങ്ങനെ ഒരു കൃതി പുറപ്പെട്ടതിൽ സുറിയാനിക്കാർക്ക് പ്രത്യേകമായി അഭിമാനത്തിനു ന്യായമുണ്ട്. ഇതിനെ തുടർന്ന് ഇക്കാലത്തു പാമ്പാക്കുട നിന്നു മാർ ഔഗേൻ തീമോത്തിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ മേൽനോട്ടത്തിൽ പരേതനായ മലങ്കര മല്പാൻ കോനാട്ടു മാത്തൻ കോറെപ്പിസ്ക്കോപ്പായുടെ, പുതിയനിയമം മുഴുവന്റേയും തർജ്ജിമ പുറപ്പെട്ടിട്ടുള്ളത് ഉപകാരപ്രദമായിരിക്കുന്നു.

(മലങ്കരസഭ, 1948, പുസ്തകം 3, ലക്കം 5, പേജ് 17-19)

* *പിന്നീട് പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ*

കായംകുളം ഫിലിപ്പോസ് റമ്പാനും ബൈബിൾ പരിഭാഷയും

വി. കെ. തമ്പി അടൂർ

യേശുക്രിസ്തുവിന്റെ ശിഷ്യന്മാരിൽ ഒരുവനായ മാർതോമ്മാശ്ലീഹാ എ.ഡി. 52-ൽ സുവിശേഷപ്രചരണാർത്ഥം കേരളക്കരയിൽ വന്നു. കൊടുങ്ങല്ലൂർ തുറമുഖത്ത് കപ്പലിൽ നിന്നിറങ്ങിയ അദ്ദേഹം ആദ്യം പാദം വെച്ച കരയാണ് മാല്യാങ്കര. ആദിമ ക്രൈസ്തവ സങ്കേതമായിരുന്ന നിലയ്ക്കൽ നിന്നും തെക്കൻ പ്രദേശങ്ങളിലേക്ക് കുടിയേറിയവർ എ.ഡി. 325-ൽ കടമ്പനാട് സെന്റ് തോമസ് ദേവാലയം സ്ഥാപിച്ചു. അവിടെ നിന്നും അടൂരിലെയും പരിസരപ്രദേശങ്ങളിലെയും ക്രിസ്ത്യാനികൾ ചേർന്ന് ഇന്നേക്ക് ഏതാണ്ട് 500-ൽപരം വർഷങ്ങൾക്കു മുമ്പ് അടൂർ കണ്ണംകോട് മാർത്തോമ്മൻ ദേവാലയം സ്ഥാപിച്ചു. കായംകുളം ഫീലിപ്പോസ് റമ്പാൻ തന്റെ ജീവിതസായാഹ്നത്തിൽ ഒരു തീർത്ഥാടകനായി യാത്ര തിരിച്ച് വഴിമദ്ധ്യേ വിശ്രമത്തിനായി കണ്ണംകോട് സെന്റ് തോമസ് ദേവാലയത്തിൽ (പഴയ പള്ളി) എത്തിച്ചേർന്നു. ഒരു നിയോഗം പോലെ, ശേഷിച്ച ജീവിതം ഇവിടെത്തന്നെ ചിലവഴിക്കാൻ തീരുമാനിച്ച അദ്ദേഹം പ്രാർത്ഥനയും ഉപവാസവും നാമമാത്രമായ ഭക്ഷണവും ഒക്കെയായി ഏതാണ്ടു രണ്ടു വർഷക്കാലത്തോളം പള്ളിമേടയിൽ വിശുദ്ധ ജീവിതം നയിച്ചു. 1812-ൽ (987 തുലാ മാസം 28-ാം തീയതി) അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

1806-ൽ കേരളം സന്ദർശിച്ച ക്ലോഡിയസ് ബുക്കാനൻ എന്ന ആംഗ്ലിക്കൻ മിഷണറി കായംകുളം കാദീശാ പള്ളിയിൽ വെച്ച് ബൈബിൾ പ്രാദേശിക ഭാഷയിലേക്ക് മൊഴിമാറ്റം നടത്തേണ്ടുന്നതിന്റെ ആവശ്യകതയെക്കുറിച്ച് അവിടുത്തെ സഭാനേതാക്കന്മാരോട് സംസാരിച്ചു. പുതിയനിയമത്തിന്റെ മലയാള പരിഭാഷ മൂലഭാഷയായ ഗ്രീക്കിൽ നിന്നായിരിക്കണമെന്ന ബുക്കാനന്റെ നിർദ്ദേശം പക്ഷേ സ്വീകാര്യമായില്ല. സുറിയാനി ബൈബിളിൽ നിന്നായിരിക്കണം പ്രാദേശികഭാഷയിലേക്കുള്ള തർജ്ജിമ എന്നുള്ള നിർദ്ദേശമാണ് സ്വീകാര്യമായത്. സുറിയാനിയിൽ നിന്ന് മലയാളത്തിലേക്ക് ബൈബിൾ പരിഭാഷ ചെയ്യുക എന്ന ദൗത്യം കായംകുളം ഫീലിപ്പോസ് റമ്പാൻ ഏറ്റെടുക്കുകയും കണ്ടനാട്ടു വെച്ച് ബൈബിൾ പരിഭാഷയിൽ മുഴുകുകയും ചെയ്തു. സുറിയാനിയിൽ രചിച്ച മൂലഗ്രന്ഥമാണ് വിവർത്തനത്തിനാധാരം. പുതിയനിയമത്തിലെ മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നീ നാലു പുസ്തകങ്ങൾ തർജ്ജമ ചെയ്തു. ബോംബെയിലെ കൊറിയർ പ്രസ്സിൽ 1811-ൽ അച്ചടി

പൂർത്തിയാക്കിയ ഗ്രന്ഥം മലയാളഭാഷയിൽ അച്ചടിച്ച ഒന്നാമത്തെ വേദ പുസ്തകമായി അറിയപ്പെടുന്നു.

പതിനാറാം നൂറ്റാണ്ടിനു മുമ്പും പിമ്പും കേരളത്തിൽ നിലവിലിരുന്ന മല്പാൻ ഭവനങ്ങളിൽ ഉപയോഗിച്ചിരുന്ന മല്പാൻ മലയാളത്തിന്റെ മാതൃകയിലാണ് ഫീലിപ്പോസ് റമ്പാൻ ബൈബിൾ പരിഭാഷപ്പെടുത്തിയത്. അക്കാലത്ത് കേരളത്തിലെ മല്പാൻ ഭവനങ്ങൾ വൈദികപരിശീലന വേദികൾ കൂടിയായിരുന്നു. സുറിയാനിയിൽനിന്നു പിറന്ന ഈ വിചിത്ര മലയാളത്തിന് പില്ക്കാലത്തെ ബൈബിൾ ഭാഷയോട് ബന്ധമില്ല. വിവർത്തനത്തിൽ പലയിടത്തും സുറിയാനിപദങ്ങൾ തൽസമങ്ങളായിതന്നെ ചിത്രീകരിച്ചിരിക്കുന്നു. അദ്ധ്യായത്തിന് 'കെപ്പാലഓൻ' എന്നും വാക്യത്തിന് 'പാസാക്കോ' എന്നും സങ്കീർത്തനത്തിന് 'മസ്മൂർ' എന്നും ജ്ഞാനസ്നാനത്തിന് 'മാമോദീസാ' എന്നും പഴയനിയമത്തിന് 'ഒറേത്താ' എന്നും മറ്റുമുള്ള പദങ്ങൾ സുറിയാനിപദങ്ങൾ അതേപടി മലയാളത്തിൽ അച്ചടിച്ചിരിക്കുകയാണ്. പിൽക്കാലത്ത് ഈ പദങ്ങൾ മലയാളഭാഷയ്ക്ക് ഒരു മുതൽക്കൂട്ടായിത്തീർന്നു. റമ്പാൻ ബൈബിളിലെ മലയാളവും പിൽക്കാലത്ത് പ്രചാരത്തിൽ വന്ന ബൈബിളിലെ മലയാളവും തമ്മിൽ രൂപത്തിലും ഭാവത്തിലും വ്യത്യാസമുണ്ട്. മത്തായിയുടെ സുവിശേഷം അഞ്ചാം അദ്ധ്യായം മൂന്നു മുതൽ ഒൻപതു വരെയുള്ള വാക്യങ്ങൾ ഒരു ഉദാഹരണത്തിനായി കുറിക്കുന്നു.

മത്തായിയുടെ സുവിശേഷം അഞ്ചാം അദ്ധ്യായം

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവർക്കുള്ളത്. ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ അവർക്ക് ആശ്വാസം ലഭിക്കും. സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, അവർ ഭൂമിയെ അവകാശമാക്കും. നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ, അവർക്ക് തൃപ്തി വരും. കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്ക് കരുണ ലഭിക്കും. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും.

അഞ്ചാം കെപ്പാലയോൻ

ജ്ഞാനത്തിൽ അഗുദികൾക്കാ അവർക്ക ഭാഗ്യം, ആകാശമോക്ഷം അവർക്കുള്ളതാകുന്നു. കരയപ്പെട്ടവർക്ക അവർക്ക ഭാഗ്യം. ഇവ തണുക്കപ്പെടും. ക്ഷീണിക്കപ്പെട്ടവർക്ക ഭാഗ്യം, ഇവർ ഭൂമിയവരുമെടും. നെറിവിന്നു പശിച്ച ദാഹിക്കപ്പെട്ടവരാകുന്നുയെന്നവർക്ക് ഭാഗ്യം, ഇവർ സംഭൂർണ്ണമാകുമെന്ന. സ്നെഹിക്കുന്നവർക്ക ഭാഗ്യം, അനുഗ്രഹങ്ങൾ അവരുമേൽ ഒണ്ടാകുമെന്ന. അവരുടെ മനസ്സിൽ വെടിപ്പാകപ്പെട്ടവരാ

കുമെന്നയവർക്ക ഭാഗ്യം, ഇവരു തംപുരാനെ അവരു കാണുമെന്ന. സൊത്വം പ്രവർത്തിക്കുന്നവർക്ക് ഭാഗ്യം, തംപുരാന്റെ മക്കളായി അവരെ വിളിക്കപ്പെടും.

മലങ്കര നസ്രാണികളെ സംബന്ധിക്കുന്ന ഒരു പ്രാമാണിക രേഖയായ *നിരണം ഗ്രന്ഥവരി* എന്ന കൈയെഴുത്തു ഗ്രന്ഥത്തിൽ ഫീലിപ്പോസ് റമ്പാന്റെ ബൈബിൾ പരിഭാഷയെക്കുറിച്ച് വിവരിക്കുന്നുണ്ട്. റവ. ഡബ്ലിയു. ജെ. റിച്ചാർഡ് 1908-ൽ ലണ്ടനിൽ നിന്നു പ്രസിദ്ധീകരിച്ച ഒരു പുസ്തകത്തിലും മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ആലോചനയോടുകൂടി ബുക്കാനൻ സായിപ്പ് നടത്തിയ ഭാഷാന്തരം മുഖ്യമായും നടത്തിയത് ജനങ്ങളുടെ ഇടയിൽ വന്ദ്യനായി ഗണിച്ചുപോന്ന ദയറാക്കാരൻ ഫീലിപ്പോസ് റമ്പാനായിരുന്നുവെന്ന് കാണിക്കുന്നു. മഹാകവി വള്ളത്തോൾ നാരായണമേനോന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന ആത്മപോഷിണി മാസികയിൽ 1918-ൽ ചങ്ങനാശ്ശേരി വി. എ. തോമസ് എഴുതിയ 'മലയാളഭാഷയിലെ ഒരു ഗദ്യപുസ്തകം' എന്ന ലേഖനത്തിൽ ഫീലിപ്പോസ് റമ്പാൻ സുറിയാനിയിൽ നിന്ന് നാലു പുസ്തകങ്ങൾ തർജ്ജമ ചെയ്തതായി പറഞ്ഞിട്ടുണ്ട്. ഡോ. പി. ജെ. തോമസ് 1935-ൽ പ്രസിദ്ധീകരിച്ച 'മലയാള സാഹിത്യവും ക്രിസ്ത്യാനികളും' എന്ന ഗ്രന്ഥത്തിലും ഫീലിപ്പോസ് റമ്പാന്റെ ബൈബിൾ പരിഭാഷയെക്കുറിച്ച് വിവരിക്കുന്നു. മലങ്കര ഓർത്തഡോക്സ് സഭയിലെ സഞ്ചാര മിഷണറിയും സ്ലീബാദാസ സമൂഹസ്ഥാപകനുമായ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ 'മലങ്കരസഭ' മാസികയിൽ (1948 പുസ്തകം 3, ലക്കം 5) മലയാളഭാഷയിൽ അച്ചടിച്ച ഒന്നാമത്തെ വേദപുസ്തകം എന്നൊരു ലേഖനത്തിലെ പ്രസക്ത ഭാഗങ്ങൾ: 'റമ്പാൻ സുറിയാനിയിൽ നിന്ന് സുവിശേഷങ്ങൾ തർജ്ജമ ചെയ്തു. ആ തർജ്ജമയിൽ റമ്പാനെ സഹായിക്കുവാൻ തിമ്മപ്പാപിള്ള എന്ന പാണ്ടി തമിഴൻ ഉപദേശി തമിഴ് വേദപുസ്തകത്തോടുകൂടി ഹാജരായിരുന്നു.' പ്രൊഫ. എൽ. ബി. രാമസ്വാമി അയ്യർ പ്രസിദ്ധമായ ഒരു ഗവേഷണ പ്രസിദ്ധീകരണത്തിൽ 1941-ൽ എഴുതിയ ലേഖനങ്ങളിൽ ഒന്ന് ഫീലിപ്പോസ് റമ്പാന്റെ ബൈബിൾ തർജ്ജമയെക്കുറിച്ചുള്ളതാണ്. 1811-ൽ പ്രസിദ്ധീകരിച്ച റമ്പാൻ ബൈബിളിന് ഒരു രണ്ടാം പതിപ്പുണ്ടാകുന്നത് 1996-ൽ ആണ്. പി. വി. മാത്യു എറണാകുളമാണ് പുനഃപ്രകാശനം ചെയ്തത്. ബൈബിൾ മലയാളത്തിലേക്ക് ആദ്യമായി പരിഭാഷപ്പെടുത്തിയ ഫീലിപ്പോസ് റമ്പാന്റെ മരണത്തെക്കുറിച്ച് *നിരണം ഗ്രന്ഥവരി* ഇങ്ങനെ രേഖപ്പെടുത്തുന്നു: "എൺപത്തിയേഴാംആണ്ട് തുലാ മാസം 28-ന് ഫീലിപ്പോസ് റമ്പാൻ കഴിഞ്ഞ്, കണ്ണംകോട് പള്ളിയിലടക്കി."

റമ്പാൻ മരിച്ചിട്ട് കാലമേറെ കഴിഞ്ഞു. റമ്പാനും അദ്ദേഹത്തിന്റെ

ബൈബിൾ പരിഭാഷയും മറവിയുടെ കയത്തിൽ മുങ്ങിമറഞ്ഞു. വർഷങ്ങൾക്കുശേഷം ഒരു ദൈവനിയോഗംപോലെ മറവിയുടെ മാറാല തുടച്ചുമാറ്റി റമ്പാനും അദ്ദേഹത്തിന്റെ ബൈബിൾ പരിഭാഷയും വർത്തമാനകാലത്തിന്റെ മുഖ്യധാരയിലേക്ക് വീണ്ടും കടന്നുവന്നു. യെഹെസ്ക്കേൽ പ്രവചനത്തിൽ അസ്ഥികളുടെ താഴ്‌വരയെക്കുറിച്ച് പ്രവാചകൻ കാണുന്ന ദർശനത്തിൽ ഉണങ്ങിയ അസ്ഥികളിന്മേൽ ദൈവത്തിന്റെ ശ്വാസം ഊതിയപ്പോൾ അവർ ജീവൻ വെച്ച് എഴുന്നേറ്റ് ഏറ്റവും വലിയ സൈന്യമായി നിവർന്നുനിന്നതായി കാണുന്നു. വന്ദ്യ റമ്പാച്ചന്റെ ശ്രാദ്ധപ്പെരുനാളിന്റെയും ബൈബിൾ ആദ്യമായി മലയാള ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയതിന്റെയും ദ്വിശതാബ്ദി തിരുവചനത്തിന്റെ അർത്ഥവ്യാപ്തിയിലേക്ക് ഏവരെയും നയിക്കട്ടെ.

❑

ശിഷ്യപ്രമുഖൻ: ചേപ്പാട്ട് ഫീലിപ്പോസ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ

പരിഭാഷകൻ ഫീലിപ്പോസ് റമ്പാൻ തന്നെ

ഡോ. എം കുര്യൻ തോമസ്

ബോംബെയിലെ കൂറിയർ പ്രസിൽ 1811-ൽ അച്ചടിച്ച നാലു സുവിശേഷങ്ങളാണ് മലയാള ഭാഷയിൽ അച്ചടിച്ച ആദ്യ വേദഗ്രന്ഥം എന്നതിൽ രണ്ടു പക്ഷമില്ല. സുറിയാനിയിൽനിന്നു നേരിട്ടു പരിഭാഷപ്പെടുത്തിയ ഈ കൃതിയുടെ പരിഭാഷകൻ കായംകുളം ഫീലിപ്പോസ് റമ്പാനാണെന്നതിലും സമീപകാലംവരെയും രണ്ടഭിപ്രായമില്ലായിരുന്നു.

എന്നാൽ തങ്ങൾക്കു വിധേയരാകാത്ത സമൂഹം, തങ്ങളുടെ നിയന്ത്രണത്തിലല്ലാതെ നടത്തിയ വേദപുസ്തക പരിഭാഷയെ ആദ്യകാലം മുതൽ സി.എം.എസ്. മിഷനറിമാർ തമസ്ക്കരിച്ചിരുന്നു എന്നതിനു രേഖകളുണ്ട്. ആദ്യത്തെ സി.എം.എസ്. മിഷനറിയായ റവ. തോമസ് നോർട്ടൻ ഈ പരിഭാഷയെപ്പറ്റി അജ്ഞനായിരുന്നു. 1816-ൽ അദ്ദേഹം ഒരു സുറിയാനി പള്ളിയിൽ *റമ്പാൻ ബൈബിൾ* കണ്ട് അൽഭുതപ്പെട്ടെന്നും, *ദൈവ വചനത്തിന്റെ ഒരു വരിയെങ്കിലും ഈ ഭാഷയിൽ ഉള്ളതായി തങ്ങൾക്ക് അറിവില്ലായിരുന്നു എന്നതാണ് അതിനു കാരണമെന്നും* 1818-ലെ മിഷനറി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് ഗ്രീക്കിൽനിന്നും ഹീബ്രുവിൽനിന്നും പരിഭാഷപ്പെടുത്തിയ വേദപുസ്തകത്തെ പരിഭാഷകന്റെ പേരു ചേർത്ത് *ബെയ്‌ലി ബൈബിൾ* എന്നു വിളിച്ചവർ, 1811-ലെ പരിഭാഷയെ *റമ്പാൻ ബൈബിൾ* എന്നു വിളിക്കാതെ *ബുക്കാനൻ ബൈബിൾ* എന്നും *കൂറിയർ ബൈബിൾ* എന്നും പരാമർശിക്കുന്നത് ഈ തമസ്കരണത്തിന്റെ ഭാഗമാണ്. കായംകുളം ഫീലിപ്പോസ് റമ്പാന്റെ നാമം ഒഴിവാക്കിയതിനു വേറെ കാരണം കണ്ടെത്തേണ്ടതില്ല.

1807-ൽ റവ. ക്ളോഡിയസ് ബുക്കാനന്റെ രണ്ടാം കേരള സന്ദർശന വേളയിൽ വലിയ മാർ ദീവന്നാസ്യോസിന്റെ മേൽനോട്ടത്തിൽ പരിഭാഷ പൂർത്തിയാക്കിയ നാലു സുവിശേഷങ്ങളും അദ്ദേഹത്തിനു കൈമാറി. ഇത് അദ്ദേഹം മലയാള വ്യാകരണ ഗ്രന്ഥ രചയിതാവായ ഡോ. റോബർട്ട് ഡ്രൂമണ്ടിന്റെ വിദഗ്ദ്ധ അഭിപ്രായത്തിനു വിട്ടു. പുസ്തകം പരിശോധിച്ച ഡോ. ഡ്രൂമണ്ട്, *... പാവനമായ മൂലകൃതിയുടെ സത്യസന്ധമായ ഭാഷ്യവും, സാധാരണക്കാരന് സരളമായി മനസിലാകുന്നതുമാണ് ഈ പരിഭാഷ...* എന്നു സാക്ഷ്യപ്പെടുത്തിയെന്ന് ലണ്ടനിലെ ഇന്ത്യാ ഓഫീസ് റിക്കാർഡുകളെ ആധാരമാക്കി ജോൺ ഫെൻവിക്ക് തന്റെ *The Forgotten Bishops* എന്ന ഗ്രന്ഥത്തിൽ (2009) രേഖപ്പെടുത്തിയിട്ടുണ്ട്.

1873-ൽ പ്രസിദ്ധീകരിച്ച തോമസ് വൈറ്റ്ഹൗസിന്റെ *Lingerings of*

Light in a Dark Land: Being Researches in to the Past History and Present Condition of the Syrian Church of Malabar എന്ന ഗ്രന്ഥത്തിൽ 1811-ലെ പരിഭാഷയുടെ കർത്താവ് കായംകുളം ഫീലിപ്പോസ് റമ്പാനാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. ചെങ്ങന്നൂർ കബറടങ്ങിയ മാർ ഈവാനിയോസ് യൂഹാനോന്റെ ശിഷ്യനായ ഫീലിപ്പോസ് റമ്പാനെ *സുറിയാനിക്കാരുടെ ഇടയിൽ സവിശേഷ വ്യക്തിത്വമുള്ള ഒരാൾ* എന്നാണ് വൈറ്റ്ഹൗസ് വിശേഷിപ്പിക്കുന്നത്. പ്രസ്തുത പരാമർശനം താഴെ പറയുംവിധമാണ്.

… We know little more of of Mar John, or Evanius (as he is called by the Syrians), except that one of his disciples, who was known as Remban Philipose, was a man of some mark among the Syrians when Dr. C. Buchanan visited Malabar; and was employed by him as one of the Malayalam translators of the Four Gospels, which were supplied to this community, through the kind efforts Buchanan. This Remban died at Kannamkode, a chapel of the ease to the Kadmbanada Church; and an annual feast is held in commemoration of him. The senior Metran of the Syrians in 1830 had been instructed by this same Remban. …

തെക്കനും വടക്കനുമല്ലാത്ത അന്ത്യോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ 1952-നടുത്ത് അറബിയിൽ എഴുതിയ *ഇന്ത്യയിലെ സുറിയാനി സഭാചരിത്രം* എന്ന കൃതിയിൽ (ഇംഗ്ലീഷ് പരിഭാഷ മത്തായി മൂസ - 2009, മലയാള പരിഭാഷ ജേക്കബ് വർഗീസ് മന്നാംകുഴിയിൽ - 2011) ഫീലിപ്പോസ് റമ്പാനാണ് 1811-ലെ പരിഭാഷയുടെ കർത്താവ് എന്നു വ്യക്തമായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിവരത്തിന് അദ്ദേഹം ആശ്രയിക്കുന്നത് ഇടവഴിക്കൽ ഫീലിപ്പോസ് കത്തനാരുടെ (1779-1867) ഒരു അപ്രകാശിത സുറിയാനി ലേഖനത്തെയാണ്.

കോട്ടയം സ്വദേശി ഇടവഴീക്കൽ ഫീലിപ്പോസ് കത്തനാരെ *തെക്കൻ പക്ഷപാതി* എന്നു മുദ്രകുത്തുന്നതിനു മുമ്പ് അദ്ദേഹത്തിനു സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് ദ്വിതീയനെപ്പറ്റിയുള്ള അഭിപ്രായം എന്താണെന്നു മനസിലാക്കണം. സെമിനാരി സ്ഥാപകന്റെ ശിഷ്യനും ശെമ്മാശനും സെക്രട്ടറിയുമായിരുന്ന ഫീലിപ്പോസ് കത്തനാർ, മെത്രാപ്പോലീത്തായുടെ ദേഹവിയോഗത്തെ തുടർന്ന് തന്റെ ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്:

… 1816 വൃശ്ചികം 12-നു ഈ മെത്രാപ്പോലീത്താ കാലം ചെയ്തു സെമ്മനാരിത്തന്നെ അടക്കുകയും ചെയ്തു. ഇദ്ദേഹം ബുദ്ധിയും ധൈര്യവും ദൈയ്‌വഭക്തിയും ഉള്ളവനും, ദ്രവ്യാഗ്രഹവും ചതിവും ഇല്ലാത്തവനും, ദൈയ്‌വകാര്യവും ലോകകാര്യവും നന്നായി അറിയുന്നവനും, നല്ല സംസാരിയും, ആരെയും ഭയം കൂടാത്തവനും, പക്ഷഭേദം ഇല്ലാ

ത്തവനുമായിരുന്നു. അദ്ദേഹം 40 സംവൽസരംവരെ ചൊറു, നെയ്യു, പാൽ, മൽസ്യമാംസം, മുതലായ്തു ഭക്ഷിക്കാതെ ഫലമൂലാദികൾ തിന്നു കൊണ്ടിരുന്നു...

പഴയസെമിനാരിയുടെയും സെമിനാരി സ്ഥാപകന്റെ ദേഹവിയോഗ ത്തിന്റെയും 175-ാം വാർഷികവുമായി ബന്ധപ്പെട്ട് 1990-ലാണ് ഫാ. ഡോ. ജോസഫ് ചീരൻ, മാർ ദീവന്നാസ്യോസ് ദ്വിതീയന്റെ മഹത്വവൽക്കരണം ആരംഭിച്ചത്. മാർ ദീവന്നാസ്യോസ് ദ്വിതീയനെ മഹത്വവൽക്കരിക്കാൻ ഇതര പിതാക്കന്മാരെ അധമവൽക്കരിക്കുകയും, അദ്ദേഹത്തിന്റെ കാല ഘട്ടത്തിൽ നടന്ന എല്ലാ സുപ്രധാന സംഭവങ്ങളുടെയും പിതൃത്വം മാർ ദീവന്നാസ്യോസ് ദ്വിതീയനു നൽകുകയും ചെയ്യുന്ന ഒരു പ്രക്രിയയാണ് കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളായി ഫാ. ഡോ. ചീരൻ നടത്തിവരുന്നത്. *റമ്പാൻ ബൈബിളിന്റെ* പിതൃത്വം കായംകുളം ഫീലിപ്പോസ് റമ്പാനിൽ നിന്നും സെമിനാരി സ്ഥാപകനിലേയ്ക്കു മാറ്റാനുള്ള ശ്രമം ഈ മഹത്വ വൽക്കരണ പ്രക്രിയയുടെ അവസാനപടിയായി കണക്കാക്കണം. *നിരണം ഗ്രന്ഥവരി*യെ തെക്കൻ പക്ഷപാതിയായി തള്ളിയത് ഈ മഹ ത്വവൽക്കരണ പ്രക്രിയ സുഗമമാക്കാനാണ്.

സുവിശേഷ പരിഭാഷ കൂടാതെ, *ആർത്താറ്റു പടിയോല*യുടെ സൂത്ര ധാരകൻ, സെമിനാരിയിൽ സ്ത്രീ വിദ്യാഭ്യാസം, പകലോമറ്റം പാര മ്പര്യവാഴ്ച അവസാനിപ്പിക്കൽ തുടങ്ങി അനേകം ബഹുമതികൾ സെമി നാരി സ്ഥാപകനു ഫാ. ഡോ. ചീരൻ ചാർത്തിക്കൊടുക്കുന്നുണ്ട്. ഇവ യിൽ സെമിനാരിയിലെ സ്ത്രീ വിദ്യാഭ്യാസം പോലെയുള്ള പലതും അസംഭാവ്യങ്ങളാണ്. മറ്റുള്ളവ അദ്ദേഹം ചെയ്തു എങ്കിൽ, ഇടവഴീ ക്കൽ ഫീലിപ്പോസു കത്തനാരുടെ ദൃക്സാക്ഷി വിവരണത്തിൽ പറ യുന്ന യാതൊരു ഗുണഗണങ്ങളുമില്ലാത്ത ഒരു തികഞ്ഞ അവസരവാദി യായിരുന്നു മാർ ദീവന്നാസ്യോസ് ദ്വിതീയൻ എന്നു സമ്മതിക്കേണ്ടി വരും. അദ്ദേഹം അത്തരമൊരു വ്യക്തി ആയിരുന്നില്ലാ എന്നാണ് ചരിത്രം നൽകുന്ന പാഠം.

എന്നാൽ മാർ ദീവന്നാസ്യോസ് ദ്വിതീയന്റെ സംഭാവനയെ തുഛീ കരിക്കരുത്. മലങ്കരസഭയ്ക്ക് അദ്വിതീയമായ ഒരു സംഭാവനയാണ് അദ്ദേഹം നൽകിയത്. അത് ആരാധനക്രമങ്ങളുടെ ഏകീകരണമാണ്. സെമിനാരി സ്ഥാപനം പോലും ആ ലക്ഷ്യത്തിലെത്താനുള്ള ഉപാധി മാത്രമായിരുന്നു. മാർ ദീവന്നാസ്യോസ് ദ്വിതീയന് നിർണ്ണായക പങ്കു ണ്ടായിരുന്ന 1809-ലെ *കണ്ടനാട് പടിയോല*യിലെ മൂന്നു നിശ്ചയങ്ങൾ, - പാശ്ചാത്യ സുറിയാനിക്രമങ്ങളുടെ പൂർണ്ണ അംഗീകരണവും മറ്റുള്ള വയുടെ നിരസനവും, ആണ്ടുതക്സായുടെ പകർപ്പെഴുത്തും പ്രച രണവും, *പഠിത്തവീടുകളുടെ* സ്ഥാപനം - ആരാധനക്രമങ്ങളുടെ

ഏകീകരണത്തിനുള്ള ഉപാധികളായിരുന്നു. ആ ഒരൊറ്റ ലക്ഷ്യത്തോടുകൂടെ മാത്രമാണ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ പ്രവർത്തിച്ചതെന്ന് സമകാലിക രേഖകൾ സാക്ഷിക്കുന്നു. തനിക്കു ലഭിച്ച മലങ്കര മെത്രാൻ സ്ഥാനം പോലും ആ പാതയിലെ ഒരു യാദൃശ്ചിക സംഭവം മാത്രമായിരുന്നു.

ചരിത്രാവബോധത്തിൽ ചില പാളിച്ചകൾ പറ്റിയിട്ടുണ്ടെങ്കിലും അതീവ പ്രാധാന്യമുള്ള ഒരു രേഖയാണ് *നിരണം ഗ്രന്ഥവരി*. പ്രത്യേകിച്ചും വലിയ മാർ ദീവന്നാസ്യോസിന്റെ കാലത്തെക്കുറിച്ചുള്ള അതിലെ പരാമർശനങ്ങൾ വസ്തുനിഷ്ടമാണെന്ന് ഇതര തെളിവുകളിൽ നിന്ന് വ്യക്തമാണ്. *തെക്കൻ പക്ഷപാതം* ആരോപിച്ച് തള്ളിക്കളയാവുന്ന ഒന്നല്ല ഇത്. വിഭാഗീയ രചയിതാക്കളാൽ ഇപ്പോൾത്തന്നെ മലിനമായ മലങ്കരസഭാ ചരിത്രത്തെ കൂടുതൽ കലുഷമാക്കാനേ ഫാ. ഡോ. ചീരന്റെ പ്രാദേശികവാദം ഉപകരിക്കൂ.

വലിയ മാർ ദീവന്നാസ്യോസിന്റെ മേൽനോട്ടത്തിൽ നടന്ന 1811-ലെ റമ്പാൻ ബൈബിളിന്റെ പരിഭാഷയെപ്പറ്റി *നിരണം ഗ്രന്ഥവരി*യിലെ പരാമർശനം... *റമ്പാൻ പൊരുൾ തിരിച്ചെഴുതുവാനായിട്ട കുംഭ മാസം 18-നു മുതൽക്കു എഴുതിത്തുടങ്ങി. ഏവൻഗേലിയോൻ പുസ്തകം മത്തായി ശ്ലീഹായുടെ അറിയിപ്പു പൊരുൾ തിരിച്ച എഴുതിയതിൽ പിന്നെയത്ര തമിഴുപുസ്തകവും ആളും വന്നൊള്ളു. റമ്പാനത്രെ കടുദാസിൽ എഴുതുന്നതു. തിമ്മപ്പൻപിള്ള ഓലയിലെഴുതുകയും, തമിഴു കൊച്ചിട്ടി നോക്കുകയും. എട്ടുനാളൊരിക്കൽ ഇത്രയെഴുതി എന്നു കൊച്ചിയിൽ എഴുത്തു ചെല്ലത്തക്കവണ്ണം ചട്ടം കെട്ടീട്ടത്രെ ബുക്കാനൻ പോയതു...* എന്നാണ്.

ഈ വിവരണം അനുസരിച്ച് മുഖ്യ പരിഭാഷകൻ കായംകുളം ഫീലിപ്പോസ് റമ്പാനാണ്. സഹായി *കൊച്ചിട്ടി*, മാവേലിക്കര വെല്യപെരുമ്പിഴ കൊച്ചിട്ടി തരകനാണെന്ന് *നിരണം ഗ്രന്ഥവരി*യിലെ ഇതര പരാമർശനങ്ങളിൽനിന്നു വ്യക്തമാണ്. പരിഭാഷ നിർവഹിച്ചത് കണ്ടനാട്ടു വെച്ചാണെന്നു *നിരണം ഗ്രന്ഥവരി*യും ഡോ. ബുക്കാനനും വ്യക്തമാക്കുന്നു. 1807 ജനുവരി 29-ന് കൊച്ചിയിൽ നിന്നയച്ച ഒരു കത്തിൽ പരിഭാഷയ്ക്ക് മൂന്നു സുറിയാനി - മലയാളം പണ്ഡിതരെ നിയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. തിമ്മപ്പൻപിള്ളയുടെ ദൗത്യം പരിഭാഷയ്ക്കു മാർഗ്ഗനിർദ്ദേശം നൽകുകയും സുഗമമായി നടക്കുന്നു എന്ന് ഉറപ്പാക്കുകയുമായിരുന്നുവെന്ന് ഇതേ കത്തിലുണ്ട് (*C. M. Agur, Church History of Travancore*). ഡോ. സിബി തരകൻ ചൂണ്ടിക്കാട്ടിയ (*മലങ്കരസഭാ മാസിക, മാർച്ച് 2011*) മൂന്നാമത്തെ സുറിയാനിക്കാരൻ ഇന്നും അജ്ഞാതനായി വർത്തിക്കുന്നു. ഏതായാലും അമുഖനായ ആ വ്യക്തി സി.എം.എസ്. മിഷനറിമാർക്ക് സുപരിചിതനായ സെമിനാരി സ്ഥാപകൻ അല്ല എന്നു തീർച്ചയാണ്.

കായംകുളം ഫീലിപ്പോസ് റമ്പാൻ:
പ്രഥമ മുദ്രിത മലയാള ബൈബിൾ വിവർത്തകൻ

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

മലയാള ഗദ്യസാഹിത്യത്തിന്റെ വികാസ പരിണാമ ചരിത്രത്തിൽ ബൈബിൾ വിവർത്തനങ്ങൾ മുഖ്യപങ്ക് വഹിച്ചു. ഇന്ത്യയിൽ ബൈബിൾ വിവർത്തനത്തിന്റെ പ്രാരംഭം തമിഴിലാണ്.[1] മലയാളത്തിൽ ബൈബിൾ ഉണ്ടാകുന്നതിന് ഒരു നൂറ്റാണ്ടു മുമ്പേ തമിഴിൽ ബൈബിൾ ഭാഗങ്ങൾ വിവർത്തനം ചെയ്തു.[2] മലയാളത്തിൽ ബൈബിൾ വിവർത്തനങ്ങൾ ഭാഗികമായി നിലനിന്നത് മല്പാൻ ഭവനങ്ങളിലായിരുന്നു. 1807-ൽ കായംകുളം ഫീലിപ്പോസ് റമ്പാൻ ബൈബിളിലെ നാലു സുവിശേഷങ്ങൾ വിവർത്തനം ചെയ്ത് പ്രഥമ ബൈബിൾ വിവർത്തകനായി മലയാള ഗദ്യസാഹിത്യ ചരിത്രത്തിൽ ചിരപ്രതിഷ്ഠ നേടി.[3] ബോംബെയിലെ കുറിയർ പ്രസിൽ 1811-ൽ അച്ചടിച്ച ബൈബിളിലെ നാലു സുവിശേഷങ്ങളാണ് മലയാളത്തിൽ അച്ചടിച്ച പ്രഥമ വേദഗ്രന്ഥം. ആദ്യ മലയാള ബൈബിളിന്റെ വിവർത്തനചരിത്രം മലയാള ഗദ്യസാഹിത്യചരിത്രത്തിന്റെ വികാസവും തദ്ദേശീയരായ ഗുരുക്കന്മാരുടെ വിവർത്തന പാടവവും വ്യക്തമാക്കുന്നു.

1. പഠന ചോദ്യങ്ങൾ

'കായംകുളം ഫീലിപ്പോസ് റമ്പാൻ: പ്രഥമ മുദ്രിത മലയാള ബൈബിൾ വിവർത്തകൻ' എന്ന ഈ പ്രബന്ധത്തിൽ മുഖ്യമായും ഉന്നയിക്കുന്ന ചോദ്യങ്ങൾ താഴെപ്പറയുന്നവയാണ്. 1. ആദ്യകാല മലയാള ബൈബിൾ വിവർത്തനത്തിന്റെ ചരിത്രവും പശ്ചാത്തലവും എന്താണ്? 2. കായംകുളം ഫീലിപ്പോസ് റമ്പാൻ പ്രഥമ ബൈബിൾ വിവർത്തകൻ എന്ന് സ്ഥാപിക്കുന്നതിലെ അടിസ്ഥാന പ്രമാണങ്ങൾ എന്തെല്ലാം? 3. ബൈബിൾ വിവർത്തന ചരിത്രത്തിൽ തിരുത്തൽവാദം ഉണ്ടായത് എങ്ങനെ? 4. പ്രഥമ മലയാള ബൈബിൾ വിവർത്തനത്തിന്റെ നിജസ്ഥിതി എന്താണ്?

2. മലയാള ബൈബിൾ വിവർത്തനത്തിന്റെ പ്രാരംഭം

ആദ്യകാലം മുതൽ ക്രൈസ്തവരുടെ സംവേദനത്തിന്റെ അടിസ്ഥാനം 'വേദപുസ്തക'മായിരുന്നു. ക്രിസ്തുമതത്തിന്റെ മുഖ്യമാർഗ്ഗം ബൈബിളാണ്. ക്രൈസ്തവ വിശ്വാസവും സംസ്കാരവും ഇതിൽ പ്രതിഫലിക്കുന്നു. ബിബ്ളിയ (ta Biblia) എന്ന ഗ്രീക്കു പദത്തിൽ നിന്നും രൂപപ്പെട്ട

ബൈബിളിന് 'പുസ്തകം' എന്നർത്ഥം. പ്രാചീനകാലത്ത് ഫിനീഷ്യയിലെ പ്രധാന തുറമുഖ പട്ടണമായ 'ബിബ്ളോസിൽ' നിന്നും എഴുതുവാനുള്ള ഈജിപ്ഷൻ പപ്പൈറസ് (papyrus) കയറ്റുമതി ചെയ്തിരുന്നു. പ്രത്യേക പേരു ലഭിക്കാതിരുന്ന ഇത് പിന്നീട് 'ബിബ്ളോസ്' എന്നറിയപ്പെട്ടു. കാലാന്തരത്തിൽ പപ്പൈറസിൽ എഴുതിയ സമാഹാരത്തിനും 'ബിബ്ളോസ്' എന്ന പേരു ലഭിച്ചു. ഇത് ലത്തീൻ, ഇംഗ്ലീഷ് ഭാഷകളിലൂടെ കടന്നപ്പോൾ 'ബൈബിൾ' ആയിത്തീർന്നു. വിശുദ്ധ ഗ്രന്ഥം, വിശുദ്ധ ലിഖിതങ്ങൾ, തിരുവെഴുത്ത്, വേദാഗമം, സത്യവേദപുസ്തകം എന്നീ പേരുകളിലും ബൈബിൾ മലയാളത്തിൽ അറിയപ്പെടുന്നു.

ബൈബിൾ മലയാളത്തിലേക്ക് വ്യവസ്ഥാപിതമായി വിവർത്തനം ചെയ്യുന്നതിന് വളരെ മുമ്പേ, ബൈബിളിന്റെ ഭാഗികമായ മലയാള വിവർത്തനങ്ങൾ മലങ്കരയിൽ നിലനിന്നിരുന്നു. ഇതിന് നേതൃത്വം നൽകിയത് മല്പാന്മാരാണ്. 'മല്പാൻ' എന്നത് മലയാളീകരിച്ച സുറിയാനി പദമാണ്. പഠിച്ചു, പഠിപ്പിച്ചു എന്നർത്ഥം വരുന്ന ഈലേഫ്, ആലേഫ് എന്നീ സുറിയാനി പദത്തിൽ നിന്നുമാണ് പഠിപ്പിക്കുന്നവൻ എന്നർത്ഥം വരുന്ന 'മൽഫോനോ' എന്ന പദം ഉത്ഭവിച്ചത്. 'മൽഫോനോ' എന്ന പദം ലോപിച്ചാണ് മല്പാൻ ആയത്. മല്പാൻ എന്നതിന് ഗുരു, വിദ്വാൻ, ഇടയൻ, വൈദികൻ, അദ്ധ്യാപകൻ, ശിക്ഷണം നൽകുന്നവൻ എന്നെല്ലാം അർത്ഥം വരും. മല്പാൻ വേദജ്ഞാനിയാണ്. ശിഷ്യന്മാരെ അഭ്യസിപ്പിക്കുന്നതിൽ തൽപ്പരനും ജാഗ്രവാനുമാണ്.

2:1 മല്പാൻ പാഠശാല

കേരളത്തിലെ സാംസ്കാരികവും മതപരവുമായ വളർച്ചയുടെ തായ്‌വേരുകൾ മതപാഠശാലകളിലാണ്. മതപാഠശാലകൾ വിദ്യാർത്ഥികളുടെ ബഹുമുഖ വളർച്ചയെ ലക്ഷ്യമാക്കി ക്രമീകരിച്ചിരുന്നു. ഗുരു-ശിഷ്യ ബന്ധത്തിന് ആഴവും ദൃഢതയും നൽകിയ ഗുരുകുല വിദ്യാഭ്യാസ മാതൃകയിലുള്ള ക്രൈസ്തവ മതപഠനകേന്ദ്രം 'മല്പാൻ പാഠശാല' അഥവാ 'മല്പാൻ ഭവനം' എന്നറിയപ്പെട്ടു. 'പഠിത്തവീട്' എന്നും പറഞ്ഞുവന്നിരുന്നു. ഇവിടെ, മല്പാനോടൊപ്പം ശിഷ്യന്മാർ താമസിച്ച് വേദപ്രമാണങ്ങൾ അഭ്യസിച്ചു.

മല്പാൻ ഭവനങ്ങൾ വിദ്യാനികേതനമാണ്. ആദ്ധ്യാത്മികതയുടെ പ്രഭാവ സ്ഥാനമാണ്. വേദജ്ഞാനികളായ മല്പാന്മാർ തനതായ വിദ്യാഭ്യാസശൈലി ഇവിടെ വികസിപ്പിച്ചെടുത്തു. ക്രിസ്തീയ വേദശാസ്ത്രം ഭാരതത്തിൽ ആദ്യമായി പഠനവിധേയമായത് മല്പാൻ പാഠശാലകളിൽ ആയിരുന്നു. ഭൗതികവും ആദ്ധ്യാത്മികവുമായ ജ്ഞാനസമാർജനത്തിന്റെ സാക്ഷാൽ സംഗമവേദിയായിരുന്നു മല്പാൻ ഭവനങ്ങൾ. ഇത്തരം

മല്പാൻ ഭവനങ്ങൾ ഇരുപതാം നൂറ്റാണ്ടിന്റെ മധ്യദശകംവരെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിന്നിരുന്നു.

മല്പാൻ ഭവനങ്ങൾ ക്രൈസ്തവ സംസ്കാരത്തിന്റെ ഈറ്റില്ലങ്ങളായിരുന്നു. മലയാള ഗദ്യത്തിന്റെ വികസനത്തിനും ബൈബിൾ ഭാഷാന്തരത്തിനും മല്പാൻ ഭവനങ്ങൾ വേദിയായി. ഇവിടെ വികസിതമായ മലയാള ഗദ്യമാണ് 'മല്പാൻ ഗദ്യം' അഥവാ 'മല്പാൻ മലയാളം' എന്നറിയപ്പെടുന്നത്. മല്പാന്മാരുടെ അടുക്കൽ പഠനം നടത്തിയ ശിഷ്യന്മാർ ബൈബിൾ വിവർത്തനത്തിൽകൂടിയും രൂപപ്പെടുത്തിയ ഗദ്യശൈലിയാണിത്.

മലയാള ബൈബിളിന്റെ പ്രാരംഭം മല്പാൻ പാഠശാലകളിൽ നിലനിന്ന വിവർത്തനങ്ങളാണ്. കേരളത്തിലെ വൈദികരായ മല്പാന്മാർ സുറിയാനിയിൽ നിന്നും ബൈബിൾ ഭാഗങ്ങൾ തത്സമയം മലയാളത്തിലേക്ക് വിവർത്തനം ചെയ്തു വായിക്കുന്ന രീതി നിലവിലിരുന്നു. ആരാധനാസമയത്ത് മല്പാന്മാരായ വൈദികർ സുറിയാനി ബൈബിൾ മലയാളത്തിൽ വിവർത്തനം ചെയ്തു വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തിരുന്നു. സാധാരണജനങ്ങൾക്ക് ബൈബിൾ വായിച്ചു കേൾക്കുന്നതിനും പഠിക്കുന്നതിനുമുള്ള അവസരം കൂടിയായിരുന്നു ക്രിസ്തീയ ആരാധന.

കേരളത്തിൽ നിലനിന്ന വിവിധ മല്പാൻ പാഠശാലകളിലെ പ്രഗത്ഭരായ സുറിയാനി മല്പാന്മാർ ബൈബിൾ ഖണ്ഡശ്ശയായി ഭാഷാന്തരപ്പെടുത്തി ശിഷ്യഗണങ്ങളെ അഭ്യസിപ്പിച്ചിരുന്നു. കേരളത്തിലെ നിരവധി സ്ഥലങ്ങളിൽ ഇത്തരം മതപാഠശാലകൾ നിലനിന്നിരുന്നു. 1500-ൽ പോർട്ടുഗീസ് അഡ്മിറൽ പെഡ്രോ അൽവാറീസ് കബ്രാൾ ഇന്ത്യ സന്ദർശിച്ചപ്പോൾ ഇവിടെ അടിയുറച്ച ക്രിസ്തീയ വിശ്വാസവും കർമ്മനിരതരായ ക്രിസ്തീയ സമൂഹവും മല്പാൻ പാഠശാലകളിൽ ബൈബിൾ പഠനം നടത്തിയിരുന്ന പഠിതാക്കളുടെ സമൂഹവും കണ്ടതായി പറയുന്നുണ്ട്.[4] ബൈബിൾ വിവർത്തനത്തിനുള്ള പ്രഥമശ്രമം ഇത്തരം മല്പാൻ പാഠശാലകളുടെ സംഭാവനയാണ്. ഇവർക്ക് ക്രമീകൃതവും സമഗ്രവുമായ ഒരു വിവർത്തനത്തിലേക്ക് എത്തുവാൻ കഴിഞ്ഞില്ലെന്നു മാത്രം.

അവികസിതമായ ഭാഷ, വൈജ്ഞാനിക മേഖലയിലുള്ള അജ്ഞത, സുറിയാനിഭാഷയോടുള്ള അഭിനിവേശം, മതഗ്രന്ഥങ്ങൾക്കു നൽകിയ പവിത്രത, കേന്ദ്രീകൃതമായ സഭാഭരണ നേതൃത്വത്തിന്റെ അപര്യാപ്തത, ക്രൈസ്തവർക്കു ലഭിച്ച സവർണ്ണ സമുദായത്തിന്റെ മാന്യത, സുവിശേഷീകരണ ദൗത്യബോധമില്ലായ്മ, വിവർത്തന പാടവത്തിലുള്ള അകാര്യക്ഷമത എന്നിവയെല്ലാം ബൈബിൾ ഭാഷാന്തരത്തിനു വിഘാതമായി.

എങ്കിലും കേരളത്തിലെ പ്രശസ്ത മല്പാൻ ഭവനങ്ങളിൽ ഭാഗികമായ മലയാള വിവർത്തനങ്ങൾ നിലവിലിരുന്നു.

മല്പാൻ ഭവനങ്ങളിൽ ഭാഗിക ബൈബിൾ വിവർത്തനങ്ങൾ ഉണ്ടായിരുന്നുവെന്ന് പറയുമെങ്കിലും ഈ വാദത്തിനു ആധികാരികമായിയാതൊരു ചരിത്രരേഖകളും ഇല്ലായിരുന്നു. എന്നാൽ *നിരണം ഗ്രന്ഥവരി*യിലൂടെയാണ് മല്പാൻ പാഠശാലകളിൽ ബൈബിൾ വിവർത്തനം നിലനിന്നിരുന്നതിന്റെ തെളിവുകൾ ലഭിക്കുന്നത്.

*നിരണം ഗ്രന്ഥവരി*യിൽ പ്രതിപാദിക്കുന്ന ചരിത്രത്തിന്റെ മുഖ്യ കാലയളവ് 1708 മുതൽ 1829 വരെയുള്ള 125-ലധികം വർഷം ദൈർഘ്യമുള്ളതാണ്. ഇതിൽ ആറാം മാർത്തോമ്മായുടെ (1761–1808) കാലത്തെ ചരിത്രസംഭവങ്ങൾക്കാണ് മുഖ്യ പ്രാധാന്യം.

*നിരണം ഗ്രന്ഥവരി*യിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ബൈബിൾ ഉദ്ധരണികൾ മല്പാൻ പാഠശാലകളിലെ ബൈബിൾ വിവർത്തനത്തിന്റെ പാഠങ്ങളാണ്. ഇതിലെ ബൈബിൾ ഉദ്ധരണികൾ കേരളത്തിൽ ബൈബിളിന്റെ ഭാഗിക വിവർത്തനങ്ങൾ ഉണ്ടായിരുന്നു എന്നതിന്റെ തെളിവാണ്. അതിനാൽ മലയാള ഭാഷാചരിത്രത്തിൽ *നിരണം ഗ്രന്ഥവരി*യ്ക്ക് ഭാഷാപരവും ചരിത്രപരവുമായ പ്രാധാന്യം ലഭ്യമാകുന്നു. മലയാള ബൈബിൾ വിവർത്തനങ്ങളുടെ പ്രാഗ്‌രൂപം മല്പാൻ പാഠശാലകളിൽ നിലനിന്ന ബൈബിളിന്റെ ഭാഗിക വിവർത്തനങ്ങളാണ്.

മലയാളത്തിലെ പ്രഥമ മുദ്രിത ബൈബിൾ വിവർത്തനം ചെയ്ത കായംകുളം ഫീലിപ്പോസ് റമ്പാന്റെ (1732–1812) തർജ്ജമ ആയിരിക്കും *നിരണം ഗ്രന്ഥവരി*യിലുള്ളത്. *നിരണം ഗ്രന്ഥവരി*യിലെ 'കത്തിൽ' ഉദ്ധരിച്ചിരിക്കുന്ന ഭാഗങ്ങൾ ബൈബിൾ വിവർത്തനത്തിന്റെ ദൃഷ്ടാന്തമാണ്. അക്കാലത്ത് കായംകുളം ഫീലിപ്പോസ് റമ്പാനെപ്പോലെ ബൈബിൾ വിവർത്തനത്തിന് പ്രാഗത്ഭ്യം തെളിയിച്ചവർ കേരളത്തിൽ അധികം ഉണ്ടായിരുന്നില്ല.

മലങ്കരയിലെ മല്പാൻ കോനാട്ട് അബ്രഹാം മല്പാൻ ഒന്നാമനെ (1780–1865) ബാല്യകാലത്ത് വേദപുസ്തക പഠനത്തിനായി അദ്ദേഹത്തിന്റെ കാരണവൻ കോനാട്ട് ഗീവർഗീസ് മല്പാൻ അയച്ചത് കായംകുളം ഫീലിപ്പോസ് റമ്പാന്റെ അടുക്കലേക്കാണ്. ഇത് കായംകുളം ഫീലിപ്പോസ് റമ്പാന്റെ പ്രാഗത്ഭ്യത്തിന്റെയും വേദജ്ഞാനത്തിന്റെയും തെളിവാണ്. കോനാട്ട് അബ്രഹാം മല്പാൻ എഴുതിയ കോനാട്ട് കുടുംബചരിത്രത്തിൽ (അപ്രകാശിതം) പറയുന്നു: "വേദപുസ്തക പഠനം നടത്തുന്നതിനായി അബ്രഹാം മല്പാൻ സുറിയാനി മല്പാനായ കായംകുളം ഫീലിപ്പോസ് റമ്പാന്റെ ശിഷ്യപദം കൂടി സ്വീകരിച്ചു. അവിടെ താമസിച്ചു

പഠിച്ചു. കായംകുളം ഫീലിപ്പോസ് റമ്പാന്റെ കൈവശമുണ്ടായിരുന്ന ബൈബിൾ അബ്രഹാം മല്പാൻ രാത്രിയിൽ രഹസ്യമായി പകർത്തിയെഴുതിയെടുത്തു. തന്റെ ബൈബിൾ രഹസ്യമായി പകർത്തിയെഴുതുന്നതു കണ്ട റമ്പാൻ ശിഷ്യന്റെ വേദപുസ്തക പഠനത്തിലുള്ള താത്പര്യം കണ്ട് വേദപുസ്തകം പകർത്തുവാനുള്ള അനുവാദം കൊടുത്തു."

ബൈബിൾ വിവർത്തനത്തിന്റെ പ്രോത്ഘാടകർ സുറിയാനി ക്രിസ്ത്യാനികളായ മല്പാന്മാർ ആയിരുന്നു. ബൈബിൾ ചരിത്രമെഴുതിയ മിഷനറിമാർ തദ്ദേശീയ മല്പാന്മാരുടെ ഭാഷാസേവനവും ബൈബിൾ വിവർത്തന പരിശ്രമങ്ങളും തമസ്കരിച്ച് അധിനിവേശ ചരിത്രരചനയ്ക്ക് പ്രാധാന്യം നൽകി. 1700-നും 1800-നും മദ്ധ്യേ നാട്ടുനസ്രാണി വൈദികരാൽ എഴുതപ്പെട്ട എത്രയും വിലയേറിയ ഗദ്യ ഗ്രന്ഥങ്ങൾ മലയാളത്തിൽ അനേകമുണ്ടായിരുന്നതായി ഡോ. പി. ജെ. തോമസ് രേഖപ്പെടുത്തിയിട്ടുണ്ട്.[15] എന്നാൽ മിഷനറി ചരിത്രങ്ങൾ എല്ലാം തദ്ദേശീയതയുടെ തമസ്കരണങ്ങളായി തീർന്നു.

3. പ്രഥമ മലയാള ബൈബിൾ വിവർത്തനം

മല്പാൻ പാഠശാലകളിൽ നിലനിന്ന ബൈബിൾ വിവർത്തന ശ്രമത്തിന് ചലനാത്മകത സൃഷ്ടിച്ചത് 1806-ൽ ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ചാപ്ലയിനായിരുന്ന ഡോ. ക്ലോഡിയസ് ബുക്കാനന്റെ (1766-1815) കേരള സന്ദർശനമാണ്. കൊച്ചി-തിരുവിതാംകൂർ പ്രദേശത്തുള്ള ക്രിസ്ത്യാനികളും യഹൂദന്മാരും ഉപയോഗിക്കുന്ന ബൈബിൾ മാനുസ്ക്രിപ്റ്റ്, ഹിന്ദുമതഗ്രന്ഥങ്ങൾ എന്നിവ ശേഖരിക്കുക, സുറിയാനി ക്രിസ്ത്യാനികളെ ബൈബിൾ പ്രാവീണ്യപ്പെടുത്തി ദക്ഷിണേന്ത്യൻ മിഷനറിമാരായി രൂപാന്തരപ്പെടുത്തുക എന്നീ ദ്വിവിധ ഉദ്ദേശ്യമാണ് ഡോ. ബുക്കാനന്റെ കേരള സന്ദർശനത്തിലുണ്ടായിരുന്നത്.[6] മലങ്കരയിലെ പല വൈദികരോടും അത്മായക്കാരോടും ബൈബിൾ വിവർത്തനത്തിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു. സുറിയാനി ബൈബിൾ ഭാഷാന്തരം ചെയ്താൽ അതിവിടെയുള്ള 55 പള്ളികൾക്കും ഓരോ കോപ്പി കുറഞ്ഞ നിരക്കിൽ നൽകാം എന്നും ഡോ. ബുക്കാനൻ നിർദ്ദേശിച്ചു.

3:1 വലിയ മാർ ദീവന്നാസിയോസ്

ബൈബിൾ വിവർത്തനവുമായി ബന്ധപ്പെട്ടിട്ടുള്ള പ്രധാന വ്യക്തിത്വമാണ് മലങ്കര മെത്രാപ്പോലീത്തായായിരുന്ന ആറാം മാർതോമ്മാ അഥവാ വലിയ മാർ ദീവന്നാസിയോസ് (1765-1808). ചരിത്രത്തിൽ ദീവന്നാസിയോസ് ഒന്നാമൻ എന്നും ഇദ്ദേഹം അറിയപ്പെടുന്നുണ്ട്. ഇദ്ദേഹത്തിന്റെ കാലത്താണ് ഡോ. ക്ലോഡിയസ് ബുക്കാനൻ കേരളം സന്ദർശിക്കുന്നത്.[7]

1806 നവംബർ 23-നു ഡോ. ബുക്കാനൻ, വലിയ മാർ ദീവന്നാസിയോസിനെ കണ്ടനാട്ടു സന്ദർശിച്ച് ബൈബിൾ ഭാഷാന്തരപ്പെടുത്തുന്നതിന്റെ ആവശ്യകത ബോധിപ്പിച്ചു. അപ്പോൾ മെത്രാപ്പോലീത്താ പറഞ്ഞു:

'ഞാൻ ഈ സംഗതിയെപ്പറ്റി ഗാഢമായി പര്യാലോചിച്ചിട്ടുള്ളതാണ്. അതിന്റെ മേൽനോട്ടം പണ്ഡിതന്മാരായ പുരോഹിതന്മാരുടെ സഹകരണത്തോടുകൂടി ഞാൻ തന്നെ നിർവഹിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു."

ഇക്കാര്യം ഡോ. ബുക്കാനൻ തന്റെ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്. ബൈബിൾ ഭാഷാന്തരപ്പെടുത്തുന്നതിന് നിതാന്തമായ ജാഗ്രത പുലർത്തി വേണ്ട നേതൃത്വം കൊടുത്തത് വലിയ മാർ ദീവന്നാസിയോസ് തന്നെയായിരുന്നു. ഡോ. ബുക്കാനന് വലിയ മാർ ദീവന്നാസിയോസ് ആയിരം വർഷം പഴക്കം വരുന്നതും തുകലിൽ എഴുതിയതുമായ സുറിയാനി കൈയെഴുത്തു ബൈബിൾ ഉപഹാരമായി നൽകി. അത് ഇപ്പോഴും കേംബ്രിഡ്ജ് സർവകലാശാല ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്.

സുറിയാനിയുടെ ഏറ്റവും പഴയ ലിപിയായ എസ്ത്രാംഗേലായിൽ എഴുതിയിരിക്കുന്ന ഈ ബൈബിളാണ് 'ബുക്കാനൻ ബൈബിൾ' എന്ന് അറിയപ്പെടുന്നത്. സുറിയാനി മാനുസ്ക്രിപ്റ്റുകൾ പരിശോധിച്ച് ഗവേഷണം നടത്തിയ വാൻഡർപ്ലോഗ് ഇത് രേഖപ്പെടുത്തിയിട്ടുണ്ട്.[8] കേംബ്രിഡ്ജ് സർവകലാശാലയിൽ സൂക്ഷിച്ചിരിക്കുന്ന ബുക്കാനൻ ബൈബിളിന്റെ ഫോട്ടോ ബൈബിൾ ഭാഷ്യത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്. എന്നാൽ 1811-ൽ പ്രസിദ്ധീകരിച്ച ബൈബിളാണ് 'ബുക്കാനൻ ബൈബിൾ' എന്നു വാദിക്കുന്നതിൽ അടിസ്ഥാനമില്ല.[9]

3:2 കായംകുളം ഫീലിപ്പോസ് റമ്പാൻ

വലിയ മാർ ദീവന്നാസിയോസ് ഏറ്റെടുത്ത ബൈബിൾ വിവർത്തനം സാക്ഷാത്കരിച്ചത് പ്രഗത്ഭ മല്പാനും സുറിയാനി ഭാഷാ പണ്ഡിതനുമായ കായംകുളം ഫീലിപ്പോസ് റമ്പാനാണ്[10] (1732-1812). ഗുരുകുല മാതൃകയിൽ നടത്തിയിരുന്ന വേദശാസ്ത്രപീഠത്തിൽ പഠിതാക്കൾക്കായി ക്രമേണ ബൈബിൾ അദ്ദേഹം വിവർത്തനം ചെയ്തുകൊണ്ടിരുന്നു. ഡോ. ക്ലോഡിയസ് ബുക്കാനന്റെ കേരള സന്ദർശനത്തിനു വളരെ മുമ്പേ, 'കായംകുളം ഫീലിപ്പോസ് റമ്പാൻ സുറിയാനി ബൈബിളിനെ ആധാരമാക്കി സുവിശേഷങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിരുന്നു' എന്ന് ഫാദർ ബർണാദ് രേഖപ്പെടുത്തിയിട്ടുണ്ട്.[11] വലിയ മാർ ദീവന്നാസിയോസ് ഡോ. ബുക്കാനനെ കായംകുളം ഫീലിപ്പോസ് റമ്പാൻ വിവർത്തനം ചെയ്ത ബൈബിളിന്റെ ഒരു ഭാഗം കാണിച്ചതായും കണക്കാക്കുന്നുണ്ട്.

"ബുക്കാനൻ സായ്പിന്റെ താല്പര്യമനുസരിച്ച് മെത്രാപ്പോലീത്താ യുടെ മേൽനോട്ടത്തിൽ തന്നെ വേദപുസ്തക തർജ്ജമ തുടങ്ങി. കായം കുളത്തുകാരൻ ഫീലിപ്പോസ് റമ്പാനാണ് ഇതിൽ പ്രധാന പങ്ക് വഹി ച്ചത്. മുമ്പ് മലയാളത്തിൽ പ്രചരിച്ചിരുന്ന വേദപുസ്തക ഭാഗങ്ങളുടെ തർജ്ജമകൾ അതേപടി സ്വീകരിക്കുകയും ബാക്കി ഭാഗങ്ങൾ അതിനൊ പ്പിച്ചു പരിഭാഷപ്പെടുത്തുകയുമാണു ചെയ്തത്. ബൈബിൾ പരിഭാഷ ഏറ്റെടുത്തത് കായംകുളം ഫീലിപ്പോസ് കശീശ്ശ ആണെന്ന്" ഡോ. പി. ജെ. തോമസും എൽ. ഡബ്ലിയു. ബ്രൗണും വ്യക്തമാക്കുന്നു. മല്പാൻ പാഠശാലകളിൽ നിലനിന്ന ഭാഗങ്ങൾ കൂടി സ്വീകരിച്ചാണു കായംകുളം ഫീലിപ്പോസ് റമ്പാൻ വിവർത്തനശ്രമം വേഗം പൂർത്തിയാക്കിയത്. *നിരണം ഗ്രന്ഥവരി*യിൽ കായംകുളം ഫീലിപ്പോസ് റമ്പാന്റെ ബൈബിൾ വിവർത്തനത്തെപ്പറ്റി സുദീർഘമായി പറയുന്നുണ്ട്.[12]

1809 ആഗസ്റ്റ് 13-നു കണ്ടനാട്ട് കൂടിയ പള്ളിപ്രതിപുരുഷയോഗമാണ് പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന് റമ്പാൻസ്ഥാനം നൽകി എട്ടാം മാർത്തോ മ്മായുടെ കാര്യവിചാരകനാക്കുവാൻ തീരുമാനിച്ചത്. എന്നാൽ 1807-ൽ ആറാം മാർത്തോമ്മായുടെ കാലത്തുതന്നെ കായംകുളം ഫീലിപ്പോസ് മല്പാൻ ബൈബിൾ വിവർത്തനം പൂർത്തിയാക്കിയിരുന്നു. സിറിയയിൽ നിന്നെത്തിയ മാർ ഈവാനിയോസ് യൂഹാനോന്റെ ശിഷ്യനും സെക്രട്ട റിയുമായിരുന്ന കായംകുളം ഫീലിപ്പോസ് കശ്ശീശായെ 1794 ഏപ്രിൽ 17-നു പെസഹാ വ്യാഴാഴ്ച റമ്പാനാക്കി വലിയ മാർ ദീവന്നാസ്യോസ് ഉയർത്തി. രണ്ടു പതിറ്റാണ്ടോളം റമ്പാനായിയിരുന്നതിനാലാണ് അദ്ദേഹം കായംകുളം ഫീലിപ്പോസ് റമ്പാൻ എന്നറിയപ്പെട്ടത്.

മലയാളത്തിൽ ആദ്യമായി അച്ചടിച്ച ബൈബിൾ വിവർത്തനം ചെയ്തത് ഒരു റമ്പാൻ ആകയാൽ അതിന് 'റമ്പാൻ ബൈബിൾ' എന്ന പേരു ലഭിച്ചു. റമ്പാൻ ബൈബിൾ മലയാള ബൈബിളിന്റെ പ്രഥമരൂപ മാണ്. റമ്പാന്റെ പുതിയനിയമ പരിഭാഷ പുതിയൊരു മതാവബോധം ജനങ്ങൾക്കിടയിൽ പങ്കുവെയ്ക്കുവാൻ കാരണമായിയെന്നു ഡോ. സാമു വൽ ചന്ദനപ്പള്ളി പ്രസ്താവിക്കുന്നുണ്ട്. 'കായംകുളം ഫീലിപ്പോസ് റമ്പാൻ പ്രഥമ ബൈബിൾ വിവർത്തകൻ' എന്ന ഗ്രന്ഥത്തിലൂടെ ഡോ. സാമുവൽ ചന്ദനപ്പള്ളി പ്രാമാണിക രേഖകൾ അവതരിപ്പിച്ച് സ്വത്വ നിർണ്ണയവും നടത്തിയിട്ടുണ്ട്.

ഡോ. ക്ലോഡിയസ് ബുക്കാനനും (1766-1815) വലിയ മാർ ദീവന്നാസി യോസുമായുള്ള കൂടിക്കാഴ്ചയിൽ 'മലയാള ബൈബിൾ' യാഥാർത്ഥ്യ മാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും പരിഭാഷാദൗത്യം കായം കുളം ഫീലിപ്പോസ് റമ്പാനെ ഏല്പിക്കുകയും ചെയ്തു. ഡോ. ബുക്കാ നൻ 1806-ൽ സുറിയാനിസഭ സന്ദർശിക്കുന്നതിന് മുമ്പുതന്നെ

കായംകുളം റമ്പാന്റെ കയ്യിൽ ഏവൻഗേലിയോന്റെ ഒരു കയ്യെഴുത്തു തർജ്ജമ ഉണ്ടായിരുന്നതായി വിശ്വസിക്കുന്നു.[11]

പരസഹായം കൂടാതെയാണ് ഫീലിപ്പോസ് റമ്പാൻ വിവർത്തനം നിർവഹിച്ചതെന്ന് മഹാകവി ഉള്ളൂർ കേരള സാഹിത്യ ചരിത്രത്തിൽ (1953) രേഖപ്പെടുത്തിയിരിക്കുന്നു.[12] കായംകുളം ഫീലിപ്പോസ് റമ്പാൻ പ്രഥമ ബൈബിൾ വിവർത്തകൻ എന്ന് ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്.[13]

പ്രഥമ ബൈബിൾ വിവർത്തനത്തെക്കുറിച്ചുള്ള വിശകലനങ്ങൾ വെളിപ്പെടുത്തുന്നത് അഞ്ച് നിരീക്ഷണങ്ങളാണ്.

1. മലയാള ബൈബിളിന്റെ പ്രാരംഭം 18-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ആരംഭിച്ചതാണ്. സുറിയാനി ഭാഷയിലും ബൈബിൾ തർജ്ജമയിലും മല്പാനായ കായംകുളം ഫീലിപ്പോസ് റമ്പാൻ ശിഷ്യഗണങ്ങൾക്കായി ഭാഗികമായി ബൈബിൾ വിവർത്തനം ചെയ്തിരുന്നു.

2. ക്ലോഡിയസ് ബുക്കാനന്റെ 1806-ലെ വരവിനു മുമ്പുതന്നെ കായംകുളം ഫീലിപ്പോസ് റമ്പാൻ ബൈബിളിലെ നാലു സുവിശേഷങ്ങൾ വിവർത്തനം ചെയ്തിരുന്നു.

3. വലിയ മാർ ദീവന്നാസിയോസിന്റെ നേതൃത്വത്തിൽ നടന്ന ബൈബിൾ വിവർത്തനത്തിൽ 1807-ൽ കായംകുളം ഫീലിപ്പോസ് റമ്പാൻ വിവിധ ഘട്ടത്തിൽ വിവർത്തനം ചെയ്ത നിലവിലിരുന്ന തർജ്ജമയും ബാക്കിഭാഗവും ഉൾക്കൊള്ളിച്ചാണ് വിവർത്തനം നിശ്ചിത ദിവസത്തിനുള്ളിൽ സ്വന്തമായി പൂർത്തിയാക്കിയത്. തമിഴ് വിവർത്തനവുമായി ഒത്തുനോക്കുവാൻ തിമ്മപ്പാപ്പിള്ളയെയും ഏല്പിച്ചു.[14]

4. 1807-ൽ സുറിയാനിയിൽ നിന്നു മലയാളത്തിൽ വിവർത്തനം ചെയ്ത ബൈബിൾ, ബോംബെയിലെ കുറിയർ പ്രസിൽ 1811-ൽ അച്ചടിപ്പിച്ചു.

5. കായംകുളം ഫീലിപ്പോസ് റമ്പാൻ ദീർഘകാലം (1794-1812) റമ്പാനായി അറിയപ്പെട്ടതിനാലും അനവധി വർഷങ്ങളായി ബൈബിൾ മനനത്തിലും വിവർത്തനത്തിലും വ്യാപരിച്ചതിനാലും ഇത് 'റമ്പാൻ ബൈബിൾ' എന്നറിയപ്പെട്ടിരുന്നു. മലയാളത്തിൽ ആദ്യമായി ബൈബിൾ വിവർത്തനം ചെയ്തത് ഒരു റമ്പാൻ ആകയാൽ അതിന് 'റമ്പാൻ ബൈബിൾ' എന്ന പേരു ലഭിച്ചു.

4. പ്രഥമ മലയാള ബൈബിൾ: ചർച്ചയും പൂരണവും

പ്രഥമ മലയാള ബൈബിൾ വിവർത്തന വിവാദത്തിന് കാൽ നൂറ്റാണ്ടിന്റെ ചരിത്രമുണ്ട്. ബൈബിൾ വിവർത്തന വിവാദത്തിന്റെ പ്രാരംഭം

1990-കളിലാണ്.[15] ഡോ. സാമുവൽ ചന്ദനപ്പള്ളിയുടെ 'ചന്ദനവും പള്ളിയും' എന്ന ഗ്രന്ഥത്തിൽ മലയാള ബൈബിൾ വിവർത്തനത്തിൽ കായംകുളം ഫീലിപ്പോസ് റമ്പാൻ എന്നു സ്ഥാപിച്ചുള്ള ലേഖനം ഉണ്ട്.

'ബൈബിൾ മലയാളത്തിൽ' എന്നതിനെക്കുറിച്ച് ജോൺ തോമസ് കരിങ്ങാട്ടിൽ എഴുതിയ ലേഖനത്തിന്റെ വിശദീകരണമായി ഡോ. സാമുവൽ ചന്ദനപ്പള്ളി 'കായംകുളം ഫീലിപ്പോസ് റമ്പാനെ'ക്കുറിച്ച് ദീർഘമായ പ്രബന്ധം പ്രസിദ്ധീകരിച്ചു. അതിനെതിരെയുള്ള ഫാ. ജോസഫ് ചീരന്റെ ലേഖനവും അതിനെ ഖണ്ഡിച്ചുകൊണ്ട് ജോൺ തോമസ് കരിങ്ങാട്ടിൽ എഴുതിയ 'ബൈബിൾ വിവർത്തനം തിരുത്തൽ വാദമോ?' എന്ന ലേഖനവും നീണ്ട ചർച്ചകൾക്കു വഴിതെളിച്ചു.[16] ഡോ. സിബി തരകൻ 1995-ലും[17] ഡോ. സാമുവൽ ചന്ദനപ്പള്ളി 1997-ലും മലയാള ബൈബിൾ ഭാഷാന്തരം കായംകുളം ഫീലിപ്പോസ് റമ്പാനിൽ തന്നെ സ്ഥാപിച്ചുള്ള ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു.[18] 1996-ൽ പി. വി. മാത്യു എറണാകുളം 1811-ലെ പ്രഥമ മലയാള ബൈബിൾ അന്നത്തെപ്പോലെ പുനഃപ്രസിദ്ധീകരിച്ചു.[19] 1997 നവംബർ 11-ന് കായംകുളം ഫീലിപ്പോസ് റമ്പാന്റെ 185-ാം ചരമവാർഷികം വിപുലമായി അടൂർ കണ്ണംകോട് പള്ളിയിൽ ആഘോഷിച്ചപ്പോൾ നിരവധി ലേഖനങ്ങൾ മലയാള പത്രങ്ങളിൽ സ്ഥാനം നേടി. ഫാ. ഡോ. ബേബി വർഗീസ്,[20] പോൾ മണലിൽ, ഡോ. എം. കുര്യൻ തോമസ് എന്നിവർ എല്ലാം വിവിധ കാലങ്ങളിലായി മലയാള ബൈബിൾ വിവർത്തനത്തെക്കുറിച്ച് നിരവധി പ്രബന്ധങ്ങൾ എഴുതി. ഇവ ഒന്നും തിരിച്ചറിയാതെയും ഈ പ്രബന്ധങ്ങൾ ഉദ്ധരിക്കുകയോ വിമർശിക്കുകയോ ചെയ്യാതെയുമാണ് ഫാ. ഡോ. ജോസഫ് ചീരൻ 'മലയാളം ബൈബിളും കേരള നവോത്ഥാനവും' എന്ന കൃതിയിലൂടെ പ്രഥമ മലയാള ബൈബിൾ വിവർത്തകൻ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ എന്ന് സ്ഥാപിക്കുവാൻ ശ്രമിച്ചിരിക്കുന്നത്. എന്നാൽ ലഭ്യമാകുന്ന വസ്തുനിഷ്ഠമായ ചരിത്രരേഖകളുടെ അടിസ്ഥാനത്തിൽ പ്രഥമ മലയാള ബൈബിളിന്റെ വിവർത്തനം കായംകുളം ഫീലിപ്പോസ് റമ്പാൻ എന്ന് നിസ്സംശയം സ്ഥാപിക്കാം.

1807-ൽ ഭാഷാന്തരം കഴിഞ്ഞ പ്രഥമ മലയാള ബൈബിൾ അച്ചടിച്ച് എത്തുന്നത് 1811-ലാണ്. 1812-ൽ കായംകുളം ഫീലിപ്പോസ് റമ്പാൻ ചരമം പ്രാപിക്കുകയും ചെയ്തു. എന്നാൽ പിന്നീട് ഇട്ടൂപ്പ് റമ്പാൻ, ജോസഫ് മാർ ദീവന്നാസിയോസ് എന്ന പേരിൽ മലങ്കരമെത്രാപ്പോലീത്തായായി.[21] ബൈബിളിന്റെ പൂർണ്ണമായ തർജ്ജമയ്ക്ക് ശ്രമിച്ചതിനാലാവാം പിന്നീടുണ്ടായ പല മിഷനറി വിവരണങ്ങളിലും ജോസഫ് മാർ ദീവന്നാസിയോസിന്റെ പേര് ചേർത്തിരിക്കുന്നത്.[22] ചില അവസരങ്ങളിൽ വലിയ

മാർ ദീവന്നാസിയോസിന്റെ പേർ പറയേണ്ട സ്ഥലങ്ങളിലും മാർ ദീവന്നാസിയോസ് എന്നു മാത്രമേ ചേർത്തിട്ടുള്ളു.

ഫാ. ഡോ. ജോസഫ് ചീരൻ ഉന്നയിക്കുന്ന സംശയങ്ങളും ഉദ്ധരണികളും[23] പ്രഥമ മലയാള ബൈബിൾ ഭാഷാന്തരത്തിൽ ഇട്ടൂപ്പ് കത്തനാർക്കുള്ള സ്ഥാനത്തെ സാധൂകരിക്കുവാനുള്ള മതിയായ രേഖകൾ അവതരിപ്പിക്കുവാൻ കഴിയുന്നില്ല.[24] എന്നാൽ അദ്ദേഹം ബൈബിൾ ഭാഷാന്തരത്തിനുവേണ്ടി യത്നിച്ച ശ്രമങ്ങളും നേതൃത്വവുമാണ് പിന്നീട് വന്ന മിഷനറിരേഖകളിൽ (1812-1815) വെളിപ്പെടുത്തുന്നത്.[25] ഇത് പ്രഥമ മുദ്രിത മലയാള ബൈബിൾ വിവർത്തനവുമായി ബന്ധപ്പെടുത്തുവാൻ സാധിക്കില്ല. പ്രഥമ മലയാള ബൈബിൾ വിവർത്തനത്തിൽ കായംകുളം ഫീലിപ്പോസ് റമ്പാന്റെ പേരിനൊപ്പം ചേർത്തുവയ്ക്കുന്ന പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെക്കുറിച്ചുള്ള പരാമർശങ്ങൾ എല്ലാം 1809-നു ശേഷമുള്ള വിവരണങ്ങളാണ്. അവ ഒന്നും തന്നെ നേരിട്ട് ആധികാരിക സൂചന പകരുന്നതുമല്ല. പ്രധാനമായി അവതരിപ്പിക്കുന്ന പ്രാമാണികമെന്ന് പറയുന്ന കൃതികളിലെ അശാസ്ത്രീയത ശ്രദ്ധിക്കുക:

1. പ്രഥമ ബൈബിൾ വിവർത്തനത്തിന് പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ നേതൃത്വം നൽകി എന്നതിനുള്ള ആധാരരേഖ 'ബുക്കാനന്റെ കത്താണ്'. ഇതിനെക്കുറിച്ച് പഠനം നടത്തിയ ഫാ. ഡോ. ജേക്കബ് കുര്യൻ പറയുന്നു: "ഈ കത്ത് ഫാ. പി. എം. ജോസിന്റെ സാക്ഷ്യപ്രകാരമാണ് ഉദ്ധരിച്ചിരിക്കുന്നതെങ്കിലും അതിപ്പോൾ എവിടെ സൂക്ഷിച്ചിരിക്കുന്നുവെന്നോ അതിന്റെ ഇംഗ്ലീഷിലോ മലയാളത്തിലോ ഉള്ള ഫോട്ടോകോപ്പിയെങ്കിലും ലഭ്യമാണോ എന്നൊന്നും വ്യക്തമല്ല."[26]

2011-ലെ 'മലയാള ബൈബിളും കേരള നവോത്ഥാനവും' എന്ന ഗ്രന്ഥത്തിലാണിത് വ്യക്തമാക്കുന്നത്. ഈ ഗ്രന്ഥം 2010-ൽ 'പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് ഒന്നാമനും 1811-ലെ മലയാളം ബൈബിളും' എന്ന പേരിൽ പ്രസിദ്ധീകരിച്ചിരുന്നു. ഗ്രന്ഥത്തിന്റെ പേരു തന്നെ ചരിത്രനിഷേധം വെളിപ്പെടുത്തുന്നതല്ലേ?

2. 1831-ൽ പ്രസിദ്ധീകരിച്ച കൽക്കട്ടാ ബിഷപ്പ് മിഡിൽട്ടന്റെ ജീവചരിത്രത്തിൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ ബൈബിൾ ഭാഷാന്തരത്തിന്റെ പ്രധാന വിവർത്തനം നിർവ്വഹിച്ചു എന്നും അദ്ദേഹം 1815-ൽ മെത്രാപ്പോലീത്തായായി എന്നും പറയുന്നുണ്ട്. എന്നാൽ ഈ വിവരണം 1816-ൽ സുറിയാനിക്രിസ്ത്യാനികളെ സന്ദർശിച്ച മിഡിൽട്ടൺ നൽകിയ വാമൊഴി വിവരണപ്രകാരം സി. ഡബ്ലിയു. ലീബാഡ് രേഖപ്പെടുത്തിയിരിക്കുന്നതാണ്.[27] എന്നാൽ ഈ ജീവചരിത്രകാരൻ മലങ്കര സന്ദർശിച്ചതായി തെളിവില്ല. മാത്രമല്ല, ഇങ്ങനെയുള്ള ബൈബിൾ വിവർത്തന ചരിത്രം മറ്റ്

ചരിത്രകാരന്മാർ ആരും രേഖപ്പെടുത്തിയിട്ടുമില്ല. മിഡിൽട്ടന്റെ ജീവചരിത്രം അടിസ്ഥാനമാക്കിയാണ് ജെ. എസ്. എം. ഹൂപ്പറും[28] റെയ്നോൾഡ് വാഗ്നറും[29] ബൈബിൾ വിവർത്തനത്തെക്കുറിച്ച് പറയുന്നത്.

റെയ്നോൾഡ് വാഗ്നർ മലയാള ബൈബിളിനെക്കുറിച്ച് 1968-ൽ ഇംഗ്ലീഷിൽ എഴുതിയ പ്രബന്ധമാണ് 1969-ൽ ജർമ്മൻ ഭാഷയിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇതിന്റെ പരിഭാഷയാണ് പുതിയ നിഗമനം എന്ന നിലയിൽ ഫാ. ജോസഫ് ചീരൻ അവതരിപ്പിക്കുന്നത്.[30] ഈ ലേഖനങ്ങളുടെ എല്ലാം അടിസ്ഥാനം ബൈബിൾ വിവർത്തനത്തെക്കുറിച്ചുള്ള സി. ഡബ്ല്യു. ലീബാഡിന്റെ അടിസ്ഥാനരഹിതമായ ചില പരാമർശങ്ങളാണ്.

3. ബൈബിൾ സമ്പൂർണ്ണ വിവർത്തനം 1812-നു ശേഷം തിമ്മപ്പാപ്പിള്ളയും പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസും നിർവ്വഹിച്ചു (1812-1816) എന്നു പറയുന്നെങ്കിലും അവ ഇന്നുവരെ കണ്ടെത്തുകയൊ ആധികാരികമായ ചരിത്രരേഖകളിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇവരുടെ നേതൃത്വത്തിൽ ബൈബിൾ വിവർത്തനത്തിനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ടാകാം. അതിന്റെ സൂചനകളാവാം പിന്നീട് വന്ന പ്രൊട്ടസ്റ്റന്റ് ചരിത്രകാരന്മാർ പരാമർശിച്ചിരിക്കുന്നത്. എന്നാൽ ഇത് 1807-ലെ ബൈബിൾ വിവർത്തനവുമായി ചേർത്തുവായിക്കുമ്പോഴാണ് ബൈബിൾ വിവർത്തനം വീണ്ടും തിരുത്തൽവാദമായി തീരുന്നത്.

4. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമനെ മലങ്കരസഭാജ്യോതിസ്സായി പ്രഖ്യാപിച്ച് പ. മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായുടെ 29-11-1991 ലെ 433/91 നമ്പർ കല്പനയിൽ ഇദ്ദേഹം പ്രഥമ ബൈബിൾ വിവർത്തകൻ എന്നോ 1807-ലെ ബൈബിൾ വിവർത്തന ശ്രമത്തിന് നേതൃത്വം നൽകിയ വ്യക്തിയെന്നോ ഒരു സൂചനയും ഇല്ല.

5. 1807-ലെ റമ്പാൻ ബൈബിൾ വിവർത്തനത്തിന് ഇട്ടൂപ്പ് റമ്പാൻ നേതൃത്വം നൽകി എന്ന് (1800-1807) ഒരു ആധികാരിക ഗ്രന്ഥത്തിലും സൂചനയില്ല. ക്ലോഡിയസ് ബുക്കാനന്റെ *ക്രിസ്ത്യൻ റിസേർച്ചസ് ഇൻ ഏഷ്യ*, *മെമ്മോയേഴ്സ് ഓഫ് ബുക്കാനൻ* തുടങ്ങിയ കൃതികളിലും പരാമർശനമില്ല.

*നിരണം ഗ്രന്ഥവരി*യിൽ ഗവേഷണം നടത്തിയ ഡോ. എം. കുര്യൻ തോമസ് എത്തിയ നിഗമനത്തിൽ: "മുഖ്യ പരിഭാഷകൻ കായംകുളം ഫീലിപ്പോസ് റമ്പാനാണ്. സഹായി കൊച്ചിട്ടി, മാവേലിക്കര വെല്യപെരുമ്പിഴ കൊച്ചിട്ടിതരകനാണെന്ന് *നിരണം ഗ്രന്ഥവരി*യിലെ ഇതര പരാമർശങ്ങളിൽ നിന്നു വ്യക്തമാണ്. പരിഭാഷ നിർവഹിച്ചത് കണ്ടനാട്ടു വെച്ചാണെന്നു *നിരണം ഗ്രന്ഥവരി*യും ഡോ. ബുക്കാനനും വ്യക്തമാ

ക്കുന്നു. 1807 ജനുവരി 29-ന് കൊച്ചിയിൽ നിന്നയച്ച ഒരു കത്തിൽ പരിഭാഷയ്ക്ക് മൂന്നു സുറിയാനി-മലയാളം പണ്ഡിതരെ നിയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. കായംകുളം ഫീലിപ്പോസ് റമ്പാൻ, തിമ്മപ്പാപ്പിള്ള എന്നീ രണ്ടു പേരെക്കുറിച്ച് വ്യക്തം. എന്നാൽ മൂന്നാമത്തെ ആൾ ഇന്നും അജ്ഞാതനാണ്." ഏതായാലും ആ വ്യക്തി ഇട്ടൂപ്പ് റമ്പാൻ അല്ലെന്നു തീർച്ചയാണെന്ന് ഡോ. എം. കുര്യൻ തോമസ് വ്യക്തമാക്കുന്നു.

5. ഉപസംഹാരം

വിവിധ പ്രാമാണിക രേഖകളുടെ അടിസ്ഥാനത്തിൽ പ്രഥമ മുദ്രിത മലയാള ബൈബിൾ വിവർത്തനം കായംകുളം ഫീലിപ്പോസ് റമ്പാൻ നിർവഹിച്ചു എന്ന് തെളിയുന്നു. കായംകുളം ഫീലിപ്പോസ് റമ്പാന്റെ വിവർത്തനശ്രമങ്ങളെ വക്രീകരിക്കുന്നതിനുള്ള തീവ്രവും ബോധപൂർവ്വുമായ സംഘടിതശ്രമങ്ങൾ ഉണ്ടായിട്ടും 'മലയാളം ബൈബിളിന് ഇരുനൂറ് വയസ്സ്' എന്ന ഭാഷാപോഷിണി ലേഖനത്തിൽ ഇ. കെ. പ്രേംകുമാറും കായംകുളം ഫീലിപ്പോസ് റമ്പാൻ എന്ന സിദ്ധാന്തത്തെ ഉറപ്പിക്കുന്നു.[31] മലയാള ബൈബിൾ വിവർത്തനത്തിലൂടെ മലയാള ഗദ്യസാഹിത്യ ചരിത്രത്തിൽ അനശ്വരനായ കായംകുളം ഫീലിപ്പോസ് റമ്പാൻ 1812 നവംബർ 11-ന് അടൂർ കണ്ണംകോട് പള്ളിയിൽ 80-ാം വയസ്സിൽ കബറടങ്ങി.[32] 2007-ൽ ബൈബിൾ വിവർത്തനത്തിന്റെ 200-ാം വാർഷികം പിന്നിട്ടെങ്കിലും, 2012 കായംകുളം ഫീലിപ്പോസ് റമ്പാന്റെ ചരമ ദ്വിശതാബ്ദി വർഷമാണ്. '1807-ൽ എഴുതി 1811-ൽ പ്രസിദ്ധീകരിച്ച ഇന്ത്യയിൽ അച്ചടിച്ച ആദ്യ മലയാള പുസ്തകമെന്നും മലയാള പുസ്തക പ്രസാധന ചരിത്രത്തിലെ മൂന്നാമത്തെ പുസ്തകമെന്നും' തെളിയിക്കപ്പെട്ടിട്ടുണ്ട്.[33] ബൈബിൾ വിവർത്തനങ്ങൾ മലയാളഗദ്യത്തെ[34] ചൈതന്യവത്താക്കുവാനും പുതിയ ഗദ്യസംസ്കാരത്തിന് വെളിച്ചം പകരുവാനും ശക്തി പകർന്നു.

അടിക്കുറിപ്പുകൾ

1. 'ബൈബിൾ ഭാഷാന്തരം' എന്ന പ്രയോഗത്തിന് പൊതു അർത്ഥം. 1807-ൽ കായംകുളം ഫീലിപ്പോസ് റമ്പാൻ 'ബൈബിൾ വിവർത്തനം' ചെയ്തു എന്നു പറഞ്ഞാൽ ബൈബിളിലെ 'നാലു സുവിശേഷങ്ങൾ' മലയാളത്തിലേക്ക് വിവർത്തനം ചെയ്തു എന്ന അർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു. സമ്പൂർണ്ണമായ ബൈബിൾ വിവർത്തനത്തിന്റെ ചരിത്രം 1816-നു ശേഷമാണ് ഉണ്ടാകുന്നത്.

2. 18-ാം നൂറ്റാണ്ടിലെത്തിയ പ്രൊട്ടസ്റ്റന്റ് മിഷനറിമാർ ബൈബിൾ വിവർത്തനത്തിന് പ്രാരംഭമിട്ടു എന്നാണ് മിഷനറി ചരിത്രകാരന്മാരുടെ സാക്ഷ്യം. ബഞ്ചമിൻ ബെയ്‌ലി ബൈബിൾ 1829-ലും ഹെർമ്മൻ ഗുണ്ടർട്ട് ബൈബിൾ 1857-ലുമാണ് ലഭ്യമാകുന്നത്. മിഷനറിമാർ ബൈബിൾ വിവർത്തനം ചെയ്യുന്നതിനു മുമ്പ് കേരളത്തിൽ ബൈബിളിന്റെ ഭാഗിക വിവർത്തനങ്ങൾ നിലനിന്നിരുന്നു.

3. *നിരണം ഗ്രന്ഥവരി*, ഡോ. ക്ലോഡിയസ് ബുക്കാനന്റെ 'ക്രിസ്ത്യൻ റിസേർച്ചസ് ഇൻ ഏഷ്യ', ഡോ. ബുക്കാനന്റെ ജീവചരിത്രവും നിരവധി കത്തുകളും ഉൾക്കൊള്ളുന്ന മെമ്മോയേഴ്സ് ഓഫ് ബുക്കാനൻ എന്നീ കൃതികൾ ബൈബിൾ ഭാഷാന്തരത്തിന്റെ ആദ്യകാല ചരിത്രം വ്യക്തമാക്കുന്ന പ്രാമാണികരേഖകളാണ്. റവ. ഡബ്ലിയു. ജെ. റിച്ചാർഡ്, തോമസ് വൈറ്റ് ഹൗസ്, പുകടിയിൽ ഇട്ടൂപ്പ് റൈട്ടർ, മഹാകവി ഉള്ളൂർ, ഡോ. പി. ജെ. തോമസ്, ഡോ. സാമുവൽ ചന്ദനപ്പള്ളി തുടങ്ങിയവരുടെ രചനകളും കായംകുളം ഫീലിപ്പോസ് റമ്പാന്റെ വിവർത്തനത്തെ സാധൂകരിക്കുന്നു.

4. A. M. Mundadan, *History of Christianity in India,* Vol.1, CHAI, Banglore, 1988, p. 189; ഡോ. സാമുവൽ ചന്ദനപ്പള്ളി, മലങ്കരസഭാപിതാക്കന്മാർ, സീഡീസ് ബുക്സ്, ചന്ദനപ്പള്ളി, 1990, പുറം LX.

5. ബൈബിൾ വിവർത്തനവുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച മിഷനറി രേഖകൾ എല്ലാം മിഷനറിമാരുടെ സംഭാവനകൾ ഊതിവീർപ്പിച്ചിരിക്കുന്നവയാണ്. ക്ലോഡിയസ് ബുക്കാനന്റെ പരാമർശങ്ങൾ വായിച്ചാൽ ഇവിടെ യാതൊരു ബൈബിൾ പരിജ്ഞാനവുമില്ലാത്ത ഒരു ജനവിഭാഗം എന്ന രീതിയിൽ നടത്തിയിരിക്കുന്ന ആക്ഷേപങ്ങൾ ഉണ്ട്. ആംഗ്ലിക്കൻ വിശ്വാസത്തിലേക്ക് മലങ്കര നസ്രാണികളെ മാറ്റിയെടുക്കുക എന്ന ലക്ഷ്യവും തദ്ദേശീയ ക്രിസ്ത്യാനികൾക്ക് വേദപുസ്തക വിജ്ഞാനീയം ഇല്ല എന്നു സ്ഥാപിക്കുകയുമായിരുന്നു ലക്ഷ്യം. എന്നാൽ സുറിയാനി ബൈബിൾ കൈയെഴുത്തുപ്രതികൾ സൂക്ഷിക്കുന്നതിനും അവ ആരാധനാമദ്ധ്യത്തിൽ മലയാളത്തിലേക്ക് ഭാഷാന്തരപ്പെടുത്തുന്നതിനും സുറിയാനി മല്പാന്മാർ അവഗാഹം നേടിയിരുന്ന വിവരം മിഷനറി രേഖകളിൽ തമസ്കരിച്ചു. മിഷനറി സ്വാധീനമാണ് ബൈബിൾ വിവർത്തനത്തിന് ലഭ്യമായത് എന്ന് സ്ഥാപിക്കുവാനാണ് അവർ ശ്രമിച്ചത്. പിന്നീട് വന്ന മിഷനറി രചനകളിലും ആദ്യകാല മലയാള കൃതികളിലും ഈ സമീപനം ഏറ്റുപാടി. നാട്ടു നസ്രാണികളുടെ ഭാഷാസേവനം ഡോ. പി. ജെ. തോമസ് വിശദീകരിക്കുന്നുണ്ട് (ഡോ. പി. ജെ. തോമസ്, *മലയാള സാഹിത്യവും ക്രിസ്ത്യാനികളും*, ഡി.സി. ബുക്സ്, 1989, പുറം 147).

6. C. Buchanann, Christian Researches in Asia, Cambridge, 1811, p. 91.

7. 'ബുക്കാനൻ' എന്ന പേരിൽ രണ്ട് വിദേശികൾ കേരളം സന്ദർശിച്ചു. 1800-ൽ ഫ്രാൻസിസ് ബുക്കാനനും (1762-1829) 1806-ലും 1808-ലും റവ. ഡോ. ക്ലോഡിയസ് ബുക്കാനനും (1766-1815). ഇരുവരുടെയും പേരുകൾ ഡോ. ബുക്കാനൻ എന്നു മാത്രം ഉപയോഗിക്കുന്നു. ഏതാണ്ട് ഒരേ കാലഘട്ടത്തിൽ രണ്ട് ബുക്കാനന്മാർ കേരളം സന്ദർശിച്ചു. ഇട്ടൂപ്പ് മല്പാൻ ഫ്രാൻസിസ് ബുക്കാനനെയോ ക്ലോഡിയസ് ബുക്കാനനെയോ നേരിട്ടു കണ്ടതായി ഒരു പരാമർശവും ഇവരുടെ ഗ്രന്ഥങ്ങളിൽ കാണുന്നില്ല.

8. J. P. M., Vander Ploeg, *The Christians of St. Thomas in South India and their syriac manuscripits*, Bangalore, 1983. cf. ബൈബിൾ ഭാഷ്യം, സി.എൽ.എസ്., 1989, പുറം 2009-15.

9. 1807-ൽ വിവർത്തനം ചെയ്ത ബൈബിളാണ് ബുക്കാനൻ ബൈബിൾ എന്ന്

ഫാ. ഡോ. ജോസഫ് ചീരൻ. *മലയാള ബൈബിളും കേരള നവോത്ഥാനവും*, എം.ജെ.ഡി., കുന്നംകുളം, 2011, പുറം 143; ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്ര വിജ്ഞാനകോശം, കോട്ടയ്ക്കൽ, മാങ്ങാനം, കോട്ടയം, 2007, പുറം 541.

10. ഡോ. സാമുവൽ ചന്ദനപ്പള്ളിയാണ് കായംകുളം ഫീലിപ്പോസ് റമ്പാന്റെ തൂലികാചിത്രം തയാറാക്കിയത്. അദ്ദേഹത്തിന്റെ 'ചന്ദനവും പള്ളിയും' (ഓറിയന്റൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ചന്ദനപ്പള്ളി, 1991), കായംകുളം ഫീലിപ്പോസ് റമ്പാൻ പ്രഥമ ബൈബിൾ വിവർത്തകൻ (1997) എന്നീ കൃതികൾ കാണുക.

11. ഫാ. ബർണാദ്, *മാർത്തോമ്മാ ക്രിസ്ത്യാനികൾ*, മാന്നാനം, 1921, പുറം 369; മൂക്കഞ്ചേരിൽ പത്രോസ് റമ്പാൻ, *മലയാള ഭാഷയിൽ അച്ചടിച്ച ഒന്നാമത്തെ വേദപുസ്തകം*, മലങ്കരസഭ 1948, പുസ്തകം 3, ലക്കം 5, പേജ് 19. ഫാ. ബർണാദിന്റെ നിഗമനമാണ് ഉദ്ധരിച്ചിരിക്കുന്നത്.

12. ഡോ. പി. ജെ. തോമസ്, *മലയാള സാഹിത്യവും ക്രിസ്ത്യാനികളും*, ഡി.സി. ബുക്സ്, 1989, പുറം 203; ഉള്ളൂർ എസ്. പരമേശ്വരയ്യർ, *കേരള സാഹിത്യ ചരിത്രം,* കേരള സർവ്വകലാശാല പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം, 1953.

13. ഡോ. പി. ജെ. തോമസ്, പുറം 202–205; പോൾ മണവാളൻ, കേരള സംസ്കാരവും ക്രൈസ്തവ മിഷനറിമാരും, ഡി.സി., കോട്ടയം, 1990, പുറം 214; ബൈബിൾ ഭാഷ്യം, 1997, പുറം 24. വിവർത്തനത്തിലുള്ള തഴക്കവും പഴക്കവും ബൈബിൾ ഭാഷാന്തരത്തെ ദ്രുതഗതമാക്കി. മുമ്പ് അദ്ദേഹം ചെയ്ത വിവർത്തനഭാഗങ്ങളും ഉൾക്കൊള്ളിച്ചതിനാലാവാം ഒരു വർഷത്തിനുള്ളിൽ (1806–1807) ഇതു പൂർത്തീകരിക്കുവാൻ കഴിഞ്ഞത്.

14. മലങ്കരസഭ, മെയ്, 2011, പേജ് 17; ഡോ. റോസി തമ്പി നാലു പേരുകൾ ചേർത്തിട്ടുണ്ട് *(ബൈബിളും മലയാളവും*, ഡി.സി., 1996, പുറം 67). തമിഴ് പണ്ഡിതൻ തിമ്മപ്പാപ്പിള്ളയുടെ സഹായം ലഭിച്ചിട്ടുണ്ടെന്ന് കാണുന്നുണ്ട്. ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കണമെങ്കിൽ എത്രയോപേരുടെ സഹായം ഉണ്ടാകും. എന്നാൽ അവരെല്ലാവരും ചേർന്നാണ് ഗ്രന്ഥം എഴുതിയത് എന്ന് പറയാറില്ലല്ലോ.

15. ബൈബിൾ വിവർത്തന ചരിത്രത്തെക്കുറിച്ച് വിമർശനാത്മക പഠനം 200 വർഷത്തിനുള്ളിൽ ഉണ്ടായിട്ടില്ല. 1812-നു ശേഷം എത്തിയ പല മിഷനറിമാരും 'മാർ ദീവന്നാസിയോസിന്റെ' പേര് വ്യത്യസ്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. 1816-നു ശേഷം നടന്ന ബൈബിൾ വിവർത്തനവും 1807-ലേതും തമ്മിൽ ഇടകലർത്തിയ ചരിത്രവും ഉണ്ട്.

16. ജോൺ തോമസ് കരിങ്ങാട്ടിൽ, *ബൈബിൾ മലയാളത്തിൽ*, ഓർത്തഡോക്സ് യൂത്ത്, 1991 ആഗസ്റ്റ് (പുറം 9–11), സെപ്റ്റംബർ (പുറം 11–13), ഒക്ടോബർ (പുറം 12–14), നവംബർ (പുറം 14–20); ഡോ. സാമുവൽ ചന്ദനപ്പള്ളി, *കായംകുളം ഫീലിപ്പോസ് റമ്പാനും ബൈബിൾ പരിഭാഷയും*, ഓർത്തഡോക്സ് യൂത്ത്, 1992 ജൂലൈ (പുറം 20–22), ആഗസ്റ്റ്, (പുറം 23–26); ഫാ. ജോസഫ് ചീരൻ, '*പത്രാധിപർക്കുള്ള കത്ത്*', ഓർത്തഡോക്സ് യൂത്ത്, 1992, സെപ്റ്റംബർ (പുറം 28–30); ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, '*ബൈബിൾ*

വിവർത്തനം തിരുത്തൽവാദമോ?' ഓർത്തഡോക്സ് യൂത്ത്, 1993 ജൂൺ (പുറം 5, 6, 30), ജൂലൈ (പുറം 11-15).

17. ഡോ. സിബി തരകൻ, *ചരിത്രത്തിന്റെ വെളിപാടുകൾ,* മിത്ര ബുക്സ്, മാവേലിക്കര, 1995.

18. ഡോ. സാമുവൽ ചന്ദനപ്പള്ളി, കായംകുളം ഫീലിപ്പോസ് റമ്പാൻ പ്രഥമ ബൈബിൾ വിവർത്തകൻ, സീസീഡ് ബുക്സ്, ചന്ദനപ്പള്ളി, 1997.

19. പി. വി. മാത്യു, '1811-ലെ റമ്പാൻ ബൈബിൾ', എറണാകുളം, 1996/1998. പി. വി. മാത്യു, 'റമ്പാൻ ബൈബിൾ' എന്നു വിശേഷിപ്പിക്കുന്നത് 1811-ലെ വിവർത്തനം പ്രാരംഭം മുതലേ 'റമ്പാൻ ബൈബിൾ' എന്നറിയപ്പെട്ടിരുന്നു. കായംകുളം ഫീലിപ്പോസ് റമ്പാൻ 18 വർഷം റമ്പാനായിരുന്നു (1794-1812).

20. Fr. Dr. Baby Varghese, Syriac-Bible in India, The Harp, Vol. XIV, 2001, pp. 63-80. He says that Malankara Sabha Vijnanakosham (OTS, Kottayam, 1993) adds the name of Pulikkottil Ittoop Ramban. But in the 19th century sources I have not found any reference to his participation in the translation.

21. വൈദിക അഭ്യസനത്തിനായി പഠിത്തവീട് ഉണ്ടാകണമെന്ന തീരുമാനം 1809 ചിങ്ങം ഒന്നിന് കണ്ടനാട് പള്ളിയിൽ കൂടിയ മലങ്കര പള്ളിയോഗത്തിന്റെ തീരുമാനമാണ്. ഇട്ടൂപ്പ് റമ്പാൻ പഠിത്തവീടിന്റെ നിർമ്മാണ പ്രവർത്തനവുമായി നേതൃത്വത്തിലേക്ക് വന്നതുവഴി കേണൽ മൺറോയുടെ ഉത്തമ സുഹൃത്തായി. ഇട്ടൂപ്പ് റമ്പാൻ, ജോസഫ് മാർ ദീവന്നാസിയോസ് എന്ന പേരിൽ മലങ്കര മെത്രാപ്പോലീത്തായായി. കോട്ടയം പഴയ സെമിനാരി സ്ഥാപിച്ചു. 1816-ൽ അദ്ദേഹം ബൈബിൾ വിവർത്തനം ആരംഭിച്ചു എന്ന് പറയുന്നെങ്കിലും കോപ്പികൾ ലഭ്യമായിട്ടില്ല. 1816 നവംബർ 24-ന് അദ്ദേഹം കാലം ചെയ്തു. മെത്രാനായി 20 മാസം മാത്രം ഭരിച്ചു.

22. 1811-ൽ റമ്പാൻ ബൈബിളിന്റെ വിവർത്തനത്തിന് നേതൃത്വം നൽകിയ സെമിനാരി സ്ഥാപകൻ ബൈബിളിന്റെ ഇതരഭാഗങ്ങളും വിവർത്തനം ചെയ്തതായി ഫാ. ജോസഫ് ചീരൻ പറയുന്നു. കേണൽ മൺറോയുടെ ഏതാനും കത്തിൽ പരാമർശം ഉണ്ട് എന്ന് ഫാ. ജോസഫ് ചീരൻ ചൂണ്ടിക്കാണിക്കുന്നത് പി. ചെറിയാന്റെ സഭാചരിത്രത്തിന്റെ അനുബന്ധത്തിലെ കത്തുകളെ ആസ്പദമാക്കിയാണ് (P. Cherian, The Malabar Syrians and the Church Missionary Society 1816-1840, CMS Press, Kottayam, 1935, pp. 175-180). 1816-ൽ ജോസഫ് മാർ ദീവന്നാസിയോസ് ബൈബിൾ ഭാഷാന്തരപ്പെടുത്തിയ ഭാഗങ്ങൾ കണ്ടെത്തിയിട്ടുണ്ടോ? ഇനിയും ബൈബിൾ ഭാഷാന്തരപ്പെടുത്തി എന്നു പറഞ്ഞാലും പ്രശ്നമില്ല. അത് 1809-നു ശേഷമുള്ളതാണല്ലോ. പ്രഥമ മലയാള ബൈബിൾ വിവർത്തനം 1807-ൽ പൂർത്തിയാക്കി പ്രിന്റിങ്ങിന് അയച്ചു. ഒരു പുസ്തകത്തിന്റെ കാലം നിർണ്ണയിക്കുന്നത് പ്രിന്റു ചെയ്ത തീയതി നോക്കിയല്ലല്ലോ.

23. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമനും 1811-ലെ മലയാളം ബൈബിളും, എം.ജെ.ഡി., കുന്നംകുളം, 2010, പുറം 71-77.

24. ഫാ. ഡോ. ജോസഫ് ചീരൻ (ജനറൽ എഡിറ്റർ), *മലയാള ബൈബിളും കേരള നവോത്ഥാനവും*, എം.ജെ.ഡി., കുന്നംകുളം, 2011, പുറം 146-154.

25. ബൈബിൾ സമ്പൂർണ്ണ വിവർത്തനം 1812-നു ശേഷം തിമ്മപ്പാപ്പിള്ളയും ജോസഫ് മാർ ദീവന്നാസിയോസും നിർവഹിച്ചു (1812-1816) എന്നു പറയുന്നെങ്കിലും അവ കണ്ടെത്തുവാൻ സാധിച്ചിട്ടില്ല.

26. ഫാ. പി. എം. ജോസ്, 'കാലം ചെയ്ത അച്ചൻ'; 1991-ൽ 'കോട്ടയം പഴയസെമിനാരി സ്ഥാപകൻ' എന്ന പേരിൽ ഈ പുസ്തകത്തിന്റെ മൂന്നാം പതിപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. cf ഫാ. ഡോ. ജേക്കബ് കുര്യൻ, റമ്പാന്മാരും ബൈബിൾ പരിഭാഷയും..., *മലയാള ബൈബിളും കേരള നവോത്ഥാനവും*, എം.ജെ.ഡി., കുന്നംകുളം, 2011, പുറം 192.

27. C. W. Webb Lee Bass, Life of Bishop Middleton I; London, 1831, p. 292.

28. J. S. M. Hooper, Bible Translation in India, Pakistan and Ceylon, Oxford, 1963, p. 74.

29. Reinhold Wagner, *The Malayalam Bible*, Indian Church History Review, Vol. II, No. 2, 1968 (pp. 119-145).

30. ഫാ. ഡോ. റെജി മാത്യു ജർമ്മൻ ഭാഷയിൽ നിന്നു മലയാളത്തിലേക്ക് പരിഭാഷ ചെയ്ത റെയ്നോൾഡ് വാഗ്നെറിന്റെ 1969-ലെ ലേഖനം 'മലയാളം ബൈബിളും കേരള നവോത്ഥാനവും' എന്ന പുസ്തകത്തിൽ ചേർത്തിട്ടുണ്ട്.

31. ഇ. കെ. പ്രേംകുമാർ, *മലയാളം ബൈബിളിന് ഇരുനൂറ് വയസ്സ്*, ഭാഷാപോഷിണി, ഫെബ്രുവരി, 2012, പുറം 58-62.

32. മലങ്കരസഭാചരിത്രത്തിൽ ദീർഘകാലം ജീവിച്ച അഞ്ച് മാർത്തോമ്മാമാർ തെക്കൻ മേഖല കേന്ദ്രീകരിച്ചാണ് സഭാഭരണം നിർവഹിച്ചത്. രണ്ടാം മാർത്തോമ്മാ (1679-1686) നിരണം, മൂന്നാം മാർത്തോമ്മാ (1686-1688) കടമ്പനാട്, അഞ്ചാം മാർത്തോമ്മാ (1728-1765) നിരണം, ആറാം മാർത്തോമ്മാ (1765-1808): പുത്തൻകാവ്, എട്ടാം മാർത്തോമ്മാ (1809-1810): പുത്തൻകാവ്. അഞ്ചാം മാർത്തോമ്മാ മുതൽ ഒമ്പതാം മാർത്തോമ്മാ വരെയുള്ളവരോടൊപ്പം പ്രവർത്തിച്ച തെക്കൻ പ്രദേശങ്ങളിലെ കരുത്തനായ മല്പാനായിരുന്നു കായംകുളം ഫീലിപ്പോസ് റമ്പാൻ. അക്കാലത്ത് മലങ്കരസഭയിൽ 55 പള്ളികൾ മാത്രമാണ് ഉണ്ടായിരുന്നത്.

33. ഡോ. ബാബു ചെറിയാൻ, ബെഞ്ചമിൻ ബെയ്‌ലി, സാഹിത്യ പ്രവർത്തക സഹകരണ സംഘം, 2009, പുറം 92.

34. കായംകുളം ഫീലിപ്പോസ് റമ്പാന്റെ ബൈബിൾ വിവർത്തനത്തിന്റെ ഭാഷയും ഘടനയും 1807 കാലഘട്ടത്തിലെ ഇതര ഗ്രന്ഥങ്ങൾ അടിസ്ഥാനമാക്കി ഗവേഷണപഠനത്തിന് സാധ്യതയുണ്ട്. ക്ലോഡിയസ് ബുക്കാനന്റെ രചനകൾ വെബ്ബിൽ ലഭ്യമാണ്: http://www.malankaraorthodoxtv.in/Books/Christian_ researches _in_Asia.pdf; http://www.malankaraorthodoxtv.in/Books/memoirs_of_claudius_ buchanan.pdf

❑

ആചാര്യൻ: വലിയ മാർ ദീവന്നാസ്യോസ്

ഭാഗം മൂന്ന്

വിവർത്തന വിശകലനം

രചനയുടെ രഹസ്യതന്ത്രികൾ

ഡോ. സാമുവൽ ചന്ദനപ്പള്ളി

'പത്തൊമ്പതാം നൂറ്റാണ്ടിനെ പ്രേഷിതവൃത്തിയുടെ മഹത്തായ യുഗം' എന്നാണ് ചരിത്രകാരന്മാർ വിശേഷിപ്പിക്കുക. ഭാരതത്തിലെ പ്രാദേശിക ഭാഷകളിൽ ബൈബിൾ വിവർത്തനത്തിനുള്ള സംഘടിതശ്രമങ്ങൾ ഈ നൂറ്റാണ്ടിലാരംഭിക്കുന്നു. തമിഴ്ഭാഷയിൽ പതിനെട്ടാം നൂറ്റാണ്ടിൽ തന്നെ ബൈബിൾ വിവർത്തനത്തിന് ബർത്തലോമ്യസീഗൻ ബാഗ് (1683–1719) തുടക്കമിട്ടു. തുടർന്ന് വില്യം കേറിയുടെ നേതൃത്വത്തിൽ സംസ്കൃതം, ബംഗാളി, ഉർദ്ദു, തെലുങ്ക്, മറാത്തി, കന്നട, ഗുജറാത്തി, ഒറിയാ, അസ്സമീസ്, മഗധി, ഖാസി, ബ്രൂജി, ഖോസാലി, നേപ്പാളീസ് തുടങ്ങി അൻപതിൽപരം ഭാഷകളിൽ ബൈബിൾ പരിഭാഷ നടന്നു. 1801–നും 1841–നും ഇടയ്ക്കാണ് ഈ സംരംഭങ്ങൾ. ബൈബിൾ വിവർത്തനം സുവിശേഷ പ്രവർത്തനത്തിന്റെ ഭാഗമായിരുന്നെങ്കിലും അതുവഴി പ്രാദേശിക ഭാഷകൾക്കും സംസ്കാരങ്ങൾക്കും ഉണ്ടായ അഭ്യുത്ഥാനം അവിസ്മരണീയമാണ്. ഇന്ത്യയുടെ ഇതര ഭാഷകളിൽ നടന്ന ബൈബിൾ പരിഭാഷയ്ക്കു സമാന്തരമായിട്ടാണ് കേരളത്തിലും ബൈബിൾ വിവർത്തനം ആരംഭിക്കുന്നത് (കൂടുതൽ വിവരങ്ങൾക്ക് J. S. M. Hooper –രുടെ Bible Translation in India, Pakistan and Ceylon എന്ന ഗ്രന്ഥം കാണുക). വൈദേശിക മിഷനറിമാരാണ് മറ്റു ഭാഷകളിൽ ഈ ദൗത്യം ഏറ്റെടുത്തതെങ്കിൽ തനി ദേശീയനായ ഒരു റമ്പാനായിരുന്നു മലയാളത്തിൽ ആ വെല്ലുവിളി ഏറ്റെടുത്തത്.

മലയാളത്തിലെ പ്രാക്തനമായ ക്ലാസിക് കൃതികൾ ഹൈന്ദവേതിഹാസങ്ങളുടെ കാവ്യാത്മകമായ പരിഭാഷകളായിരുന്നു. ചീരാമന്റെ രാമചരിതവും നിരണം കവികളെന്നു വിളിക്കപ്പെടുന്ന കണ്ണശ്ശന്മാരുടെ രാമായണം, മഹാഭാരതം, ഭഗവത്ഗീത എന്നിവയുടെ ഭാഷാന്തരങ്ങളും, ഭാഗവതത്തിന്റെ ഗാനസായൂജ്യമായ ചെറുശ്ശേരിയുടെ കൃഷ്ണഗാഥയും, പരിഭാഷയിലൂടെ മലയാള സാഹിത്യഭാഷയെത്തന്നെ സൃഷ്ടിച്ച എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണവും ഭാരതവും ഭാഗവതവും ഉദാഹരിക്കാം. ഈ കൃതികളുടെ സാകല്യേനയുള്ള സാന്നിദ്ധ്യം മലയാളത്തിൽ പദ്യഗദ്യനിഷ്ഠമായ ലിഖിതഭാഷയുടെ ഒരാദി രൂപത്തെതന്നെ കരുപ്പിടിച്ചു. ഭാഷാപരമായ ഈ പൈതൃകത്തെ ഏറ്റുവാങ്ങി ബൈബിളിനെ മലയാളത്തിലേക്ക് പ്രത്യാനയിക്കുകയായിരുന്നു സത്യത്തിൽ, ഫീലിപ്പോസ് റമ്പാൻ. പിൽക്കാലത്തെ ബൈബിൾ പരിഭാഷകനായ ബഞ്ചമിൻ ബയിലിയെയോ, ഡോ. ഹെർമൻ ഗുണ്ടർട്ടിനെയോപോലെ പരിഭാഷാ പ്രക്രിയയുടെ പാശ്ചാത്യസിദ്ധാന്തങ്ങളും പ്രയോഗ സമീപനങ്ങളും റമ്പാന്

അന്യമായിരുന്നു എന്ന് ഓർക്കണം. അദ്ദേഹം സ്വന്തം ഹൃദയത്തോടു ചേർത്തു പിടിച്ച ദൈവനിറവിന്റെ സ്നേഹഗ്രന്ഥമായിരുന്നു സുറിയാനി ബൈബിൾ. തനിക്ക് മൂലകൃതി നേരിട്ടു വായിച്ച് ധ്യാനിക്കാമായിരുന്നു. അപ്പോഴും സുറിയാനിയിൽ അജ്ഞരായ പരശ്ശതം സാധാരണ ക്രിസ്ത്യാനിയുടെ മൗതികജീവിതത്തിന്റെ നിസ്വതയെക്കുറിച്ച് അദ്ദേഹം ദുഃഖിതനായിരുന്നു. താനും തന്റെ സഹോദരങ്ങളും സംസാരിക്കുന്ന ജീവിതഗന്ധിയായ വ്യവഹാര മലയാളത്തെ സുറിയാനി ബൈബിളിന് എന്തുകൊണ്ട് വാഹകമാക്കിക്കൂടാ എന്നൊരു നിനവിൽ ആയിരിക്കണം തന്റെ ഏകാന്തരചനയ്ക്ക് തൂലികയേന്തിയത്. അങ്ങനെയാണ് കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ (St. Thomas Christians) അനുദിന വ്യവഹാരങ്ങളിൽ മതമുദ്രയണിഞ്ഞ് പ്രചരിച്ച അസുലഭമായ ഒരു പദാവലി (ഈശോ, മിശിഹാ, റൂഹാദക്കുദിശ, സ്ലീബാ, ശ്ലീഹാ, ഏവൻഗേലിയോൻ, ഒറയിത്ത, നിവ്യ, സപ്രേന്മാർ, പ്രീശേന്മാർ, മറുബഹ, ബാവ, ഉപവി, കൃപ, അയ്മോസ്യപ്പെടുക, പട്ടാങ്ങ, പടാർത്ഥ, യാവന, നെറിവ് തുടങ്ങിയ പദങ്ങൾക്ക് ക്രൈസ്തവരുടെയിടയിൽ വൈകാരികമായ ഒരർത്ഥമാണ് ഉള്ളത്. ഇന്നും മാർത്തോമ്മാ ക്രിസ്ത്യാനികളുടെയിടയിൽ ഈ പദങ്ങൾ നിലനിൽക്കുന്നു. റമ്പാൻ ബൈബിൾ ഇൻഡക്സ് ചെയ്ത്, പദാവലിയുടെ ഒരു നിഘണ്ടു തയ്യാറാക്കുകയാണെങ്കിൽ, മലയാളഭാഷാപഠനത്തിൽ പുതിയൊരു മുഖം കൂടി ദൃശ്യമാകും) റമ്പാന്റെ മലയാള പരിഭാഷയിൽ പ്രവേശിച്ച് അതിനെ ധന്യമാക്കിയത്.

റമ്പാൻ ബൈബിളിനെ ഗവേഷണബുദ്ധ്യാ നിരീക്ഷിക്കുമ്പോൾ ചില സവിശേഷതകൾ വെളിപ്പെടുന്നു. അടിസ്ഥാനപരമായി ഭാഷാന്തരീകരണം, മൂലവും പരിഭാഷയും തമ്മിൽ സംഭവിക്കുന്ന ഒരു ഭാഷാപരമായ സംവാദമാണ് (Linguistic discourse). ബൈബിളിനെ റമ്പാൻ ഒരു സാഹിതീയ ഗ്രന്ഥമായിയല്ല കാണുന്നത്. മനുഷ്യഭാഷാതീതമായ ഒരവസ്ഥാവിശേഷം അതിനു കല്പിക്കപ്പെടുന്നു. മാത്രമല്ല ക്രിസ്തുവിന്റെ വാമൊഴിയായി സുറിയാനിധയലറ്റായ അരമായഭാഷ അംഗീകരിക്കപ്പെട്ടുപോന്നിട്ടുണ്ട്. അതുകൊണ്ട് പരിഭാഷയ്ക്കു ഉപയോഗിക്കുന്ന ഭാഷയിലേക്കു മൂലഭാഷയുടെ കടന്നുകയറ്റത്തെ റമ്പാൻ പ്രതിരോധിക്കുന്നില്ല. ഈ സാഹചര്യത്തിൽ റമ്പാന്റെ പരിഭാഷയെ സ്വതന്ത്രമായ ഒരു ഭാഷാസൃഷ്ടിയായി കാണുക വയ്യ. സുറിയാനിയെ ആത്മാവിൽ ഒളിപ്പിച്ച ഒരു നിഗൂഢമായ മലയാളമാണ് റമ്പാൻ ബൈബിളിന്റെ മാധ്യമം. മൂലഭാഷയായ സുറിയാനിയുടെ വാക്യഘടനയെ സ്വീകരിക്കുന്നതുകൊണ്ട് റമ്പാൻ ബൈബിളിൽ അർത്ഥനിരപേക്ഷമായ ഒരു സ്വരലയം മൂലഭാഷയിൽനിന്ന് ഉടലെടുക്കുന്നു.

റമ്പാന്റെ ബൈബിൾ പരിഭാഷ മലയാള ഗദ്യസാഹിത്യചരിത്രത്തിലെ

ഒരവിസ്മരണീയ സംഭവമാണ്. സുറിയാനി, ലാറ്റിൻ, ഗ്രീക്ക് തുടങ്ങിയ അഭാരതീയ ഭാഷകളിലെ ആശയങ്ങൾ ഉൾക്കൊള്ളാനുള്ള കാമ്പും, കരുത്തും, മലയാളഗദ്യത്തിനുണ്ടെന്ന് വിവർത്തനത്തിലൂടെ അദ്ദേഹം തെളിയിച്ചു. കുറ്റമറ്റതാണ് ഈ ഗദ്യശൈലിയെന്ന് ഈ ഗ്രന്ഥകാരന് അഭി പ്രായമില്ല. എന്നാൽ മലയാള ഗദ്യത്തിന്റെ വികൃതമുഖമാണിതെന്ന് വിശ്വ സിക്കുന്നുമില്ല. സുറിയാനിയിൽനിന്നും മൗലികാശയങ്ങൾക്ക് ചോർച്ച സംഭവിക്കാതെ ഏതെങ്കിലുംവിധത്തിൽ ആശയങ്ങൾ അവതരിപ്പിക്കുക യായിരുന്നു ലക്ഷ്യം. ഈ ഗദ്യശൈലിയുടെ ഉറവിടം എവിടെ? പ്രാചീന കേരളത്തിൽ പതിനാറാം നൂറ്റാണ്ടിന് മുമ്പും പിമ്പും നിലവിലിരുന്ന മല്പാൻ ഭവനങ്ങളിലാണ് ഇതിന്റെ ആരംഭം എന്നു തോന്നുന്നു. വൈദി കപരിശീലനവേദികളായിരുന്നല്ലോ മല്പാൻ ഭവനങ്ങൾ. വൈദികസെമി നാരികൾ അന്നിവിടെ സാർവത്രികമായിരുന്നില്ലായെന്നു കൂടി ഓർക്കുക. സുറിയാനിഭാഷാ പണ്ഡിതന്മാരായിരുന്നു മല്പാന്മാർ, സന്ദർഭാനുസരണം സുറിയാനിയിൽനിന്നും തർജ്ജമ നടത്തി വിദ്യാർത്ഥികളെ പഠിപ്പിക്കുക പതിവായിരുന്നു. ഈയടുത്ത കാലംവരെ വൈദികരും, ആരാധനാവേള യിൽ ഈ രീതി പിന്തുടർന്നിരുന്നല്ലോ. ആ സന്ദർഭത്തിൽ മലയാളത്തിന്റെ ശൈലിയോ പ്രയോഗവിശേഷമോ ഒന്നും അവർ നോക്കിയിരുന്നില്ല. തന്മൂലം സുറിയാനിയോടുള്ള ആധമർണ്ണം ദൃശ്യമാണ്. മലയാളത്തിൽ നിലവിലിരുന്ന ഒരുതരം വ്യാഖ്യാനശൈലിയോടാണ് ഈ ശൈലിയെ ഉപമിക്കേണ്ടതെന്ന് ബൈബിൾ പണ്ഡിതനായ ശ്രീ. ജെ. മാത്യൂസ് (മദ്രാസ്) ഒരു സ്വകാര്യകത്തിൽ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം എഴു തുന്നു, “റമ്പാന്റെ ബൈബിൾ വിവർത്തന ഭാഷയെപ്പറ്റി ആദ്യമായി പറ യാനുള്ളത്, അതു തികച്ചും കൃത്രിമമായ ഒരു ഗദ്യരീതിയാണെന്നുള്ള താണ്. നിലവിലുണ്ടായിരുന്ന ഏതെങ്കിലും ഗദ്യത്തോട് അതു സാമ്യം വഹിക്കുന്നില്ല; അന്നത്തെ ഏതെങ്കിലും സമുദായത്തിന്റെ സംസാരഭാ ഷാശൈലി അതിൽ നിഴലിച്ചിട്ടുമില്ല. ഏതെങ്കിലും മലയാളഗദ്യവുമായി പരിചയപ്പെട്ടിരുന്നതായി തോന്നുന്നുമില്ല. ഒരു വൈദേശികഭാഷയുടെ (സുറിയാനിയുടെ) വ്യാകരണത്തിനും ശൈലിക്കും അസാധാരണമാം വണ്ണം വിധേയപ്പെട്ട ഒരു ഗദ്യമാണത്. ഈ ഭാഷാശൈലിയോട് ഒട്ടൊക്കെ ഉപമിക്കാവുന്ന ഒരു ശൈലിയാണ് മലയാളത്തിലുണ്ടായിരുന്ന ‘വ്യാഖ്യാ നശൈലി.’ സംസ്കൃതത്തിലെഴുതിയ ചില ദാർശനിക ഗ്രന്ഥങ്ങൾക്കും ശാസ്ത്രവിഷയങ്ങളായ കൃതികൾക്കും ചിലർ മലയാളത്തിലെഴുതിയ വ്യാഖ്യാനങ്ങളുടെ സാമ്പിളുകൾ പണ്ടെന്നോ കണ്ട നേരിയ ഓർമ്മയുണ്ട്. സംസ്കൃത വ്യാകരണത്തിനും ആ ഭാഷയുടെ ശൈലിക്കും വഴങ്ങിക്കൊ ടുക്കുന്ന ഒരു വിചിത്രശൈലിയാണത്. ‘താമ്രചൂഡൈരകുജ’ എന്ന ഭാവ പ്രയോഗം മലയാളത്തിൽ പ്രതിഫലിപ്പിക്കുവാൻ ‘താമ്രചൂഡങ്ങളാൽ കുകു എന്നുള്ളതുണ്ടായി’ എന്നു പറയുന്നതു ഉദാഹരണമാണ്. ‘അവനു

ദാനം ചെയ്തു' എന്നു പറയേണ്ടതിനു പകരം 'അവനായിക്കൊണ്ടു ദാനം ചെയ്തു' എന്നു പറയുന്നതും 'ഗുരു ശിഷ്യന് ധർമ്മം ഉപദേശിച്ചു' എന്നു പറയേണ്ടിടത്ത് 'ഗുരു ശിഷ്യനെ ധർമ്മത്തെ ഉപദേശിച്ചു' എന്നു പറയുന്നതും മറ്റും സംസ്കൃത വ്യാകരണത്തോടുള്ള വിധേയത്വം കൊണ്ടാണല്ലോ. തത്തുല്യമായ ഉദാഹരണങ്ങൾ റമ്പാന്റെ ഗദ്യത്തിൽ സുലഭമാണ്. ഇവിടെ വിധേയത്വം സുറിയാനിയോടാണെന്നു മാത്രം.

റമ്പാന് ഈ ശൈലി, എങ്ങനെ വശപ്പെട്ടു? മുൻകാലങ്ങളിൽ, പള്ളിയിലെ ആരാധനയുടെ ഭാഗമായി അച്ചന്മാർ വേദപുസ്തകത്തിൽ നിന്നൊരു ഭാഗം വായിക്കുക പതിവായിരുന്നു (ഇന്നുമില്ലേ ആ പതിവ്). എന്നാൽ ജനങ്ങൾക്ക് മനസ്സിലാകുവാൻ അവർ സുറിയാനിയിൽ നിന്ന് ഒരു വക extempore തർജ്ജമ നടത്തി വായിക്കുമായിരുന്നു എന്നു കേട്ടിട്ടുണ്ട്. അത്തരം തർജ്ജമകളിൽ സുറിയാനിയുടെ വാക്യഘടനയും വ്യാകരണസംവിധാനവും കൂടെ പ്രതിഫലിപ്പിച്ചിരുന്നുവത്രെ. റമ്പാന് ഈ ശൈലി നല്ലവണ്ണം വശപ്പെട്ടിരുന്നിരിക്കാം. അതല്ലാതെ മറ്റൊരു ശൈലിയിൽ ബൈബിൾ വാക്യങ്ങൾ തർജ്ജമ ചെയ്യാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. ഗുണ്ടർട്ടോ, ബയിലിയോ ചെയ്തതുപോലെ ഭാഷാശാസ്ത്രപരമായി മലയാളഗദ്യത്തെപ്പറ്റി ചിന്തിക്കുവാൻ റമ്പാന് കഴിയേണ്ടിയിരുന്നുവെന്നു നമുക്ക് ഒരിക്കലും പ്രതീക്ഷിക്കാവതല്ലല്ലോ.

ബുക്കാനൻ കായംകുളത്തു വച്ച് അവിടത്തെ സഭാനേതാക്കന്മാരുമായി വിസ്തരിച്ചുള്ള ചർച്ചകൾ നടത്തുകയുണ്ടായി. പുതിയനിയമത്തിന്റെ മലയാള തർജ്ജമ മൂലഭാഷയായ ഗ്രീക്കിൽനിന്നായിരിക്കണമെന്ന ബുക്കാനന്റെ നിർദ്ദേശം കായംകുളത്തുകാർക്ക് സ്വീകാര്യമായില്ല. സുറിയാനിയിൽനിന്നു തർജ്ജമ ചെയ്യണമെന്ന അവരുടെ ശാഠ്യത്തിനു ആ ഇംഗ്ലീഷ് പാതിരി ഒടുക്കം സമ്മതിക്കേണ്ടി വന്നു. സുറിയാനി നമ്മുടെ കർത്താവിന്റെ മാതൃഭാഷയായിരുന്നുവെന്നാണ് ഇന്നാട്ടുകാർ വിശ്വസിച്ചിരുന്നത്. അതിനാൽ ആ ഭാഷയോട് അവർക്കു ഭക്തിയും മമതയുമുണ്ടായിരുന്നു. ഈ മനോഭാവം റമ്പാന്റെ വിവർത്തനത്തെ സ്വാധീനിച്ചിരിക്കാം.

പിൽക്കാലത്ത് ലൗകികമായിത്തീർന്ന മിഷണറിഗദ്യത്തിലേക്ക് വിലയംകൊള്ളാതെ യേശു സംസാരിച്ച ഭാഷയ്ക്ക് സമാനമായ ഒരു ഗദ്യഭാഷാശൈലി സുറിയാനി വാക്കുകളുടെ അനുപാതരഹിതമായ സങ്കലനത്തിൽ സൃഷ്ടിച്ചെടുക്കാനുള്ള ഒരു രഹസ്യനിയോഗത്തിന്റെ സാഫല്യം റമ്പാൻ ബൈബിളിനെ ധന്യമാക്കുന്നു.

(ഡോ. സാമുവൽ ചന്ദനപ്പള്ളി രചിച്ച 'കായംകുളം ഫീലിപ്പോസ് റമ്പാൻ: പ്രഥമ ബൈബിൾ വിവർത്തകൻ' എന്ന ഗ്രന്ഥത്തിൽ നിന്നും, പുറം 53-58.)

❑

മലയാള വിവർത്തനശാഖയിലെ മുന്നോടി

ഫാ. ഡോ. കെ. എം. ജോർജ്

ഭാഷാസാഹിത്യ ഗവേഷണരംഗത്ത് കൃതഹസ്തനായ ഡോ. സാമുവൽ ചന്ദനപ്പള്ളി മലങ്കര ഓർത്തഡോക്സ് സഭയുടെ വിശ്വസ്ത പുത്രൻ കൂടിയായത് നമുക്ക് അനുഗ്രഹമായി. മിഷണറി മലയാളത്തിന്റെ ഗദ്യമാതൃകകളെ പ്രകാശിപ്പിച്ച അദ്ദേഹത്തിന്റെ ഗവേഷണജ്യോതി മലങ്കര സഭയുടെ ഇരുളാർന്ന രത്നഖനികളിലേക്ക് പുതിയ വെളിച്ചം വീശി. 'മലങ്കര സഭാപിതാക്കന്മാർ' എന്ന പ്രൗഢമായ ഗവേഷണഗ്രന്ഥത്തിലൂടെ മലയാള സംസ്കൃതിക്കും മലങ്കരസഭയുടെ വിശ്വാസ പൈതൃകത്തിനും അദ്ദേഹം അർപ്പിച്ച അമൂല്യസേവനം നാം വേണ്ടവണ്ണം ഇനിയും മനസ്സിലാക്കിയിട്ടില്ല. ഓർമ്മപ്പെരുന്നാളുകളിലും അടിയന്തിരങ്ങളിലും ക്ഷണികമായി ഉച്ചരിക്കപ്പെടുന്ന മലങ്കരസഭയിലെ പിതൃനാമങ്ങൾക്കു പുറകിൽ വിസ്മൃതമായിപ്പോകുന്ന ഉന്നതശീർഷരായ സാംസ്ക്കാരിക നായകന്മാർക്ക് ഉയിരും ഉടലും നല്കിയിരിക്കുന്നു 'കായംകുളം ഫീലിപ്പോസ് റമ്പാൻ: പ്രഥമ ബൈബിൾ വിവർത്തകൻ' എന്ന ഗ്രന്ഥത്തിൽ. കെട്ടുകഥകളും കേട്ടുകേൾവിയുമല്ല അതിനടിസ്ഥാനം. നിസ്തന്ദ്രമായ ഗവേഷണവും പഠനവും ശാസ്ത്രീയ വീക്ഷണവുമാണ് ഇവിടെ ഉപകരണങ്ങൾ. മലയാള വിവർത്തന സാഹിത്യത്തിൽ തേരാളിയായിത്തീർന്ന കായംകുളം ഫീലീപ്പോസ് റമ്പാനെ ചന്ദനപ്പള്ളി അവതരിപ്പിക്കുന്നത് ഈ പരമ്പരയിലാണ്.

1498-ൽ പോർട്ടുഗീസുകാരുടെ വരവോടെയാണ് മലങ്കരസഭ അതിന്റെ തനിമയെക്കുറിച്ച് അവബോധം നേടുന്നത്. അതുവരെ അതിന്റെ പൗരസ്ത്യവും അപ്പൊസ്തലികവും ഭാരതീയവുമായ സ്വഭാവത്തെ ആരും ചോദ്യം ചെയ്തിരുന്നില്ല. പോർച്ചുഗീസ് റോമൻ കത്തോലിക്കാ മേൽക്കോയ്മയുമായി ഇടഞ്ഞപ്പോൾ നാം നമ്മുടെ വേരുകൾ തേടിയുള്ള അന്വേഷണവും തുടങ്ങി. 1653-ൽ വിദേശാധികാരത്തിനെതിരെ ഭാരതത്തിലെ ആദ്യത്തെ സ്വാതന്ത്ര്യ പ്രഖ്യാപനമെന്ന് വിശേഷിപ്പിക്കാവുന്ന കൂനൻ കുരിശു സത്യത്തിലൂടെ ആ അന്വേഷണം ഒരു ചരിത്രസന്ധി കടന്നു.

അടുത്ത പ്രതിസന്ധി, പ്രോട്ടസ്റ്റന്റുകാരായ ആംഗ്ലേയ മിഷണറിമാരുടെ വരവോടെയാണ്. പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മലങ്കര സഭയിൽ മുളപൊട്ടിയ സാമൂഹ്യാവബോധത്തിന്റെ മുഖ്യകാരണം ഈ മിഷണറിമാർ ഉയർത്തിയ വെല്ലുവിളിയാണ്. പോർച്ചുഗീസ് കത്തോലി

ക്കരെപ്പോലെ, നാട്ടുകാരായ നമ്മോടുള്ള പെരുമാറ്റത്തിൽ അഹങ്കാരവും അധീശത്വബോധവും ഉള്ളിൽ വച്ചുപുലർത്തിയവരായിരുന്നു ഇംഗ്ലീഷ് മിഷണറിമാരെങ്കിലും, അവർക്ക് നയപരമായ സമീപനം കൂടിയുണ്ടായിരുന്നു. മലങ്കരസഭയുടെ അവബോധപരിണാമത്തിന്റെ ഈ രണ്ടാം തലത്തിൽ, വിദ്യാഭ്യാസപരമായി അവർ നല്കിയ വെല്ലുവിളികളോടു നാം ക്രിയാത്മകമായി പ്രതികരിച്ചു. വേദപുസ്തകത്തിന്റെ മലയാള തർജ്ജമകൾ ഈ നല്ല പ്രതികരണത്തിന്റെ ഭാഗമായിരുന്നു.

പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യമനുസരിച്ച്, സുവിശേഷം പ്രചരിച്ച ദേശങ്ങളിലൊക്കെ, വേദപുസ്തകവും ആരാധനാക്രമങ്ങളും തദ്ദേശീയഭാഷകളിലേക്ക് ഉടൻതന്നെ മൊഴിമാറ്റം നടത്തുന്ന രീതിയാണുണ്ടായിരുന്നത്. എന്നാൽ ഭാരതത്തിലെ അപ്പൊസ്തലിക സഭയിൽ എന്തുകൊണ്ട് നാം നീണ്ട നൂറ്റാണ്ടുകൾ അതിനു തുനിയാതെ, 18-ാം നൂറ്റാണ്ടുവരെ കാത്തിരുന്നു?

ഹൈന്ദവപ്രമുഖമായ നമ്മുടെ രാജ്യത്തു സംസ്കൃത ഭാഷയിൽ ഊന്നിയ വേദാനുഷ്ഠാന-വിജ്ഞാനവ്യവസ്ഥിതി ചോദ്യം ചെയ്യപ്പെടാതെ നിലനിന്നു. വേദോപനിഷത്തുകൾ ദേവഭാഷയായ സംസ്കൃതത്തിലല്ലാതെ ഉച്ചരിക്കപ്പെടുന്നത് ഇവിടെ അചിന്ത്യമായിരുന്നു. പ്രാദേശികഭാഷകളോടുള്ള പുച്ഛം സംസ്കൃത വിദ്യാഭ്യാസത്തിന്റെ അവിഭാജ്യഘടകമായിരുന്നു. നമ്മുടെ ചതുർവർണവ്യവസ്ഥയിൽ ബ്രാഹ്മണ്യത്തിന്റെ പദവികൾ നിലനിർത്താൻ സംസ്കൃത വേദത്തെ ഉപകരണമാക്കിത്തീർത്തു.

ഏതാണ്ട് ഇതേ മാതൃകയിലാണ് "ദേവഭാഷ"യായ സുറിയാനിയെ ഉയർന്ന ജാതിക്കാരായ സുറിയാനി ക്രിസ്ത്യാനികൾ ഉപയോഗിച്ചത്. ക്ലോഡിയസ് ബുക്കാനൻ 1806-ൽ കായംകുളം പള്ളി സന്ദർശിച്ചപ്പോൾ അവിടത്തെ പുരോഹിതന്മാരും പള്ളിപ്രമാണിമാരും, 'തങ്ങളുടെ ബൈബിൾ ക്രിസ്തുവിന്റെയും ശിഷ്യന്മാരുടെയും മാതൃഭാഷയിൽ' വിരചിതമാണെന്ന് അഭിമാനത്തോടെ അദ്ദേഹത്തോടു പറഞ്ഞതായി ഡോ. ചന്ദനപ്പള്ളി ഈ പുസ്തകത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. ദേവഭാഷയായ സംസ്കൃതത്തിനു തുല്യമായി, തങ്ങളുടെ ദൈവമായ ക്രിസ്തുവിന്റെ ഭാഷയിലുള്ള സുറിയാനിയിൽ നിന്ന്, മലയാളത്തിലേക്ക് ബൈബിളിന്റെ മൊഴിമാറ്റം ആവശ്യമില്ല എന്ന ധ്വനി കായംകുളം നസ്രാണികളുടെ പ്രസ്താവനയിൽ കേൾക്കാം (സുറിയാനിയുടെ വകഭേദമായിരുന്ന 'അരമായ' ഭാഷയായിരുന്നു പലസ്തീൻനാട്ടിൽ ക്രിസ്തുവിന്റെ കാലത്ത് സാമാന്യ വ്യവഹാരത്തിന് ഉപയോഗിച്ചിരുന്നത്).

അപ്പോൾ സുറിയാനി ദേവഭാഷയാണെന്നുള്ള ചിന്തയിലും ജാതിവ്യവസ്ഥയിൽ തങ്ങൾക്കുള്ള 'മേൽതട്ടു' ബോധവും കേരളത്തിലെ

സുറിയാനി ക്രിസ്ത്യാനികൾക്ക് ബൈബിൾ തർജ്ജമയിൽ തടസ്സമായി നിന്നു എന്നതാണ് മുൻ ചോദ്യത്തിനുള്ള ഉത്തരം. സുറിയാനിയെക്കുറിച്ചുള്ള ഈ ചിന്ത കുറെയൊക്കെ ഇപ്പോഴും നമ്മുടെ സഭയിൽ തുടരുന്നുണ്ട്. വി. കുർബാനയിൽ സുവിശേഷഭാഗം സുറിയാനിയിൽ നിന്ന് നേരിട്ട് തൽസമയം മലയാളത്തിൽ തർജ്ജമ ചെയ്തു വായിക്കുന്ന പാരമ്പര്യം ചില വൈദികശ്രേഷ്ഠരെങ്കിലും നിലനിർത്തിയിട്ടുണ്ട്.

1578-ൽ കേരളത്തിൽ നിന്ന് പതിമൂന്നാം ഗ്രീഗോറിയോസ് പാപ്പായ്ക്ക് ചിലർ അയച്ച ഒരു കത്തിൽ "ഞങ്ങളുടെ പ്രാർത്ഥനകൾ ഞങ്ങളുടെ നാഥനായ വിശുദ്ധ തോമ്മാ ഞങ്ങൾക്കു നൽകിയ സുറിയാനി അഥവാ കൽദായ ഭാഷയിലാകുന്നു" എന്ന് അഭിമാനപൂർവം രേഖപ്പെടുത്തിയിരിക്കുന്നു. 1599-ലെ ഉദയംപേരൂർ സുന്നഹദോസ് മലങ്കര ക്രിസ്ത്യാനികൾ അവരുടെ പ്രാർത്ഥനകൾ "ലൊകർക്ക് അറിയാത്ത സുറിയാനിയിൽ അല്ല വെണ്ടു", "മലയാളത്തിൽ വെണം" എന്നു പറയുന്നതല്ലാതെ വേദപുസ്തകം മലയാളത്തിൽ ആക്കുന്നതിനെക്കുറിച്ച് ഒന്നും പരാമർശിക്കുന്നില്ല. സുറിയാനിക്കു പകരം ലത്തീൻ ഭാഷയെ ഇവിടെ അടിച്ചേൽപ്പിക്കുന്നതിനും അതിലൂടെ പാശ്ചാത്യ കത്തോലിക്കാ സഭയുടെ അധീശത്വം നിലനിർത്തുന്നതിനുമാണ് പോർച്ചുഗീസുകാരും സ്പാനീഷുകാരും സുറിയാനി വിരോധം കാണിച്ചത്.

മലയാള വിവർത്തനശാഖയിൽ മുന്നോടിയായി വർത്തിച്ച കായംകുളം ഫീലിപ്പോസ് റമ്പാനെ തന്റെ ഗവേഷണവിദ്യയിലൂടെ പുനർജീവിപ്പിക്കുകയാണ് ഡോ. ചന്ദനപ്പള്ളി. മലയാളിയുടെ ആധുനികതയിലേക്കുള്ള കാൽവയ്പ്പിൽ മലങ്കരസഭയിലെ പണ്ഡിതന്മാരും പ്രഗൽഭമതികളുമായിരുന്ന സഭാനേതാക്കൾ നൽകിയ സംഭാവനകളെ ശരിയായ കാഴ്ചപ്പാടിൽ കണ്ടെത്താനുള്ള മഹത്തായൊരു ശ്രമത്തിന്റെ ഭാഗമാണിത്. ഏതെങ്കിലും തരത്തിലുള്ള സങ്കുചിതത്വമല്ല ചന്ദനപ്പള്ളിയെ ഇവിടെ നയിക്കുന്നത്. നേരെമറിച്ച്, കേരളത്തിലെ പ്രബലമായ ചില സഭാ-സാംസ്കാരിക ധാരകളുടെ സങ്കുചിതവീക്ഷണംകൊണ്ട് വിസ്മൃതകോടിയിൽ തള്ളപ്പെട്ട ഈ മണ്ണിന്റെ നായകന്മാരെ പുനർജനിപ്പിക്കുന്നതിലൂടെ നമ്മുടെ സാംസ്കാരിക ചക്രവാളം കൂടുതൽ വിശാലവും വർണശബളവുമാക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. ഈ ഗവേഷണ സപര്യയ്ക്ക് ഇനിയും സാദ്ധ്യതകൾ ഏറെയാണ്. ഭൗതികമായ പ്രതിഫലവും പ്രശസ്തിയും മുഖ്യമായി കരുതാതെ വൈജ്ഞാനിക പര്യവേക്ഷണത്തെ തപസ്യയായി കരുതുന്ന ഡോ. സാമുവൽ ചന്ദനപ്പള്ളി നമ്മുടെ സമൂഹത്തിന്റെ ആഴമായ ആദരവും സ്നേഹവും അർഹിക്കുന്നു.

(ഡോ. സാമുവൽ ചന്ദനപ്പള്ളി രചിച്ച 'കായംകുളം ഫീലിപ്പോസ് റമ്പാൻ: പ്രഥമ ബൈബിൾ വിവർത്തകൻ' എന്ന ഗ്രന്ഥത്തിന്റെ (1997) അവതാരിക) ❑

മിഷണറി ഗദ്യത്തിൽനിന്നും വിഭിന്നമായ ഭാഷാശൈലി

പ്രീത് ചന്ദനപ്പള്ളി

മലയാളഭാഷയുടെ വികാസ പരിണാമങ്ങളെക്കുറിച്ച് ഗവേഷണം നടത്തിയ പ്രഗത്ഭമതികളിൽ വേറിട്ട വ്യക്തിത്വമായിരുന്നു ഡോ. സാമുവൽ ചന്ദനപ്പള്ളിയുടേത്. ഭാഷാചരിത്രവഴികളിൽ ബോധപൂർവ്വമായി തമസ്ക്കരിക്കപ്പെട്ടിരുന്ന നിരവധി കൈവഴികളെ തിരിച്ചറിയുകയും വെളിച്ചത്തു കൊണ്ടുവരികയും ചെയ്ത ഈ ഗവേഷകന്റെ മുഖ്യപഠനവിഷയം മിഷണറി ഗദ്യമായിരുന്നു. ആ അന്വേഷണയാത്രകളിൽ കണ്ടെത്തിയ അപൂർവ്വ നിഗമനങ്ങളിലൊന്ന് ഇനിയും ഏറെ പഠനവിധേയമാക്കേണ്ടതുണ്ട്. ചന്ദനപ്പള്ളി സാറിന്റേതന്നെ വാക്കുകളിൽ പറഞ്ഞാൽ ... *അറുപതുകളിൽ മിഷനറി മലയാള ഗദ്യത്തെക്കുറിച്ച് കേരള സർവ്വകലാശാലയിൽ ഗവേഷണം ചെയ്തുകൊണ്ടിരുന്നപ്പോളാണ് കായംകുളം പീലിപ്പോസ് റമ്പാൻ എന്ന മഹാവ്യക്തിത്വവുമായി ഞാൻ സന്ധിച്ചത്. ആദ്യത്തെ ബൈബിൾ പരിഭാഷയുടെ കർത്താവായിരുന്നു അദ്ദേഹം.* ... ഈ ഒരു നിഗമനവും പ്രസ്താവനയുമാണ് സഭാചരിത്രത്തിലും ഭാഷാചരിത്രത്തിലും ഏറെ ചർച്ചകൾക്ക് വിധേയമായി തീർന്നത്.

കേരളവർമ്മ വലിയകോയിതമ്പുരാനിൽ നിന്നു വേറിട്ട് മലയാള ഗദ്യത്തിന്റെ തുടക്കം റവ. ജോർജ്ജ് മാത്തനിലാണ് എന്ന കണ്ടെത്തൽ സാഹിത്യഗവേഷകരിൽ ഏറെ കോലാഹലം ഉണ്ടാക്കി ഏറെ കഴിയുന്നതിനു മുമ്പാണ് ഡോ. ചന്ദനപ്പള്ളി ഇങ്ങനെ ഒരു കണ്ടെത്തൽ നടത്തിയത്. ബൈബിൾ പരിഭാഷയെ സംബന്ധിച്ചുള്ള വിഭിന്നങ്ങളായ വാദഗതികളെ എതിർത്ത് സ്വാഭിപ്രായം സ്ഥാപിക്കുന്നതിൽ ശക്തമായ ചരിത്രരേഖകളാണ് ഡോ. സാമുവൽ ചന്ദനപ്പള്ളി നിരത്തുന്നത്. അതിന് അദ്ദേഹം മലങ്കര നസ്രാണികളുടെ സഭാചരിത്രം, അന്നത്തെ മലയാള ഭാഷ, നസ്രാണി സംസ്ക്കാരം, രാഷ്ട്രീയ ചരിത്രം എന്നിവയിലേക്ക് വെളിച്ചം വീശുന്ന പ്രാമാണിക ചരിത്രരേഖയായ *നിരണം ഗ്രന്ഥവരി*യെയാണ് ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത്.

റമ്പാൻ ബൈബിളും മല്പാൻ മലയാളവും

മലയാള ഗദ്യത്തിന്റെ ചരിത്രം പരിശോധിച്ചാൽ നിരവധി വൈദേശിക ഭാഷകളുടെ സമ്പർക്കം മൂലമുണ്ടായ വികാസപരിണാമങ്ങൾ ഏറെയാണെന്നു മനസ്സിലാക്കാം. പോർട്ടുഗീസുകാരുടെ വരവിനു മുമ്പും പിമ്പും കേരളത്തിൽ നിലവിലിരുന്ന മല്പാൻ ഭവനങ്ങളിൽ ഉരുവെടുത്ത *മല്പാൻ*

ഗദ്യം വർത്തമാനകാല മലയാളത്തിലും ഏറെ സ്വാധീനം ചെലുത്തിയിട്ടുള്ളതായി തിരിച്ചറിയാൻ സാധിക്കും. സുറിയാനി ക്രിസ്ത്യാനികളുടെ ഗുരുകുല രീതിയിലുള്ള വൈദിക പരിശീലനകേന്ദ്രങ്ങളായിരുന്നു മല്പാൻ ഭവനങ്ങൾ. തികച്ചും സുറിയാനിയായിരുന്നു ഇവിടെ പഠനമാധ്യമം.

ഈ പശ്ചാത്തലത്തിൽ രൂപംകൊണ്ട ആരാധനാ-വ്യവഹാര ഭാഷാരൂപങ്ങളിൽ സുറിയാനി സ്വാധീനം കൂടുന്നത് അത്ഭുതമല്ല. സുറിയാനി പദങ്ങൾ അതേപടിയും, സുറിയാനി തത്ഭവ പദങ്ങളായും, വിഭക്ത്യാന്ത പദങ്ങളായും നാട്ടുഭാഷയിലേക്ക് സംക്രമിച്ചു. മല്പാൻ ഗദ്യത്തിന്റെ മാതൃകയായി റമ്പാന്റെ ബൈബിൾ പരിഭാഷയെ പരിഗണിക്കേണ്ടിയിരിക്കുന്നു. സുറിയാനി-മലയാളത്തിന്റെ ഈ പരിണാമം അക്കാലത്തെ മിഷണറി ഗദ്യത്തിൽനിന്നും ഏറെ വിഭിന്നമാണു താനും.

മിഷണറി മലയാള ഗദ്യത്തെ രണ്ടു വിഭാഗങ്ങളായി തിരിക്കാൻ സാധിക്കും. വിദേശ മിഷണറി സംഘങ്ങൾ മലയാളം പഠിച്ച് എഴുതിയവയും നാട്ടുക്രിസ്ത്യാനികളാൽ വിരചിതമായ ഭാഷാഗദ്യവും. കായംകുളം ഫീലിപ്പോസ് റമ്പാന്റെ ബൈബിൾ പരിഭാഷ ഈ രണ്ടു വിഭാഗത്തിലും ഉൾപ്പെടുന്നില്ല.

അക്കാലത്തെ നാട്ടുഗദ്യത്തിനോടും അതിനു സാമ്യമില്ല. തിട്ടൂരങ്ങളിലും രാജശാസനങ്ങളിലൂടെയും വളർന്ന്, ആധുനിക ആധാരമെഴുത്തു ശൈലിയിലെത്തി നിൽക്കുന്ന ശാസന മലയാളവും, ഭാഷാകൗടലീയം, ആട്ടപ്രകാരം, ക്രമദീപിക എന്നിവയിലൂടെ വളർന്ന് ബ്രഹ്മാണ്ഡപുരാണം, നളോപാഖ്യാനം തുടങ്ങിയവയിലേക്കു നീളുന്ന സാഹിത്യ മലയാളത്തിൽനിന്നും ഇത് വേറിട്ട് നിൽക്കുന്നു.

സുറിയാനി ഭാഷയുടെ സ്വാധീനം നിറഞ്ഞ മല്പാൻ മലയാളത്തിൽ റമ്പാൻ ബൈബിൾ മൊഴിമാറ്റം നടത്തിയത് സാഹിത്യ ശ്രദ്ധയോ ഭാഷാശുദ്ധിയോ ഒന്നും മുന്നിൽ കണ്ടായിരുന്നില്ല. ചന്ദനപ്പള്ളിയുടെ നിരീക്ഷണങ്ങൾ ഇങ്ങനെയാകുന്നു. ... *കായംകുളം പീലിപ്പോസ് റമ്പാന് സ്വന്തം ഹൃദയത്തോടു ചേർത്തുപിടിച്ച ദൈവനിറവിന്റെ സ്നേഹഗ്രന്ഥമായിരുന്നു സുറിയാനി ബൈബിൾ. തനിക്ക് മൂലകൃതി നേരിട്ടു വായിച്ചു ധ്യാനിക്കാമായിരുന്നു. അപ്പോഴും സുറിയാനിയിൽ അജ്ഞരായ പരശ്ശതം സാധാരണ ക്രിസ്ത്യാനിയുടെ മൗലിക ജീവിതത്തിന്റെ നിസ്വതയെക്കുറിച്ച് അദ്ദേഹം ദുഃഖിതനായിരുന്നു താനും. താനും തന്റെ സഹോദരങ്ങളും സംസാരിക്കുന്ന ജീവിതഗന്ധിയായ വ്യവഹാര മലയാളത്തെ സുറിയാനി ബൈബിളിന് എന്തുകൊണ്ട് വാഹകമാക്കിക്കൂടാ എന്നൊരു നിനവിൽ ആയിരിക്കണം തന്റെ ഏകാന്ത രചനയ്ക്ക് തൂലികയേന്തിയത്. അങ്ങ*

നെയാണ് കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ അനുദിന വ്യവഹാരങ്ങളിൽ മതമുദ്രയണിഞ്ഞ് പ്രചരിച്ച അസുലഭമായ ഒരു പദാവലി റമ്പാന്റെ മലയാള പരിഭാഷയിൽ പ്രവേശിച്ച് അതിനെ ധന്യമാക്കിയത്. ... സുറിയാനിയെ ആത്മാവിൽ ഒളിപ്പിച്ച ഒരു നിഗൂഢമായ മലയാളമാണ് റമ്പാൻ ബൈബിളിന്റെ മാധ്യമം... മൂലഭാഷയായ സുറിയാനിയുടെ വാക്യഘടനയെ സ്വീകരിക്കുന്നതുകൊണ്ട് റമ്പാൻ ബൈബിളിന്റെ അർത്ഥ നിരപേക്ഷമായ ഒരു സ്വരലയം മൂലഭാഷയിൽ ഉടലെടുക്കുന്നു. ...

ഡോ. പി. ജെ. തോമസ് ഈ ബൈബിളിന്റെ ഭാഷയെ ഇങ്ങനെ വിലയിരുത്തുന്നു: ... *ഈ വേദപുസ്തകം സുറിയാനിയിൽ നിന്നുള്ള പദാനുപദ തർജ്ജമയായിരുന്നു. പലെടത്തും സുറിയാനി പദങ്ങൾ തത്സമങ്ങളായി തന്നെ സ്വീകരിച്ചിരിക്കുന്നു. അദ്ധ്യായത്തിന് കെപ്പാലഓൻ എന്നും വാക്യത്തിന് പാസാക്കോ എന്നും സങ്കീർത്തനത്തിന് മസുമൂർ എന്നും ജ്ഞാനസ്നാനത്തിന് മാമൂദീസ എന്നും പഴയനിയമത്തിനു ഒറേത്ത എന്നും മറ്റുമുള്ള സുറിയാനി പദങ്ങൾ അതേപടി മലയാളത്തിൽ അച്ചടിച്ചിരിക്കുകയാണ്. ...*

... സുറിയാനിയിൽനിന്നു പിറന്ന ഈ വിചിത്ര മലയാളം സമാന്തര മിഷനറി ഭാഷയോടു സംവദിക്കുകയുണ്ടായില്ല. മിഷണറി ഗദ്യം അനുക്രമമായ ഒരു വികാസോന്മുഖത പ്രദർശിപ്പിച്ചപ്പോൾ ഈ ഗദ്യം, ആചാരന്യന്മാരാൽ ഉപനീതരായ വളരെ ചെറിയ ഒരു സംഘത്തിനുള്ളിൽ സങ്കുചിതമായി. അതുകൊണ്ട് ഈ മലയാളം അന്തർമുഖമായിത്തീർന്നു. ...

ഡോ. സാമുവൽ ചന്ദനപ്പള്ളി തന്റെ പഠനത്തിന്റെ ഉപസംഹാരത്തിൽ റമ്പാൻ ബൈബിളിനെക്കുറിച്ചും മല്പാൻ മലയാളത്തെക്കുറിച്ചും നടത്തിയ ഒരു അഭിപ്രായ പ്രകടനമാണിത്. ഇതിനോട് ഏറെ യോജിക്കാൻ സാധിക്കുകയില്ല. കാരണം, മാർത്തോമ്മാ ക്രിസ്ത്യാനികൾ മല്പാൻ മലയാളത്തിന്റെ വികസിതരൂപത്തെ ഇന്നും തങ്ങളുടെ ആരാധനയിലും വേദവ്യാഖ്യാനങ്ങളിലും വ്യവഹാരങ്ങളിലും ഉപയോഗിക്കുന്നതുകൊണ്ട് ഇത് ഒരു അന്തർമുഖ മലയാളമായിരുന്നു എന്ന് അംഗീകരിക്കുക സാധ്യമല്ല.

❑

പ്രാചീന മലയാള ഗദ്യവും മലങ്കര നസ്രാണികളും

ഡോ. ജേക്കബ് മണ്ണുംമൂട്

മലയാള പദ്യശാഖയ്ക്ക് എ.ഡി. പന്ത്രണ്ടാം നൂറ്റാണ്ടു മുതലുള്ള പ്രൗഢമായ ഒരു പാരമ്പര്യം അവകാശപ്പെടാനുണ്ട്. രാമചരിതവും, കണ്ണശ്ശ രാമായണവും, ചമ്പുസാഹിത്യവും, കീർത്തനകൃതികളും, തുള്ളൽപ്പാട്ടും, ഗാഥാപ്രസ്ഥാനവുമൊക്കെ മലയാള കവിതയുടെ ശ്രേഷ്ഠ സരണികളെ വിളിച്ചോതുന്നവയാണ്. എഴുത്തച്ഛന്റെ കാലം മലയാള പദ്യ സാഹിത്യത്തിന്റെയും ഭാഷയുടെയും സുവർണ്ണഘട്ടമായിരുന്നു. എന്നാൽ പദ്യസാഹിത്യത്തിനുണ്ടായ ഈ പുരോഗതി ഗദ്യമേഖലയിൽ നമുക്ക് കണ്ടെത്തുവാൻ കഴിയുന്നില്ല. "പ്രാചീനകാലം മുതൽ തന്നെ മലയാള ത്തിൽ സുശക്തമായ ഗദ്യശൈലികൾ ഉണ്ടായിരുന്നു. എന്നാൽ അവയ്ക്കു പദ്യത്തെപ്പോലെ സാഹിത്യപദത്തിലേയ്ക്ക് അത്ര ഉയരുവാൻ സാധിച്ചിട്ടില്ല. ശിലാശാസനങ്ങൾ, ചെമ്പുപട്ടയങ്ങൾ, ഓലക്കരണങ്ങൾ മുതലായവയിൽ അതാതുകാലത്തെ ഭാഷാസംസ്ക്കാരത്തിനും പ്രാദേ ശിക വൈചിത്ര്യങ്ങൾക്കും അനുസരണമായി തമിഴോ, സംസ്കൃതമോ കലർന്ന മാതിരി ഗദ്യശൈലികൾ കാണാമായിരുന്നു. ഇവയൊന്നും സാഹിത്യഗുണം തികഞ്ഞവയല്ലെങ്കിലും സാമാന്യ വ്യവഹാരകാര്യ ത്തിനു തികച്ചും പര്യാപ്തമായിട്ടുള്ളവയായിരുന്നു."[1]

പ്രാക്തന മലയാള ഗദ്യത്തെക്കുറിച്ചുള്ള പഠനത്തിൽ ഭാഷാഗവേഷ കർ ആദ്യം എത്തുന്നത് പതിനാറാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ ഉദയംപേരൂരിൽ നടന്ന സുന്നഹദോസിന്റെ കാനോനാകൾ, പ്രാചീന ചരിത്ര രേഖകൾ (1629, 1638, 1644), മിലാൻ രേഖകൾ (1645), പൊൻതകി ടിലെഴുതിയ ചിത്രരേഖ (1691), ഇട്ടി അച്യുതന്റെ കോലെഴുത്ത് ലിഖിതം (1675) എന്നിവയിലാണ്. മലങ്കര നസ്രാണികളുമായി ബന്ധപ്പെട്ട രേഖ യെന്ന നിലയിൽ മിലാൻരേഖകളിൽ നിന്ന് ഒരു ഭാഗം ഉദ്ധരിക്കട്ടെ:

"പ്രത്തുക്കാൽ രാജാവിന്റെ മാസപ്പടി ഒണ്ടാകകൊണ്ടും നടെ പാടി പ്പിച്ചവരുടെ ഗുണങ്ങൾ കൊണ്ട ചെന്നമങ്ങലത്തും കൂടെ പഠിപ്പിക്കുമാ റായി. ഇപ്പോൾ വഴിയെ പഠിപ്പിക്കാത്തതുകൊണ്ടു ഞങ്ങടെ കൈയാലെ എത്രെ അർത്ഥം ഇട്ട നിന്നെ ഉണ്ട പഠിപ്പിക്കുക. ഇതിനെക്കൊണ്ടും അവിടെ നിക്കുന്നു. ചെമ്മാച്ചന്മാരോടും പൈതങ്ങളോടും പലപല നിരാസാരങ്ങൾ പറകയും വ്യാപരിക്കുകയും ചെയ്യുംന്നതിനെക്കൊണ്ടു ചെന്നമങ്ങലത്തിനു പഠിപ്പാൻ ആരും പോകരുതെന്ന ഞങ്ങൾ കൽപിച്ച.

പഠിക്കുന്നവരെ ഇന്നത്തെപ്പോലെ പഠിക്കവെണ്ടു മാർ അവുറാഹാം മെത്രാന്റെ കാലംതൊട്ട് ഇന്നയോളവും ഇ എടവകയിലുള്ള പള്ളികളിൽ വിഗാരിമാരായിട്ട് കല്പിച്ചപ്പോളും പട്ടക്കാരുടെ അമിശം മുടക്കുമ്പോളും അർക്കദയക്കൊ അച്ചന്റെറ കൈ ഒപ്പ് കൂടെ ഇടുമാറായി ഇരുന്നു."[2]

മിലാനിലെ രേഖാലയത്തിൽ സൂക്ഷിച്ചിരിക്കുന്ന ഈ ഗ്രന്ഥത്തിന് രണ്ടു ഭാഗങ്ങളാണുള്ളത്. 1632 ഡിസംബർ 25-ന് ഇടപ്പള്ളിയിൽ സമ്മേ ളിച്ച മാർത്തോമാ നസ്രാണികളുടെ പ്രതിനിധികൾ ആത്മീയാദ്ധ്യക്ഷ ന്മാരായിരുന്ന ഈശോ സഭക്കാരെ നിശിതമായി വിമർശിച്ചുകൊണ്ട് തയ്യാ റാക്കിയ പ്രമേയവും 1645 ഡിസംബറിൽ കൊച്ചിയിലെത്തിയ പോർച്ചു ഗീസ് വൈസ്രോയി ഡോ. ഫിലിപ്പ് മസ്ക്രീനാസിന് തോമാ അർക്കദി യാക്കോന്റെ നേതൃത്വത്തിൽ മാർത്തോമാ നസ്രാണികൾ സമർപ്പിച്ച ഹർ ജിയും. അന്ന് ക്രൈസ്തവർ ഹർജിയിലും യോഗനിശ്ചയങ്ങളിലും ഉപ യോഗിച്ചിരുന്ന ഗദ്യത്തിന്റെ മാതൃകയാണ് ടി പുസ്തകം. ഈ രേഖക ളിൽ അഭിദർശിക്കുവാൻ സാധിക്കുന്നതെന്ന് ഡോ. പി. ജെ. തോമസ്സും, ക്രിസ്ത്യാനികൾ അന്നനുഭവിച്ച മാനസികസംഘർഷത്തിന്റെ ബഹിർ പ്രകടനം വ്യക്തമാക്കുവാൻ അക്കാലത്തെ മലയാള ഗദ്യത്തിനു കഴി ഞ്ഞുവെന്ന് പ്രൊഫ. വി. ഇ. ഡി. നമ്പൂതിരിയും[4] അഭിപ്രായപ്പെടുന്നത് ശ്രദ്ധേയമാണ്.

മിഷനറി മലയാള ഗദ്യം

ക്രിസ്തുമത പ്രചരണാർത്ഥം കേരളത്തിലെത്തിയ പോർച്ചുഗീസ് / ഡച്ചു മിഷനറിമാർ മലയാളഭാഷയ്ക്കും സാഹിത്യത്തിനും നൽകിയ സംഭാവനകൾ ശ്രദ്ധേയമാണ്. മിഷനറിമാരുടെ പ്രവർത്തനങ്ങളെ കാല ഗണനയുടെ അടിസ്ഥാനത്തിൽ രണ്ടു ഘട്ടങ്ങളായി തിരിക്കാം. ഉദയം പേരൂർ സുന്നഹദോസോടെ കത്തോലിക്കാ വിശ്വാസം സ്വീകരിക്കേണ്ടി വന്ന മലങ്കര നസ്രാണികളെ റോമൻ നുകത്തിനുള്ളിൽ വിധേയപ്പെടു ത്താനുള്ള ശ്രമം വിജയിപ്പിക്കുക എന്നതായിരുന്നു പോർച്ചുഗീസ് മിഷ നറിമാരുടെ ലക്ഷ്യം. അതിനുള്ള മാർഗ്ഗമായിട്ടാണ് അവർ ഗദ്യത്തെ കണ്ടത്. ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകൾ (1599), കരി യാറ്റിൽ ഔസേപ്പ് മൽപ്പാന്റെ വേദതർക്കം (1768), ക്ലമന്റ് പിയാനോസ് പാതിരിയുടെ സംക്ഷേപവേദാർത്ഥം (1772), ജ്ഞാനമുത്തുകല (1784), തോമാ കത്തനാരുടെ വർത്തമാനപുസ്തകം (1785) തുടങ്ങിയവയാണ് പോർച്ചുഗീസ് കാലഘട്ടത്തിൽ രചിക്കപ്പെട്ടത്. മതപ്രചരണം ലക്ഷ്യമാക്കി അച്ചടിസമ്പ്രദായത്തിന് തുടക്കമിട്ട പോർച്ചുഗീസ് മിഷനറിമാർ 1577-ൽ കൊച്ചിയിലും വൈപ്പിക്കോട്ടയിലും അച്ചടിശാലകൾ സ്ഥാപിക്കുകയു ണ്ടായി. നിരവധി ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുവാൻ ഇതു കാരണമായി.

റവ. ജോർജ് മാത്തന്റെ സത്യവാദഘേടം (1861), ഡോ. ഹെർമ്മൻ ഗുണ്ടർട്ടിന്റെ കേരളപ്പഴമ (1868), ആർച്ച് ഡീക്കൻ കോശിയുടെ മലയാള ഭാഷാ വിഷയമായ പ്രസംഗം (1882) എന്നിവയാണ് രണ്ടാമത്തെ ഘട്ട ത്തിൽ പ്രസിദ്ധീകരിച്ച പ്രധാന രചനകൾ.

വൈദേശിക മിഷനറിമാരുടെ ഗദ്യരചനകളെക്കുറിച്ചു രേഖപ്പെടുത്തിയ സാഹിത്യചരിത്രകാരന്മാർ മലങ്കര നസ്രാണികളുടെ ഗദ്യപരിപോഷ ണത്തെ ബോധപൂർവ്വമോ അല്ലാതെയോ വിസ്മരിക്കുന്നത് വിരോധാഭാ സമാണ്. പതിനെട്ട് പത്തൊൻപത് ശതാബ്ദങ്ങളിൽ മലങ്കര നസ്രാണി കൾ നടത്തിയ ഗദ്യരചനകൾ ഗൗരവപൂർവ്വമായ പഠനത്തിന് വിധേയ മാക്കേണ്ടതുണ്ട്.

കായംകുളം ഫീലിപ്പോസ് റമ്പാന്റെ ബൈബിൾ വിവർത്തനം (1811)

മലയാള ഗദ്യചരിത്രത്തിൽ സ്വകീയമായ സ്ഥാനം അവകാശപ്പെടാൻ കഴിയുന്ന യുഗപുരുഷനാണ് കായംകുളം ഫീലിപ്പോസ് റമ്പാൻ. ഫീലി പ്പോസ് റമ്പാൻ സുറിയാനിയിൽ നിന്ന് മലയാളത്തിലേക്ക് വിശുദ്ധ വേദ പുസ്തകത്തിലെ നാലു സുവിശേഷങ്ങൾ ഭാഷാന്തരം ചെയ്തു. മുമ്പ് പ്രചരിച്ചിരുന്ന വേദപുസ്തകഭാഗങ്ങളുടെ തർജ്ജിമകൾ അതേപടി സ്വീകരിച്ചുകൊണ്ട് ബാക്കിഭാഗങ്ങൾ അതിനനുസൃതമായി പരിഭാഷപ്പെ ടുത്തുകയാണ് റമ്പാൻ ചെയ്തതെന്ന് വ്യക്തം. 1807-ൽ നാലു സുവി ശേഷങ്ങളുടെയും തർജ്ജിമ തയ്യാറാക്കി ബോംബെ കൂറിയർ പ്രസിൽ അച്ചടിക്കുകയും 1815 മുതൽ സഭയിലെ പള്ളികൾക്ക് അവ നൽകുകയും ചെയ്തു. ഈ ഗ്രന്ഥം സുറിയാനിയിൽ നിന്നുള്ള പദാനുപദ തർജിമയാ യതിനാൽ പലയിടത്തും സുറിയാനി പദങ്ങൾ അതുപോലെ ഉപയോഗി ച്ചിരുന്നതായി കാണുന്നു. അദ്ധ്യായത്തിന് 'കെപ്പാലഓൻ' എന്നും സങ്കീർത്തനത്തിന് 'മസുമൂർ' എന്നും ജ്ഞാനസ്നാനത്തിന് 'മാമൂദീസ' യെന്നും ആണ് ഉപയോഗിച്ചിരിക്കുന്നത്. ഒരു ഭാഗം ചുവടെ ചേർക്കുന്നു.

5-ാം കെപ്പാലഓൻ

1. എന്നാൽ കൂട്ടങ്ങളെ യിശൊ തംപുരാൻ താൻതാൻ കണ്ടപ്പൊൾ മലെക്കും താൻ കരെറി താനിരുന്നപ്പോൾ തന്റെ ശിക്ഷെര തന്റെ പക്കൽ അവരണഞ്ഞു.

2. തന്റെ തിരുവാ താൻ തുറന്ന അവരെത്താൻ പഠിപ്പിക്കുന്നുവായി താൻ അരുളിചെയ്യുന്നു.

3. ഞാനത്തിൽ അഗുദികൾക്ക അവർക്ക ഭാഗ്യം, ആകാശമൊക്ഷം അവർക്കൊള്ളതാകുന്നു.

4. കരയപ്പെട്ടവർക്ക അവർക്ക ഭാഗ്യം, ഇവ തണുക്കപ്പെടും

5. ക്ഷീണിക്കപ്പെട്ടവർക്ക ഭാഗ്യം, ഇവരു ഭൂമി യവരു നെടും

6. നെറിവിന്നു പശിച്ച ദാഹിക്കപ്പെട്ടവരാകുന്നുയെന്നവർക്ക ഭാഗ്യം. ഇവരു സംഭൂർണ്ണമാകുമെന്ന

7. സ്നെഹിക്കുന്നവർക്ക ഭാഗ്യം, അനുഗ്രഹങ്ങൾ അവരുടെ മെൽ ഒണ്ടാകുമെന്ന

8. അവരുടെ മനസ്സിൽ വെടിപ്പാകപ്പെട്ടവരാകുന്നെന്നായവർക്ക ഭാഗ്യം. ഇവരു തംപുരാനെ അവരു കാണുമെന്ന

9. സൊത്വം, പ്രവൃത്തിക്കുന്നവർക്ക ഭാഗ്യം, തംപുരാന്റെ മക്കളായി അവരെ വിളിക്കപ്പെടും

10. നെറിവെക്കുറിച്ച ആവലാദിപ്പെട്ടയെന്നവർക്ക് ഭാഗ്യം, ആകാശ മോക്ഷം അവർക്കൊള്ളതാകുന്നുയെന്ന

11. നിങ്ങളെ യവരെകീ നിങ്ങളെ ആവലാതിയാക്കി എന്നെക്കുറിച്ച കപ്പ്യത്താലെ തിന്മപ്പെട്ട വചനമൊക്കെ നിങ്ങളുടെ മെൽ അവരു ചൊല്ലു ന്നൂയെന്നുംപൊൾ നിങ്ങൾക്ക ഭാഗ്യം

12. അപ്പൊഴെ, ആകാശത്തിൽ നിങ്ങളുടെ കൂലി പെരികയാകുന്നു യെന്നതുകൊണ്ടു നിങ്ങൾ തെളിഞ്ഞ് സിർപ്പതിയാകുവീൻ എന്നാൽ നിങ്ങടെ മുന്നിൽ നിന്നൊള്ള നിവ്യന്മാരെ യീവണ്ണം അവരാവലാതിയാക്കി

13. ഭൂമിയുടെ അതിന്റെ ഉപ്പ നിങ്ങളാകുന്നു. ഉപ്പ അത ഉറയില്ലാ യെന്നു വരികിൽ എന്തുകൊണ്ട അത രെസിക്കപ്പെടും. പൊറത്ത് ഇട പെട്ട യെല്ലാവരിൽ നിന്നും ശൗട്ടപ്പെടുവാൻ എന്നിയെ എതിന്നും അതു കൊള്ളാകുന്നില്ല.

14. ലോകത്തിന്റെ അതിന്റെ വെളിവ നിങ്ങളാകുന്നു. മലമെൽ പണി യപ്പെട്ടതാകുന്നുയെന്ന നഗരി ഒളിപ്പാൻ അതു വശമാകുന്നില്ല.

റമ്പാൻ ബൈബിളിന്റെ സവിശേഷതകളെ പ്രശസ്ത ഭാഷാ പണ്ഡിതനായ ഡോ. സാമുവൽ ചന്ദനപ്പള്ളി ഇങ്ങനെ നിരീക്ഷിക്കുന്നു:

“റമ്പാൻ ബൈബിളിനെ ഗവേഷണബുദ്ധ്യാ നിരീക്ഷിക്കുമ്പോൾ ചില സവിശേഷതകൾ വെളിപ്പെടുന്നു. അടിസ്ഥാനപരമായി ഭാഷാന്തരീക രണം, മൂലവും പരിഭാഷയും തമ്മിൽ സംഭവിക്കുന്ന ഒരു ഭാഷാപരമായ സംവാദമാണ്. ബൈബിളിനെ റമ്പാൻ ഒരു സാഹിതീയ ഗ്രന്ഥമായിയല്ല കാണുന്നത്. മനുഷ്യഭാഷാതീതമായ ഒരവസ്ഥാവിശേഷം അതിനു കല്പി ക്കപ്പെടുന്നു. മാത്രമല്ല, ക്രിസ്തുവിന്റെ വാമൊഴിയായി സുറിയാനി ഡയ

ലറ്റായ അരമായ ഭാഷ അംഗീകരിക്കപ്പെട്ടു പോന്നിട്ടുണ്ട്. അതുകൊണ്ട് പരിഭാഷയ്ക്കുപയോഗിക്കുന്ന ഭാഷയിലേക്കു മൂലഭാഷയുടെ കടന്നുകയറ്റത്തെ റമ്പാൻ പ്രതിരോധിക്കുന്നില്ല. ഈ സാഹചര്യത്തിൽ റമ്പാന്റെ പരിഭാഷയെ സ്വതന്ത്രമായ ഒരു ഭാഷാസൃഷ്ടിയായി കാണുക വയ്യ. സുറിയാനിയെ ആത്മാവിൽ ഒളിപ്പിച്ച ഒരു നിഗൂഢമായ മലയാളമാണ് റമ്പാൻ ബൈബിളിന്റെ മാധ്യമം. മൂലഭാഷയായ സുറിയാനിയുടെ വാക്യഘടനയെ സ്വീകരിക്കുന്നതുകൊണ്ട് റമ്പാൻ ബൈബിളിൽ അർത്ഥനിരപേക്ഷമായ ഒരു സ്വരലയം മൂലഭാഷയിൽനിന്ന് ഉടലെടുക്കുന്നു.

റമ്പാന്റെ ബൈബിൾ പരിഭാഷ മലയാള ഗദ്യസാഹിത്യ ചരിത്രത്തിലെ ഒരവിസ്മരണീയ സംഭവമാണ്. സുറിയാനി, ലാറ്റിൻ, ഗ്രീക്ക് തുടങ്ങിയ അഭാരതീയ ഭാഷകളിലെ ആശയങ്ങൾ ഉൾക്കൊള്ളാനുള്ള കാമ്പും കരുത്തും മലയാളഗദ്യത്തിനുണ്ടെന്ന് വിവർത്തനത്തിലൂടെ അദ്ദേഹം തെളിയിച്ചു. കുറ്റമറ്റതാണ് ഈ ഗദ്യശൈലിയെന്ന് ഈ ഗ്രന്ഥകാരന് അഭിപ്രായമില്ല. എന്നാൽ മലയാള ഗദ്യത്തിന്റെ വികൃതമുഖമാണിതെന്ന് വിശ്വസിക്കുന്നുമില്ല. സുറിയാനിയിൽ നിന്നും മൗലികാശയങ്ങൾക്ക് ചോർച്ച സംഭവിക്കാതെ ഏതെങ്കിലുംവിധത്തിൽ ആശയങ്ങൾ അവതരിപ്പിക്കുകയായിരുന്നു ലക്ഷ്യം. ഈ ഗദ്യശൈലിയുടെ ഉറവിടം എവിടെ? പ്രാചീന കേരളത്തിൽ പതിനാറാം നൂറ്റാണ്ടിന് മുമ്പും പിമ്പും നിലവിലിരുന്ന മല്പാൻ ഭവനങ്ങളിലാണ് ഇതിന്റെ ആരംഭം എന്നു തോന്നുന്നു. വൈദിക പരിശീലന വേദികളായിരുന്നല്ലോ മല്പാൻ ഭവനങ്ങൾ. വൈദികസെമിനാരികൾ അന്നിവിടെ സാർവ്വത്രികമായിരുന്നില്ലായെന്നു കൂടി ഓർക്കുക. സുറിയാനിഭാഷാ പണ്ഡിതന്മാരായിരുന്നു മല്പാന്മാർ. സന്ദർഭാനുസരണം സുറിയാനിയിൽ നിന്നും തർജ്ജമ നടത്തി വിദ്യാർത്ഥികളെ പഠിപ്പിക്കുക പതിവായിരുന്നു. ഈയടുത്തകാലം വരെ വൈദികരും, ആരാധനാവേളയിൽ ഈ രീതി പിന്തുടർന്നല്ലോ. ആ സന്ദർഭത്തിൽ മലയാളത്തിന്റെ ശൈലിയോ പ്രയോഗവിശേഷമോ ഒന്നും അവർ നോക്കിയിരുന്നില്ല. തന്മൂലം സുറിയാനിയോടുള്ള ആധമർണ്ണം ദൃശ്യമാണ്" (*കായംകുളം ഫീലിപ്പോസ് റമ്പാൻ*, പുറം 55-56).

മലയാള ഗദ്യത്തിന്റെ വികാസപരിണാമങ്ങളെക്കുറിച്ചു അന്വേഷണം നടത്തുന്ന ആർക്കും റമ്പാൻ ബൈബിളിന്റെ പ്രാധാന്യം കുറച്ചു കാണാനാവില്ല എന്നതാണ് സത്യം.

❑

വേദപുസ്തക മൊഴിമാറ്റവും പൊരുളിന്റെ പാഠഭേദങ്ങളും

ലെജു പി. തോമസ്

ക്രൈസ്തവരുടെ മതഗ്രന്ഥമായ ബൈബിൾ ഹീബ്രു, ഗ്രീക്ക്, അരമായ തുടങ്ങിയ ഭാഷകളിൽ രൂപംകൊണ്ടിട്ടുള്ള ബഹു കർത്തൃത്വമുള്ള ഒരു ഗ്രന്ഥമാണ്. ലോകത്തിൽ ആദ്യം അച്ചടിച്ചിട്ടുള്ളതും ഏറ്റവും കൂടുതൽ വായിച്ചിട്ടുള്ളതുമായ ബൈബിളാണ് ഏറ്റവും കൂടുതൽ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളത്. 450-ലധികം ഭാഷകളിലേക്ക് ബെബിൾ പൂർണമായും മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. രണ്ടായിരത്തിലധികം ഭാഷകളിലേക്ക് ഭാഗികമായും ബൈബിൾ വിവർത്തനം ചെയ്തു.

ഇൻഡ്യയിൽ ഇപ്പോൾ 138 ഭാഷകളിൽ ബൈബിൾ ഭാഗങ്ങൾ ലഭ്യമാണ്. നൂറിലധികം ഭാഷകളിൽ കൂടി വിവർത്തനശ്രമം നടക്കുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽതന്നെ ഇൻഡ്യയിലെ പ്രമുഖ ഭാഷകളിൽ ബൈബിൾ മൊഴിമാറ്റത്തിനുള്ള ഉദ്യമങ്ങൾ പാശ്ചാത്യമിഷനറിമാർ തുടങ്ങിയിരുന്നു. ബൈബിൾ വ്യാഖ്യാനങ്ങൾ പലപ്പോഴും ഏറെ വിവാദമുണ്ടാക്കുന്നതും വിശ്വാസികളുടെ ഇടയിൽ ഭിന്നത ഉണ്ടാക്കുന്നതിനും ഇടയായിട്ടുണ്ട്. കേരളത്തിൽതന്നെ ഓർത്തഡോക്സ് - കത്തോലിക്കാ വിശ്വാസികൾക്കിടയിൽ ധാരാളം വിഷമ പ്രശ്നങ്ങൾ സൃഷ്ടിക്കാൻ പ്രൊട്ടസ്റ്റന്റ് ബൈബിൾ വ്യാഖ്യാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. സാധാരണ വിശ്വാസികൾക്ക് വ്യാഖ്യാനങ്ങളുടേയും പരിഭാഷകളുടേയും നിഷ്പത്തിയും അർത്ഥതലവും തിരിച്ചറിയാനാവില്ല. തങ്ങളുടെ ഭാഷയിൽ ലഭ്യമാകുന്ന വേദപുസ്തകം ആധികാരികതയോടെ സ്വീകരിക്കുകയാണ് ഭൂരിഭാഗം വിശ്വാസികളും. മലങ്കരസഭയിൽ സി.എം.എസ്. മിഷനറിമാരുടെ ഇടപെടൽ ബൈബിൾ വിവർത്തനം ഉൾപ്പെടെയുള്ള പുരോഗമനപരമായ കാര്യങ്ങൾക്ക് വഴിതെളിച്ചിട്ടുണ്ടെന്നത് വസ്തുതയാണ്. അതോടൊപ്പം അവരുടെ ബൈബിൾ വ്യാഖ്യാനങ്ങളും ഇടപെടലും തദ്വാര ലഭിച്ച പാശ്ചാത്യ ക്രൈസ്തവ മൂല്യങ്ങളും വിഭജനത്തിന്റെ വിത്തുപാകുന്നതിലും വിജയിച്ചു എന്നത് വിസ്മരിക്കാനാവില്ല.

ബൈബിളിന്റെ ആദ്യകാല പരിഭാഷകളിൽതന്നെ വിവിധ പാഠഭേദങ്ങളുണ്ട്. രാഷ്ട്രീയ-സാംസ്കാരിക സാഹചര്യങ്ങൾ ബൈബിൾ പരിഭാഷകൾക്ക് സ്വാധീനവും കാരണവുമായിട്ടുണ്ട്. സെപ്റ്റ്വജിന്റ് പരിഭാഷ, പ്ശീത്താ പരിഭാഷ, ലാറ്റിൻ വാൾഗേറ്റ് എന്നിവ പ്രാരംഭ പരിഭാഷകളിൽ പ്രമുഖമാണ്. മാർട്ടിൻ ലൂഥറിന്റെ നവീകരണ

പ്രസ്ഥാനത്തിന്റെ ഭാഗമായി ബൈബിൾ മൊഴിമാറ്റം (ജർമൻ ഭാഷയിലേക്ക്) നടക്കുന്നുണ്ട്. ബൈബിൾ പരിഭാഷാ ഉദ്യമങ്ങൾ പല രക്തസാക്ഷികളേയും സൃഷ്ടിച്ചതായി ചരിത്രത്തിൽ കാണാം. ബൈബിൾ ജനകീയമാക്കുന്നത് കത്തോലിക്കാസഭ എതിർത്തിരുന്നു. പുരോഹിത വൃത്തത്തിൽ മാത്രം ബൈബിളിനെ ഒതുക്കി നിർത്താനാണ് മധ്യകാല കത്തോലിക്കാസഭ ശ്രമിച്ചിരുന്നത്.

ഒരു പരിഭാഷ എന്നു പറയുമ്പോൾ, പദാനുപദ തർജ്ജമയ്ക്കപ്പുറം അതൊരുതരം സാംസ്കാരിക വിവർത്തനം കൂടിയാണ്. കാലവും കർത്തൃത്വവും രാഷ്ട്രീയ പരിതോവസ്ഥയും പരിഭാഷകളെ സ്വാധീനിക്കും. മൊഴിമാറ്റം നടത്തുന്ന വ്യക്തികളുടേയും ആധാരമാക്കുന്ന മൂലകൃതിയുടേയും ദർശനങ്ങളുടേയും സ്വാധീനം ബൈബിൾ പരിഭാഷകളിൽ പ്രകടമാകുന്നതായി ബൈബിൾ വിവർത്തന പഠിതാക്കൾ രേഖപ്പെടുത്തുന്നുണ്ട്. ക്രിസ്തുവിനെ കറുത്തവർഗ്ഗക്കാരനായി ചിത്രീകരിക്കുന്ന പല സൃഷ്ടികളും ആഫ്രിക്കയിലും, ലാറ്റിൻഅമേരിക്കയിലും കാണാം. പല വ്യാഖ്യാനാത്മക കൃതികളിലും ഇത് കാണാമെങ്കിലും ചിത്രകലയിൽ ശ്രദ്ധേയമായി പ്രതിഫലിക്കുന്നുണ്ട്.

സ്കോട്ടീഷ് വേദപണ്ഡിതനായ ഡോ. ക്ലോഡിയസ് ബുക്കാനന്റെ കേരള സന്ദർശനമാണ് മലയാള ബൈബിൾ പരിഭാഷയ്ക്കും പ്രസിദ്ധീകരണത്തിനും വേഗത പകർന്നത്. നിലവിലുള്ള ക്രൈസ്തവ സഭകളെപ്പറ്റി അറിയുന്നതിനും മറ്റുമായാണ് കൽക്കട്ടയിലെ ഫോർട്ട് വില്യം കോളജിന്റെ വൈസ് പ്രിൻസിപ്പലും ഈസ്റ്റ് ഇൻഡ്യാ കമ്പനി ചാപ്ലയിനുമായിരുന്ന “ലോ ചർച്ച്” വിഭാഗക്കാരനായ സി.എം.എസ്. മിഷനറി ബുക്കാനൻ 1806-ൽ കേരളത്തിലെത്തുന്നത്. തന്റെ മിഷനറി പ്രവർത്തനത്തിന്റെ ഭാഗമാണ് ബൈബിൾ വിവർത്തനമെങ്കിലും, അതിനപ്പുറം ആംഗ്ലിക്കൻ സഭയും മലങ്കരസഭയും തമ്മിലുള്ള യോജിപ്പിന്റെ സാധ്യത കണ്ടെത്തുക എന്നതും ബുക്കാനന്റെ ഉദ്ദേശ്യലക്ഷ്യമായിരുന്നു. *ഡോക്ടർ ബുക്കാനൻ സായ്പവർകൾ സത്യ വേദത്തിനടുത്ത പുരാണ ആധാരങ്ങളെ എവിടെയും തിരക്കി സമ്പാദിക്കുന്നതിനുവേണ്ടി അയയ്ക്കപ്പെട്ടത്* (ഇട്ടൂപ്പ് റൈട്ടർ; പേ. 166) എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ബുക്കാനൻ ചെങ്ങന്നൂർ, റാന്നി, നിരണം, കണ്ടനാട്, ഉദയംപേരൂർ, പറവൂർ, അങ്കമാലി തുടങ്ങിയ പള്ളികൾ സന്ദർശിക്കുകയും വൈദികരുമായി ആശയവിനിമയം നടത്തുകയും ചെയ്തു. *പാപ്പായുടെ കൈവഴിയിലുള്ളവരെന്ന്* ശങ്കിച്ച് പലരും ബുക്കാനനെയും കൂട്ടരേയും സ്വീകരിക്കാൻ ആദ്യം വൈമനസ്യം കാട്ടിയിരുന്നു. കണ്ടനാട്ടു വെച്ച് വലിയ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായെ സന്ദർശിക്കുകയും *വേദപുസ്തകം ജനങ്ങളും അറിവാൻ തക്കവണ്ണം മലയാള ഭാഷയിൽ ശീലമുള്ള കത്ത*

ങ്ങളെകൊണ്ട് പൊരുൾ തിരിപ്പിച്ചാൽ അച്ചടിപ്പിച്ച് ചുരുങ്ങിയ വിലയ്ക്ക് പള്ളികൾക്ക് ആവശ്യമുള്ളവയെ കൊടുക്കാ (ഇട്ടൂപ്പ് റൈട്ടർ; പേ. 167) മെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു. സുറിയാനിയിലുള്ള പ്ശീത്തോ ബൈബിൾ ഗ്രന്ഥത്തിന്റെ പകർപ്പ് ബുക്കാനന് മാർ ദീവന്നാസിയോസ് സമ്മാനിച്ചു. ഇത് ഇപ്പോൾ കേംബ്രിംഡ്ജ് സർവ്വകലാശാല പബ്ലിക്ക് ലൈബ്രറിയിൽ സൂക്ഷിക്കുന്നു. അദ്ദേഹം ഇത് ഇംഗ്ലണ്ടിൽ കൊണ്ടുപോയി അച്ചടിപ്പിക്കുകയും ചെയ്തു.

മലയാള പരിഭാഷ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് വലിയ മാർ ദീവന്നാസിയോസ് കാണിച്ച ഉത്സാഹം ബുക്കാനന് ആവേശവും ധൈര്യവും പകർന്നു. ആംഗ്ലിക്കൻ സഭയുടെ വിശ്വാസ പാരമ്പര്യത്തെപ്പറ്റി മെത്രാപ്പോലീത്തായ്ക്ക് സംശയമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ പരിഭാഷയ്ക്ക് ആധാരമായി നിർദ്ദേശിച്ച തമിഴ് പരിഭാഷയും സാമ്പത്തിക സഹായവും മെത്രാപ്പോലീത്താ നിരസിച്ചു. എന്നാൽ സാങ്കേതിക സഹായം സർവ്വാത്മനാ സ്വീകരിക്കുകയും ചെയ്തു. കത്തോലിക്കാ മെത്രാൻ മെനസിസിന്റെ നടപടികളും റോമൻ സഭയുടെ ചെയ്തികളും ഓർമ്മയുണ്ടായിരുന്ന മലങ്കരയിലെ വൈദികരിൽ നിലനിന്നിരുന്ന വികാരങ്ങൾക്കും നിലപാടുകൾക്കും അനുകൂലമായ ഒരു നിലപാടു തന്നെയാണ് മെത്രാപ്പോലീത്തായും സ്വീകരിച്ചത്. തങ്ങൾ പരിഭാഷ തയ്യാറാക്കി നൽകും എന്നാണ് മെത്രാപ്പോലീത്താ അറിയിച്ചത്.

മലയാള വേദപുസ്തക പരിഭാഷ എന്നത് ബുക്കാനന്റെ പ്രേരണ കൊണ്ട് പെട്ടെന്ന് രൂപംകൊണ്ട ഒന്നല്ല; പ്രത്യുത വേദപുസ്തകം വായിച്ചറിയുക എന്നത് സുറിയാനി ക്രിസ്ത്യാനികളുടെ ഒരു പൊതു അഭിലാഷമായിരുന്നു. പല വൈദികരും വ്യക്തിപരമായ ആവശ്യങ്ങൾക്കായി സുറിയാനി ഏവൻഗേലിയോൻ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഇതിനെപ്പറ്റി പല വൈദികരും ബുക്കാനനോട് സംസാരിക്കുകയും കൈയെഴുത്തുകൾ അദ്ദേഹത്തെ കാണിക്കുകയും ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശുദ്ധ മത്തായിയുടെ സുവിശേഷം ഏതാണ്ട് മുഴുവനായിതന്നെ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിരുന്നു.

അക്കാലത്ത് നിലനിന്നിരുന്ന സാമൂഹ്യ രാഷ്ട്രീയ അവസ്ഥ വേദപുസ്തക പരിഭാഷയ്ക്ക് അനുകൂലമല്ലായിരുന്നു. റോമാ സഭയിൽ ചേരുന്നതിന് മാർത്തോമാ മെത്രാനുമേൽ സമ്മർദ്ദവും ഭീഷണിയും നിലനിന്നിരുന്നു. ഒരു സുറിയാനി ഗ്രന്ഥവും ഗോവൻ ബിഷപ്പിന്റെ അനുവാദമില്ലാതെ പകർത്തിയെഴുതാനോ പരിഭാഷപ്പെടുത്താനോ പാടില്ലെന്ന സ്ഥിതിവിശേഷമായിരുന്നു റോമൻ കത്തോലിക്കർ പിന്തുടർന്നിരുന്നത്. അതുകൊണ്ടുതന്നെ ഔദ്യോഗികമായി വേദപുസ്തക പരിഭാഷ

പോലുള്ള ഒരു ഉദ്യമത്തിന് തുനിയുന്നതിനുള്ള ഒട്ടേറെ പരിമിതികൾക്കു ള്ളിലായിരുന്നു ആറാം മാർത്തോമ്മായും സുറിയാനി ക്രിസ്ത്യാനികളും. പോർട്ടുഗീസുകാരുടെ ശത്രുക്കളായ ബ്രിട്ടന്റെ പിന്തുണ ബുക്കാനനുള്ള തിനാൽ ആറാം മാർത്തോമ്മായും കൂട്ടരും ധൈര്യത്തോടെ വേദപുസ്തക പരിഭാഷയ്ക്ക് തുടക്കം കുറിച്ചു. മെത്രാപ്പോലീത്തായുടെ മേൽനോട്ട ത്തിൽ കായംകുളം ഫീലിപ്പോസ് റമ്പാന്റെ നേതൃത്വത്തിൽ 1807-ൽ ആറ് മാസത്തിനുള്ളിൽ തന്നെ പരിഭാഷ പൂർത്തീകരിച്ചു. സുറിയാനി - മല യാളം പണ്ഡിതനായ ഫീലിപ്പോസ് റമ്പാൻ നാല് സുവിശേഷങ്ങളാണ് വിവർത്തനം ചെയ്തത്. ആറാം മാർത്തോമ്മാ സൂക്ഷിച്ചിരുന്ന പ്ശീത്തോ ബൈബിളിന്റെ പകർപ്പുനോക്കിയാണ് റമ്പാനും കൂട്ടരും പരിഭാഷ നിർ വ്വഹിച്ചത്.

സുറിയാനിയിൽ നിന്ന് നേരിട്ട് വിവർത്തനം ചെയ്തതിനാൽ ഭാഷാ പരമായ ന്യൂനതകൾ റമ്പാൻ പരിഭാഷയ്ക്ക് ഏറെ ഉണ്ടെന്നും, പിന്നീട് പ്രചാരത്തിൽ വന്നുകൊണ്ടിരുന്ന മിഷനറി മലയാളത്തിൽ നിന്ന് വ്യത്യ സ്തമായി നസ്രാണികളുടെ ആരാധനാഭാഷയുടെ സ്വാധീനത്തിൽ പിറവിയെടുത്ത തദ്ദേശീയ ഭാഷാശൈലിയിലായിരുന്നു ഈ പരിഭാഷ യെന്നും പോൾ മണലിൽ അഭിപ്രായപ്പെടുന്നു. അതിനാൽ പ്രസ്തുത പരിഭാഷയ്ക്ക് ജനകീയതയും ആരാധനയുമായി ചേർന്നുപോകുന്ന തദ്ദേശീയ ശൈലിയുമുണ്ടായിരുന്നു.

കേരളത്തിലെ നസ്രാണി സമൂഹത്തെ തങ്ങളുടെ മതപ്രചരണത്തി നുള്ള ഒരു അടിത്തറയാക്കി ഉപയോഗിക്കാം എന്നുള്ള കണക്കുകൂട്ട ലുകൾ സി.എം.എസ്. മിഷനറിമാർക്കുണ്ടായിരുന്നു. റോമൻ ബന്ധത്തിൽ മലങ്കരസഭയിലുണ്ടായ ആചാരാനുഷ്ഠാനങ്ങൾ ഉപേക്ഷിച്ചാൽ ഇരു സഭകളും ഒന്നുചേർന്ന് പോകുമെന്നും അവർ തെറ്റിദ്ധരിച്ചു. മലങ്കരയിൽ ആംഗ്ലിക്കൻ വിധേയത്വമുള്ള ഒരു ക്രൈസ്തവസമൂഹം ഉണ്ടാകുന്നത് തങ്ങളുടെ സാമ്രാജ്യത്തിന്റെ ഭരണപരവും വ്യാപാരപരവുമായ കൊളോ ണിയൽ താത്പര്യങ്ങൾക്ക് അനുയോജ്യമാകുമെന്നും അവർ കരുതി.

സി.എം.എസ്. മിഷനറിമാരുടെ അത്തരത്തിലുള്ള ആദ്യ ഇടപെടലായി ബൈബിൾ പരിഭാഷയെ കണക്കാക്കാം. പക്ഷേ, പാശ്ചാത്യ ക്രിസ്തീയ ദർശനത്തിലധിഷ്ഠിതമായ ഒരു ബൈബിൾ പരിഭാഷ ജനങ്ങളുടെ ഇട യിൽ പ്രചരിപ്പിക്കാനുള്ള പരിശ്രമം ആറാം മാർത്തോമ്മാ തന്ത്രപൂർവ്വം വളരെ വിദഗ്ദമായി പ്രതിരോധിച്ചു. ബൈബിൾ പരിഭാഷ വേണമെന്ന ആഗ്രഹം പൂവണിയിക്കുന്നതിൽ പാശ്ചാത്യ മിഷനറിയുടെ നിർദ്ദേശം സ്വീകരിക്കുകയും അതിന്റെ വിവർത്തനം തദ്ദേശീയ മൽപ്പാൻ നിർവ്വ ഹിച്ചതിലൂടെ അതിന്റെ അനന്യത സംരക്ഷിക്കുകയും ചെയ്തു. ആറാം മാർത്തോമ്മാ വലിയ മാർ ദീവന്നാസിയോസ് ഇക്കാര്യത്തിൽ കാണിച്ച ജാഗ്രത മലങ്കരസഭയ്ക്ക് അഭിമാനകരമാണ്.

സൂചക ഗ്രന്ഥങ്ങൾ

ബൈബിൾ: ചരിത്രവും ദർശനവും, പോൾ മണലിൽ (എഡി.), ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ, കോട്ടയം, 2006.

നിരണം ഗ്രന്ഥവരി, ഡോ. എം. കുര്യൻ തോമസ് (എഡി.), സോഫിയാ ബുക്സ്, കോട്ടയം.

മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രം, ഇട്ടൂപ്പ് റൈട്ടർ, മാർ ആദായി ബുക്ക് ഹൗസ്, ചങ്ങനാശേരി.

❑

കായംകുളം മണങ്ങനഴികം തറവാട്



ഗുരു: മാർ ഈവാനിയോസ് യൂഹാനോൻ

ഭാഗം നാല്

വ്യക്തിപ്രഭാവം

കണ്ണംകോട് പള്ളിയും കായംകുളം ഫീലിപ്പോസ് റമ്പാനും

പ്രൊഫ. ഡി. കെ. ജോൺ

പ്രകൃതിയുടെ സൗന്ദര്യചഷകം പോലെ സഹ്യന്റെ മടിത്തട്ടിൽ ഒരു കൊച്ചു ഭൂപ്രദേശം വിശ്രമം കൊള്ളുന്നു. പർവ്വതം സമുദ്രമായി ചേരുന്ന പ്രദേശമാകയാൽ 'ചേരൽ' (മലഞ്ചരിവ്) എന്നും ചേരളം (ചേരൽ പ്രദേശം) എന്നും ആ ഭൂഭാഗത്തിന് പേർ സിദ്ധിച്ചു. 'ചേർവ' എന്നാണ് മെഗസ്തനീസ് അതിനെ വിളിച്ചത് 'ചേരളം' ആണ് കേരളമായി മാറുന്നത്.

മദ്ധ്യശിലായുഗത്തിൽ കേരളത്തിലെ ആദിമനിവാസികൾ ഗോത്രങ്ങളായിട്ടാണ് ജീവിച്ചിരുന്നത്. ഗോത്രങ്ങൾ ചേർന്ന് ഗണങ്ങൾ ഉണ്ടാകുന്നു. ഗണങ്ങൾ ഓരോ ഗണ ചിഹ്നങ്ങൾ സ്വീകരിക്കുകയും ആ ഗണ ചിഹ്നത്തിന്റെ പേരിൽ സാമൂഹ്യമായി ഐക്യം നിലനിർത്തി ജീവിച്ചിരുന്നു. മൃഗങ്ങളെ വേട്ടയാടുവാനും, മത്സ്യം പിടിക്കുവാനുമായി ഇവർ പറ്റിയ സ്ഥലങ്ങൾ തിരഞ്ഞെടുത്തിരുന്നു. സ്ത്രീകളുടെ പ്രധാന തൊഴിൽ കൃഷിയായിരുന്നു.

എ. ഡി. 52-ൽ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട ഏഴരപ്പള്ളികൾ സ്ഥിതിചെയ്യുന്ന പ്രദേശങ്ങൾ ജനങ്ങൾ ഗോത്രങ്ങളായി തിങ്ങി പാർത്ത പ്രദേശങ്ങളായിരുന്നു. അതിൽ ഒന്നാണ് നിലയ്ക്കൽ പ്രദേശം (ചായൽ മല). ആൾപ്പാർപ്പുള്ള, സുഗന്ധദ്രവ്യങ്ങളുടെ വാണിജ്യകേന്ദ്രമായ നിലയ്ക്കലിൽ മാർത്തോമ്മാശ്ലീഹാ എത്തിച്ചേർന്നപ്പോൾ ആ പ്രദേശത്തെ ജനങ്ങൾ ഒരു ദൈവപുരുഷൻ പ്രത്യക്ഷപ്പെട്ടു എന്ന് വിളിച്ചു പറഞ്ഞ് അദ്ദേഹത്തിന്റെ പിന്നാലെ ഓടിക്കൂടി. ജനങ്ങൾ അദ്ദേഹത്തിൽ വിശ്വസിച്ചു. മാർത്തോമ്മാശ്ലീഹാ ക്രിസ്തുവിനെപ്പറ്റി പഠിപ്പിച്ചു. അങ്ങനെ ആ പ്രദേശത്തെ ജനങ്ങൾ ക്രിസ്തുവിൽ വിശ്വസിക്കുകയും നിലയ്ക്കലിൽ പള്ളി സ്ഥാപിക്കുകയും ചെയ്തു. നൂറ്റാണ്ടുകൾക്കുശേഷം ഉരുൾ പൊട്ടലുകൾ മൂലം ജനജീവിതം ദുസ്സഹമായപ്പോൾ മലമ്പ്രദേശങ്ങളിൽ നിന്നും ജനങ്ങൾ താഴ്വാരങ്ങളിലേക്ക് പലായനം ചെയ്തു. പലായനം ചെയ്ത ജനങ്ങൾ മദ്ധ്യതിരുവിതാംകൂറിൽ താമസമുറപ്പിച്ചു. അങ്ങനെ വന്നവരിൽ നല്ലൊരു വിഭാഗം ആൾക്കാർ കടമ്പനാട്, അടൂർ, തുമ്പമൺ തുടങ്ങിയ പ്രദേശങ്ങളിൽ താമസമാക്കി. ഇവർ എ.ഡി. 325-ൽ കടമ്പനാട് പ്രദേശത്ത് ദേവാലയം സ്ഥാപിക്കുകയും, മാർത്തോമ്മൻ ദേവാലയം എന്ന് നാമകരണം ചെയ്യുകയും ചെയ്തു. മൂന്നാം മാർത്തോമ്മാ ഈ ദേവാലയത്തിൽ കബറടങ്ങിയിരിക്കുന്നു.

ആദിമ ക്രൈസ്തവ സങ്കേതമായിരുന്ന നിലയ്ക്കലിൽ നിന്നും ക്രൈസ്തവർ തെക്കൻ കേരളത്തിലേക്ക്, പ്രത്യേകിച്ച് കടമ്പനാട്ട് കുടിയേറി പാർക്കുകയുണ്ടായി. അവരുടെ ഇടത്താവളമാണ് അടൂർ. ഉത്തര കേരളത്തിലേക്കും, ദക്ഷിണകേരളത്തിലേക്കും ഒരുപോലെ പ്രയാണം ചെയ്യുവാൻ സൗകര്യപ്രദമായ സ്ഥലം, തമിഴ്നാട്ടിൽ നിന്നും തിരിച്ച് തീര പ്രദേശമായ കൊല്ലത്തേക്കും നിരണത്തേക്കും യാത്രചെയ്യുന്ന വ്യാപാര സംഘങ്ങളുടെ വിശ്രമകേന്ദ്രം എന്നീ നിലകളിൽ അടൂർ ഒരു ചെറിയ പട്ടണമായി രൂപംകൊണ്ടു.

യാത്രാസൗകര്യം തീരെയില്ലാതിരുന്ന കാലത്ത് കടമ്പനാട്ട് വരെ പോയി ആത്മീയകാര്യങ്ങളിൽ സംബന്ധിച്ച് തിരികെ വരുവാൻ പ്രയാസമായതിനാൽ അടൂരിൽ ഒരു പള്ളി സ്ഥാപിക്കണമെന്ന് ജനങ്ങൾ ആഗ്രഹിച്ചു. അങ്ങനെ എ.ഡി. 1450-ാം ആണ്ടോടുകൂടി വി. മാർത്തോമ്മാശ്ലീഹായുടെ നാമധേയത്തിൽ കണ്ണംകോട് പള്ളി സ്ഥാപിതമായി. ആദ്യ ദേവാലയം താൽക്കാലികമായി നിർമ്മിച്ചതായിരുന്നു. പിന്നീട് പൂമുഖവും, പടിപ്പുരയും ചാർത്തും, മേടയും, കൽവിളക്കുകളും, കഞ്ഞിപ്പുരയും, കിണറും ഉൾപ്പെടെ, മനോഹരങ്ങളായ കാവൽമാലാഖമാരുടേയും, ശിഷ്യന്മാരുടേയും കൊത്തുപണികളോടുകൂടിയ പൗരാണിക പ്രൗഢിയുള്ള ഒരു ദേവാലയം മാർത്തോമ്മായുടെ നാമത്തിൽ തന്നെ സ്ഥാപിച്ചു. അങ്ങനെ കണ്ണംകോട്ട് പള്ളി മദ്ധ്യതിരുവിതാംകൂറിലെ അതിപ്രസിദ്ധമായ ദേവാലയമായി മാറി. മലങ്കരസഭയുടെ ചരിത്രത്തിലെ അനവധി നിർണ്ണായകമായ സംഭവങ്ങൾക്കും ഈ ദേവാലയം സാക്ഷ്യം വഹിച്ച് മലങ്കരസഭയിലെ ഏറ്റവും പ്രധാനപ്പെട്ട ദേവാലയങ്ങളിൽ ഒന്നായി മാറി. മാർത്തോമ്മാ ശ്ലീഹായുടെ പാദസ്പർശമേറ്റ കൊല്ലം കേന്ദ്രമാക്കി പിൽക്കാലത്ത് കൊല്ലം ഭദ്രാസനം രൂപംകൊണ്ടു. കണ്ണംകോട്ട് പള്ളി കൊല്ലം ഭദ്രാസനത്തിന്റെ ഭരണത്തിലായി.

1653 ജനുവരി 3-ന് മട്ടാഞ്ചേരിയിൽ നടന്ന കൂനൻകുരിശ് സത്യ പ്രഖ്യാപനത്തിൽ കണ്ണംകോട് പള്ളിയിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തതായി ചരിത്രരേഖകൾ സാക്ഷിക്കുന്നു. കൂനൻകുരിശ് സത്യം എന്ന മലങ്കരസഭയുടെ സ്വാതന്ത്ര്യപ്രഖ്യാപനത്തിന് ശേഷം മലങ്കര നസ്രാണികൾ ആലങ്ങാട്ട് പള്ളിയിൽ സമ്മേളിച്ച് തോമ്മാ അർക്കദിയാക്കോനെ മെത്രാനായി അവരോധനം ചെയ്തു. ഈ യോഗത്തിൽ കണ്ണംകോട്ട് പള്ളിയുടെ പ്രതിനിധികൾ പങ്കെടുത്തിരുന്നു. 1653 മെയ് 22-ാം തീയതി തോമ്മാ അർക്കദിയാക്കോനെ മാർത്തോമ്മാ ഒന്നാമൻ എന്ന പേരിൽ വാഴിച്ച് മലങ്കര മെത്രാപ്പോലീത്തായായി അവരോധിച്ചു. തുടർന്നുള്ള എല്ലാ മലങ്കര മെത്രാപ്പോലീത്താമാരുടെയും സ്ഥാനാരോഹണത്തിൽ കണ്ണംകോട് പള്ളിപ്രതിനിധികൾ പങ്കെടുത്തതായി കാണാം. പിൽക്കാലത്ത്

തെക്കൻ ഭദ്രാസന സന്ദർശനാർത്ഥം എത്തുന്ന, ഒന്നാം മാർത്തോമാ മുതൽ എല്ലാ മലങ്കര മെത്രാപ്പോലീത്താമാരും അടൂർ കണ്ണംകോട്ട് പള്ളിയിൽ എഴുന്നെള്ളി താമസിച്ച് ഭദ്രാസന കാര്യങ്ങളിൽ ഏർപ്പെട്ടിരുന്നു. പരിശുദ്ധ പരുമല തിരുമേനി 1895-ൽ കണ്ണംകോട്ട് പള്ളിയിൽ എഴുന്നെള്ളി പള്ളിമേടയിൽ താമസിച്ച് 15-ൽപ്പരം കല്പനകൾ എഴുതിയതായി രേഖകൾ സാക്ഷിക്കുന്നു.

കാലാന്തരത്തിൽ വാഹനങ്ങളുടെ അപര്യാപ്തത മൂലം ആരാധനയിൽ കൃത്യസമയത്ത് പങ്കെടുക്കുവാൻ വളരെ വിദൂരതയിൽ നിന്നും എത്തിച്ചേരുവാൻ കഴിയാത്തതിനാൽ ഏനാത്ത്, കലഞ്ഞൂർ, പത്തനാപുരം, കൂടൽ, പറക്കോട്, ആനന്ദപ്പള്ളി, കിളിവയൽ, കൊറ്റനല്ലൂർ, കരുവാറ്റ തുടങ്ങിയ 20-ൽപരം സ്ഥലങ്ങളിലേക്ക് അടൂർ കണ്ണംകോട്ട് ഇടവകക്കാർ പിരിഞ്ഞുപോയി, മനോഹരമായ ദേവാലയങ്ങൾ പണികഴിപ്പിച്ച് ആരാധിച്ച് പോരുന്നു.

മലങ്കര മെത്രാപ്പോലീത്തന്മാരായ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ തിരുമേനി കണ്ണംകോട്ട് പള്ളിയിൽ എഴുന്നെള്ളി താമസിച്ച് കലഞ്ഞൂർ പള്ളി സ്ഥാപിക്കുന്ന തീരുമാനം എടുക്കുകയുണ്ടായി. തുടർന്ന് പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനി, പ. ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ തിരുമേനി, പ. ഔഗേൻ പ്രഥമൻ ബാവാ തിരുമേനി, പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമേനി എന്നിവർ ഈ ഇടവകയിൽ എഴുന്നെള്ളി താമസിക്കുകയും അനുഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്.

പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ കാലഘട്ടത്തിൽ തറക്കല്ലിട്ട് 1970 നവംബർ 11-ന് മലങ്കരയുടെ നാലാം കാതോലിക്കാ പ. ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ കൂദാശ ചെയ്ത് സമർപ്പിച്ചിട്ടുള്ളതാണ് ഇപ്പോൾ സ്ഥിതിചെയ്യുന്ന ദേവാലയം. സൂര്യതേജസായ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി കൊല്ലം ഭദ്രാസന മെത്രാപ്പോലീത്താ ആയ കാലം മുതൽ ഈ ഇടവകയിൽ എഴുന്നള്ളി താമസിക്കുകയും ഒട്ടനവധി വികസനങ്ങൾക്ക് നേതൃത്വം നൽകുകയും കണ്ണംകോട്ട് പള്ളിയുടെ രണ്ട് ചാപ്പലുകളായ പന്നിവിഴ മാർ ഗ്രീഗോറിയോസ് ചാപ്പലും, കോട്ടമുകൾ മാർ ബസ്സേലിയോസ് ചാപ്പലും സ്ഥാപിക്കുകയും ഉണ്ടായി. 2005 നവംബർ 27-ന് ഒരു കത്തീഡ്രൽ ദേവാലയമായി പ. ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാതിരുമേനി ഉയർത്തി.

ഇടവകയുടെ ആദ്യകാലങ്ങളിൽ ഇടവകപട്ടക്കാർ ആയിരുന്നു ഇടവകയെ നയിച്ചിരുന്നത്. ഇടവകയിലെ കാഞ്ഞിരിക്കാട്ട്, പുത്തൻവീട്,

കൊന്നയിൽ, അറപ്പുരയിൽ, തോണ്ടലിൽ, ചിറ്റേഴത്ത്, പ്ലാത്തറയിൽ, ബ്ലാഹേത്ത്, ചാവടിയിൽ എന്നീ കുടുംബങ്ങളിലെ വൈദികർ ഇടവകയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ 900 കുടുംബങ്ങൾ ഉൾക്കൊള്ളുന്നതാണ് കണ്ണംകോട് പള്ളി.

കായംകുളം ഫീലിപ്പോസ് റമ്പാൻ

1806-ൽ കേരളം സന്ദർശിച്ച ക്ലോഡിയസ് ബുക്കാനൻ എന്ന ആംഗ്ലിക്കൻ മിഷനറി കായംകുളം പള്ളി സന്ദർശിച്ച് പുരോഹിതന്മാരോടും പള്ളി പ്രമാണിമാരോടും ചർച്ച നടത്തി. തങ്ങളുടെ ബൈബിൾ യേശുക്രിസ്തുവിന്റെയും ശിഷ്യന്മാരുടേയും മാതൃഭാഷയായ സുറിയാനിയിൽ വിരജിതമാണെന്നും സുറിയാനി ബൈബിൾ ആണ് തങ്ങൾ ഉപയോഗിക്കുന്നതെന്നും കായംകുളത്തുകാർ വാദിച്ചതായി ബുക്കാനൻ രേഖപ്പെടുത്തിയിട്ടുണ്ട്.

മലങ്കരസഭയ്ക്ക് അന്ന് ധീരോദാത്ത നേതൃത്വം നൽകിയിരുന്നത് വലിയ മാർ ദീവന്നാസ്യോസ് എന്ന് പേരിൽ അറിയപ്പെട്ടിരുന്ന ആറാം മാർത്തോമ്മാ ആയിരുന്നു (1765-1808). വി. വേദപുസ്തകം മലയാളത്തിലേക്ക് വിവർത്തനം ചെയ്യണമെന്ന് ആറാം മാർത്തോമ്മായോട് ക്ലോഡിയസ് ബുക്കാനൻ ആവശ്യപ്പെട്ടു. ആറാം മാർത്തോമ്മാ ക്ലോഡിയസ് ബുക്കാനനോട് ബൈബിൾ വിവർത്തനം ചെയ്യുവാൻ പണ്ഡിതനായ ഒരാൾ ഉണ്ടെന്ന് സൂചിപ്പിച്ചു. അത് മറ്റാരുമല്ല, കായംകുളത്ത് മണങ്ങനഴികത്ത് ഫീലിപ്പോസ് റമ്പാനായിരുന്നു. അദ്ദേഹത്തിന്റെ അസാധാരണ കഴിവും സുറിയാനി - മലയാള ഭാഷാ പാണ്ഡിത്യവും മൂലം റമ്പാനെ ആറാം മാർത്തോമ്മാ തന്റെ സെക്രട്ടറിയായി നിയമിക്കുകയും മലങ്കര സഭാകാര്യങ്ങളുടെ ചുമതലയും പിന്നീട് വി. വേദപുസ്തകം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നതിന്റെ ചുമതലയും ഏല്പിക്കുകയും ചെയ്തു. ആദ്യം അച്ചടിച്ച ബൈബിൾ മലയാളത്തിൽ വിവർത്തനം ചെയ്തത് കായംകുളം ഫീലിപ്പോസ് റമ്പാനാണെന്ന് മലങ്കര നസ്രാണികളുടെ സഭാചരിത്രമായ നിരണം ഗ്രന്ഥവരിയിലും ക്ലോഡിയസ് ബുക്കാനന്റെ പരാമർശത്തിലും റവ. ഡബ്ല്യു. ജെ. റിച്ചാർഡിന്റെ 'The Indian Christian of St. Thomas' എന്ന പുസ്തകത്തിലും, ഡോ. പി. ജെ. തോമസിന്റെ *മലയാള സാഹിത്യവും ക്രിസ്ത്യാനികളും* എന്ന പുസ്തകത്തിലും പത്രോസ് മാർ ഒസ്താത്തിയോസിന്റെ ലേഖനത്തിലും, പ്രൊഫ. രാമസ്വാമി അയ്യരുടെ ലേഖനത്തിലും, ഡോ. സാമുവൽ ചന്ദനപ്പള്ളിയുടെ കായംകുളം ഫീലിപ്പോസ് റമ്പാൻ പ്രഥമ ബൈബിൾ വിവർത്തകൻ എന്ന പുസ്തകത്തിലും അർത്ഥശങ്കയ്ക്കിടയില്ലാതെ എഴുതപ്പെട്ടിട്ടുള്ളതാണ്.

എട്ടാം മാർത്തോമ്മായുടെ കാര്യവിചാരകനായി കായംകുളം ഫീലിപ്പോസ് റമ്പാനെ നിയമിച്ചു എങ്കിലും ആ പദവിയിൽ അധികകാലം തുടർന്നില്ല. ഒരു സന്യാസജീവിതം നയിക്കുവാൻ തീരുമാനമെടുത്ത അദ്ദേഹം കായംകുളത്തേക്ക് തിരിച്ചുവന്നു. എന്നാൽ ശബ്ദായമാനമായ കായംകുളം പട്ടണത്തിൽ ശാന്തമായ ജീവിതം നയിക്കുക പ്രയാസമായതിനാൽ കായംകുളത്തു നിന്നും യാത്ര തിരിച്ച് പള്ളികളിൽ കയറി പ്രാർത്ഥിച്ചും, വി. കുർബാന അർപ്പിച്ചും ഒരു സഞ്ചാരകനെപ്പോലെ യാത്ര തുടങ്ങി. അങ്ങനെ അദ്ദേഹം അടൂരിൽ എത്തി. ഏതോ അദൃശ്യമായ ശക്തിവിശേഷത്തിന്റെ നിയോഗത്താൽ അടൂർ കണ്ണംകോട് പള്ളിയിൽ താമസമുറപ്പിച്ചു. അടൂർ ഗ്രാമത്തിന്റെ അന്തരീക്ഷം, ഹരിതഭംഗി നിറഞ്ഞു നിൽക്കുന്ന ഭൂപ്രകൃതി, കണ്ണെത്താദൂരത്തോളമുള്ള വയലേലകൾ, പള്ളിക്കൽ ആറിന്റെ തീരം, മൂന്നാം മാർത്തോമ്മാ നടന്നുപോയ പ്രദേശം ഇതെല്ലാമാകാം ഫീലിപ്പോസ് റമ്പാനെ അടൂരിലേക്ക് ആകർഷിച്ചത്.

ശാന്തമായ അന്തരീക്ഷത്തിലുള്ള അടൂർ കണ്ണംകോട് സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിമേടയിൽ ഫീലിപ്പോസ് റമ്പാൻ താമസമാരംഭിച്ചു. നോമ്പും, പ്രാർത്ഥനയും, ഉപവാസവും കൊണ്ട് ഫീലിപ്പോസ് റമ്പാൻ അടൂർ പ്രദേശത്തെ ആത്മീയ നിർവൃതിയിലാക്കി. ജനത്തിനുവേണ്ടി കരയുകയും ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതു കണ്ട് ചുറ്റുപാടുമുള്ള നാനാജാതി ജനങ്ങളും കണ്ണംകോട് പള്ളിയിലേക്ക് പ്രവഹിക്കുകയുണ്ടായി. തമിഴ്നാട്ടിൽ നിന്നും കാൽനടക്കാരായി വരുന്ന കച്ചവടക്കാർ വാർത്ത കേട്ട് റമ്പാന്റെ താമസസ്ഥലത്ത് എത്തി അവിടെ അന്തിഉറങ്ങി. അദ്ദേഹത്തിന്റെ സാമീപ്യം നാടിന് അനുഗ്രഹവും സന്തോഷവും പകർന്നുകൊടുത്തു. പുതിയ ഒരു ആത്മീയ ചൈതന്യം കണ്ണംകോട് ദേവാലയ അന്തരീക്ഷത്തിൽ ഉടലെടുത്തു. പലവിധ വ്യാധികളും, രോഗങ്ങളും ബാധിച്ചവർ റമ്പാച്ചന്റെ സന്നിധിയിൽ എത്തി വചനാമൃതം സ്വീകരിച്ച് രോഗവിമുക്തരായി സന്തുഷ്ടരായി മടങ്ങി. അങ്ങനെ കണ്ണംകോട് പള്ളി കായംകുളം ഫീലിപ്പോസ് റമ്പാന്റെ സാന്നിദ്ധ്യംകൊണ്ട് ഭക്തിസാന്ദ്രമായി മാറി. വിവിധ പ്രദേശങ്ങളിൽനിന്നും വന്ദ്യ റമ്പാച്ചന്റെ അനുഗ്രഹം പ്രാപിക്കുന്നതിനായി കൈക്കുഞ്ഞുങ്ങളുമായി നൂറുകണക്കിന് ഭക്തജനങ്ങൾ കണ്ണംകോട് പള്ളിയിലേക്ക് പ്രവഹിച്ചുകൊണ്ടിരുന്നു.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമന്റെ ആത്മസുഹൃത്തായിരുന്നു ഫീലിപ്പോസ് റമ്പാൻ. സഭാഭരണ കാര്യങ്ങളിൽ തെക്കൻ ഭദ്രാസനങ്ങളിലെ ഇടവകകളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് പ്രതിവിധികൾ ചൂണ്ടിക്കാട്ടുന്നത് വന്ദ്യ റമ്പാച്ചനായിരുന്നു. റമ്പാന് തന്റെ അവസാന നാളുകളിലേക്ക് അടുക്കുന്നു എന്ന് തോന്നലുണ്ടായി. ദൈവസന്നിധിയിലേക്ക് യാത്രയാകുന്നതിനുള്ള തയ്യാറെടുപ്പായി. നാമമാത്ര

മായ ഭക്ഷണവും ഉപവാസത്താലും പ്രാർത്ഥനയാലും അന്ത്യനാളുകൾ കഴിച്ചുകൂട്ടി. കണ്ണംകോട് പള്ളിയിൽ തടിച്ചുകൂടിയ ജനങ്ങളോട് താൻ ദൈവസന്നിധിയിലേക്കുള്ള യാത്രയുടെ ഒരുക്കത്തിലാണെന്ന് പറയുകയുണ്ടായി. നൂറുകണക്കിന് ആളുകൾ റമ്പാച്ചനോടൊപ്പം ദേവാലയത്തിൽ പ്രാർത്ഥനാനിരതരായി. അനേകരെ സാക്ഷിനിർത്തി സംശുദ്ധമായ ജീവിതം നയിച്ച റമ്പാൻ 987 തുലാ മാസം 26-ാം തീയതി (1812 നവംബർ 11) ദൈവസന്നിധിയിലേക്ക് യാത്രയായി. *നിരണം ഗ്രന്ഥവരി* ഇങ്ങനെ രേഖപ്പെടുത്തുന്നു: "987 തുലാമാസം 28-ന് ഫിലിപ്പോസ് റമ്പാൻ കഴിഞ്ഞ് കണ്ണംകോട് പള്ളിയിൽ അടക്കം ചെയ്തു."

ഏകദേശം 2 വർഷക്കാലം മാത്രം കണ്ണംകോട് പള്ളിയിൽ താമസിച്ച ഫീലിപ്പോസ് റമ്പാൻ അടൂരിനെ ആത്മീയ നിർവൃതിയിലാക്കി. 1400-മാണ്ടിന്റെ അവസാനത്തോടെ സെന്റ് തോമസ്സിന്റെ നാമധേയത്തിൽ ആരംഭിച്ചതാണ് കണ്ണംകോട് പള്ളി. കായംകുളം ഫീലിപ്പോസ് റമ്പാന്റെ ഓർമ്മയാണ് കഴിഞ്ഞ 200 വർഷമായി കണ്ണംകോട് പള്ളിയുടെ പ്രധാന പെരുന്നാളായി ആചരിച്ചുവരുന്നത്. കായംകുളം ഫീലിപ്പോസ് റമ്പാന്റെ ഓർമ്മ കണ്ണംകോട്ട് പള്ളി ആചരിക്കണമെങ്കിൽ അദ്ദേഹം ഒരു വിശുദ്ധനായിരുന്നതുകൊണ്ടും അദ്ദേഹത്തിന്റെ അത്ഭുതസിദ്ധി കൊണ്ടും മാത്രമാണ് എന്നതിൽ രണ്ട് പക്ഷമില്ല. ആ വിശുദ്ധന്റെ മുമ്പിൽ നമുക്ക് മദ്ധ്യസ്ഥത അർപ്പിക്കാം.

❑

കായംകുളം ഫീലിപ്പോസ് റമ്പാൻ: പ്രഥമ ബൈബിൾ വിവർത്തകൻ

പ്രൊഫ. ജോസ് വി. കോശി

മലയാളത്തിൽ അച്ചടിച്ച ആദ്യ ബൈബിൾ തർജ്ജമ ചെയ്തത് കായം കുളം ഫീലിപ്പോസ് റമ്പാനായിരുന്നു. അതിനു നിമിത്തമായത് റവ. ക്ലോഡിയസ് ബുക്കാനന്റെ കേരള സന്ദർശനമാണെന്നത് സത്യം. ബൈബിൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യിപ്പിക്കുകയും പിന്നീട് അച്ചടിപ്പിക്കുകയും ചെയ്തത് ബുക്കാനൻ ആണ്.

റവ. ക്ലോഡിയസ് ബുക്കാനൻ ഈസ്റ്റ്ഇന്ത്യാ കമ്പനിയുടെ കൊൽക്ക ത്തയിലെ ചാപ്ലേയിനും ഫോർട്ട് വില്യം കോളജിന്റെ വൈസ്പ്രിൻസിപ്പ ലുമായിരുന്നു. ഇന്ത്യ ഉൾപ്പെടെയുള്ള കിഴക്കൻ രാജ്യങ്ങളുമായി കച്ചവടം നടത്തുന്നതിനുവേണ്ടി ഇംഗ്ലീഷ് ഈസ്റ്റ്ഇന്ത്യാ കമ്പനി എ.ഡി. 1600-ൽ രൂപീകരിച്ചു. ആദ്യകാലത്തു മിഷനറി പ്രവർത്തനത്തിനു ഈസ്റ്റിന്ത്യാ കമ്പനി വലിയ പ്രാധാന്യം കൊടുത്തിരുന്നില്ല. വാണിജ്യം മാത്രമായി രുന്നു പ്രധാന ലക്ഷ്യം. എന്നാൽ പിന്നീടു നിലപാട് മാറ്റി. ഇന്ത്യയുടെ ഗവർണർ ജനറൽ ആയിരുന്ന ലോർഡ് വെല്ലസ്ലി മലങ്കരസഭയെക്കുറിച്ചു പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ റവ. ക്ലോഡിയസ് ബുക്കാനനെ നിയോ ഗിച്ചത് അങ്ങനെയാണ്.

ക്ലോഡിയസ് ബുക്കാനൻ 1806-ൽ മലങ്കരയിലെത്തുകയും സുറിയാനി ക്രിസ്ത്യാനികളുടെ മതപരവും സാമൂഹ്യവുമായ അവസ്ഥയെക്കുറിച്ചു പഠനം നടത്താൻ പ്രധാന പള്ളികൾ സന്ദർശിച്ചു സുറിയാനി ഭാഷയി ലുള്ള ബൈബിൾ മലയാളത്തിലേക്കു വിവർത്തനം ചെയ്യാനുള്ള സാധ്യ തയെക്കുറിച്ച് അന്നത്തെ മലങ്കര മെത്രാപ്പോലീത്തായുമായി ചർച്ച ചെയ്തു.

റവ. ബുക്കാനൻ 1808-ൽ രണ്ടാം പ്രാവശ്യം തിരുവിതാംകൂർ സന്ദർശി ക്കുന്നതിനു മുമ്പായി നാലു സുവിശേഷങ്ങളുടെ പരിഭാഷ മെത്രാപ്പോ ലീത്താ അദ്ദേഹത്തെ ഏൽപ്പിച്ചു. അതുകൊണ്ടുപോയി ബോംബെയിലെ കുറിയർ പ്രസ്സിൽ അച്ചടിപ്പിച്ച് 1811-ൽ അതിന്റെ പ്രതികൾ റവ. ബുക്കാ നൻ തിരുവിതാംകൂറിലേക്ക് അയച്ചുകൊടുത്തു. 'റമ്പാൻ ബൈബിൾ', 'കുറിയർ ബൈബിൾ' എന്നിങ്ങനെ പല പേരുകളിലാണ് അത് അറിയ പ്പെട്ടിരുന്നത്.

കായംകുളം ഫീലിപ്പോസ് റമ്പാൻ: ജീവിതത്തിലേക്ക് ഒരു എത്തിനോട്ടം

കായംകുളം മണങ്ങനഴികത്ത് കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. കൃത്യമായ ജനനതീയതി അറിയില്ല. എങ്കിലും 1740-ന് അടുത്തായിരിക്കണം ജനനം എന്നു കരുതുന്നു. പിതാവിന്റെ പേരും ഫീലിപ്പോസ് എന്നായിരുന്നു. കായംകുളം പൊൻവാണിഭത്തിൽ കോശി തരകന്റെ മകൾ ആച്ചിയമ്മയായിരുന്നു റമ്പാന്റെ മാതാവ്. ബുദ്ധിശക്തിയിലും വിജ്ഞാനസമ്പാദനത്തിലും സവിശേഷത പ്രകടിപ്പിച്ചിരുന്ന ബാലന് ആദ്ധ്യാത്മിക ജീവിതത്തോടായിരുന്നു താൽപര്യം. ഏറെ താമസിയാതെ ശെമ്മാശനായി. സുറിയാനിഭാഷയിൽ അഗാധമായ പാണ്ഡിത്യം നേടിയ ശെമ്മാശൻ പുതിയനിയമത്തിലെ നാലു സുവിശേഷങ്ങൾ സുറിയാനി ഭാഷയിൽ സ്വന്തം കയ്യക്ഷരത്തിൽ പകർത്തിയെഴുതി. ഫീലിപ്പോസ് ശെമ്മാശൻ വൈകാതെ ഫീലിപ്പോസ് കത്തനാരായി.

പിൽക്കാലത്ത് അദ്ദേഹത്തെ എട്ടാം മാർത്തോമ്മായുടെ കാര്യവിചാരകനായി നിയമിച്ചെങ്കിലും ആ സ്ഥാനത്ത് കായംകുളം ഫീലിപ്പോസ് റമ്പാൻ അധികകാലം തുടർന്നില്ല. ജീവിത സായാഹ്നത്തിലേക്ക് നടന്നടുക്കുകയാണെന്ന തോന്നൽ വിശ്രമജീവിതത്തിലേക്ക് പ്രവേശിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. വിശ്രമജീവിതം നയിക്കുവാൻ ആഗ്രഹിച്ച റമ്പാൻ ഗ്രാമീണ സൗന്ദര്യത്തിന്റെ നിശബ്ദത തുളുമ്പുന്ന അടൂരിലേക്കാണ് എത്തിച്ചേർന്നത്. അവിടെ പുരാതനമായ കണ്ണംകോട് ദേവാലയമാണ് അദ്ദേഹം തന്റെ അവസാനനാളുകൾ ചെലവഴിക്കുവാൻവേണ്ടി തെരഞ്ഞെടുത്തത്.

മധ്യതിരുവിതാംകൂറിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലങ്ങളിലൊന്നായിരുന്നു അടൂർ. തിരുവിതാംകൂർ രാജാക്കന്മാരുമായി ബന്ധപ്പെട്ട അനേകം സംഭവങ്ങൾ അടൂരുമായി ബന്ധപ്പെട്ടു പ്രചാരത്തിലുണ്ട്. ആധുനിക തിരുവിതാംകൂറിന്റെ വിധാതാവ് എന്നറിയപ്പെടുന്ന മാർത്താണ്ഡവർമ്മ (1729-1748) എട്ടുവീട്ടിൽ പിള്ളമാരെ ഭയന്ന് അഭയാർത്ഥിയായി അലയുന്ന കാലത്ത് അദ്ദേഹത്തിന് അഭയം കൊടുത്തതെന്നു കരുതുന്ന നെല്ലിമൂട്ടിൽ ഭവനമുൾപ്പെടെ അനേകം സംഭവങ്ങൾ അടൂരുമായി ബന്ധപ്പെട്ടു പ്രചാരത്തിലുണ്ട്. സുറിയാനി ക്രിസ്ത്യാനികൾ തിങ്ങിപാർത്തിരുന്ന അടൂർ അന്നു വയലുകളും തോടുകളും സമൃദ്ധമായുള്ള ഗ്രാമീണ ഭംഗി നിറഞ്ഞുനിന്ന പ്രകൃതിസുന്ദരമായ ഒരു പ്രദേശമായിരുന്നു. കാർഷികമേഖലയിലും വ്യാണിജ്യമേഖലയിലും പുരോഗതി നേടിയിരുന്ന അടൂർ സാംസ്ക്കാരിക മേഖലയിലും പ്രാമുഖ്യം നേടിയിരുന്നു. "ആശ്ചര്യചൂഡാമണി"യുടെ കർത്താവായ ശക്തിഭദ്രൻ അടൂരിനടുത്തായിരുന്നു ജീവി

ച്ചിരുന്നത്. ഈ സാംസ്കാരിക പൈതൃകവും ബൈബിൾ വിവർത്തക നായ ആ സന്യാസിവര്യനെ ഇവിടേക്കാകർഷിക്കാൻ കാരണമായേക്കാം. കാർഷികമേഖലയിൽ പ്രാധാന്യം നഷ്ടപ്പെട്ടെങ്കിലും വാണിജ്യമേഖല യിലും സാംസ്കാരിക മേഖലയിലും അടൂർ ഇപ്പോഴും മുന്നിട്ടു നിൽക്കു കയാണ്. ദിനംപ്രതി പുതിയ വ്യാപാരസ്ഥാപനങ്ങൾ ഉയർന്നുവരുന്ന ഒരു വലിയ വാണിജ്യകേന്ദ്രമായി അടൂർ വളർന്നുകൊണ്ടിരിക്കുകയാണ്. സിനി മയിലും സാഹിത്യത്തിലും മുദ്ര പതിപ്പിച്ച അനേകർ ഈ മണ്ണിൽ ജീവി ച്ചിരുന്നിട്ടുണ്ട്. ഇപ്പോഴും ജീവിക്കുന്നു. മുൻഷി പരമുപിള്ള, അടൂർ ഭാസി, അടൂർ ഭവാനി, അടൂർ പങ്കജം തുടങ്ങിയവർ ചില ഉദാഹരണങ്ങൾ മാത്രം. ലോകപ്രശസ്ത സിനിമാ സംവിധായകൻ അടൂർ ഗോപാലകൃഷ്ണനു ജന്മം നൽകിയതും ഈ മണ്ണാണ്. പഴയ കാർഷിക പാരമ്പര്യത്തിന്റെ ഓർമ്മ പുതുക്കുന്നതാണ് അടൂർ അമ്പിയിൽ ഏലായിൽ നടന്നിരുന്ന മരമടി മൽസരം. അത് പിന്നീട് ആനന്ദപ്പള്ളി മരമടി മൽസരമായി മാറി.

1816 മുതൽ 1820 വരെ നടത്തിയ തിരു-കൊച്ചി സർവ്വേ റിപ്പോർട്ടിൽ അടൂരിനെക്കുറിച്ചും അവിടുത്തെ സിറിയൻ ദേവാലയത്തെക്കുറിച്ചും ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:

"The uddaur (Adoor) Subdivision .... diversified with groves of large trees, the west, cultivation in long valleys and the heights partially cultivated with yarns and different sorts of dry grains, the whole fertile a few of the villagers have some regularity as the capital and Cannancode at the latter is a Syrian church a large portion of the houses are on heights; and some skirting the valleys, the whole population composed of Nairs, Syrians, hubbeeys and Elavlers."

കഷ്ടിച്ചു രണ്ടു വർഷക്കാലം മാത്രമേ റമ്പാൻ കണ്ണംകോട് പള്ളി യിൽ താമസിച്ചിരിക്കാൻ സാധ്യതയുള്ളു. എന്നാൽ ഹ്രസ്വസുന്ദരമായ ആ ജീവിതഘട്ടത്തിൽ കാലത്താലഴിയാത്ത ആത്മീയമുദ്ര പതിപ്പിക്കു വാൻ അദ്ദേഹത്തിനു സാധിച്ചു. ജീവിതാനുഭവങ്ങളും സന്യാസജീവിത ത്തിന്റെ പ്രഭയും, രൂപപ്പെടുത്തിയ മുനിശ്രേഷ്ഠനാണ് കണ്ണംകോട് പള്ളി യിലെത്തിയത്. പൗരസ്ത്യ സന്യാസിമാരെപ്പോലെ ദാരിദ്ര്യവും, ബ്രഹ്മ ചര്യവും അനുസരണവും കഠിനമായി പിന്തുടരുന്ന ഒരു സന്യാസിവര്യ നായിരുന്നു അദ്ദേഹം. നോമ്പും, പ്രാർത്ഥനയും ഉപവാസവും യാമപ്രാർ ത്ഥനകളുംകൊണ്ട് ആ ജീവിതം ധന്യമായി. രാത്രിയുടെ ഏകാന്തതയിൽ മെഴുകുതിരിയുടെ അരണ്ടവെളിച്ചത്തിൽ വിശുദ്ധഗ്രന്ഥം വായിച്ചു ധ്യാനിച്ചു ശക്തിനേടുവാൻ അദ്ദേഹത്തിന് സാധിച്ചു. തന്റെ അടുക്കലേക്ക് എത്തിയ അനേകർക്ക് ജീവിതകാലത്തു തന്നെ ആശ്വാസം പകരാൻ അദ്ദേഹത്തിനു സാധിച്ചു. ദേശത്തിനു പ്രകാശമായിരുന്ന റമ്പാൻ 1812

തുലാ മാസം 28-നു (കൊ. വ. 987) ഇഹലോകവാസം വെടിഞ്ഞു. അക്കാര്യം *നിരണം ഗ്രന്ഥവരി*യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആ വിശുദ്ധന്റെ കബറിടം കണ്ണംകോട് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ സ്ഥിതിചെയ്യുന്നു. അനേകർ ആ കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ച് ആശ്വാസം കണ്ടെത്തുന്നു. എല്ലാ വർഷവും തുലാ മാസത്തിൽ റമ്പാന്റെ ഓർമ്മ പള്ളിപെരുന്നാളായി കൊണ്ടാടുന്നു. റമ്പാൻ വിവർത്തനം ചെയ്ത ബൈബിളിന്റെ കോപ്പി പള്ളിയിൽ ഒരു നിധി പോലെ സൂക്ഷിച്ചിട്ടുണ്ട്.

കായംകുളം ഫീലിപ്പോസ് റമ്പാൻ മലയാളം ബൈബിൾ വിവർത്തകൻ: തെളിവുകൾ

മലയാളത്തിലെ പ്രഥമ ബൈബിൾ വിവർത്തകൻ കായംകുളം ഫീലിപ്പോസ് റമ്പാനാണെന്ന് അസന്നിഗ്ദ്ധമായി ഡോ. സാമുവൽ ചന്ദനപ്പള്ളി സമർത്ഥിക്കുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ട ചില തെളിവുകൾ താഴെ ചേർക്കുന്നു.

1. നിരണം ഗ്രന്ഥവരി: മലങ്കര നസ്രാണികളുടെ സഭാചരിത്രം, അന്നത്തെ മലയാള ഭാഷ, നസ്രാണി സംസ്കാരം, രാഷ്ട്രീയ ചരിത്രം എന്നിവയിലേക്ക് വെളിച്ചം വിതറുന്ന *നിരണം ഗ്രന്ഥവരി* എന്ന കൈയെഴുത്ത് ഗ്രന്ഥത്തിൽ ആറാം മാർത്തോമ്മാ വലിയ മാർ ദീവന്നാസ്യോസിന്റെ സംഘർഷനിർഭരമായ ജീവിതകഥ വിവരിക്കുന്ന പലയിടത്തും അദ്ദേഹത്തിന്റെ സഹയാത്രികനും സമകാലികനുമായ കായംകുളം ഫീലിപ്പോസ് റമ്പാനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഫീലിപ്പോസ് റമ്പാൻ കണ്ടനാട്ട് വച്ച് ബൈബിൾ പരിഭാഷായജ്ഞത്തിൽ മുഴുകുന്നതും തമിഴ് പരിഭാഷ പൊരുൾ തിരിക്കുന്നതിന് കൊച്ചിയിൽ നിന്ന് തിമ്മപ്പൻപിള്ള എന്ന ഒരു ചെട്ടിയുടെ സേവനം ഉപയോഗിക്കുകയും ചെയ്തു. വലിയ മാർ ദീവന്നാസ്യോസിന് തൈലാഭിഷേകവും തുടർന്ന് റമ്പാന്റെ പ്രധാന കാർമ്മികത്വത്തിൽ പുത്തൻകാവ് പള്ളിയിൽ കബറടക്കം നടത്തുന്നതും ഈ ഗ്രന്ഥവരിയിൽ പറയുന്നു.

2. റവ. ഡബ്ലിയു. ജെ. റിച്ചാർഡിന്റെ പരാമർശം

റവ. ഡബ്ലിയു. ജെ. റിച്ചാർഡ്സ് 1908-ൽ ലണ്ടനിൽ പ്രസിദ്ധീകരിച്ച "The Indian Christians of St. Thomas" എന്ന പുസ്തകത്തിൽ കായംകുളം ഫീലിപ്പോസ് റമ്പാന്റെ ബൈബിൾ തർജ്ജമയെക്കുറിച്ച് പരാമർശം ഉണ്ട്. "The translations which was planned by Buchanan in consultation with the metropolitan Mar Dionysius was carried out chiefly by Philippose whose name is revered amongst his people as Remban Philippose."

3. ആത്മപോഷിണിയിലെ ലേഖനം

മഹാകവി വള്ളത്തോൾ നാരായണമേനോന്റെ പത്രാധിപത്യത്തിൽ കുന്നംകുളം അക്ഷരരത്നപ്രകാശിക അച്ചുകൂടത്തിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന 'ആത്മപോഷിണി' മാസികയിൽ 1093 ചിങ്ങ മാസത്തിൽ (എ.ഡി. 1918) ചങ്ങനാശ്ശേരി വി. എ. തോമസ്സ് എഴുതിയ 'മലയാളഭാഷയിലെ ഒരു ഗദ്യപുസ്തകം' എന്ന ലേഖനത്തിൽ കായംകുളം ഫീലിപ്പോസ് റമ്പാന്റെ ബൈബിൾ പരിഭാഷയെക്കുറിച്ച് സവിസ്തരം രേഖപ്പെടുത്തിയിട്ടുണ്ട്.

4. ഡോ. പി. ജെ. തോമസ്സിന്റെ സാഹിത്യചരിത്രം

ഡോ. പി. ജെ. തോമസ്സ് 1935-ൽ പ്രസിദ്ധീകരിച്ച 'മലയാള സാഹിത്യവും ക്രിസ്ത്യാനികളും' എന്ന ഗ്രന്ഥത്തിൽ ബൈബിൾ പരിഭാഷയെക്കുറിച്ചും കായംകുളം ഫീലിപ്പോസ് റമ്പാനെപ്പറ്റിയും സൂചിപ്പിച്ചിട്ടുണ്ട്. ഈ വേദപുസ്തകം സുറിയാനിയിൽ നിന്നുള്ള പദാനുപദ തർജ്ജിമയായിരുന്നുവെന്ന് ഡോ. പി. ജെ. തോമസ്സ് സമർത്ഥിക്കുന്നു. അധ്യായത്തിന് 'കെപ്പാലഓൻ' എന്നും വാക്യത്തിന് 'പാസോക്കോ' എന്നും ജ്ഞാനസ്നാനത്തിന് 'മാമൂദീസാ' എന്നും പഴയനിയമത്തിന് 'ഒറേത്ത' എന്നും സങ്കീർത്തനത്തിന് 'മസുമൂർ' എന്നും മറ്റുമുള്ള സുറിയാനി പദങ്ങൾ തന്നെ അതേപടി മലയാളത്തിൽ അച്ചടിച്ചിരിക്കുകയാണ്. സുറിയാനിയിൽ നിന്നും മലയാളത്തിലേക്കുള്ള നേരിട്ടുള്ള തർജ്ജിമയാണെന്ന് തെളിയിക്കുന്നതാണ് മുകളിൽപ്പറഞ്ഞ ഉദാഹരണങ്ങൾ.

5. പത്രോസ് മാർ ഒസ്താത്തിയോസിന്റെ ലേഖനം

മലങ്കര ഓർത്തഡോക്സ് സഭയിലെ 'സഞ്ചാര മിഷനറി'യും സ്ലീബാദാസ സമൂഹ സ്ഥാപകനുമായിരുന്ന പത്രോസ് മാർ ഒസ്താത്തിയോസ് 'മലങ്കരസഭാ' മാസികയിൽ (1948 പുസ്തകം 3, ലക്കം 5) 'മലയാള ഭാഷയിൽ അച്ചടിച്ച ഒന്നാമത്തെ വേദപുസ്തകം' എന്ന ലേഖനത്തിൽ കായംകുളം ഫീലിപ്പോസ് റമ്പാന്റെ പരിഭാഷയെക്കുറിച്ച് വിവരിച്ചിട്ടുണ്ട്.

6. പി. വി. മാത്യുവിന്റെ റമ്പാൻ ബൈബിൾ പുനഃപ്രസാധനം

1811-ൽ പ്രസിദ്ധീകരിച്ച ഫീലിപ്പോസ് റമ്പാന്റെ ബൈബിളിന് ഒരു രണ്ടാം പതിപ്പ് ഉണ്ടായത് 1996-ലാണ്. പി. വി. മാത്യു എറണാകുളമാണ് പുനഃപ്രകാശനം നടത്തിയത്. പ്രസ്തുത ഗ്രന്ഥത്തിന്റെ ആമുഖത്തിൽ അദ്ദേഹം എഴുതുന്നു: 'അരാമെക്ക്' (സുറിയാനി) വേദഗ്രന്ഥത്തിൽ നിന്നും നാലു സുവിശേഷങ്ങൾ കായംകുളം ഫീലിപ്പോസ് റമ്പാൻ മലയാളത്തിലേക്ക് തർജ്ജിമ ചെയ്യുകയാൽ ആ സുവിശേഷഗ്രന്ഥം 'റമ്പാൻ ബൈബിൾ' എന്നും അറിയപ്പെട്ടിരുന്നു.'

7. പ്രൊഫ. എൻ. വി. രാമസ്വാമി അയ്യരുടെ ലേഖനം

എറണാകുളം മഹാരാജാസ് കോളജ് ഇംഗ്ലീഷ് പ്രൊഫസറും പ്രസിദ്ധ ഭാഷാശാസ്ത്രജ്ഞനുമായിരുന്ന എൻ. വി. രാമസ്വാമിഅയ്യർ 1941-ൽ "New India Antiqury" എന്ന ഗവേഷണ പ്രസിദ്ധീകരണത്തിൽ "Eighteenth century malayalam prose written by christians" എന്ന പേരിൽ ദീർഘമായ ഒരു ലേഖനം അദ്ദേഹം എഴുതിയിരുന്നു. കരിയാറ്റിൽ മല്പാന്റെ വേദതർക്കം, പാറേമ്മാക്കൽ തോമ്മാ കത്തനാരുടെ 'വർത്തമാനപുസ്തകം', ക്ലമന്റ് പിയാനിയൂസിന്റെ 'സംക്ഷേപവേദാർത്ഥം', ഫീലിപ്പോസ് റമ്പാന്റെ 'കുറിയർ ബൈബിൾ' എന്നിവ സവിശേഷ പഠനത്തിന് വിധേയമാക്കിയിരിക്കുന്നു. മലയാളഗദ്യത്തിന്റെ വികാസപരിണാമചരിത്രം അന്വേഷിക്കുന്നവർക്ക് അവഗണിക്കാൻ ആവാത്ത അതിവിശിഷ്ട കൃതിയാണ് കായംകുളം ഫീലിപ്പോസ് റമ്പാന്റെ ബൈബിൾ വിവർത്തനം.

കായംകുളം ഫീലിപ്പോസ് റമ്പാൻ പ്രഥമ ബൈബിൾ വിവർത്തകൻ: ഡോ. സാമുവൽ ചന്ദനപ്പള്ളി

ഡോ. സാമുവൽ ചന്ദനപ്പള്ളി ആധികാരികമായ പഠനത്തിനും ഗവേഷണത്തിനും ശേഷം രചിച്ച 'കായംകുളം ഫീലിപ്പോസ് റമ്പാൻ പ്രഥമ ബൈബിൾ വിവർത്തകൻ' എന്ന ഗ്രന്ഥത്തിൽ കായംകുളം ഫീലിപ്പോസ് റമ്പാനാണ് പ്രഥമ ബൈബിൾ വിവർത്തകനെന്ന് ആധികാരികമായ തെളിവുകളുടെ വെളിച്ചത്തിൽ സമർത്ഥിച്ചിട്ടുണ്ട്.

മലയാളത്തിലേക്കുള്ള ആദ്യ പരിഭാഷ കായംകുളം ഫീലിപ്പോസ് റമ്പാൻ 1811-ൽ സുറിയാനിയിൽ നിന്ന് രൂപപ്പെടുത്തി ബോംബെയിൽ അച്ചടിച്ചുവെന്ന് ഡി. ബാബുപോൾ *വേദശബ്ദരത്നാകരം ബൈബിൾ നിഘണ്ടു*വിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 1841-ൽ ബഞ്ചമിൻ ബെയ്‌ലിയുടെ വിവർത്തനമുണ്ടായെന്നും 1854-ൽ ഗുണ്ടർട്ടിന്റെ പുതിയ നിയമ പരിഭാഷ പുറത്തുവന്നതായും 1910-ൽ ആധികാരികമായ ബൈബിൾ വിവർത്തനം 'സത്യവേദപുസ്തകം' എന്ന പേരിൽ നിലവിൽ വന്നതായും അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു.

ജെ. സി. ദേവിന്റെ "ക്രൈസ്തവസഭ ഇരുപതു നൂറ്റാണ്ടുകളിലൂടെ" എന്ന ഗ്രന്ഥത്തിൽ മലയാളം ബൈബിളിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ സുവിശേഷത്തിന്റെ ചരിത്രത്തിന് നൂറ്റാണ്ടുകളുടെ പഴക്കം ഉണ്ടെങ്കിലും 1811 വരെ മലയാളത്തിൽ വേദപുസ്തകമോ അതിന്റെ ഭാഗമോ ഉണ്ടായിരുന്നില്ല. 1806-ൽ കേരളത്തിൽ വന്ന ക്ലോഡിയസ് ബുക്കാനനാണ് മലയാളത്തിൽ വേദപുസ്തകം പ്രസിദ്ധീകരിക്കുന്നതിന് ശ്രമിച്ചത്. 1811-ൽ ബോംബെയിലെ 'കുറിയർ' പ്രസ്സിൽ മലയാളഭാഷയിൽ ആദ്യമായി ബൈബിളിലെ സുവിശേഷങ്ങൾ അച്ചടിച്ചുവെന്നും പ്രസ്തുത

ഗ്രന്ഥത്തിൽ പറയുന്നു. ബുക്കാനന് പ്രാധാന്യം ലഭിക്കുന്നതിനുവേണ്ടി ഫീലിപ്പോസ് റമ്പാന്റെ പേര് പരാമർശിച്ചിട്ടില്ലെന്നുള്ളതും ശ്രദ്ധേയമാണ്. പക്ഷേ അവിടെയും 1811-ലെ ബൈബിൾ വിവർത്തനത്തെ അംഗീകരിച്ചതായി കാണാം.

എന്നാൽ ഫാ. ഡോ. ജോസഫ് ചീരൻ 'പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമനും 1811-ലെ മലയാള ബൈബിളും' എന്ന പുസ്തകം 2010-ലും 'മലയാളം ബൈബിളും കേരള നവോത്ഥാനവും' എന്ന പുസ്തകം 2011-ലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബൈബിൾ വിവർത്തനത്തിനുവേണ്ടി ബുക്കാനന്റെ നിർദ്ദേശപ്രകാരം ആറാം മാർത്തോമ്മാ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ, കായംകുളം ഫീലിപ്പോസ് റമ്പാൻ, തിമ്മയ്യാപ്പിള്ള എന്നീ മൂന്നു പേരെ ചുമതല ഏൽപ്പിച്ചതായി പറയുന്നു. പുലിക്കോട്ടിൽ ഇട്ടൂപ്പ് മൽപ്പാന്റെ പ്രാധാന്യം എടുത്തു കാണിക്കുകയാണ് രണ്ടു പുസ്തകങ്ങളുടെയും ദൗത്യം എന്ന് വരികൾക്കിടയിലൂടെ വായിക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കും. എന്നാൽ ഈ പുസ്തകങ്ങളിലും കായംകുളം ഫീലിപ്പോസ് റമ്പാന്റെ പങ്ക് വിസ്മരിക്കുന്നില്ലെന്നുള്ളത് എടുത്തു പറയേണ്ട വസ്തുതയാണ്. വിവർത്തകരിൽ കായംകുളം ഫീലിപ്പോസ് റമ്പാനു മാത്രമായിരുന്നു അന്ന് റമ്പാൻ സ്ഥാനം ഉണ്ടായിരുന്നത്. 'റമ്പാൻ ബൈബിളെ'ന്ന് അതറിയപ്പെടണമെങ്കിൽ കായങ്കുളം ഫീലിപ്പോസ് റമ്പാന്റെ പ്രാധാന്യം എത്രമാത്രമുണ്ടെന്ന് എടുത്തുപറയേണ്ട ആവശ്യമില്ല. തമിഴുമായി ഇടകലർന്ന മലയാളഭാഷയിലേക്ക് വിവർത്തനത്തിന് തിമ്മയ്യാപ്പിള്ളയുടെ സഹായം കാര്യമായി ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ അന്വേഷണങ്ങൾ ഇനിയും നടക്കേണ്ടതുണ്ട്. ഒരാളുടെ പ്രാധാന്യം ഇടിച്ചു താഴ്ത്തി മറ്റൊരാളെ പ്രതിഷ്ഠിക്കുകയല്ല, മറിച്ച് സുറിയാനി ക്രിസ്ത്യാനികൾക്ക് എന്നും അഭിമാനിക്കുവാൻ വക നൽകുന്ന ബൈബിൾ വിവർത്തനത്തിന് പ്രാധാന്യം കൊടുക്കുകയാണ് കാലഘട്ടത്തിന്റെ ആവശ്യം.

മലങ്കരസഭാ മാസികയിൽ ഡോ. സിബി തരകൻ എഴുതിയ "റമ്പാൻ ബൈബിൾ ഒരു ചരിത്രാന്വേഷണം" (2011 മാർച്ച് ലക്കം), "പരിഭാഷകൻ ഫീലിപ്പോസ് റമ്പാൻ തന്നെ" എന്ന ഡോ. കുര്യൻ തോമസിന്റെ ലേഖനം തുടങ്ങി കഴിഞ്ഞ ഏതാനും വർഷങ്ങളായി വന്നുകൊണ്ടിരിക്കുന്ന പല ലേഖനങ്ങളും കായംകുളം ഫീലിപ്പോസ് റമ്പാൻ തന്നെയാണ് വിവർത്തകൻ എന്നു തെളിയിക്കുന്നതാണ്.

നമ്മുടെ സഭയുടെ ഏറ്റവും വലിയ ഒരു സമ്പത്തായിരുന്നു കായംകുളം ഫീലിപ്പോസ് റമ്പാനെന്നുള്ളത് സംശയമില്ലാത്ത കാര്യമാണ്. അദ്ദേഹത്തിന്റെ കബറിടം കണ്ണംകോട് പള്ളിയിൽ സ്ഥിതിചെയ്യുന്നു. ഫീലിപ്പോസ് റമ്പാനെക്കുറിച്ച് സഭാതലത്തിൽ കൂടുതൽ പഠനം നടത്തി

അദ്ദേഹത്തിന് അർഹമായ പ്രാധാന്യം കൊടുക്കണം. സുറിയാനിക്കാരുടെ അഭിമാനമായി ബൈബിൾ വിവർത്തനത്തെ കാണണം. സത്യം മറ്റൊന്നാണെന്ന് ശാസ്ത്രീയമായി തെളിയിക്കുവാൻ കഴിയാത്തിടത്തോളം കാലം കായംകുളം ഫീലിപ്പോസ് റമ്പാൻ വിവർത്തനം ചെയ്ത 'റമ്പാൻ ബൈബിൾ' റമ്പാൻ ബൈബിളായിത്തന്നെ തുടരട്ടെ.

സൂചിക

1. കായംകുളം ഫീലിപ്പോസ് റമ്പാൻ പ്രഥമ ബൈബിൾ വിവർത്തകൻ: ഡോ. സാമുവൽ ചന്ദനപ്പള്ളി, സീഡിസ് ബുക്സ്, ചന്ദനപ്പള്ളി, 1997.
2. 'റമ്പാൻ ബൈബിൾ: ഒരു ചരിത്രാന്വേഷണം', ഡോ. സിബി തരകൻ, മലങ്കരസഭാ മാസിക, 2011 മാർച്ച് ലക്കം.
3. 'പരിഭാഷകൻ ഫീലിപ്പോസ് റമ്പാൻ തന്നെ', ഡോ. എം. കുര്യൻ തോമസ്, മലങ്കരസഭ, 2011 മെയ് ലക്കം.
4. 'റവ. ബുക്കാനന്റെ സന്ദർശനത്തിന് ഇരുന്നൂറ് വർഷം', ഡബ്ലിയു. സി. കെ റോയി, മലയാള മനോരമ, 2006 നവം. 12.
5. "പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമനും 1811-ലെ മലയാളം ബൈബിളും", ഫാ. ഡോ. ജോസഫ് ചീരൻ, എം. ജെ. ഡി. പബ്ലീഷിംഗ് ഹൗസ്, കുന്നംകുളം, 2010.
6. "മലയാളം ബൈബിളും കേരള നവോത്ഥാനവും", ഫാ. ഡോ. ജോസഫ് ചീരൻ, എം. ജെ. ഡി. പബ്ലീഷിംഗ് ഹൗസ്, കുന്നംകുളം, 2011.
7. "വേദശബ്ദ രത്നാകരം ബൈബിൾ നിഘണ്ടു", ഡോ. ഡി. ബാബുപോൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997.
8. "ക്രൈസ്തവസഭ ഇരുപതു നൂറ്റാണ്ടുകളിലൂടെ", ജെ. സി. ദേവ്, ജി. എൽ. എസ്. പബ്ലീഷിംഗ്, പത്തനംതിട്ട, 2002.
9. "മലങ്കര ഓർത്തഡോക്സ് സഭാവിജ്ഞാനകോശം", ഓർത്തഡോക്സ് സെമിനാരി, കോട്ടയം, 1993.

❑

കായംകുളം ഫീലിപ്പോസ് റമ്പാനും ബൈബിൾ വിവർത്തനവും

ഫാ. പി. ജി. കുര്യൻ

ഏകദേശം 600 വർഷങ്ങൾക്കു മുമ്പ്, ഭാരതത്തിന്റെ അപ്പോസ്തോലനായ വി. മാർത്തോമ്മാശ്ലീഹായുടെ നാമത്തിൽ സ്ഥാപിതമായ കണ്ണംകോട് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ ചരിത്രത്തിന്റെ സുവർണ്ണാദ്ധ്യായം 200 വർഷങ്ങൾക്കു മുമ്പ് വന്ദ്യ കായംകുളം ഫീലിപ്പോസ് റമ്പാനിൽ ആരംഭിക്കുന്നു.

മലയാള വിവർത്തന സാഹിത്യത്തിൽ അദ്വിതീയനായ കായംകുളം ഫീലിപ്പോസ് റമ്പാൻ മണങ്ങനഴികത്ത് കുടുംബത്തിൽ ഫീലിപ്പോസിന്റെയും ആച്ചിയമ്മയുടെയും മകനായി ജനിച്ചു. ഫീലിപ്പോസ് സ്വഭാവനൈർമല്യമുള്ള ഒരു ബാലനായിരുന്നു. സ്വഭവനത്തിൽ നിന്നും ഒരു വിളിപ്പാടകലെ സ്ഥിതിചെയ്യുന്ന കായംകുളം കാദീശാപ്പള്ളിയിലെ വിശുദ്ധ ആരാധനയിലും സായാഹ്നസന്ധ്യകളിലെ പ്രാർത്ഥനകളിലും മുടങ്ങാതെ പങ്കെടുക്കുക ഫീലിപ്പോസിന്റെ ജീവിതത്തിന്റെ ഭാഗമായി മാറി. ബുദ്ധിശക്തിയിലും വിജ്ഞാനത്തിലും സവിശേഷത പ്രകടിപ്പിച്ചിരുന്ന ബാലനെ അദ്ധ്യാത്മികപഥത്തിലേക്ക് കുടുംബാംഗങ്ങൾ തിരിച്ചുവിട്ടു. ഒരു ശെമ്മാശ്ശനായിരിക്കെത്തന്നെ മലങ്കരസഭയിലെ സുറിയാനിഭാഷാ പണ്ഡിതനെന്ന ഖ്യാതി നേടി.

ഇക്കാലത്തു പുതിയനിയമത്തിലെ നാലു സുവിശേഷങ്ങൾ സുറിയാനിഭാഷയിൽ സ്വന്തം കൈയക്ഷരത്തിൽ ശെമ്മാശൻ എഴുതിത്തീർത്തു. മലയാള വേദപുസ്തകം പ്രചാരത്തിലില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ സുറിയാനി കൈയെഴുത്തു ഗ്രന്ഥങ്ങളായിരുന്നു ജനങ്ങൾക്ക് ഏകാശ്രയം. അവ വായിച്ച് പൊരുളു തിരിച്ചുകൊടുക്കുന്ന പാരമ്പര്യമാണ് ഇവിടെ നിലവിലിരുന്നത്. അചിരേണ ശെമ്മാശൻ വൈദികനായി. ഫീലിപ്പോസ് കത്തനാരുടെ അസാധാരണമായ കഴിവും അപാരമായ പാണ്ഡിത്യവും അറിഞ്ഞനുഭവിച്ചിരുന്ന വലിയ മാർ ദീവന്നാസ്യോസ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ആറാം മാർത്തോമ്മാ (1765-1808) റമ്പാൻ പദവിയിലേക്ക് ഉയർത്തി. മതം, ധനം, സ്വാധീനം ഇവ അന്ധനാക്കിത്തീർത്ത അത്മായ നേതാവ് മാത്തൂത്തരകൻ നസ്രാണികളുടെ ആത്മീയ മേലദ്ധ്യക്ഷനായിരുന്ന മാർ ദീവന്നാസ്യോസിനെ വരച്ചവരയിൽ നിർത്തുവാൻ ശ്രമം ആരംഭിച്ചപ്പോൾ ഫീലിപ്പോസ് റമ്പാനെയും വരുത്തി ഞെരുക്കം ചെയ്യണമെന്ന് തീരുമാനിച്ചു. ദൈവനിയോഗത്താൽ റമ്പാൻ രക്ഷപ്പെട്ടു.

മാത്തുത്തരകന്റെ പീഡനത്തിൽ നിന്നും ആറാം മാർത്തോമ്മാ മോചിതനായശേഷം മാർ ദീവന്നാസ്യോസും ബുക്കാനനും ആയുള്ള കൂടിക്കാഴ്ചയെ തുടർന്ന് വേദപുസ്തകം മലയാളത്തിലേക്ക് വിവർത്തനം ചെയ്യുവാനുള്ള ഉടമ്പടി ഉണ്ടാക്കുകയും അത് നിർവ്വഹിപ്പാനുള്ള പ്രധാന ചുമതല മാർ ദീവന്നാസ്യോസ് തിരുമേനി കായംകുളം ഫീലിപ്പോസ് റമ്പാനെ ഭരമേൽപ്പിക്കുകയും ചെയ്തു. അങ്ങനെ ബൈബിൾ പരിഭാഷയിൽ റമ്പാൻ സർവ്വശ്രദ്ധയും കേന്ദ്രീകരിച്ചു. പുതിയനിയമത്തിലെ നാല് സുവിശേഷങ്ങളുടെ ഒന്നാമത്തെ മലയാള പരിഭാഷ 1807-ൽ സുറിയാനി വേദഗ്രന്ഥത്തിൽ നിന്നും കായംകുളം ഫീലിപ്പോസ് റമ്പാൻ നിർവഹിച്ചു.

റവ. ഡോ. ബുക്കാനൻ 1808-ൽ ബംഗാളിൽ നിന്നും ഇംഗ്ലണ്ടിലേക്ക് തിരികെ പോകുന്നവഴി, രണ്ടാമതും കേരളത്തിൽ വരികയും ഇവിടെ നിന്നും ഗോവാ വഴി ബോംബെയിൽ എത്തിയശേഷം തന്റെ കൈവശം ഉണ്ടായിരുന്ന നാല് സുവിശേഷങ്ങളുടെ കൈയെഴുത്ത്പ്രതി അവിടെ കൂറിയർ അച്ചടിശാലയിൽ ഏല്പിച്ചിട്ട് അദ്ദേഹം കപ്പൽ കയറി ഇംഗ്ലണ്ടിലേക്ക് പോകുകയും ചെയ്തു. ഈ മലയാള സുവിശേഷ ഗ്രന്ഥത്തിന്റെ ഓരോ താളുകളുടേയും കല്ലച്ച് (ബ്ലോക്ക്) ബോംബെ കൂറിയർ പ്രസ്സിൽ ഉണ്ടാക്കി അച്ചടിക്കേണ്ടി വന്നതിനാൽ ഈ സുവിശേഷ പുസ്തകത്തിന്റെ അച്ചടി 1811-ൽ മാത്രമേ പൂർത്തീകരിക്കാൻ സാധിച്ചുള്ളൂ. അപ്രകാരം അച്ചടിച്ചതിനാൽ കായംകുളം ഫീലിപ്പോസ് റമ്പാന്റെ വടിവൊത്ത കയ്യക്ഷരം ഈ മലയാള സുവിശേഷ പുസ്തകത്തിൽ (റമ്പാൻ ബൈബിളിൽ) കൂടി അതേപടി ഇന്നും നിലനില്ക്കുന്നു.

1811-ൽ അച്ചടി പൂർത്തിയായ സുവിശേഷഗ്രന്ഥത്തിന്റെ 100 പ്രതികൾ അക്കാലത്ത് തിരുവിതാംകൂർ റസിഡന്റായിരുന്ന കേണൽ മൺറോ, മലങ്കര മെത്രാപ്പോലീത്താ എട്ടാം മാർത്തോമ്മായെ ഏല്പിക്കുകയും അദ്ദേഹം അത് പള്ളികളിൽ വിതരണം ചെയ്യുകയുമുണ്ടായി. കേരളത്തിൽ മലയാളത്തിൽ അച്ചടിച്ച പുസ്തകങ്ങളിൽ ഏറ്റവും പഴക്കമേറിയത് ഈ സുവിശേഷഗ്രന്ഥമാണ്.

റവ. ഡോ. ബുക്കാനൻ ഇംഗ്ലണ്ടിൽ എത്തിയശേഷം എഴുതി പ്രസിദ്ധീകരിച്ച 'Christian Researches in Asia' എന്ന ഗ്രന്ഥത്തിൽ താൻ സന്ദർശിച്ച മദ്ധ്യതിരുവിതാംകൂറിലെ എട്ട് നസ്രാണി പള്ളികളെക്കുറിച്ചുള്ള വിവരങ്ങൾ വിശദമായി കൊടുത്തിരുന്നു. ഈ പുസ്തകത്തിന്റെ പന്ത്രണ്ട് പതിപ്പുകൾ അച്ചടിച്ചു പ്രസിദ്ധീകരിച്ചിരുന്നു. അതിൽ കൊടുത്തിരുന്ന വിവരങ്ങൾ വായിച്ചറിഞ്ഞശേഷമാണ് ആംഗ്ലിക്കൻ മിഷനറിമാർ മലങ്കരയിൽ വരുവാൻ തയാറായതും അപ്രകാരം വന്നതും.

1811-ൽ അച്ചടിച്ച റമ്പാൻ ബൈബിളിനു ശേഷം 1829-ൽ റവ.

ബെഞ്ചമിൻ ബെയ്‌ലിയും നാട്ടുഭാഷാ പണ്ഡിതനായിരുന്ന ചാത്തുമേനോനും ചേർന്ന് കോട്ടയം സി. എം. എസ്സ്. പ്രസ്സിൽ 'പുതിയനിയമ പുസ്തകം' അച്ചടിച്ചു. ഇവർതന്നെ 1841-ൽ 'സത്യവേദപുസ്തകം' എന്ന പേരിൽ പൂർണ്ണ വേദപുസ്തകം പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിനെ ബെയ്‌ലിബൈബിൾ എന്നും അറിയപ്പെട്ടിരുന്നു. ബെയ്‌ലി ബൈബിളിന്റെ പ്രതികൾ ധാരാളമായി ലഭ്യമായിരുന്നതിനാൽ അവ കേരളത്തിലെ എല്ലാ വിഭാഗം ക്രിസ്ത്യാനികളും വാങ്ങി വായിക്കുവാൻ തുടങ്ങിയതോടുകൂടി റമ്പാൻ ബൈബിൾ വിസ്മരിക്കപ്പെട്ടുപോകുകയോ, പുറംതള്ളപ്പെടുകയോ ചെയ്തു. ആയതിനാൽ റമ്പാൻ ബൈബിളിന്റെ പുനഃപ്രസിദ്ധീകരണം സാദ്ധ്യമാകേണ്ടിയിരിക്കുന്നു.

റമ്പാൻ ബൈബിളിന്റെ പരിഭാഷകൻ കായംകുളം ഫീലിപ്പോസ് റമ്പാൻ എന്നതിൽ രണ്ടു പക്ഷമില്ല. ചരിത്രങ്ങളും രേഖകളും അവയ്ക്കു പിൻബലം നൽകുന്നു. 1873-ൽ പ്രസിദ്ധീകരിച്ച തോമസ് വൈറ്റ് ഹൗസിന്റെ ഗ്രന്ഥത്തിലും, പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസിന്റെ "ഇന്ത്യയിലെ സുറിയാനിസഭാ ചരിത്രം" എന്ന കൃതിയിലും *നിരണം ഗ്രന്ഥവരി*യിലും, പാമ്പാക്കുട പാലപ്പള്ളിലച്ചന്റെ കുറിപ്പിലും, W. J. റിച്ചാർഡിന്റെ Indian Christians of St. Thomas എന്ന ഗ്രന്ഥത്തിലും പരിഭാഷകൻ കായംകുളം ഫീലിപ്പോസ് റമ്പാൻ തന്നെ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

ദൈവത്തിനുവേണ്ടിയും സഭയ്ക്കുവേണ്ടിയും സമൂഹത്തിനു വേണ്ടിയും എരിഞ്ഞണഞ്ഞ കായംകുളം ഫീലിപ്പോസ് റമ്പാനെ എന്നും സ്മരിക്കുവാൻ ക്രൈസ്തവസമൂഹത്തിനും പ്രത്യേകാൽ ഓർത്തഡോക്സ് സുറിയാനി സഭയ്ക്കും കടമയും കടപ്പാടും ഉണ്ട്.

❑

കായംകുളം ഫീലിപ്പോസ് റമ്പാനെ ആകർഷിച്ച കണ്ണകോട്ടുപള്ളി

കെ. ജെ. ജോൺ കാഞ്ഞിരക്കാട്ട്

മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ നിലയ്ക്കൽപള്ളിയിൽ നിന്നും എ.ഡി. 325-ൽ കടമ്പനാടു സ്ഥാപിതമായ ദേവാലയത്തിന്റെ ഒരു കുരിശുപള്ളിയായി സ്ഥാപിക്കപ്പെട്ടതാണ് കണ്ണംകോട് സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി. ഏതു വർഷം ഇവിടെ കുരിശു സ്ഥാപിച്ച് താല്ക്കാലിക ദേവാലയം ഉണ്ടായി എന്ന രേഖകൾ കടമ്പനാട്ടോ, കണ്ണ ങ്കോട്ടുപള്ളിയിലോ സഭാകേന്ദ്രങ്ങളിലോ ലഭ്യമല്ല. ഏതാനും ചരിത്രകാ രന്മാരുടെ എഴുത്തുകളുടെ വെളിച്ചത്തിൽ എ.ഡി. 1450-നും 1500-നും ഇടയ്ക്കുള്ള കാലഘട്ടത്തിലാകാം പള്ളി സ്ഥാപിച്ചത് എന്ന് അനുമാനി ക്കുന്നു.

അടൂരും സമീപപ്രദേശങ്ങളിലേയും കലഞ്ഞൂർ വരെയുള്ള സ്ഥല വാസികൾ ഉൾപ്പെടുന്ന അന്നത്തെ കാലത്തെ വളരെ കുറച്ചു മാത്രമാ യിരുന്ന കുടുംബങ്ങൾക്ക് ആരാധിക്കുവാൻ മാത്രം സൗകര്യപ്രദമായി രുന്ന ഒരു ചെറിയ ചാപ്പൽ മാത്രമായിരുന്നു ആദ്യ ദേവാലയം. ഇപ്പോ ഴത്തെ പള്ളിയുടെ തെക്കുഭാഗത്തുള്ള സെമിത്തേരിയുടെ ഭാഗത്തായി രുന്നു ആദ്യം ദേവാലയം സ്ഥാപിക്കപ്പെട്ടത്. പള്ളി ഇവിടെ സ്ഥാപിക്കു മ്പോൾ കടമ്പനാട്ടുപള്ളിയിൽ ആരാധന അനുഷ്ഠിച്ചിരുന്ന വൈദികർ ഇവിടെയും ആരാധന നടത്തിവന്നു. കാലങ്ങൾ പിന്നിട്ടപ്പോൾ ഇപ്പോ ഴത്തെ ദേവാലയം നില്ക്കുന്ന സ്ഥാനത്ത് കടമ്പനാടു പള്ളിയുടെ മാതൃ കയിൽ ദേവാലയം പുതുക്കിപണിതു. കൂടുതൽ സൗകര്യപ്രദമായ ദേവാ ലയം ഉണ്ടാകണം എന്ന ആശയം ഉടലെടുത്തപ്പോൾ 1960 മെയ് മാസ ത്തിൽ രണ്ടാം ഘട്ട ദേവാലയം പൊളിച്ചു മാറ്റി ഇന്നു കാണുന്ന മൂന്നാം ഘട്ട ദേവാലയത്തിനു നവംബർ 11-ാം തീയതി പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് ശിലാ സ്ഥാപനം നടത്തുകയും പണികൾ പൂർത്തീകരിച്ച് 1970 നവംബർ 10, 11 തീയതികളിൽ പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോ ലിക്കാബാവാ തിരുമനസ്സുകൊണ്ട് കൂദാശ ചെയ്യുകയും ചെയ്തു. ഈ ദേവാലയത്തെ 2005 നവംബർ 27-ന് പരിശുദ്ധ ബസേലിയോസ് ദിദി മോസ് പ്രഥമൻ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് കത്തീഡ്രൽ പദവിയിലേക്കുയർത്തി. ഈ ദേവാലയം അടൂരും സമീപപ്രദേശങ്ങളി ലുമുള്ള അനേകം ദേവാലയങ്ങളുടെ മാതൃസ്ഥാനം അലങ്കരിക്കുന്നതോ ടൊപ്പം അടൂരിലെ ആദ്യ ക്രൈസ്തവ ദേവാലയമായി അറിയപ്പെടുകയും

ചെയ്യുന്നു. അർക്കദിയാക്കോന്മാരുടെ ഭരണകാലത്തു തുടങ്ങിയ ഈ ദേവാലയത്തിൽ തുടർന്നുള്ള കാലാകാലങ്ങളിൽ മലങ്കര മെത്രാപ്പോലീത്താമാർ, പ. പരുമല തിരുമേനി, കാതോലിക്കാബാവാമാർ, മെത്രാപ്പോലീത്താമാർ, വൈദികശ്രേഷ്ഠർ എന്നിവർ താമസിച്ച് ഇടവകയെ അനുഗ്രഹിച്ചിട്ടുണ്ട്.

1599-ൽ കൂടിയ ഉദയംപേരൂർ സുന്നഹദോസിൽ സംബന്ധിച്ച 106 പള്ളികളുടെ ലിസ്റ്റിൽ കണ്ണകോടു പള്ളിയുടെ പേരു കാണാത്തത് അന്ന് ഈ ദേവാലയം കടമ്പനാട്ടുപള്ളിയുടെ ഒരു ചാപ്പൽ മാത്രമായിരുന്നതിനാലാവാം. സുന്നഹദോസിനു ശേഷം ആർച്ച്ബിഷപ്പ് മെനേസിസ് തെക്കൻ പള്ളികൾ സന്ദർശിച്ചതിൽ കുണ്ടറ, കടമ്പനാട്, ചെങ്ങന്നൂർ, മാവേലിക്കര മുതലായ സമീപ ദേവാലയങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. 1876-ൽ കൂടിയ മുളന്തുരുത്തി സുന്നഹദോസിൽ മലങ്കരയിലെ 103 പള്ളികളിൽ നിന്ന് 130 വൈദികരും 144 അത്മായക്കാരും പങ്കെടുത്തവരിൽ കണ്ണകോടു പള്ളിയുടെ പ്രതിനിധിയായി അന്നത്തെ പള്ളി കൈക്കാരൻ ആയിരുന്ന കള്ളോട്ട് കുഞ്ഞുകോശി സംബന്ധിച്ചിരുന്നു. ഈ ദേവാലയത്തിൽ നിന്നും ആദ്യമായി പിരിഞ്ഞുപോയത് പെരിങ്ങനാട് മർത്തശ്മൂനി പള്ളിയും അവസാനമായി 1950-ൽ പിരിഞ്ഞുപോയത് കൊറ്റനല്ലൂർ മർത്തശ്മൂനി പള്ളിയുമാണ്. അന്ന് ഈ ഇടവകയിൽ ശേഷിച്ച 212 കുടുംബങ്ങൾ ഇന്ന് 900-ത്തോളം കുടുംബങ്ങളായി വർദ്ധിച്ച് കോട്ടമുകളിലും പന്നിവിഴയിലുമായി രണ്ടു ചാപ്പലുകളുമായി രണ്ടു വൈദികരുടെ നേതൃത്വത്തിൽ ദൈവത്തിന്റെ അളവറ്റ കൃപയിൽ നടന്നുവരുന്നു.

കായംകുളം ഫീലിപ്പോസ് റമ്പാൻ

വിശുദ്ധ വേദപുസ്തകത്തിലെ പുതിയനിയമത്തിൽ കൊടുത്തിട്ടുള്ള യേശുക്രിസ്തുവിന്റെ ജീവചരിത്രമടങ്ങുന്ന നാലു സുവിശേഷങ്ങളുടെ ഒന്നാമത്തെ മലയാള പരിഭാഷ കായംകുളത്തു മണങ്ങനഴികത്തു ഫീലിപ്പോസ് റമ്പാൻ 1807-ൽ നിർവഹിച്ചു. അരാമെയ്ക്ക് വേദഗ്രന്ഥത്തിൽ നിന്നും നേരിട്ടുള്ള പരിഭാഷയായിരുന്നു അത്. കൽക്കട്ടാ ഫോർട്ടു വില്യം കോളജിന്റെ ഉപപ്രധാനാധികാരിയായിരുന്ന ഡോ. ക്ലോഡിയസ് ബുക്കാനന്റെ അഭിപ്രായപ്രകാരവും വലിയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (ആറാം മാർത്തോമ്മാ) യുടെ നിർദ്ദേശപ്രകാരവുമാണ് ഫീലിപ്പോസ് റമ്പാൻ ഈ മഹത്തായ കൃത്യം നിർവഹിച്ചത്. ബോംബെ കൂറിയർ പ്രസ്സിൽ 1811-ൽ അച്ചടി പൂർത്തിയാക്കിയ സുവിശേഷഗ്രന്ഥത്തിന്റെ 100 പ്രതികൾ അക്കാലത്തെ തിരുവിതാംകൂർ റസിഡന്റായിരുന്ന കേണൽ മൺറോ അക്കാലത്തെ മലങ്കര മെത്രാപ്പോലീത്തായായിരുന്ന എട്ടാം മാർത്തോമ്മായെ ഏൽപ്പിക്കുകയും അദ്ദേഹം അവ പള്ളികളിൽ വിതരണം ചെയ്യുകയുമുണ്ടായി. കേരളത്തിൽ മലയാളത്തിൽ അച്ചടിച്ച

പുസ്തകങ്ങളിൽ ഏറ്റവും പഴക്കമേറിയ ഗദ്യപുസ്തകം ഈ സുവിശേഷഗ്രന്ഥമാണ്. ഇതിനുശേഷം പ്രചാരത്തിൽ വന്ന മലയാളം വേദപുസ്തകം ആംഗ്ലിക്കൻ മിഷനറി റവ. ബെഞ്ചമിൻ ബെയിലിയും നാട്ടുഭാഷാ പണ്ഡിതനായിരുന്ന ചാത്തുമേനോനും (പിന്നീട് ക്രിസ്ത്യാനിയായശേഷം ജോസഫ് ഫെൻ എന്ന പേരു സ്വീകരിച്ച ആൾ) ചേർന്ന് വിവർത്തനം ചെയ്ത് 1829-ൽ കോട്ടയത്ത് സി.എം.എസ്സ്. പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ച "പുതിയനിയമ" പുസ്തകമാണ്. പിന്നീട് ഇവർ തന്നെ പൂർണ്ണ വേദപുസ്തകം മലയാളത്തിലേക്കു തർജ്ജമ ചെയ്യുകയും 1841-ൽ സി.എം.എസ്സ്. പ്രസ്സിൽ തന്നെ അച്ചടിച്ച് പ്രസിദ്ധീകരിക്കുകയുമുണ്ടായി. ഈ വേദപുസ്തകമാണ് "സത്യവേദപുസ്തകം" എന്ന് അറിയപ്പെടുന്നത്. ഈ പുസ്തകം റവ. ബെയ്ലി ഇംഗ്ലീഷ് ബൈബിളിൽ നിന്ന് വിവർത്തനം ചെയ്യുകയാൽ "ബെയ്ലി ബൈബിൾ" എന്ന് അറിയപ്പെട്ടു വന്നിരുന്നു. ബെയ്ലി ബൈബിളിന്റെ പ്രതികൾ ധാരാളമായി ലഭ്യമായിരുന്നതിനാൽ അവ കേരളത്തിലെ എല്ലാ വിഭാഗം ക്രിസ്ത്യാനികളും വാങ്ങി വായിക്കുവാൻ തുടങ്ങിയതോടുകൂടി റമ്പാൻ ബൈബിൾ വിസ്മരിക്കപ്പെട്ടുപോകുകയോ പുറംതള്ളപ്പെടുകയോ ചെയ്തു.

ഇന്ന് കത്തോലിക്കാസഭയ്ക്കും പാത്രിയർക്കീസ് വിഭാഗത്തിനും അവരുടേതായ വേദപുസ്തകമുണ്ട്. എന്നാൽ ഏറ്റവും പുരാതനസഭയായ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് സ്വന്തമായി ഒരു ബൈബിൾ ഇല്ലായെന്നത് ദുഃഖകരമായ സംഗതിയാണ് (മലങ്കര ഓർത്തഡോക്സ് സഭയുടേതായ ബൈബിൾ വിവർത്തനം ഇപ്പോൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു - എഡിറ്റർ). റമ്പാൻ ബൈബിളിന്റെ രണ്ടു പ്രതികൾ കൽദായ സുറിയാനി സഭാ മേലദ്ധ്യക്ഷൻ തന്റെ ഗ്രന്ഥശേഖരത്തിൽ നിന്നും എറണാകുളം സ്വദേശി പി. വി. മാത്യുവിനു നൽകിയതിനാൽ അദ്ദേഹം 1996-ൽ നാലു സുവിശേഷങ്ങൾ പുതിയ മലയാളലിപിയിൽ പുനഃപ്രസിദ്ധീകരണം നടത്തിയിട്ടുണ്ട്. ഇനിയെങ്കിലും നമ്മുടെ സഭയുടേതായി അപ്പോക്രിഫാ പുസ്തകങ്ങൾ ഉൾപ്പെടുത്തി പൂർണ്ണ വേദപുസ്തകം ഉണ്ടാക്കുന്നതിന് സഭാനേതൃത്വം താല്പര്യപ്പെട്ടാൽ നന്നായിരിക്കും.

ഫീലിപ്പോസ് റമ്പാൻ ജീവിത സായാഹ്നത്തിൽ അടൂരിൽ എത്തി. അടൂരിലെ ഏക ദേവാലയമായ കണ്ണങ്കോട് സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിമേടയിൽ താമസമാരംഭിക്കുകയും ചെയ്തു. ഇടവകജനങ്ങളുടെ സ്നേഹനിർഭരമായ സംരക്ഷണത്തിൽ സന്തുഷ്ടനായ റമ്പാച്ചൻ പ്രാർത്ഥന, ആരാധന, നോമ്പ്, ഉപവാസം എന്നിവയാൽ ധന്യമായ ജീവിതം നയിച്ചു. സംശുദ്ധ ജീവിതം നയിച്ച റമ്പാച്ചൻ കൊ. വ. 987 തുലാ മാസം 26-ാം തീയതി (1811 നവംബർ) ദൈവസന്നിധിയിലേക്ക്

യാത്രയായി. തുലാ മാസം 25, 26 തീയതികളിൽ എല്ലാ വർഷവും റമ്പാച്ചന്റെ ഓർമ്മപെരുന്നാൾ ഭക്തിപുരസരം ഈ ദേവാലയത്തിൽ നടത്തിവരുന്നു (സഭാ പ്രസിദ്ധീകരണങ്ങളിൽ റമ്പാച്ചന്റെ ചരമദിനം തുലാമാസം 28 എന്ന് പിശകായി ചേർക്കപ്പെട്ടു പോയതാണ്).

ഫീലിപ്പോസ് റമ്പാച്ചൻ കണ്ണങ്കോടു പള്ളിയിൽ താമസിക്കുന്ന കാലഘട്ടത്തിൽ ഈ ഇടവകയിൽ ദേശത്തുപട്ടക്കാരായി ഉണ്ടായിരുന്നത് തോണ്ടലിൽ കുരിയേശു കത്തനാർ, കാഞ്ഞിരക്കാടു മാത്തുണ്ണി കത്തനാർ, ചിറ്റെഴുത്തു ഇരുപ്പൂട്ടി കത്തനാർ എന്നിവരായിരുന്നു. തുടർന്നുള്ള കാലങ്ങളിലെ വൈദികർ പുത്തൻവീട്ടിൽ കുടുംബത്തിലെ മത്തായി കത്തനാർ, ഇട്ടിച്ചെറിയാ കത്തനാർ, സ്കറിയാ കത്തനാർ, കാഞ്ഞിരക്കാട്ടു കുടുംബത്തിലെ ഗീവർഗീസ് കത്തനാർ, മത്തായി കത്തനാർ, സഖറിയാ കത്തനാർ, ബ്ളാഹേത്ത് ഇടിച്ചാണ്ടി കത്തനാർ, പ്ലാത്തറ കോരുതു കുഞ്ചാണ്ടി കത്തനാർ, ചിറ്റെഴുത്തു കോരുതു കത്തനാർ, അറപ്പുരയിൽ ഗീവർഗീസ് കത്തനാർ, കൊന്നയിൽ കുടുംബത്തിലെ ഫീലിപ്പോസ് കത്തനാർ, ഏബ്രഹാം കത്തനാർ, ചാവടിയിൽ സി. റ്റി. ഈപ്പൻ കത്തനാർ എന്നിവരായിരുന്നു. കർതൃസന്നിധിയണഞ്ഞ ഈ വന്ദ്യ ആചാര്യന്മാരെ ഫീലിപ്പോസ് റമ്പാച്ചനോടൊപ്പം ഈ അവസരത്തിൽ സ്മരിക്കുന്നു. വന്ദ്യ റമ്പാച്ചന്റെ 200-ാം ചരമ ദ്വിശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിൽ ആ പുണ്യപിതാവിന്റെ സ്മരണയും മദ്ധ്യസ്ഥതയും ഇടവകയ്ക്കും സഭയ്ക്കും കാവലും കോട്ടയുമായി തീരുവാൻ സംഗതിയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

❑

സഹപ്രവർത്തകൻ: പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ

ഭാഗം അഞ്ച്

അനുബന്ധം

അനുബന്ധം - 1

സഹയാത്രികനു സ്നേഹപൂർവ്വം

പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ*

1. ഉയരത്തിന്റെയും ആഴത്തിന്റെയും ഉടയവനും അഖിലലോക സ്രഷ്ടാവുമായി തന്റെ പരാക്രമത്താൽ സർവ്വ സൃഷ്ടികളെയും രക്ഷിക്കുന്നവനും തന്റെ വിജ്ഞാനാതിരേകത്താൽ സകലത്തെയും വീണ്ടെടുക്കുന്നവനും തന്റെ മഹിമയുടെ സൗന്ദര്യത്താലും ഉണ്മയാലും മരണത്തിന്മേലും ജീവന്റെമേലും അധികാരം വഹിക്കുന്നവനുമായ ദൈവം തമ്പുരാനേ! നിന്റെ മഹാകരുണയാൽ എന്നെ താങ്ങിക്കൊള്ളേണമേ.

2. എന്റെ നാഥാ! നിന്റെ കരുണയാൽ, ഈ ലോകജീവിതത്തിൽ എന്റെ സ്നേഹിതനും സഹപ്രവർത്തകനും ആത്മീയസഹോദരനുമായി നീ ആക്കിത്തീർത്ത പിലിപ്പോസ് റമ്പാനെ മൃതലോകത്തിൽ നിന്ന് നീ ഉയിർത്തെഴുന്നേൽപ്പിക്കേണമേ. നിന്റെ കരുണയുടെ വലത്തുഭാഗത്ത്, നിന്റെ കർത്തൃത്വത്തിന്റെ വിജ്ഞാനവും കർമ്മങ്ങളും സകലരെയും സംവഹിക്കുന്ന കൃപയും പ്രശാന്തമധുരവും അമൃതനിഷ്യന്ദിയുമായ നിന്റെ വചോധാര പുറപ്പെടുന്ന നിന്റെ പ്രത്യക്ഷതയുടെ മഹാനാളിൽ നിന്റെ മുന്തിരിത്തോട്ടത്തിൽ ഒന്നിച്ച് വേലചെയ്വാനും വിശുദ്ധിയോടും വെടിപ്പോടും കൂടെ നിന്നെ പരിചരിക്കുവാനും ഞങ്ങളെ യോഗ്യരാക്കേണമേ.

3. എന്റെ നാഥാ! നിന്റെ നിത്യതയെ പാടി പുകഴ്ത്തുവാനും നിന്റെ ഉണ്മയുടെ സാരാംശത്തിന് സ്തുതിയർപ്പിക്കുവാനും നിന്നോട് പ്രാർത്ഥിപ്പാനും നിന്റെ ന്യായപ്രമാണത്തെ വായിച്ച് ധ്യാനിക്കുവാനും നിന്റെ വിശുദ്ധ ഗ്രന്ഥങ്ങളുടെയും ദയാവായ്പിന്റെയും ആഴവും അർത്ഥവും ഗ്രഹിക്കുവാനും ഞങ്ങളെ യോഗ്യരാക്കേണമേ. എന്റെ ആത്മാവ് തീവ്രമായ ദുഃഖത്താലും കഠിന വ്യഥയാലും സങ്കടപ്പെടുന്നു. നിന്നെപ്പോലെ സ്നേഹിതനും സഹായകനും വാത്സല്യനിധിയുമായ ഒരു സഹചാരി മറ്റാരും ഇല്ലെന്ന് ഞാൻ ഗ്രഹിച്ചിരിക്കുന്നു. എനിക്ക് ആശ്വാസം തരുന്നവനും എന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുന്നവനും എന്നെ കർമ്മോദ്യുക്തനാക്കുന്നവനും മറ്റാരുമല്ല.

4. നീ എന്റെ സഹോദരൻ. എന്റെ ദേശക്കാരനല്ലെങ്കിലും ദൈവിക കാര്യങ്ങളിൽ നീ വിശ്വസ്തൻ. മാധുര്യമൂറുന്ന, ആത്മാർത്ഥത നിറഞ്ഞ സൗമ്യശീലനേ നിന്നെ ഞാൻ എവിടെ അന്വേഷിക്കേണ്ടൂ? കാരുണ്യം സ്ഫുരിക്കുന്ന സ്നേഹിതാ നാം നാളുകളിൽ വിശുദ്ധ ഗ്രന്ഥത്തിൽ അവഗാഹം നേടുകയും മഹദ് ഗ്രന്ഥങ്ങളിൽ അറിവ് ആഴപ്പെടുത്തുകയും

നമ്മുടെ കർത്താവും നാഥനും ആയവന്റെ ന്യായപ്രമാണത്തെയും ജീവിതചര്യയെയും ധ്യാനിക്കുകയും ചെയ്കയായിരുന്നുവല്ലോ.

5. എന്റെ വാത്സല്യ ഭാജനമേ, ഞാൻ സങ്കടഹൃദയത്തോടും നുറുങ്ങിയ ആത്മാവോടും സ്തബ്ധനായി നിന്നുപോകുന്നു. നിന്റെ വ്യക്തിത്വത്തിന്റെ സൗന്ദര്യവും വചനങ്ങളുടെ മനോഹാരിതയും ശ്രുതിമധുരമായ നിന്റെ പവിത്രഗാനങ്ങളും ആത്മീയ ശാസനകളും പൈതൃക വാത്സല്യവും ഞാൻ ഓർക്കുന്നു. നിന്റെ ഈ വേർപാട് എന്നിൽ കഠിനമായ പ്രഹരം ഏൽപ്പിച്ചിരിക്കുന്നു. അധരങ്ങൾ മൗനമുദ്രിതമായി, നാഥന് ഇമ്പകരമായ സുസ്മിതം അസ്തമിച്ചിരിക്കുന്നു.

6. നിന്റെ രൂപം എന്റെ കൺമുമ്പിൽ മറഞ്ഞപ്പോൾ, നിന്റെ അനുപമമായ ആത്മീയ സൗന്ദര്യം അപ്രത്യക്ഷമായതോടെ ഞാൻ അന്ധകാരത്തിൽ പതിച്ചിരിക്കുന്നു. വീണ്ടും കഠിനമായ മറ്റൊരു പ്രഹരം എന്നെ വേദനിപ്പിക്കുന്നു. എന്റെ വിവേകം എത്ര ദുർബ്ബലം!! നിന്റെ കഷ്ടതയുടെ കാഠിന്യത്തിൽ ഞാൻ നിന്നെ സന്ദർശിച്ചു. നിന്റെ പരിപൂർണ്ണ സൗഖ്യത്തിനായി, വേദനകളിൽ നിന്നും ആശ്വാസത്തിനായി ഞാൻ നമ്മുടെ നാഥനോട് യാചിച്ചു. നീയൊരു മെഴുകുതിരിയായിരുന്നു.

7. ദുഷ്ട പ്രലോഭനങ്ങളിൽ നിന്ന് മുക്തി നേടുവാൻ ഉപദേശിക്കുന്ന ഒരു പ്രബോധനവും ഞാൻ ലേഖനങ്ങളിലൂടെ നിനക്ക് നൽകിയില്ലെന്ന് ആരോപിച്ച് നമ്മുടെ എല്ലാ സ്നേഹിതന്മാരും എന്നെ കുറ്റപ്പെടുത്തുകയും പരിഹസിക്കുകയും ചെയ്തു. നിന്റെ പ്രവചനസ്വഭാവമുള്ള വാക്കുകളുടെ അർത്ഥവും തീവ്രതയും വിവേചിച്ചറിയുവാൻ എനിക്ക് കഴിഞ്ഞില്ല എന്നും കണ്ണിലെ കൃഷ്ണമണിപോലെ പ്രിയങ്കരനായിരുന്നിട്ടും അവസരോചിതമായ മുന്നറിയിപ്പുകൾ നൽകുന്നതിൽ ഞാൻ മടി കാണിച്ചു എന്നും അവർ എന്നെ വിമർശിച്ചു.

8. നീയൊരു സ്തോത്രഗീതമായിത്തീർന്നു. എന്റെ നാഥാ! എന്റെ ദൈവമേ! ഞാൻ നിന്നോട് കെഞ്ചി യാചിക്കുന്നു. നിന്റെ സന്നിധിയിൽ അപേക്ഷയും നെടുവീർപ്പും സമർപ്പിച്ച് ഞാൻ വിലപിക്കുന്നു. നിന്നിലുള്ള പ്രത്യാശയിൽ അചഞ്ചലമായി ഞാൻ ശരണം പ്രാപിക്കുന്നു. നീ എന്റെ കോട്ടയും സങ്കേതവും ആകുന്നുവല്ലോ. എന്നെ ലജ്ജയിലേക്കു വിട്ടുകൊടുക്കരുതേ.

9. എന്റെ നാഥാ! എന്റെ ദൈവമേ! നിന്നിൽ അല്ലാതെ ആരിൽ ഞാൻ അഭയം പ്രാപിക്കേണ്ടൂ! നീ എപ്പോഴും വിടുവിക്കുന്നവനും എന്റെ സഹായിയും സഹയാത്രികനും ആകുന്നുവല്ലോ. എന്റെ സങ്കട യാചനകൾക്ക് ഉത്തരം അരുളേണമേ. എന്റെ തീവ്രവ്യഥയിൽ നിന്ന് എന്നെ വീണ്ടെടുക്കേണമേ. തിന്മയുടെ ആകർഷകങ്ങളായ പ്രലോഭനങ്ങളിൽ നിന്ന് എന്നെ

മോചിപ്പിക്കേണമേ.

10. തന്റെ സ്നേഹിതരെയും വത്സല സൃഷ്ടികളെയും ഉയിർത്തെഴുന്നേൽപ്പിക്കുവാൻ മഹത്വത്തോടെ എഴുന്നെള്ളുന്ന എന്റെ നാഥാ! എന്റെ സഹോദരനും പ്രിയ സഹപ്രവർത്തകനുമായിരുന്ന റമ്പാൻ പീലിപ്പോസിനെ കല്ലറയിൽ നിന്ന് ഉയിർപ്പിക്കേണമേ. എന്റെ കർത്താവും ദൈവവുമേ! നീ മൃതലോകത്തിൽ നിന്ന് ഉയിർത്തെഴുന്നേറ്റവൻ ആണല്ലോ. നിന്റെ കർത്തൃത്വത്തിന്റെ ഹിതത്താൽ സകലവും നിർമ്മിച്ചവനേ! നിദ്രയിൽ നിന്നും മരണത്തിന്റെ ക്ഷയത്തിൽ നിന്നും എഴുന്നേറ്റ് ഞങ്ങൾ ഒരുമിച്ച് നിന്റെ വിശുദ്ധ തിരുനാമത്തെ ഏറ്റുപറയുകയും ആരാധിക്കുകയും ചെയ്യുമാറാകേണമേ.

(Source: മലങ്കരസഭാ ജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ, ഫാ. ഡോ. ജോസഫ് ചീരൻ, എം.ജെ.ഡി. പബ്ലീഷിംഗ് ഹൗസ്, കുന്നംകുളം, പേജ് 241-243. ദേവലോകം അരമനയിൽ പ. മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ സ്ഥാപിച്ച 'കാതോലിക്കേറ്റ് ലൈബ്രറി'യിലെ സുറിയാനി ഗ്രന്ഥങ്ങൾ, ഓർത്തഡോക്സ് വൈദികസെമിനാരിയിലെ മൈക്രോഫിലിം ലൈബ്രറിയിലേക്കായി മൈക്രോഫിലിമിൽ പകർത്തിക്കൊണ്ടിരിക്കെ, പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനി ഉപയോഗിച്ചിരുന്നതും പിന്നീട് പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി സൂക്ഷിച്ചിരുന്നതുമായ ഒരു സുറിയാനിഗ്രന്ഥം ഫാ. ഞാർത്താങ്കൽ കോരുത് മല്പാന്റെ ശ്രദ്ധയിൽപെട്ടു. പ്രസ്തുത ഗ്രന്ഥം മൈക്രോഫിലിമിൽ ആക്കിയശേഷം, ഫാ. സി. സി. ചെറിയാൻ ഓർത്തഡോക്സ് വൈദികസെമിനാരിയിലെ ആർക്കൈവ്സിലേക്കു മാറ്റി. ആ ഗ്രന്ഥത്തിൽ ഉള്ളതാണ് കൂക്കോയോ രാഗത്തിൽ എഴുതപ്പെട്ട ഈ വിലാപകാവ്യം. കേരളത്തിൽ രചിക്കപ്പെട്ട ഒന്നാമത്തെ വിലാപകാവ്യം എന്ന ബഹുമതി ആ രചന അർഹിക്കുന്നു. പൗരസ്ത്യ സുറിയാനി ലിപിയിൽ എഴുതപ്പെട്ട ആ കാവ്യം 1811 തുലാം 28-ന് നിര്യാതനായി കണ്ണങ്കോട് പള്ളിയിൽ സംസ്ക്കരിക്കപ്പെട്ട കായംകുളം പീലിപ്പോസ് റമ്പാന്റെ ദേഹവിയോഗത്തിൽ അനുശോചിച്ചുകൊണ്ട് പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ എഴുതിയതാണ് എന്നു കരുതുന്നു. ഈ വിലാപഗാനം പൗരസ്ത്യ കൽദായ സഭയുടെ ഡോ. മാർ അപ്രേം മെത്രാപ്പോലീത്താ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. സുറിയാനിയിലുള്ള മൂലഗ്രന്ഥം ഓർത്തഡോക്സ് വൈദികസെമിനാരിയിലെ ആർക്കൈവ്സിൽ സൂക്ഷിച്ചുവരുന്നു. - എഡിറ്റർ)

* *പിന്നീട് മലങ്കരസഭാ ജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്.*

❑

അനുബന്ധം - 2

ഫീലിപ്പോസ് റമ്പാന്റെ ഒരു കത്ത്

യൗസേപ്പ് റമ്പാനും ഫീലിപ്പോസ് റമ്പാനും കൂടെ എഴുത്ത്. ഇപ്പോൾ പുതിയാവിൽ പള്ളിയിൽ (മാവേലിക്കര പുതിയകാവ് പള്ളി) കൂടപ്പെട്ടിരിക്കുന്ന ഉപവിയാകപ്പെട്ട കൂടപ്പിറപ്പുകൾ എല്ലാവരും അറിയേണ്ടും അവസ്ഥ. എന്നാൽ കൊടുത്തയച്ച എഴുത്തുകൾ വായിച്ച് വസ്തുത അറിഞ്ഞു. പലകൂട്ടം കാര്യങ്ങൾ നിരൂപിച്ച് നിശ്ചയിക്കത്തക്കവണ്ണം ഞങ്ങൾ ഇരുവരും വരേണമെന്നല്ലോ കുറികളിൽ എഴുതിയിരുന്നത്. വേണ്ടും കാര്യങ്ങൾ എല്ലാവരും കൂടെ ആലോചിച്ച് നിശ്ചയിച്ചുറയ്ക്കുന്ന അവസ്ഥയ്ക്ക് എഴുതി അയക്കണമെന്ന് സായ്പ് അവർകൾ കല്പന ആയിട്ടുണ്ടെന്നും എഴുത്തിൽ കാണുന്നു. കാര്യങ്ങളെക്കുറിച്ച് സൂക്ഷിച്ച് വിചാരിച്ചെങ്കിൽ അന്ത്യോഖ്യായ്ക്ക് എഴുത്ത് കൊടുത്തയയ്ക്കേണ്ടുന്ന സംഗതികൊണ്ട് 85-ാമാണ്ട് ധനു മാസത്തിൽ മെക്കാളെ സായ്പ് അവർകളെ ബോധിപ്പിച്ചാറെ എല്ലാവരുംകൂടെ കടലാസ് എഴുതി ഒപ്പിട്ടുകൊണ്ട് വന്നാൽ ആയത് കൊടുത്തയച്ച് മേല്പട്ടക്കാരനെ വരുത്തി തരാമെന്ന് കല്പിച്ചിട്ടുള്ളതിനെപറ്റിയും മറ്റും സുറിയാനിസഭയ്ക്കു വേണ്ടിയ കാര്യങ്ങളെക്കുറിച്ചും ഞങ്ങൾ ഇരുവരും അകപ്പറമ്പിൽ യൗസേപ്പ് കശീശായും കൂടെ മെത്രാനോട് ആലോചിച്ചാറെ രൂപമായിട്ട് ഒന്നും മറുപടി കല്പിക്കാതെയും സുറിയാനിമര്യാദകൾക്ക് അഴിമതികൾ ചെയ്തുവരികയും നിമിത്തം ഞങ്ങളും ചില പള്ളിക്കാരും കൂടെ 986-ാമാണ്ട് മകരം മുതൽ ചില സങ്കടങ്ങൾ സായ്പ് അവർകളുടെ അടുക്കൽ ബോധിപ്പിച്ചിട്ടുണ്ട്. തിന്മപെട്ടവൻ സർപ്പത്തിൽ പുക്ക (പ്രവേശിച്ച്) അവന്റെ ഉപദേശത്താലും നമ്മുടെ ബാവാ (പിതാവ്) ആദത്തിന്റെ പരമാർത്ഥത്താലും തമ്പുരാന്റെ പ്രമാണം കടന്ന് പിഴച്ചതിനെക്കൊണ്ടു മനുഷ്യവർഗ്ഗത്തെ താൻ സൃഷ്ടിച്ചതിൽ താൻ പശ്ചാത്താപപ്പെടുന്നു എന്നും നമ്മുടെ തിന്മ ഹേതുവാൽ തമ്പുരാന്റെ അരുളപ്പാടും ശൗലിനെ വാഴിച്ചതിൽ താൻ പശ്ചാത്താപപ്പെടുന്നു എന്നും ദൈവംതമ്പുരാന്റെ അരുളപ്പാടുപോലെയും വീണ്ടും പുണ്യപ്പെട്ട രാജാവും നിബ്യായും തമ്പുരാന്റെ തിരുമനസ്സിൻപ്രകാരം ഉള്ളവനും ആയ നമ്മുടെ ബാവാ ദാവീദ് പിഴപെട്ടതുപോലെയും ശ്ലീഹന്മാരുടെ തലവൻ മാർ പത്രോസ് പേടികൊണ്ട് നമ്മുടെ കർത്താവിനെ ഉപേക്ഷിച്ചതുപോലെയും പലവട്ടവും നിങ്ങളുടെ പക്കൽ വരുവാൻ ഞാൻ മനസ്സായി. എന്നാൽ ചെകുത്താൻ എന്നെ അവൻ മുടക്കി എന്ന പൗലോസ് ശ്ലീഹാ ചൊല്ലിയതുപോലെയും നമ്മുടെ വിചാരക്കുറവുകൊണ്ടെങ്കിലും ചെകുത്താന്റെ തട്ടിപ്പുകൊണ്ടെങ്കിലും സിദ്ധാന്തങ്ങളുടെ വ്യാപ്തികൊണ്ടെങ്കിലും പരമാർത്ഥികളുടെ എരിവുകൊണ്ടെങ്കിലും

ശക്തി ക്ഷയപ്പെട്ടവരുടെ പേടികൊണ്ടെങ്കിലും നമുക്ക് ഭവിച്ചിരിക്കുന്ന അവസ്ഥകൾ വഴിപോലെ സൂക്ഷിച്ചു നമ്മുടെ മാർഗ്ഗത്തോട് ഇനിയും ദൈവംതമ്പുരാന്റെ തിരുവുള്ളക്കേട് വരാതെ ഇരിപ്പാനുള്ള വഴി നാമെല്ലാവരും നിരൂപിപ്പാനുള്ളതല്ലൊ ആകുന്നു. എന്നാൽ നമ്മുടെ മാർഗ്ഗത്തിന്റെ കാതലാകുന്ന കൂദാശകളുടെ മുളപ്പ് പട്ടത്വത്തിൽ നിന്നല്ലോ ആകുന്നു. ഈ മുളപ്പ് വരളപ്പെട്ടതാകുന്നു (ശോഷിച്ചത് ആകുന്നു) എങ്കിൽ അതിൽ നിന്നു പുറപ്പെടുന്ന ഫലങ്ങളും നഷ്ടമായി വരുമല്ലൊ. നിങ്ങളുടെ മര്യാദയെപ്രതി തമ്പുരാന്റെ വചനം നിങ്ങൾ മായിച്ചു എന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്തു എന്ന് യീഹൂദന്മാരോടുകൂടെ നാമും എണ്ണപ്പെടാതെ ഇരിപ്പാനും നമ്മുടെ കർത്താവിൽ ഉപേക്ഷിക്കപ്പെട്ടവർ നാം ആകായ്വാനും ആവോളം നാം ശ്രമിക്കണം. ശുദ്ധമുള്ള പുസ്തകങ്ങളിൽ എഴുതപ്പെട്ടിരിക്കുന്ന അവകാശങ്ങളും നാം ഇപ്പോൾ നടത്തിവരുന്ന മുറയും സൂക്ഷിച്ചാൽ ദൈവത്തിന്റെ കോപത്തിന് നാം പാത്രവാന്മാരായി തീർന്നിരിക്കുന്നു. എന്നാൽ അവനവന് നല്കപ്പെട്ടിരിക്കുന്ന പദവിയിൽ എല്ലാവരും അടക്കമായി പാർത്തുകൊള്ളണം. കൊറഹ ഇടത്തുള്ളവരും (ചേർന്നു) ഒസി (ഉസിയാവ്) രാജാവ് തമ്പുരാന്റെ പ്രമാണം മറുത്ത് മേല്പട്ടത്വം ചമഞ്ഞ് എന്നുള്ളതുപോലെ പട്ടത്വം നാം ചമെച്ച് തമ്പുരാനെ നാം അരിശപ്പെടുത്തരുത്. അതുകൊണ്ട് അവരിൽ ചിലർ തീയാലെ എരിഞ്ഞു പോകയും ചിലർ കഷ്ടവ്യാധി പിടിച്ചു മരിക്കയും ചെയ്തുവല്ലൊ. അവ്വണ്ണം തന്നെ ശൗൽ രാജാവ് പട്ടക്കാരെ കൂടാതെ തമ്പുരാന് പൂജ കഴിച്ചതിനെക്കൊണ്ട് ദോഷവും മഹറോനും (മുടക്ക്/ശിക്ഷ) അവന്റെ മേൽ വരികയും ചെയ്തു. ഇതിനെക്കൊണ്ട് കശീശന്മാർ പട്ടം കൊടുപ്പാൻ ന്യായമാകുന്നില്ല എന്നു മാർ പത്രോസും മാർ പൗലോസും കാനോനായിൽ കല്പിച്ചിരിക്കുന്നത് പട്ടാങ്ങ (സത്യം) എന്ന് അറിഞ്ഞുകൊണ്ട് അതിനോട് മറുതലിക്കുന്നത് റൂഹാക്കുദിശായോട് മറുത്തുള്ള ദോഷമാകുന്നു (പരിശുദ്ധാത്മാവിനെതിരെയുള്ള പാപം) എന്നും ഈ ലോകത്തിലും പരലോകത്തിലും അതിനു പൊറുതി ഇല്ലെന്നും അല്ലയൊ നമ്മുടെ കർത്താവ് ഈശോമ്ശിഹാ കല്പിച്ചിരിക്കുന്നത്. എന്നാൽ ഇപ്പോൾ നമുക്ക് ഭവിച്ചിരിക്കുന്ന വിചാരക്കുറവിന്മേൽ നാം സൂക്ഷിക്കാതെ നടന്നാൽ പന്തങ്ങളോടുകൂടെ (ദീപങ്ങളോടുകൂടെ) എണ്ണ കരുതാതെ പാർത്തിരുന്ന ഭോഷികളെപ്പോലെ നാമും ആയി തീരുമെന്ന് എത്രയും വിറയലോടും പേടിയോടും നാം ഓർപ്പാനുള്ളതാകുന്നു.

കഴിഞ്ഞ മകരമാസം മുതൽ മെത്രാന്റെ അടുക്കൽ ഞങ്ങൾ അയച്ച കുറികളുടെയും അതിന് എത്തിയ മറുപടി സാധനങ്ങളുടെയും പകർപ്പുകളും സായ്പ് അവർകളുടെ അടുക്കൽ ഏതാനും പള്ളിക്കാരും ഞങ്ങളും കൂടെ ബോധിപ്പിച്ച ഹർജി പകർപ്പുകളും ഇതോടുകൂടെ കൊടുത്തയക്കുന്നു. ആയത് ഒക്കെയും വഴിപോലെ വായിച്ച് അറിഞ്ഞു നിങ്ങൾ

എല്ലാവരുംകൂടെ ആലോചിച്ച് ഒരു മറുപടി കൊടുത്തയയ്ക്ക വേണ്ടിയിരിക്കുന്നു. അതിനു മുമ്പ് ഞങ്ങൾ അവിടെ വന്നാൽ ചിലരുമായി വൃഥാ തർക്കത്തിനും വാദത്തിനും ഇടയായി ഇനി അനർത്ഥങ്ങൾ വന്നുകൂടുമെന്ന് ശങ്കിക്കുന്നു. നിന്റെ വചനത്തിൽ നീ പുണ്യപ്പെടും. നിന്റെ വചനത്താൽ നീ കടപ്പെടും എന്നുള്ള അരുളപ്പാട് നാം പൂർത്തി വരുത്തുക മാത്രം ചെയ്യും. നമ്മുടെ ശരീരം ഒക്കെ കുറയും. നമ്മുടെ യോജിപ്പിനെ അത് നശിപ്പിക്കും. പിണക്കങ്ങളെ അത് മുഴുപ്പിക്കും. എന്നാൽ ഉപവിയും സ്നേഹവും ഇല്ലാത്ത മനുഷ്യരോടുകൂടെ കുടിയിരിക്കുന്നതിനേക്കാൾ സിംഹത്തിനോടു കൂടെയും പെരുമ്പാമ്പിനോടുകൂടെയും സഹവാസം ചെയ്യുന്നത് നല്ലതാകുന്നു എന്ന് എഴുതപ്പെട്ടിരിക്കുന്നതിനെ നിരൂപിച്ചും ഇപ്പോഴത്തെ സ്ഥിതിയെ ഓർത്തും അത്രെ ഇപ്രകാരം എഴുതിയത്. ഇനിയും തമ്മിൽ കാണുമ്പോൾ ഒരു വാദത്തിനും തർക്കത്തിനും സംഗതി വരാതെ ഇരുന്നാൽ കൊള്ളായിരുന്നു.

അന്ത്യോഖ്യായ്ക്ക് കടലാസ് എഴുതുന്നതിൽ ഞങ്ങളും ഒപ്പു വെയ്ക്കണമെങ്കിൽ ആയതിന് ഞങ്ങൾക്ക് മനസ്സായിരിക്കുന്നു. ബുദ്ധിമുട്ടു കൂടാതെ ഒരു സ്ഥലത്ത് പാർത്ത് ഞങ്ങളുടെ കാലം കഴിച്ചുകൂട്ടുവാനുള്ളതിന് സംഗതി വരുവാൻവേണ്ടി നിങ്ങൾ എല്ലാവരോടും ഞങ്ങൾ അപേക്ഷിക്കുന്നു.

എന്ന് കർക്കടകം 13-ന്.

(എട്ടാം മാർത്തോമ്മായുടെ പട്ടത്വം സംബന്ധിച്ച തർക്കത്തിനിടയിൽ പ്രശ്നം സംബന്ധിച്ച് ചർച്ച ചെയ്യുവാൻ മാവേലിക്കര പുതിയകാവ്പള്ളിയിൽ എട്ടാം മാർത്തോമ്മാ വിളിച്ചുകൂട്ടുന്ന മലങ്കര പള്ളിയോഗത്തിൽ കായങ്കുളം ഫീലിപ്പോസ് റമ്പാനും പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും പങ്കെടുക്കുവാൻ നിർദ്ദേശം കൊടുക്കണമെന്ന് ആവശ്യപ്പെട്ട് മാർത്തോമ്മാ അയച്ച കത്തിലെ താല്പര്യപ്രകാരം റസിഡണ്ട് അക്കാര്യം കാണിച്ച് റമ്പാനും മല്പാനും കത്തയച്ചു. റസിഡണ്ടിന്റെ കത്തിലെ താൽപര്യപ്രകാരം മാവേലിക്കരയിൽ എത്തിയ ഇരുവരും കൂടി മലങ്കര പള്ളിയോഗാംഗങ്ങൾക്ക് എഴുതിയ കത്ത്. പുകടിയിൽ ഇട്ടൂപ്പ് റൈട്ടർ രചിച്ച *മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം* (1869, മൂന്നാം പതിപ്പ്, മോർ ആദായി സ്റ്റഡി സെന്റർ, 2004) എന്ന ഗ്രന്ഥത്തിൽ നിന്നും. - എഡിറ്റർ)

❑

അനുബന്ധം - 3

വി. ത്രിത്വത്തെക്കുറിച്ച് മെമ്രാ

(മാർ അപ്രേമിന്റെ രീതിയിൽ)

കായംകുളം ഫീലിപ്പോസ് റമ്പാൻ

ആദ്യന്തമില്ലാത്തവനും മഹനീയ പ്രകാശത്തിൽ വസിക്കുന്നവനും ആത്മീയർ യുക്തമായി ശുശ്രൂഷിക്കുന്നവനും മണ്മയർ വണങ്ങി ആരാധിക്കുന്നവനും ഊശാനാ പാടുന്ന നാവുകളെ തനിക്കായി വേർതിരിക്കുന്നവനുമായ പിതാവിന്റെ നാമത്തിൽ.....

സാരാംശത്തിൽ പിതാവിനോട് സമനായിരിക്കുന്നവനും, കന്യകയിൽ നിന്ന് ജനിച്ചവനും സകല മനുഷ്യവർഗ്ഗത്തിന്റെയും രക്ഷകനും, യോർദ്ദാനിൽവെച്ച് തന്റെ ദാസനാൽ സ്നാനം ഏറ്റവനും തന്റെ മാമോദീസായാൽ മനുഷ്യവർഗ്ഗത്തെ വലതുഭാഗത്ത് നിർത്തിയവനും ചേലാകർമ്മത്തെ ഇല്ലായ്മ ചെയ്തവനും പഴയതിൽ നിന്ന് വിടുവിച്ച് പൂർത്തീകരിച്ചവനും തന്റെ ശരീരത്താൽ പുതുതാക്കി തേജസ്ക്കരിച്ചവനും തന്റെ രക്തത്താൽ കടങ്ങളുടെ പരിഹാരം ഉണ്ടാക്കിയവനും ഭോഷന്മാരായ യഹൂദജനത്തിന്റെ കോപത്താൽ കഷ്ടത സഹിച്ച് കുറ്റക്കാരനെപ്പോലെ ഉയർത്തപ്പെട്ട് മരിച്ച് കബറടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്ത് ഉന്നതത്തിലേക്ക് കരേറിയ പുത്രനും.

ജീവൻ നൽകുന്നവനായ പരിശുദ്ധ റൂഹാ പിതാവിൽ നിന്ന് പുറപ്പെടുന്നവനും കാരുണ്യവാനും രണ്ട് ആളത്വങ്ങളോടും സമനായിരിക്കുന്നവനുമായ സ്തുത്യനാകുന്നു. സകല ജനങ്ങളും, സകല ജാതികളും, എല്ലാ നാവുകളും, വായ്കളും കൃതജ്ഞത എന്നുമെന്നേക്കും യുക്തമായി സമർപ്പിക്കുന്നു. ആമ്മേൻ.

റമ്പാൻ ഫീലിപ്പോസ്

(കോനാട്ട് ഗ്രന്ഥപ്പുര, സുറിയാനി മാനുസ്ക്രിപ്റ്റ്, 154)

പരിഭാഷ: **ഫാ. സഖറിയ നൈനാൻ ചിറത്തലാട്ട് (സഖേർ)**

❑

അനുബന്ധം - 4

വി. ത്രിത്വത്തെക്കുറിച്ച് മെമ്രാ

കായംകുളം ഫീലിപ്പോസ് റമ്പാൻ

കർത്താവിന്റെ നാമത്തിൽ, അവൻ സർവ്വശക്തനും, തന്റെ ശക്തിയാൽ സകലത്തിന്റെയും സ്രഷ്ടാവും, ഇന്ദ്രിയ ഗ്രഹണങ്ങൾക്കതീതനും, അതിർത്തിയില്ലാത്തവനും കലർപ്പില്ലാത്തവനുമാകുന്നു. അവൻ അധിവാസം ചെയ്യുന്നവനും മനുഷ്യനെ വിളിച്ച് അവരുടെ നാവാൽ സംസാരിക്കപ്പെടുന്നവനുമാകുന്നു. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായവൻ സ്തുത്യനാകുന്നു. പിതാവിനേക്കാൾ വലിയവൻ ആരുമില്ല. പിതാവാകുന്നവൻ പിതാവാകുന്നു. പിതാവിന്റെ ഈ നാമത്താൽ നമുക്ക് പ്രത്യാശയുണ്ട്. പിതാവിന് മനുഷ്യരോടുള്ള വലിയ സ്നേഹത്താൽ അവന്റെ കടങ്ങൾ ക്ഷമിക്കുന്നു. അവന്റെ നല്ല സ്നേഹത്താൽ, അവൻ (നശിക്കുവാൻ) കൊല്ലപ്പെടുവാൻ (പിതാവ്) അവനിഷ്ടപ്പെടുന്നില്ല.

പിതാവിൽ നിന്നുള്ള പുത്രൻ കാലസമ്പൂർണ്ണതയിൽ ലോകത്തിൽ ജനിച്ചു. ദൈവത്തിൽനിന്ന് മനുഷ്യനുവേണ്ടി അവൻ കുറവുള്ളവനായി (ചുരുങ്ങിയവനായി) തീർന്നു. അവൻ ഉന്നതമായ വചനത്താൽ അവരെ അന്ധതയിൽനിന്ന് മോചിപ്പിച്ചു. മാധുര്യവചനത്താൽ അവരെ പരിശുദ്ധാത്മ സ്ഥലത്ത് എത്തിച്ചു. വന്ദിക്കപ്പെട്ടതും, യുക്തവുമായ തന്റെ വരവാൽ അവൻ നമുക്ക് അവന്റെ ശക്തിയെ വെളിപ്പെടുത്തുകയും, പഴയതായ തന്റെ ആട്ടിൻകൂട്ടത്തെ തന്റെ വചനത്താൽ പുതുതാക്കുകയും ചെയ്തു. നമ്മുടെ രക്ഷകൻ തന്റെ ശരീരം ജഡീക മനുഷ്യനു നൽകുകയും ജീവനുള്ള അപ്പമായി തന്റെ ശരീരത്തെ തന്റെ കരുണയാൽ പൂർത്തീകരിച്ചു. പ്രകാശത്തിൽ വസിക്കുന്നവനും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനുമായ ഉടയവൻ വെളിപ്പെടുകയും ശരീരത്തിൽ കാണപ്പെടുകയും ചെയ്തു. വളരെ വന്ദ്യമായ അവന്റെ രക്തത്താൽ പിതാവ് നമ്മെ പോഷിപ്പിച്ചു. അവന്റെ കഷ്ടാനുഭവം, പീഡാസഹനം എന്നിവയിലൂടെ നമ്മുടെ വർഗ്ഗത്തിന്റെ അടിമത്വത്തെ സ്വതന്ത്രമാക്കി. ആദാമിന്റെ ദണ്ഡനങ്ങളെ നീക്കി പറുദീസായിലേക്ക് തിരിച്ചുകയറ്റുകയും പുകഴ്ചയുടെ (മഹത്വത്തിന്റെ) നാളുകളിൽ (നീതിയുടെ) പുസ്തകം അടയ്ക്കുകയും തിരികെ പ്രവേശിപ്പിക്കുകയും ചെയ്തു.

പരിശുദ്ധ റൂഹാ വേർതിരിക്കപ്പെടാത്തവനാകുന്നു, യുക്തമായി പൂർത്തിയാക്കുന്നവനുമാകുന്നു. പെന്തിക്കോസ്തി നാളിൽ തന്റെ കരുണ അവർക്ക് ദേവാലയത്തിലെന്നപോലെ ദാനം ചെയ്തു. ജീവനുള്ള പിതാ

വിൽ നിന്ന് പുറപ്പെടുന്നവനും ഉണ്മയായ ദൈവിക ത്രിത്വത്തിന്റെ സാരാംശത്തിൽ സമമായിരിക്കുന്നതും, ഒരു സൃഷ്ടിക്കും വേർതിരിക്കാൻ കഴിയാത്തതുമാണ് ത്രിത്വം. അതിന് ഒരു അധികാരവും ഒരു രാജത്വവും ഒരു ഉടയത്വവുമുണ്ട്.

(ത്രിത്വത്തെ) എല്ലാ നാളിലും എല്ലാ നാഴികയിലും ആരാധിക്കുന്നതും, ഏറ്റുപറയുന്നതും യുക്തമാകുന്നു. ദൈവത്വത്തെ പുകഴ്ത്തി എല്ലാ നേതാക്കന്മാരും തലവന്മാരും അവനെ എല്ലാനാളും മഹത്വപ്പെടുത്തട്ടെ. ആമ്മീൻ. ദൈവത്വം ആശിസേറും കരുണകൾ ചൊരിയട്ടെ.

(കോനാട്ട് ഗ്രന്ഥപ്പുര, സുറിയാനി മാനുസ്ക്രിപ്റ്റ്, 154)

പരിഭാഷ: **ഫാ. മാത്യു വർഗ്ഗീസ് അടൂർ**

❑

കായംകുളം ഫീലിപ്പോസ് റമ്പാന്റെ കബറിടം (അടൂർ കണ്ണംകോട്)

അനുബന്ധം - 5

Translation of the Syriac Bible into Malayalam

Fr. Dr. B. Varghese

Christianity reached the Malabar Coast in South India in AD 52 with the arrival of St. Thomas, one of the Apostles of Jesus Christ. The commercial ships sailing between South India and the Middle East assured regular contacts between the Christian communities of India and Mesopotamia. The regular connection between the Malabar Christians and the Aramaic or Syriac world brought the Aramaic Bible to India in thef irst centuries of the Christian era. The Christians of the Malabar Coast were strongly attached to the Syriac language and all that it represented. Through the Syriac Churches of Mesopotamia, the St. Thomas Christians maintained a living contact with the apostolic and patristic ages.

Syriac Bible and the First Malayalam Translation

Malayalam, one of the Dravidian languages and the language of Kerala, is the only Indian language into which the Syriac Bible has been translated. The credit for the first translation goes to Mar Thomas VI (known as Mar Dionysius +1808). Under his supervision, Ramban Philipose of Kayamkulam translated the four Gospels from Syriac to Malayalam.[1] Later, Dr. Claudius Buchanan who visited Kerala took the text to Bombay and got it printed there in 1810. The printed text was distributed in Malabar in 1811. Though the translation was done very imperfectly, it merits commendation as the first attempt by a Malabar Christian before the arrival of the English missionaries in Travancore (southern part of the Malabar Coast).

Visit of Claudius Buchanan

The history of the Syriac Bible in Malabar entered a new phase with the arrival of Dr. Claudius Buchanan, Vice-President of the College of Fort William in Bengal in 1806. Buchanan's travelogue Christian Researches in Asia, the first detailed account of the Syrian Christians of Malabar, became popular in Europe.[2] Buchanan discussed with Mar Dionysius about his project to translate and to print the Scriptures. The bishops' reply was very positive:

"I have already fully considered the subject," said the Bishop, "and have determined to superintend the work myself, and to call the most learned of the clergy to his aid." "It is a work", the Bishop added, "that will illuminate these dark regions and God will give His blessings."[3]

Buchanan revealed his plan to collect Syriac manuscripts and the bishop promised his help. Apparently the visitor promised Mar Dionysius that he would get the Syriac Bible printed in England. Thus he concludes the account of his first visit with these words:

"He (the bishop) descanted with great satisfaction on the hope of seeing

printing Syriac Bibles from England; and said: they would be 'a treasure to his Church."[4]

Mar Dionysius soon made arrangement to translate the Syriac Bible into Malayalam. As we have already seen, Ramban Philipose of Kayamkulam did the translation. According to some later sources, Pulikkottil Ittoop Malpan was also associated with the work.[5] A few weeks later (December 1806), Buchanan visited the bishop a second time along with Colonel Macaulay, the British Resident in Travancore. The bishop told him that he had commenced the translation of the Scripture. In 1807, when Buchanan visited Travancore again, the translation of the Four Gospels was complete and he carried the manuscript to Bombay to be printed. Learned men went from Travancore to correct the proof and to supervise the printing. According to Buchanan's report, the Gospels of St. Mathew and St. Mark were printed first. Buchanan writes that the whole Bible would be printed and circulated in Malabar.[6]

Buchanan Bible

Dr. Claudius Buchanan's name is often associated with a 12th century Syriac Manuscript of the whole Bible. One of the objects of his visit was to collect ancient Syriac manuscripts. He records that he had found several Syriac manuscripts in Malabar. Among them he discovered a precious manuscript containing the whole Bible. We shall quote his words:

"There is a volume, which was deposited in one of the remote Churches, near the mountains, which merits a particular description. It contains the Old and New Testaments, engrossed on strong vellum, in large folio, having three columns in a page; and is written with beautiful accuracy. The character is Estrangelo Syriac; and the words of every book are numbered. But the volume has suffered injury from time or neglect. In certain places the ink has been totally obliterated from the page, and left the parchment in its state of natural whiteness; but the letters can, in general, be distinctly traced from the impress of the pen, or from the partial corrosion of the ink. I scarcely expected that the Syrian Church would have parted with this manuscript. But the Bishop was pleased to present it to me, saying, 'I will be safer in your hand than in our own.' 'And yet', said he, 'we kept it, as some think, for near a thousand years'. 'I wish', said I, 'that England may be able to keep it a thousand years'."[7]

Eventually Buchanan sent the manuscript along with others to Cambridge, where they were preserved in the University Library.[8] The manuscript in question was copied in the Middle East in the 12th century.[9] We do not know when and how it reached Kerala. The manuscript is of Syrian Orthodox origin as it mentions the name of the Syrian Orthodox Patriarch Michael (fol. 131 & 141). W. Wright presumes this Michael to be the Patriarch Michael the Great (+1199).[10] The manuscript was probably brought to Kerala by one of the Syrian Orthodox prelates who came after 1665 AD. Thus it was not in

India for more than a century. Mar Dionysius' remark that it was with the Syrians for thousand years would be nothing but an oriental way of affirming the antiquity of something.

Was it really a gift from Mar Dionysius to Claudius Buchanan? Buchanan says that it was. It is surprising that Buchanan, who generally gives minute details of his visit, makes a mere general reference to the discovery of the manuscript and does not mention the place where he actually found it. Ittoop, a contemporary witness, says that it was found in Angamaly:

"Then the Sahib (Buchanan) visited the churches including Parur and Angamaly. An old Syriac Bible containing the Old and the New Testaments which was in the Angamaly church was given to the Sahib, after having sought the permission of the bishop."[11]

Ittoop again says that Buchanan got the Malayalam translation printed in Bombay, and that he made arrangements to print in Syriac.

"the Old Syriac Bible that he got from the Angamaly church, so that it may be distributed freely among the Syrians."[12]

Ittoop gives an accurate and detailed picture of the developments in the Malabar Church since the Synod of Diamper (1599). It is interesting to note that he does not mention the conversation between Mar Dionysius I and Buchanan on the Syriac manuscript in question. Unlike Buchanan, Ittoop says that the manuscript was found in the Angamaly church.[13] There is no reason to doubt the credibility of Ittoop's witness. As Buchanan does not say that he got it from Angamaly, his version that it was a gift seems to be incredible.

However, Buchanan promised the Bishop that he would make arrangements to get the text printed in England. According to Digby Mackwork,[14] on account of the long period that elapsed since Buchanan's return to England, the Syrians had serious doubts as to the latter's good faith. These doubts were, however, removed when the printed copies began to arrive.

Translation of the whole Syriac Bible into Malayalam

The translation of the four Gospels by Ramban Philipose and its printing in Bombay under the initiative of C. Buchanan encouraged the Syrian Clergy to execute the Malayalam version of the whole Syriac Bible. In 1810, Colonel Munro was appointed the new British Resident in Travancore. Munro was very much interested in the affairs of the Syrian Christians and took genuine interest in translating the whole Bible into Malayalam. His intention was to 'reform' the Syrian Church in Malabar by educating its members and by distributing the Scriptures in Malayalam.[15]

Meanwhile, a meeting of the representative of various Syrian churches met in Kandanadu in mid-August 1809.[16] The meeting made some important resolutions regarding the administration of the Syrian Church. Among the

decisions, the most important was to start two 'seminaries' (Padithaveedu) for the training of the deacons and the candidates for priesthood.[17] 'Though the inefficient bishop (Mar Thoma VIII) took no initiative, Pulikkottil Ittoop Malpan, an influential priest from Kunnamkulam dedicated himself for the cause. Soon he had the privilege of becoming a friend of the new Resident Col. Munro. Ittoop Malpan became the bishop of the Syrian Church in 1815 with the name Joseph Mar Dionysius (Pulikkottil) or Mar Dionysius II. With the wholehearted support of Col. Munro, in 1815, Mar Dionysius II founded a Seminary, later known as the Old Seminary or the Orthodox Theological Seminary in Kottayam. The Seminary soon became the centre of the translation of the Syriac Bible into Malayalam.

End Notes

1. Bernard Thoma, St. Thomas Christians (in Malayalam), Palai, 1916, Vol. II, p.369; E. M. Philip, The Indian Church of St. Thomas (Malayalam), 2nd ed; 1951, p. 193. The historians Ittoop and P. Cherian do not give the name of the translator. *Malankara Sabha Vijnanakosam* (Kottayam, 1993) adds the^name of Pulikkottil Ittoop Ramban. But in the 19th century sources, I have not found any reference to his participation in the translation.
2. C. Buchanan, Christian Researches in Asia, 10th edition, London, 1814.
3. Buchanan, p.130.
4. Buchanan, p.130.
5. See foot note 1.
6. Buchanan, p. 143- 4
7. ibid. 139-140; See, Van der Ploeg, p.203-204.On the Syriac manuscripts of Indian origin, now kept in the European Libraries, J.P.M. van der Ploeg, The Christians of St. Thomas in South India and their Syriac Manuscripts, Bangalore, 1983, p.203- 4)
8. Library No Oo.1.1,2. On the Syriac manuscripts in Cambridge, see, van der Ploeg, pp.203-224.
9. W. Wright, A Catalogue of the Syriac Manuscripts in the Library of the University of Cambridge, 2 Vols. (1901), Vol. II, pp.1037-1044.
10. W. Wright, A Catalogue of the Syriac Manuscripts in the Library of the University of Cambridge, 2 Vols. (1901), Vol. II, pp.Vol. II, p.1043.
11. Joseph Ittoop Pukadiyil, History of the Syrian Christians of Malabar (Malayalam), Cochin, 1869, p.149-150.
12. Ibid. p. 150-151.
13. E. M. Philip, probably on the basis of Ittoop's testimony, also says this. Op.cit. p. 193.
14. D. Mackwork, Diary of Tour in South India, p. 70, quoted by P. Cherian, The Malabar Syrians and Church Missionary Society. 1816-1840, Kottayam, 1935,p.134.
15. P. Cherian, op cit., p.176.
16. Chingom 1, 985 according to the Malayalam Era.
17. Resolutions. Malayalam text in Ittoop, op. cit. p. 155-157.

❑